# ഉള്ളടക്കം

ആമുഖം 3

വ്യാകരണവും ഭാഷാശാസ്ത്രവും -
അരനൂറ്റാണ്ടിലെ വളർച്ചയും തളർച്ചയും
കെ. എം. പ്രഭാകരവാരിയർ 7

അൻപതുവർഷത്തെ സാഹിത്യഗവേഷണം
ഡി. ബഞ്ചമിൻ 54

കേരളത്തിന്റെ കല കഴിഞ്ഞ 50 വർഷങ്ങളിൽ
വിജയകുമാർ മേനോൻ 62

തമിഴ് ഭാഷ-സംസ്കാരാദേശം മലയാളത്തിൽ
പി. എം. ഗിരീഷ് 72

കുമാരനാശാനും അംബേദ്കറും - ബുദ്ധമതവും ആധുനികതയും
പി. പവിത്രൻ 93

**രണ്ടാം ഭാഗം**

'മാംസനിബദ്ധമല്ല രാഗം' അഥവാ എപ്പോഴാണ് മലയാളിയുടെ
പ്രണയത്തിൽനിന്ന് ശരീരം അപ്രത്യക്ഷമായത്
യാക്കോബ് തോമസ് 113

സ്ത്രീപക്ഷരചനയിൽനിന്നു സ്ത്രീരചനയിലേക്ക്
മലയാളത്തിലെ സ്ത്രീസാഹിത്യത്തിന്റെ വളർച്ചാഘട്ടങ്ങൾ
ഷീബ എം. കുര്യൻ 126

ആധുനികീകരണവും സ്ത്രീലൈംഗികതയുടെ
ക്രമീകരണവും 'മീനാക്ഷി'യിൽ
ഹേമ ജോസഫ് സി. 135

മലയാളത്തിലെ ഞാൻ - സ്ത്രീകളുടെ ആത്മകഥകളിലെ
സ്വത്വവും മലയാളവും
പ്രമീള കെ. പി. 148

ടെലിവിഷൻ മലയാളം: കാഴ്ചയുടെ ഭാഷാന്തരങ്ങൾ
ഷാജി ജേക്കബ് 154

സമകാലിക കാവ്യഭാഷ : ചില നിരീക്ഷണങ്ങൾ
എൻ. അജയകുമാർ 164

വ്യാകരണമിത്രത്തിലെ ഭാഷാസങ്കല്പനം
**സീന ജോൺ** 171

The Syndrome of Radical Regression or
The Anatomy of Cultural Schizophrenia
R. Nandakumar 185

A New Notion of Space
Malayalam Novel in the Late Nineteenth Century
Rohith 204

History, Memory and Memorials in Everyday life of Kerala
Scaria Zacharia 217

Caste, Community, Conflict: The Cultural Contexts of
Kerala Renaissance in *Thalamurakal*
Ajay Sekhar 225

***ഗവേഷണരംഗം***

Lancelet T. S. Changing Use of Urban Land in Kerala - A Case Study of Cochin 246

*From the Archives* Manichaeans in the Malabar Coast- *by Rev. Richard Collins and Dr A. C. Burnell* 263

***പുസ്തകപൂരണം***

**സ്കറിയാ സക്കറിയ** ആഫ്രിക്കൻ യാത്ര/സക്കറിയ 284

**സി. ഗണേശ്** പുരുഷവേഷങ്ങൾ - മമ്മൂട്ടി മോഹൻലാൽ പഠനങ്ങൾ/എഡി. എൻ.പി. സജീഷ് 288




## ആമുഖം

താപസത്തിന്റെ രണ്ടു ലക്കങ്ങൾ (വാല്യം 3 ലക്കം 1 & 2) ഒരുമിപ്പിച്ച് ഒറ്റപ്പുസ്തകമായി അവതരിപ്പിക്കുന്നു. വായനാവിഭവങ്ങൾക്കു കുറവില്ല. കേരളപഠനത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മുതിർന്ന പണ്ഡിതന്മാരുടെയും യുവഗവേഷകരുടെയും രചനകൾ ഇതിൽ കാണാം. ഭാഷ, സാഹിത്യം, കലാനിരൂപണം, ചരിത്രം, ഭൂമിശാസ്ത്രം, സ്ത്രീപഠനം, ജനപ്രിയസംസ്കാരം എന്നിവയെ സ്പർശിക്കുന്ന ചെറുതും വലുതുമായ ലേഖനങ്ങൾ ഇതിലുണ്ട്. രേഖാശേഖരം, പുസ്തകപൂരണം തുടങ്ങിയ പതിവിനങ്ങളും തുടരുന്നു.

രണ്ടു ലക്കങ്ങൾ ഒന്നിപ്പിച്ചതുകൊണ്ട് ഉള്ളടക്കപ്പട്ടിക പുറംചട്ടയിൽ ഒതുങ്ങുന്നില്ല. ചില ഇനങ്ങൾ മാത്രമാണ് പുറംചട്ടയിൽ കാണുന്നത്. വിശദവിവരങ്ങൾ അകത്തു നൽകിയിട്ടുണ്ട്.

മലയാളഭാഷാപഠനം, കേരളീയകലകൾ എന്നീ മേഖലകളിൽ കഴിഞ്ഞ അമ്പതു വർഷത്തിനിടയിലുണ്ടായ വളർച്ച വിലയിരുത്തുന്നവയാണ് ഈ ലക്കത്തിലെ മൂന്നു ലേഖനങ്ങൾ. കെ. എം. പ്രഭാകരവാരിയർ, ഡി. ബഞ്ചമിൻ, വിജയകുമാർ മേനോൻ എന്നീ മുതിർന്ന പണ്ഡിതന്മാർ തങ്ങളുടെ കൺമുമ്പിലുണ്ടായ മാറ്റങ്ങൾ വീണ്ടുവിചാരത്തോടെ അവതരിപ്പിക്കുന്നു. പ്രഭാകരവാരിയരുടെ ദീർഘമായ ലേഖനത്തിന്റെ ശാസ്ത്രീയസംവിധാനം ഗവേഷകർക്കു നല്ല മാതൃകയായിരിക്കും.

തമിഴ് ഭാഷാ-സംസ്കാര ആദേശം കഴിഞ്ഞ അമ്പതുവർഷത്തിനുള്ളിൽ മലയാളത്തിൽ എത്രത്തോളമുണ്ടെന്ന് അന്വേഷിക്കുന്നതാണ് പി. എം. ഗിരീഷിന്റെ കൗതുകകരമായ ലേഖനം. ഭാഷ, സാഹിത്യം, സിനിമ, വിവർത്തനം എന്നിവയെ കേന്ദ്രീകരിച്ചാണ് പഠനം.

ബുദ്ധമതത്തേയും ആധുനികതയേയുംകുറിച്ച് അംബേദ്കറും കുമാരനാശാനും സ്വീകരിച്ച നിലപാടുകളെ താരതമ്യം ചെയ്യുകയാണു പി. പവിത്രൻ. അവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങളെ

മുൻനിർത്തി, നവോത്ഥാന ആധുനികത സൃഷ്ടിച്ച സവർണ്ണതയെ എങ്ങനെയാണ് കവിതയിൽ ആശാനും പുറത്ത് അംബേദ്കറും നിരാകരിച്ചതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. കുമാരനാശാനും അംബേദ്കറും – ബുദ്ധമതവും ആധുനികതയും എന്ന ഈ പഠനം സൂക്ഷ്മപാരായണം ആവശ്യപ്പെടുന്നു.

ആദ്ധ്യാത്മികതയോട് ആഭിമുഖ്യം പുലർത്തിയ ഭാരതീയാധുനികത, ലൗകികതയെ പറ്റുന്നിടത്തോളം കയ്യൊഴിയുകയാണു ചെയ്തത്. ഇതിന്റെ മുഖ്യതന്ത്രം ശരീരപരതയെ നിന്ദിക്കലായിരുന്നു. ഈ ഉടൽനിഷേധത്തിന്റെ രാഷ്ട്രീയത്തെ അപനിർമ്മിക്കാനാണ്, "മാംസനിബദ്ധമല്ല രാഗം അഥവാ എപ്പോഴാണ് മലയാളിയുടെ പ്രണയത്തിൽനിന്ന് ശരീരം അപ്രത്യക്ഷമായത്" എന്ന പഠനത്തിൽ യാക്കോബ് തോമസിന്റെ ശ്രമം. ആശാൻകവിതകളെ വിഷയീകരിച്ചാണ് ഈ പഠനം.

മലയാളത്തിലെ സ്ത്രീസാഹിത്യത്തിന്റെ വളർച്ചയാണ് അടുത്ത ലേഖനത്തിലെ വിഷയം. പ്രാന്തവൽകൃതങ്ങളാകുന്ന സ്ത്രൈണാനുഭവങ്ങളെ ആവിഷ്കരിക്കുന്ന ഒരു വഴിക്കും സാമൂഹികവും ചരിത്രപരവും രാഷ്ട്രീയവുമായ അനുഭവങ്ങളോടു പ്രതികരിക്കുന്ന മറ്റൊരുവഴിക്കും സ്ത്രീരചനകൾ നീങ്ങുന്നുവെന്ന് ഷീബ എം. കുര്യൻ നിരീക്ഷിക്കുന്നു. വൈയക്തികതയിൽനിന്നു സാമൂഹികതയിലേക്കുള്ള നീക്കം, വിജയലക്ഷ്മിക്കവിതകളെ അടിസ്ഥാനമാക്കിയാണ് ലേഖിക ചൂണ്ടിക്കാണിക്കുന്നത്. സ്ത്രീപ്രശ്നമാണ്, ''ആധുനികീകരണവും സ്ത്രീലൈംഗികതയുടെ ക്രമീകരണവും 'മീനാക്ഷി'യിൽ" എന്ന പഠനത്തിൽ ഹേമ ജോസഫും കൈകാര്യം ചെയ്യുന്നത്. കൊളോണിയൽ പ്രത്യയശാസ്ത്രത്തിന്റെ ഇടപെടൽ കുടുംബബന്ധങ്ങളേയും സ്ത്രീലൈംഗികതയേയും ഒതുക്കുകയും ഒരുക്കുകയും ചെയ്തതെങ്ങനെയെന്ന് അതിന്റെ നോവൽ പ്രതിനിധാനത്തെ മുൻനിർത്തി വിശദീകരിക്കുകയാണു ഹേമ.

മാധവിക്കുട്ടി, സി. കെ. ജാനു, നളിനി ജമീല എന്നിവരുടെ ആത്മകഥകളെ അപഗ്രഥിക്കയാണു പ്രമീള കെ. പി. "മലയാളത്തിലെ ഞാൻ – സ്ത്രീകളുടെ ആത്മകഥകളിലെ സ്വത്വവും മലയാളവും" എന്ന ഹ്രസ്വപഠനത്തിൽ, കഥാകാരികളുപയോഗിക്കുന്ന ഭാഷയിലെ സൂക്ഷ്മധ്വനികളെ പിന്തുടർന്ന് അതെങ്ങനെ അവരുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്നു എന്നു പ്രമീള സൂചിപ്പിക്കുന്നു.

ടെലിവിഷൻ പരിപാടികളിൽ ഉപയോഗിച്ചുവരുന്ന മലയാള ഭാഷയാണു ഷാജി ജേക്കബിന്റെ വിഷയം. പത്രമാധ്യമത്തിൽനിന്നു ദൃശ്യമാധ്യമത്തിലെത്തുമ്പോൾ, ഭാഷ എത്രമാത്രം മാറ്റങ്ങൾക്കു വിധേയമാവുന്നു എന്നാണു ലേഖകൻ പറയുന്നത്. മുൻകാലങ്ങളിൽ അപഹസിക്കപ്പെട്ടിരുന്ന, മംഗ്ലീഷ് എന്ന മിശ്രഭാഷാപ്രയോഗം പുതിയ തലമുറയുടെ സ്വാഭാവികഭാഷയായി മാറുന്നത്, "ടെലിവിഷൻ മലയാളം: കാഴ്ചയുടെ ഭാഷാന്തരങ്ങൾ" എന്ന ലേഖനത്തിൽ ഷാജി നിരീക്ഷിക്കുന്നു.

കാവ്യഭാഷ കൂടുതൽക്കൂടുതൽ സാധാരണഭാഷയോട് അടുക്കുകയാണോ? പ്രത്യക്ഷത്തിൽ അങ്ങനെയൊരു തോന്നലാണുണ്ടാവുന്നത്. എന്നാൽ എത്ര സാധാരണമാവുമ്പോഴും കാവ്യഭാഷ തനതായ ചില ചിട്ടകൾക്കകത്തുതന്നെയാണു നിൽക്കുക. പഴയതുപോലെ, പെട്ടെന്നു വേർപെടുത്തിക്കാണിക്കാൻ പറ്റിയെന്നു വരില്ല എന്നുമാത്രം. "സമകാലിക കാവ്യഭാഷ : ചില നിരീക്ഷണങ്ങൾ" എന്ന ലേഖനം ഈ വഴിക്കുള്ള എൻ. അജയകുമാറിന്റെ അന്വേഷണമാണ്.

എഴുപതുകളിലെ ഭരിതസംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ശില്പകലയിലുണ്ടായ ചലനങ്ങളുടെ വിശകലനമാണ് ആർ. നന്ദകുമാറിന്റെ The Syndrome of Radical Regression or The Anatomy of Cultural Schizophrenia എന്ന ലേഖനം. ഇത്, കെ. പി. കൃഷ്ണകുമാറിന്റെ ശില്പങ്ങൾ എൺപതുകളിൽ സൃഷ്ടിച്ച പരിവർത്തനങ്ങളിലേക്കു വായനക്കാരന്റെ ശ്രദ്ധയാവശ്യപ്പെടുന്നു. പത്തൊൻപതാം നൂറ്റാണ്ടൊടുവിലും കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമുണ്ടായ നോവൽ രചനകൾ എങ്ങനെയാണ് ഇടം (space) എന്ന പുതിയൊരു സാംസ്കാരികാനുഭവത്തെ കൈകാര്യം ചെയ്തത് എന്നാണ് A new Notion of Space: Malayalam Novel in the Late Nineteenth Century എന്ന പഠനത്തിൽ രോഹിത് അന്വേഷിക്കുന്നത്. ഘാതകവധം, ഇന്ദുലേഖ, സരസ്വതീവിജയം തുടങ്ങിയ നോവലുകൾ പരമ്പരാഗതമായ ഇടങ്ങളെ മറികടന്നുകൊണ്ട് സൃഷ്ടിച്ചെടുത്ത പുതിയ ഇടങ്ങളെ ഒന്നു സ്പർശിച്ചുപോവുകയാണ് ലേഖകൻ.

കേരളപഠനങ്ങളുടെ ആചാര്യനായ ഡോ. ഹെർമൻ ഗുണ്ടർട്ടിനെപ്പറ്റിയാണ് അടുത്ത ലേഖനം. മലയാളികളുടെ, വിശിഷ്യ, ഉത്തരമലബാറിലെ സാധാരണക്കാരുടെ, നിത്യജീവിതത്തെ തൊട്ടറിയാൻ ശ്രമിച്ച ഈ വിദേശി എങ്ങനെ തദ്ദേശീയർക്കു പ്രിയപ്പെട്ടവനായി എന്നാണ് ഡോ. സ്കറിയാ സക്കറിയ വിശദീകരിക്കുന്നത്. ജനസ്മൃതിയിൽ, മ്യൂസിയത്തിലെ വിശിഷ്ട സൂക്ഷിപ്പുകളിൽ, പുസ്തകരൂപത്തിൽ പുനരുല്പാദിപ്പിക്കുന്ന ചരിത്രപാഠങ്ങളിൽ

നിറഞ്ഞുനിൽക്കുന്ന ഗുണ്ടർട്ട് ആണ് History, Memory and Memorials in Everyday Life of Kerala എന്ന ലേഖനത്തിന്റെ കേന്ദ്രബിന്ദു.

ഒ. വി. വിജയന്റെ തലമുറകൾ ജാതി-സമുദായ-നവോത്ഥാന വിചാരശൃംഖലയിൽ അവതരിപ്പിക്കുന്നതാണ് അജയ്ശേഖറിന്റെ ലേഖനം. സാഹിത്യപഠനത്തിന്റെയും സാമൂഹികശാസ്ത്രത്തിന്റെയും സംസ്കാരപഠനത്തിന്റെയും രീതിശാസ്ത്രപരമായ പുതുമകൾകൊണ്ട് ശ്രദ്ധേയമാണ് പ്രതിപാദനം.

നഗരഭൂമിയുടെ വിനിയോഗം, വിശേഷിച്ചു കൊച്ചിപോലെയുള്ള നഗരങ്ങളിലെ ഭൂമിയിടപാടുകൾ വൻ വിവാദങ്ങളായി മാറുകയാണ്. നഗരവൽക്കരണം പുതിയ സാമൂഹിക സാമ്പത്തികസാഹചര്യങ്ങളിൽ ഭൗതിക പരിതോവസ്ഥയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ പലതരത്തിൽ പഠിക്കപ്പെടേണ്ടതാണ്. ഈ മാർഗ്ഗത്തിൽ കൊച്ചിയെക്കുറിച്ചു നടന്ന ഒരു ശാസ്ത്രീയ ഗവേഷണപഠനത്തിന്റെ രത്നച്ചുരുക്കമാണ് ടി. എസ്. ലാൻസലറ്റിന്റെ ലേഖനം.

**ദിലീപ്കുമാർ കെ. വി.**
**ഇഷ്യൂ എഡിറ്റർ**



# വ്യാകരണവും ഭാഷാശാസ്ത്രവും അരനൂറ്റാണ്ടിലെ വളർച്ചയും തളർച്ചയും

**കെ. എം. പ്രഭാകരവാരിയർ**

## I
## വ്യാകരണം

### 0. ആമുഖം

0.1. ഒരു ഭാഷയുടെ വളർച്ചയിലും വികാസത്തിലും അരനൂറ്റാണ്ട് സാധാരണഗതിയിൽ അത്രനീണ്ട കാലഘട്ടമല്ല. സാധാരണഗതിയിൽനിന്ന് വേറിട്ട്, ചില പശ്ചാത്തലസാഹചര്യങ്ങളുടെ സ്വാധീനവും സമ്മർദവും ഉണ്ടായിട്ടുണ്ടെങ്കിൽ, അമ്പതുകൊല്ലങ്ങളിലും ഭാഷയ്ക്ക് ഗണനീയമായ മാറ്റങ്ങൾ സംഭവിക്കാം. മലയാളഭാഷയുടെ വളർച്ച, വികാസം എന്നിവയെ പല കാഴ്ചപ്പാടുകളിൽ പരിശോധിച്ച് വിലയിരുത്താനാവും. ഈ പ്രബന്ധത്തിൽ വ്യാകരണത്തിലും ഭാഷാശാസ്ത്രത്തിലും സംഭവിച്ച മാറ്റങ്ങളെ ആധാരമാക്കിയാണ് ആ പരിശോധന നടത്തുന്നത്.

0.2. ഹെർമൻ ഗുണ്ടർട്ടിൽ (1851. പരിഷ്കരിച്ചു വികസിപ്പിച്ച രണ്ടാം പതിപ്പ് :1868)നിന്ന് തുടങ്ങി, ഇ.വി.എൻ. നമ്പൂതിരി (2005) വരെയുള്ള കാലഘട്ടത്തിൽ, സിദ്ധാന്തവിചാരത്തിലും അപഗ്രഥനത്തിലും ശ്രദ്ധാർഹമെന്ന് പറയാവുന്ന പതിനഞ്ചോളം വ്യാകരണഗ്രന്ഥങ്ങളാണ് നമുക്ക് കിട്ടിയിട്ടുള്ളത്. അവയിൽ എട്ടെണ്ണം ഈ അവലോകനപരിധിയിൽ പെടുന്നു: ജോൺ കുന്നപ്പള്ളി (1976), സുകുമാരപിള്ള (1980), വാസുദേവഭട്ടതിരി (1980), ചന്ദ്രശേഖരൻനായർ (1996), ആഷർ & കുമാരി (ഇംഗ്ലീഷിൽ. 1997), രാമകുമാർ (2001), ഗോപിക്കുട്ടൻ (2002), നമ്പൂതിരി (2005).

0.3. സമ്പൂർണവ്യാകരണഗ്രന്ഥങ്ങൾക്ക് പുറമെ, ചില വ്യാകരണപഠനങ്ങളെയും ലേഖനസമാഹാരങ്ങളെയും പരിഗണിക്കേണ്ടതുണ്ട്: ചന്ദ്രശേഖരൻനായർ (1968), വാസുദേവഭട്ടതിരി (1972), ആന്റണി (1973), പ്രഭാകരവാരിയർ (ഇംഗ്ലീഷിൽ. 1979), രാമചന്ദ്രപൈ (1979), മീരാക്കുട്ടി (1982), മൂസ്സത് (1984),

മോഹൻഭാസ് (1987), വാസുദേവഭട്ടതിരി (1996), രാധാകൃഷ്ണൻ മല്ലശ്ശേരി (സമ്പാ. 1996), വേണുഗോപാലപ്പണിക്കർ (പ്രസാ. 1996), പ്രഭാകരവാരിയർ (1998), ശ്രീകുമാരി (2003). വ്യാകരണപഠനങ്ങളല്ലെങ്കിലും സഹായഗ്രന്ഥങ്ങളെന്ന നിലയ്ക്ക്, രണ്ടു കോശഗ്രന്ഥങ്ങളും പരിഗണിക്കാവുന്നതാണ്: രവി, ഇരിഞ്ചയം (2001. ഒന്നാം പതിപ്പ് 1994), പ്രസാദ് (2002).

0.4. പല വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളടങ്ങിയ സമാഹാരങ്ങളിൽ വ്യാകരണപഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ സമാഹാരങ്ങളിലൊന്നും ചേർത്തിട്ടില്ലാത്ത വ്യാകരണപഠനങ്ങൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയെ പൂർണമായി പട്ടികയിലുൾപ്പെടുത്തുന്നത് ശ്രമകരമാണ്. അവയിൽ ശ്രദ്ധാർഹങ്ങളെന്ന് കരുതുന്ന ചില പഠനങ്ങളെ പ്രബന്ധത്തിൽ പരാമർശിച്ചിട്ടുണ്ട്.

## 1. വ്യാകരണങ്ങൾ

1.1. **ശബ്ദസൗഭഗം (1986. ഒ.പ.1976)- ജോൺ കുന്നപ്പള്ളി:** ഒന്നാം പതിപ്പിന്റെ പ്രസ്താവനയിൽ വ്യാകരണത്തെക്കുറിച്ച് ഗ്രന്ഥകർത്താവ് മൂന്ന് കാര്യങ്ങൾ വെളിപ്പെടുത്തുന്നു: ഇത് വിവരണാത്മകമായ രീതിയിൽ രചിച്ചതാണ്; താരതമ്യപഠനമോ ശാസ്ത്രീയഗവേഷണങ്ങളുടെ ഫലമായ അനുമാനങ്ങളോ ഇതിൽ ഉപയോഗിച്ചിട്ടില്ല; സംസ്കൃതവ്യാകരണവിധികൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട് (1986:X) മൂന്നാമത്തേതിന് ഗ്രന്ഥകാരന്റെ വിശദീകരണം: മലയാളം തെറ്റ് കൂടാതെ എഴുതുവാനോ ഭാഷയിലെ പ്രൗഢകൃതികൾ വായിച്ചു മനസ്സിലാക്കുവാനോ കഴിയണമെങ്കിൽ സംസ്കൃതംകൂടി പഠിച്ചിരിക്കണം (ടി:X). മാതൃഭാഷ ആവശ്യാനുസരണം പ്രയോഗിക്കാൻ ഭിന്നഗോത്രത്തിൽ ചേർന്ന ഒരു ഭാഷയിലെ വ്യാകരണനിയമങ്ങൾകുടി അറിഞ്ഞിരിക്കണം എന്ന അവസ്ഥ വേറെ ഏതെങ്കിലും ഭാഷകൾക്കുണ്ടോ എന്നറിയില്ല. (ഈ ലേഖനം എഴുതിയ ആൾ സംസ്കൃതവ്യാകരണം പഠിച്ചിട്ടില്ല). ചില പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ പലയിടങ്ങളിലായി ഉദ്ധരിച്ചിട്ടുള്ളത് ഈ വ്യാകരണത്തിന്റെ ഒരു പ്രത്യേകതയായി പരിഗണിക്കാം. വ്യാകരണവിഷയങ്ങളിൽ പാരമ്പര്യവീക്ഷണങ്ങളെ ആകാവുന്നിടത്തോളം പിന്തുടരുക എന്ന നയമാണ് പൊതുവേ സ്വീകരിച്ചിട്ടുള്ളത്. നിലവിലുള്ള വ്യാകരണസങ്കല്പങ്ങളുമായി പൊരുത്തപ്പെടാത്തതും പാരമ്പര്യത്തോടുള്ള വിധേയത്വം പ്രകാശിപ്പിക്കുന്നതുമായ പല നിലപാടുകളും ഗ്രന്ഥത്തിൽ കാണാം. ചിലത്: (i) അടിസ്ഥാനവർണമാലയിൽ ഌകാരത്തിന്റെ ഹ്രസ്വ 'ദീർഘ'ങ്ങളും ഒകാരഹ്രസ്വവും ഉൾപ്പെടുത്തിയത് (പു.8); (ii) സംബന്ധികാവിഭക്തിക്ക് -ഉടെ യോടൊപ്പം -ടെ എന്നൊരു പ്രത്യയം നിർദേശിച്ചതും (പു.122) വിഭക്തിപ്രത്യയങ്ങൾക്കു മുമ്പിൽ വരുന്ന -ഇൻ- എന്ന ഇടനിലയുടെ സാഹചര്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിക്കാത്തതും (പു.124-125); (iii) അ, ഇ, എ, യാ(?) തുടങ്ങിയ ബദ്ധരൂപങ്ങളെ നാമവിശേഷണങ്ങളിലുൾപ്പെടുത്തിയത് (പു.1420; (iv) വ്യാക്ഷേപകങ്ങളെ അവ്യയങ്ങളായി പരിഗണിച്ചത് (പു.161)... ഇങ്ങനെ ഒട്ടുമിക്ക വ്യാകരണരൂപങ്ങളെ സംബന്ധിച്ചും പഴയ വിശദീകരണങ്ങളെ പിൻതുടരുന്നതേയുള്ളൂ. വ്യാകരണസംവർഗങ്ങൾക്ക് സൂക്ഷ്മനിർവചനങ്ങൾ കൊടുക്കാത്തതും (ശബ്ദവിഭാഗം അല്ലെങ്കിൽ പദവർഗങ്ങൾ എന്ന ഒരു ഖണ്ഡം ഗ്രന്ഥത്തിലില്ല) പ്രകടമായ കുറവായി അനുഭവപ്പെടുന്നു. സൈദ്ധാന്തിക പ്രശ്നങ്ങൾ ചർച്ചചെയ്യാനോ പാഠപുസ്തകമെന്ന നിലയിൽ പ്രയോജനപ്പെടുത്താവുന്നവിധം വിഷയസംവിധാനം ചെയ്യാനോ ഗ്രന്ഥകാരന് കഴിഞ്ഞിട്ടില്ല. രണ്ട് കാര്യങ്ങളിൽ ഈ വ്യാകരണം ശ്രദ്ധിച്ചിട്ടുണ്ട്. ഒന്ന്, ഗ്രന്ഥകാരന്റെ അഭിപ്രായങ്ങൾ അടിച്ചേല്പിക്കാനുള്ള വ്യഗ്രത ഒരിടത്തും പ്രദർശിപ്പിച്ചിട്ടില്ല; രണ്ട്, ഇതരവ്യാകരണപഠനങ്ങളിൽനിന്നുള്ള നിരീക്ഷണങ്ങൾ പലയിടത്തും ഉദ്ധരിച്ചിട്ടുണ്ട്.

1.2. **കൈരളീശബ്ദാനുശാസനം (1980) - കെ. സുകുമാരപിള്ള:** അറുനൂറോളം പുറങ്ങളിലുള്ള ഈ ഗ്രന്ഥം മലയാളവ്യാകരണങ്ങളിൽ വലിപ്പത്തിൽ മുന്നിട്ടുനില്ക്കുന്നു. പാരമ്പര്യവ്യാകരണഗ്രന്ഥങ്ങളുടെ ചുവടുപിടിച്ചുകൊണ്ടുള്ള ഒരു വിവരണാത്മകവ്യാകരണം (പു.65) എന്ന് കൃതിയെ വിശേഷിപ്പിക്കുന്നു. "ഭാഷാചരിത്രജ്ഞാനം വിവരണത്തിന്റെ സൂക്ഷ്മതയ്ക്കും സ്പഷ്ടതയ്ക്കും സഹായകമായിരിക്കും" എന്നും "വിവരണത്തിന് വിന്യാസരീതിയെക്കാൾ പ്രക്രിയാരീതിയാണ്" (ടി. 66) അഭിമതമായിട്ടുള്ളത് എന്നും തുടർന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻ അവകാശപ്പെടുന്നതുപോലെയുള്ള വിവരണാത്മകത ഈ കൃതിയിൽ കാണുന്നില്ല. ആഗമരീതിയും താരതമ്യരീതിയും പലെടത്തും മുഴച്ചുനില്ക്കുന്നുണ്ട്. ഭാഷാശാസ്ത്രവുമായുള്ള ഗ്രന്ഥകാരന്റെ പരിചയവും വിശകലനങ്ങളിൽ പ്രകടമാണ്. അങ്ങനെ ഐകരൂപ്യമുള്ള അപഗ്രഥനപദ്ധതിയല്ല സംവിധാനത്തിൽ അനുവർത്തിച്ചിട്ടുള്ളത്. വ്യാകരണവിഷയത്തിൽ ഗ്രന്ഥകാരനുള്ള പാണ്ഡിത്യം സംശയാതീതമായി വെളിപ്പെടുത്തിയിട്ടുണ്ട്. സമീപനരീതിയിലെ സങ്കലനസ്വഭാവമാണ് വിശകലനങ്ങളെ വികലമാക്കിയത്. സംസ്കൃതവ്യാകരണചിന്തകളും ഗ്രന്ഥകാരനെ ആവശ്യത്തിലധികം സ്വാധീനിച്ചിട്ടുണ്ട്. കേരളപാണിനീയത്തിലെ പല വ്യാകരണസങ്കല്പങ്ങളെയും ഈ വ്യാകരണത്തിൽ സമർഥമായി വിമർശിച്ചിട്ടുണ്ട്. ഒരു വിഷയം അവതരിപ്പിക്കുമ്പോൾ, അത് ആർക്ക് പ്രയോജനമാവണം എന്ന മുൻധാരണ ഇല്ലാത്തതാണ് ഗ്രന്ഥത്തിലെ ഗൗരവമുള്ള പല ചർച്ചകളും ലക്ഷ്യത്തിലെത്താത്തതിന് കാരണം.

1.3. **അഭിനവമലയാളവ്യാകരണം (1980) - സി.വി. വാസുദേവഭട്ടതിരി:** "പാഠപുസ്തകമാക്കാൻ വേണ്ടിയോ വിദ്യാർഥികൾക്ക് പരീക്ഷയ്ക്കുള്ള സഹായഗ്രന്ഥമായോ രചിച്ചതല്ല... ഭാഷാശാസ്ത്രകുതുകികളുടെ സംതൃപ്തി"ക്കുവേണ്ടിയാണ് ഈ വ്യാകരണം രചിച്ചത് എന്ന് ഭട്ടതിരി മുഖവുരയിൽ (പു.13) ഓർമിപ്പിക്കുന്നു. "...മിശ്രഭാഷയിൽനിന്നാണ് മലയാളത്തിന്റെ ഉത്പത്തി...ദ്രാവിഡഗോത്രഭവയെന്ന് മലയാളത്തെപ്പറ്റി പറയാമെങ്കിലും സംസ്കൃതത്തിന്റെ ശബ്ദ

സമ്പത്തും വ്യാകരണവും അക്ഷരമാലയും...മലയാളത്തെ വളരെയേറെ മാറ്റി ത്തീർത്തിട്ടുണ്ട്" (1970:275) എന്ന അഭിപ്രായംതന്നെയാണ് പത്തുവർഷ ത്തിനുശേഷവും ഭട്ടതിരി പുലർത്തിപ്പോരുന്നത് എന്ന് ഈ ഗ്രന്ഥത്തിലെ "സംസ്കൃതത്തിന്റെ മിശ്രണംകൊണ്ട് രൂപപ്പെട്ട ഒരു സങ്കരഭാഷ" (പു.26) എന്ന നിരീക്ഷണം തെളിയിക്കുന്നു. മലയാളഭാഷോത്പത്തിയെക്കുറിച്ച് ഈ നിലപാട് സ്വീകരിക്കുന്ന ഒരു പണ്ഡിതൻ മലയാളവ്യാകരണരചനയെ എങ്ങനെയായി രിക്കും സമീപിക്കുക എന്ന് ആലോചിച്ചുനോക്കുക. ഈ വ്യാകരണത്തിലെ ചില നിരീക്ഷണങ്ങൾ കാണിക്കാം: (i) സ്വതന്ത്രപദങ്ങൾ മൂന്ന് വിഭാഗത്തിൽ പെടുന്നു; നാമം, സർവനാമം, കൃതി (പു.59). പദങ്ങളുടെ രൂപസിദ്ധികളും പ്രയോഗസ്വഭാവങ്ങളും ചൂണ്ടിക്കാണിച്ച് വ്യാകരണീയനിർവചനങ്ങൾ കൊടു ത്തിട്ടില്ല. (ii) സംസ്കൃതസന്ധിനിയമങ്ങൾ മലയാളത്തിലും പ്രവർത്തിക്കുന്നു എന്ന് കാണിക്കാൻ മാനകഭാഷയിൽ പ്രയോഗിക്കാത്ത സന്ധിരൂപങ്ങൾ ഉദാഹ രിക്കുന്നു: വഴീൽ, കരീല, ഇതൂടെ, ഇടേൽ, കാച്യങ്ങ് (പു. 83-84); (iii) വിഭ ക്തിപ്രത്യയങ്ങളിൽ ഉദ്ദേശികയക്ക് '-ക്ക്' -ഉം സംബന്ധികയ്ക്ക് '-ഉടെ' -യും മാത്രമേ കൊടുത്തിട്ടുള്ളു. സംബന്ധികയുടെ കാരകമായി 'സ്വത്വം' എന്നാണ് കാണിച്ചിരിക്കുന്നത് (പു.136); ഉദ്ദേശികയിലെ സംവൃത-ഉകാരവും സംബന്ധി കയിലെ '-റ്റെ' -യും പ്രത്യങ്ങളായി പ്രത്യക്ഷപ്പെടുന്നതിന് 'സമർഥമായ' വിശ ദീകരണം പിന്നീട് നല്കിയിട്ടുണ്ട് (പു. 150). വ്യാകരണത്തെക്കുറിച്ച് ഇത്രയും സ്വതന്ത്രമായി ചിന്തിച്ച വേറൊരാൾ ഉണ്ടെന്ന് തോന്നുന്നില്ല. "സംസ്കൃതപക്ഷ പാതം നിമിത്തവും വിട്ടുവീഴ്ചയില്ലാത്ത വിമർശനബുദ്ധിനിമിത്തവും ആധു നിക ഭാഷാശാസ്ത്രത്തിൽ വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതുനിമിത്തവും" ഭട്ടതിരിയുടെ വ്യാകരണത്തിൽ പല പാകക്കുറവുകളും വന്നതായി ഇ. വി. എൻ. നമ്പൂതിരി (1996:129) ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1.4. **അടിസ്ഥാനവ്യാകരണം (രണ്ട് ഭാഗങ്ങൾ, 1996) - സി. കെ. ചന്ദ്ര ശേഖരൻനായർ:** പാഠപുസ്തകങ്ങളാക്കാൻവേണ്ടി രചിക്കപ്പെട്ട മുൻവ്യാകര ണങ്ങൾ സിദ്ധാന്തകേന്ദ്രിതമാണെന്നും അതിൽനിന്ന് വ്യത്യസ്തമായി അധ്യാ പനകേന്ദ്രിതമായാണ് തന്റെ വ്യാകരണമെന്നും മാതൃകയായി റെൻ & മാർട്ടിന്റെ ഹൈസ്കൂൾ ഗ്രാമർ ആണ് സ്വീകരിച്ചിരിക്കുന്നതെന്നും അവതാരികയിൽ (പൂർവ ഭാഗം) ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നു. (പു. vii). പൂർവഭാഗത്തിൽ രണ്ട് ഖണ്ഡ ങ്ങളുണ്ട്. ആദ്യത്തേതിൽ ശബ്ദവിഭാഗവും (നാമം, സർവനാമം, ക്രിയ, വിശേ ഷണം, ദ്യോതകം) രണ്ടാമത്തേതിൽ ശബ്ദവികാരങ്ങളും (ലിംഗം, വചനം, വിഭ ക്തി, കാലം, പ്രകാരം, പ്രയോഗം, ക്രിയയ്ക്ക് വരുന്ന മാറ്റങ്ങൾ, വ്യാകരിപ്പ്) അവതരിപ്പിക്കുന്നു. ഉത്തരഭാഗത്തിൽ പത്തു ഖണ്ഡങ്ങളിലായി മറ്റ് വിഷയ ങ്ങൾ (നിഷ്പത്തി, തദ്ധിതം, കൃത്ത്, സമാസം, ക്രിയോത്പാദനം, സംയുക്ത ക്രിയകൾ, മലയാളാക്ഷരങ്ങൾ, ഉച്ചാരണഭേദങ്ങൾ, സന്ധി, വാക്യഘടന) പ്ര തിപാദിച്ചിരിക്കുന്നു. വിഷയാവതരണത്തിൽ സ്വീകരിച്ച പദ്ധതി പുതുമയാണെന്ന്





പറയാം. അധ്യാപനപരിചയത്തിൽനിന്ന് നേടിയ ഉൾക്കാഴ്ചകളാണ് ഗ്രന്ഥകർത്താ വിനെ പൊതുവഴി വിട്ടുനടക്കാൻ പ്രേരിപ്പിച്ചതെന്ന് കരുതാം. സംവിധാനത്തിലെ രണ്ട് കാര്യങ്ങൾ - ഓരോ വ്യാകരണരൂപത്തെയും അവതരിപ്പിക്കുന്നത് നിർവ ചനത്തിലൂടെയാണ്; ഓരോ വിഷയാവതരണത്തിനു ശേഷവും അഭ്യാസം കൊടു ത്തിരിക്കുന്നു - വിദ്യാർഥികൾക്ക് ഏറെ പ്രയോജനപ്പെടും. ഈ പുസ്തക ത്തിലെ നിർവചനങ്ങളിൽ ചിലത് സൂക്ഷ്മതയുള്ളതല്ല. ഉദാ: 'എന്തിന്റെയെ ങ്കിലും പേരായ ശബ്ദം' (നാമം പു. 8); 'പ്രവൃത്തിയെയോ അവസ്ഥയെയോ കുറിക്കുന്ന ശബ്ദം' (ക്രിയ പു. 26), 'വാചകങ്ങളുടെ അർഥത്തെ പരിഷ്കരി ക്കുന്ന ശബ്ദം' (വിശേഷണം പു. 55), 'വാക്യത്തിൽ സ്വതന്ത്രമായിനിന്ന് മനോ ഭാവത്തെ വ്യക്തമാക്കുന്ന ദ്യോതകം' (വ്യാക്ഷേപകം പു. 66).

ഇനി ചില സംശയങ്ങൾ: (i) വിഭക്ത്യാഭാസത്തിലുൾപ്പെടുത്തിയ ഒന്നി ലധികം വിഭക്തികൾ ചേർന്ന രൂപങ്ങളെ വിശദീകരിച്ചിരിക്കുന്നത് ശരിയാണോ? കാട്ടിലെ എന്നതിലെ '-എ' വിഭക്തിപ്രത്യയമാണോ? നാമവിശേഷണസൂചക മല്ലേ അത്? (ii) പ്രകാരവിവരണത്തിൽ, '-അണം' വിധായകമാണെന്നു സൂചി പ്പിച്ച്, അതേപുറത്തിൽ, മറ്റൊരാൾ വിധിക്കുമ്പോൾ '-അണം' ചേർന്ന രൂപ ങ്ങൾ സാധാരണപ്രയോഗങ്ങളാണെന്ന് കാണിച്ചിരിക്കുന്നു (ഉത്തരഭാ.ഗം പു.122). ഇവ രണ്ടും വീണ്ടുവിചാരം അർഹിക്കുന്നു. തദ്ധിതങ്ങളെ വിശദീകരിച്ചിരിക്കു ന്നതിൽ ഗ്രന്ഥകാരൻ സ്വീകരിച്ച നിലപാട് (ഉ.ഭാ.പു. 9-13) അഭിനന്ദനമർഹി ക്കുന്നു. ഈ ലേഖകനിൽ ആശ്ചര്യമുളവാക്കിയ ഒരു കാര്യം. ഈ വ്യാകരണ ത്തിന്റെ പൂർവഭാഗം എട്ടാം ക്ലാസ് വിദ്യാർഥികളെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ഉത്തരഭാഗം സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാർഥികളെ ലക്ഷ്യമാക്കി യിട്ടുള്ളതാണെന്നും ഉള്ള അവതാരികകളിലെ പ്രസ്താവനകളാണ്.

1.5. **മലയാളം (ഇംഗ്ലീഷ്.1997)-ആർ. ഇ. ആഷർ & ടി. സി. കുമാരി :** മലയാളവ്യാകരണങ്ങളിലൊന്നിലും കാണാത്ത വിഷയസംവിധാനമാണ് ഈ വ്യാകരണം പരിശോധിക്കുമ്പോൾ ആദ്യം നമ്മുടെ ശ്രദ്ധയിൽ പെടുന്നത്. വാക്യ ഘടന, രൂപസിദ്ധി, വർണങ്ങളും സന്ധിയും, അനുകരണശബ്ദങ്ങളും വ്യാക്ഷേ പകവും, പദകോശം എന്നാണ് അധ്യായവിഭജനം. ഗ്രന്ഥസൂചി, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള സൂചികകൾ എന്നിവ ചേർത്ത് 491 പുറങ്ങളുള്ള ഈ ഗ്രന്ഥം ആധുനികഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലുള്ള വിവരണാത്മകവ്യാകരണ മാണ്. മലയാളത്തിൽ രചിച്ച വ്യാകരണങ്ങളെക്കാൾ ഏറെ മുന്നോട്ടുപോയിട്ടു ണ്ട് ഈ ഗ്രന്ഥം. വാക്യഘടനകൾ വിശകലനം ചെയ്യുന്ന ആദ്യത്തെ അധ്യായ ത്തിൽ ധാരാളം ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു. എന്നാൽ, ചില വാക്യ ങ്ങൾ അസ്വാഭാവികങ്ങളായി മലയാളികൾക്ക് തോന്നിയേക്കാം. ചില ഉദാഹര ണങ്ങൾ : 'എന്ന് വന്ന ആൾ പണ്ടങ്ങൾ കട്ടു?' (പു.15); 'അവൻ ഭാര്യയോടും പിന്നെ ആരോടുംകൂടെ താമസിക്കുന്നു?' (പു.20); 'താങ്കൾ ഇവിടെ നിൽക്കാതി

രുന്നാലും' (പു.35); 'എത്ര കൊടുത്താലും മുടിയില്ല' (പു.90). ചില സാമാന്യ വത്ക്കരണങ്ങളും പുനപ്പരിശോധന അർഹിക്കുന്നു. ഒരു ഉദാഹരണം: 'ഒരു നാമത്തിന് മുമ്പ് എത്ര നാമവിശേഷണങ്ങൾ വരും എന്നതിന് പരിമിതിയില്ല' (പു.123). ലഘുവാക്യങ്ങളെക്കുറിച്ചുള്ള വിവരണം (പു. 186-187) മലയാളവ്യാകരണങ്ങൾ മാത്രം വായിച്ചവർക്ക് പുതുമയുള്ളതായിരിക്കും. വാക്യഘടനയെക്കുറിച്ച് ഇത്രയും വിപുലവും (190 പുറങ്ങൾ) സൂക്ഷ്മവും ആയ വിവരണം വേറെ എവിടെയും കണ്ടിട്ടില്ല. രണ്ടാം അധ്യായത്തിലെ വ്യാകരണരൂപങ്ങളെക്കുറിച്ചുള്ള വിശകലനത്തിൽ ലക്ഷ്യ-മാർഗവിഭക്തികളെക്കൂടി പരാമർശിച്ചിട്ടുണ്ട് (പു. 192, 197). മലയാളവ്യാകരണങ്ങളിൽ അടിസ്ഥാനവർണങ്ങളുടെ വിതരണസ്വഭാവം പരിഗണിക്കാറില്ല. ഈ വ്യാകരണത്തിൽ അക്കാര്യം വിശദമായി കാണിച്ചിട്ടുണ്ട് (പു. 422-428). ലീനധ്വനികളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. മലയാളത്തിൽ സ്വരദാർഢ്യം അർഥബോധത്തിൽ പ്രസക്തമാണെന്ന സൂചന (പു. 435, 436) ശ്രദ്ധാർഹമാണ്. ഗ്രന്ഥാവസാനത്തിൽ കൊടുത്തിരിക്കുന്ന ദ്യോതകങ്ങളുടെ പട്ടിക (പു.487-491) വ്യാകരണവിദ്യാർഥികൾക്ക് ഏറെ പ്രയോജനപ്പെടും.

1.6. **സമ്പൂർണവ്യാകരണം (2001) - വി. രാമകുമാർ:** വിഷയസ്വീകരണത്തിലും സംവിധാനത്തിലും വ്യത്യസ്തമായ വ്യാകരണമാണിത്. വ്യാകരണവിഷയങ്ങൾക്ക് പുറമെ, ഭാഷോത്പത്തി, താരതമ്യഭാഷാശാസ്ത്രം, ഭാഷാപ്രയോഗരീതി, സാമൂഹികഭാഷാപ്രയോഗം, ചിഹ്നനം, ശബ്ദശക്തി എന്നിവയെല്ലാം ഗ്രന്ഥത്തിൽ പരിശോധിക്കുന്നു. "ഏതെങ്കിലും ഒരു പാഠ്യപദ്ധതിയേയോ പരീക്ഷാക്രമത്തെയോ ആസ്പദമാക്കിയല്ല ഈ ഗ്രന്ഥം രചിച്ചത്" (മുഖവുര പു.10) എന്ന പ്രസ്താവം ഗ്രന്ഥസ്വഭാവം സൂചിപ്പിക്കുന്നുണ്ട്. പദ്ധതിയും ക്രമവും പാലിക്കാത്തതുതന്നെയാണ് ഇതിന്റെ പ്രധാനവൈകല്യം. വസ്തുതകളായി അവതരിപ്പിച്ചതിലും നിർവചനങ്ങളിലും പിഴവുകളുണ്ട്. ചിലത് കാണിക്കാം: (i) "തൊല്കാപ്പിയം എഴുത്തധികാരത്തിലെ 399-ാം സൂത്രം - 'ആതിനിന്റ അകരം ഐകാരമായ്ത്തിരിന്തത്' - എന്നാണ്" (പു. 51). തൊല്കാപ്പിയത്തിൽ ഇങ്ങനെയൊരു സൂത്രമില്ല. (ii) ഇ > എ വർണവികാരത്തെക്കുറിച്ച് ശുദ്ധമായ അകാരമോ ശുദ്ധമായ ഇകാരമോ ഉച്ചരിക്കുന്നതിനേക്കാൾ എകാരം ഉച്ചരിക്കുന്നതിനുള്ള പ്രയത്നലാഘവമാകാം ഇങ്ങനെയൊരു മാറ്റത്തിന് കാരണം (പു.87). (iii) എന്തിന്റെയും പേരായി വരുന്ന പദം നാമം (പു.126); വ്യാപാരം (പ്രവൃത്തി), സ്ഥിതി (സ്ഥിരമായിരിക്കുന്ന ഭാവം) മുതലായവയെ(?)ക്കുറിക്കുന്ന പദമാണ് ക്രിയ (പു.211). ഒരു വ്യാകരണത്തിൽ എന്തെല്ലാം എങ്ങനെയെല്ലാം ഉൾക്കൊള്ളിക്കണമെന്ന മുൻധാരണയുടെ അഭാവം ഗ്രന്ഥത്തിലുടനീളം കാണാം.

1.7. **മലയാളവ്യാകരണം (2002) - ഗോപിക്കുട്ടൻ:** ദീർഘകാലത്തെ അധ്യാപനത്തിൽനിന്നു നേടിയ പുതിയ അറിവുകൾ ഉൾപ്പെടുത്തി, സുഹൃത്തുക്കൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സഹൃദയർക്കും(?) വേണ്ടിയാണ് ഈ വ്യാകരണം രചിച്ചിരിക്കുന്നത് എന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നു. വ്യാകരണത്തിലെ നിരീക്ഷണങ്ങളിൽ ചിലതുമാത്രം പരിശോധിക്കാം: (i) പ്രയോഗത്തിലിരിക്കുന്ന അക്ഷരങ്ങളുടെ പട്ടികയിൽ (പു.31) സംസ്കൃത-അക്ഷരങ്ങളിലൊന്നായ 'ഞ' ഉൾപ്പെടുത്തിയിരിക്കുന്നു; 'ഈ സ്വരം മലയാളത്തിന് ആവശ്യമില്ല' എന്ന് ഒരടിക്കുറിപ്പിൽ (പു. 25) പറയുന്നുണ്ട്; (ii) ഇ > എ, ഉ > ഒ എന്നീ ഉച്ചാരണമാറ്റങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങൾ പൂർണമല്ല (പു.41); (iii) പദങ്ങൾക്ക് തമ്മിലുള്ള ബന്ധം കാണിക്കുന്ന ദ്യോതകങ്ങൾ 'എല്ലാം' പദങ്ങളാകുന്നതെങ്ങനെ? (പു. 47); അടുത്ത പുറത്തിൽ ദ്യോതകങ്ങൾക്ക് ഉദാഹരണങ്ങളായി '-ഉം', '-ഊടെ' എന്നിവയുമുണ്ട്; (iv) 'ദ്രവ്യത്തിന്റെയോ പ്രവൃത്തിയുടെയോ ഗുണത്തിന്റെയോ പേരായ ശബ്ദത്തിന് നാമം എന്ന് പറയുന്നു' (പു. 49). ഭാഷ, വ്യാകരണം, മനസ്സ്, സ്വപ്നം... എന്നിവയെല്ലാം ഏത് വിഭാഗത്തിൽ പെടും? (v) 'പകരം പ്രയോഗിക്കുന്നതാണ് സർവനാമം' എന്ന് നിർവചനത്തിൽ (പു. 50); സർവനാമപ്പട്ടികയിലെ ചില, എല്ലാർ (?), മിക്ക, പല, മറ്റ്... എന്നിവ നിർവചനത്തിനിണങ്ങുമോ? (vi) 'ഇല്ല എന്നത് പൂർണ നിഷേധവും 'അല്ല' എന്നത് ഭാഗികനിഷേധവും സൂചിപ്പിക്കുന്നു' (പു.90); ഇത്ര ലളിതമല്ല നിഷേധക്രിയകളുടെ പ്രയോഗങ്ങൾ; (vii) 'നടുവിനയെച്ചത്തിന്റെ ആധാരികാരൂപമാണ് പാക്ഷികവിനയെച്ചം' (പു.106) എന്ന നിരീക്ഷണം കൗതുകമുണർത്തുന്നു; (viii) ഭേദകങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ (പു.134-143) പുതിയ പഠനങ്ങളിലെ വെളിപ്പെടുത്തലുകളൊന്നും പരിഗണിച്ചിട്ടില്ല. ചില നിരീക്ഷണങ്ങളെക്കുറിച്ചുള്ള സംശയങ്ങളാണ് എടുത്തുകാണിച്ചത്. ഈ വ്യാകരണത്തിന്റെ അടിക്കുറിപ്പുകളിൽ രാജരാജവർമ്മമുതൽ കുട്ടികൃഷ്ണമാരാർവരെയുള്ളവരുടെ പരാമർശങ്ങളെ സൂചിപ്പിച്ചിരിക്കുന്നു. 2002-ൽ പ്രസിദ്ധീകരിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥത്തിൽ, തൊട്ടുപുറകിലുള്ള അറുപതുവർഷത്തെ വ്യാകരണപഠനങ്ങൾ പരിശോധിക്കാത്തതെന്തുകൊണ്ട്? ഗ്രന്ഥകാരന് വ്യാകരണത്തോടുള്ള താത്പര്യം പ്രകടമാണ്. ആ താത്പര്യം വിശദീകരണത്തിൽ അവിടവിടെ പ്രത്യക്ഷപ്പെടുന്നുമുണ്ട്.

1.8. **കേരളഭാഷാവ്യാകരണം (2005) - ഇ. വി. എൻ. നമ്പൂതിരി :** ആമുഖ ('ഒരു വാക്ക്')ത്തിൽ 'ഭാരതീയമായ ചട്ടക്കൂടിലാണ് ഈ വ്യാകരണം എഴുതിയിരിക്കുന്നത്' എന്നും 'നമ്മുടെ പരമ്പരാഗതവിശ്വാസങ്ങൾ കഴിവതും പരിരക്ഷിക്കാൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്' എന്നും 'ആധുനികഭാഷാശാസ്ത്രകാരന്മാരുടെ ലോകപ്രശസ്ത ഭാഷാശാസ്ത്രസിദ്ധാന്തങ്ങളിൽനിന്ന് ഒരിടത്തും അണുപോലും (!) വ്യതിചലിക്കാതിരിക്കാൻ ഇതിൽ പരമാവധി ശ്രമിച്ചിട്ടുണ്ട്' (ആശ്ചര്യചിഹ്നം ലേഖകന്റേത്) എന്നും ഗ്രന്ഥകാരൻ പ്രസ്താവിച്ചിരിക്കുന്നത് കൗതുകത്തോടൊപ്പം അദ്ഭുതവുമുണർത്തും. കാരികകളിലൂടെ നിയമവത്കരണം നടത്തിയിരിക്കുന്നതും അദ്ഭുതം വർധിപ്പിക്കുന്നു. ചില വിശകലനങ്ങളിലേക്ക്

പ്രവേശിക്കാം. (i) സംവൃത-ഉകാരം അകാരത്തിൽനിന്നും ഉകാരത്തിൽനിന്നും ഭിന്നമാണെന്ന് ഗ്രന്ഥകാരൻ സമ്മതിക്കുന്നുണ്ട് (പു.5). എന്നിട്ടും അതിനെ അടിസ്ഥാനവർണമായി കരുതേണ്ടതില്ല എന്നാണ് നിലപാട്. അങ്ങനെയാണെങ്കിൽ ആ സ്വരം ഏത് സ്വനിമത്തിന്റെ ഉപസ്വനമാണെന്ന് കാണിക്കേണ്ടതല്ലേ?; (ii) പദാദിയിൽ വരുന്ന താലവ്യസ്വരങ്ങൾക്ക്  യകാരം ചേർന്ന ഉച്ചാരണവും ഓഷ്ഠ്യസ്വരങ്ങൾക്ക് വകാരം ചേർന്ന ഉച്ചാരണവുമാണ്: ഉദാഹരണങ്ങൾ: യിഷ്ടം, യെരിവ്, വോല, വുചിതം (!) (പു. 17); (iii) ആദ്യസ്വരം ആകാരമായ ചില വിദേശപദങ്ങൾ: ബാങ്ക്, ഫാൻ, കാളേജ്, ആഫീസ് (!) (പു.21); (iv) വ്യഞ്ജനാന്തത്തിലാണ്. (ചില അപവാദരൂപങ്ങളുമുണ്ട്) '-ഇൻ' എന്ന ഇടനില ചേരുക (പു. 95 -97); ഉകാരാന്തങ്ങളിൽ (മഴു, ഗുരു) ചേരുന്നുണ്ടല്ലോ. (v) നാമങ്ങളിൽനിന്ന് മാറിയ അവ്യയങ്ങളുടെ ഒരു നീണ്ട പട്ടിക (പു. 100-102) കൊടുത്തിട്ടുണ്ട്. '... അവ്യയത്തിന് രൂപഭേദങ്ങളൊന്നുമില്ല' (പു. 67)എന്ന് മുമ്പ് പ്രസ്താവിച്ചിട്ടുമുണ്ട്. എന്നാൽ, കീഴ് (കാൽക്കീഴിൽ), മുമ്പ് (മുമ്പിൽ, മുമ്പേ, മുമ്പോ) ...എന്നിവയെല്ലാം അവ്യയങ്ങളാകുന്നതെങ്ങനെ? നാമവിശേഷണപ്രയോഗമായി കാണിച്ച സദ്യ നന്നായി -ഇൽ ഏതാണ് നാമവിശേഷണം? 'മുമ്പേ പോയവർ', 'പിമ്പേ വന്നവർ', 'കുന്നിൻ മീതെ' എന്നിവയിൽ ഏതെല്ലാമാണ് ക്രിയാവിശേഷണങ്ങൾ? (vi) പ്രകാരങ്ങളുടെ രൂപഭേദങ്ങളും അർഥവ്യത്യാസങ്ങളും വിശദമായി (പു. 120-123) ചർച്ച ചെയ്തിട്ടില്ല; (vii) പേരെച്ചത്തിന്റെ 'വെറും ഭേദക'മായിട്ടുള്ള പ്രയോഗങ്ങളുടെ സാഹചര്യങ്ങൾ ശ്രദ്ധിച്ചിട്ടില്ല; (viii) ക്രിയകളിൽനിന്ന് മാറിവന്ന അവ്യയങ്ങൾ (പു. 126-130): ഉണ്ട്, ആയി, വളരെ, വേറെ, വെറുതെ, എങ്കിൽ, നല്ല, തണുത്ത, ചെറിയ, ഇല്ല അത്രേ...(?); (ix) പദവർഗീകരണത്തിൽ നാമം, ക്രിയ, അവ്യയം എന്നിവയെ മാത്രം അംഗീകരിച്ചപ്പോൾ, വാക്യവിചാരത്തിൽ ഭേദകങ്ങളെക്കൂടി (പു. 188-196) പദവിഭാഗമായമായി ചർച്ച ചെയ്യുന്നു. ഭേദകത്തെ വാക്യവിചാരത്തിൽ സ്വീകരിച്ചതിനുള്ള യുക്തി വ്യക്തമാക്കിയിട്ടില്ല. 'രൂപവിജ്ഞാനീയത്തിലെയും വാക്യവിജ്ഞാനീയത്തിലെയും പദവിഭാഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെന്നത് ആധുനികഭാഷാശാസ്ത്രം അംഗീകരിച്ചിട്ടുള്ള ഒരു വസ്തുതയാണ്' (പു.156) എന്ന് മുൻപൊരിടത്ത് പറയുന്നുണ്ട്.  ആധുനികഭാഷാശാസ്ത്രം അംഗീകരിച്ചിട്ടുള്ള ഒരു വസ്തുത എന്നത് തെളിവല്ലല്ലോ. ഈ വ്യാകരണത്തിലെ വാക്യഘടന, വാചകഘടന, വാക്യവൈചിത്ര്യം എന്നീ ഖണ്ഡങ്ങളിൽ ശ്രദ്ധാർഹങ്ങളായ പല വിശകലനങ്ങളുമുണ്ട്. എന്നാൽ അവ പലരുടെയും വ്യാകരണസങ്കല്പങ്ങളുമായി പൊരുത്തപ്പെടുമോ എന്ന് സംശയിക്കുന്നു.

## 2. കേരളപാണിനീയവിമർശനങ്ങൾ

2.1.**കേരളപാണിനീയത്തിലൂടെ (1972) - സി. വി. വാസുദേവഭട്ടതിരി**: ഭാഷോത്പത്തി, വർത്സ്യവർണങ്ങൾ, സന്ധിനിയമങ്ങൾ, ശബ്ദവിഭാഗം, നാമരൂപങ്ങൾ, ക്രിയാരൂപങ്ങൾ, ഭേദകങ്ങൾ - ഇങ്ങനെ എല്ലാ വ്യാകരണചർച്ചകളിലും കേരളപാണിനീയത്തിൽ പാകപ്പിഴകളുണ്ടെന്ന് ഭട്ടതിരി ചൂണ്ടിക്കാണിക്കുന്നു. അത് അപലപനീയമാണെന്ന് വിധിക്കാനാവില്ല. എന്നാൽ, വിമർശിക്കുന്ന രീതിയിൽ അസഹിഷ്ണുത കലർന്നതായി ചിലർക്കെങ്കിലും തോന്നിയേക്കാം. കേരളപാണിനീയകർത്താവിനെക്കുറിച്ചുള്ള ഭട്ടതിരിയുടെ ഒരു നിരീക്ഷണം ശ്രദ്ധിക്കുക: 'താൻ പറയുന്നത് മറുചോദ്യം കൂടാതെ സ്വീകരിച്ചുകൊള്ളണമെന്ന  മട്ടാണ് അദ്ദേഹത്തിന്റേത്'. അത്തരമൊരു ശാഠ്യം കേരളപാണിനീയകർത്താവ് പ്രകടിപ്പിച്ചിട്ടുണ്ടോ?

2.2. **കേരളപാണിനീയഭാഷ്യം (1989; ഒ.പ.1973) - സി. എൽ. ആന്റണി:** "നവീനഭാഷാശാസ്ത്രതത്ത്വങ്ങളുടെ വെളിച്ചത്തിൽ സിദ്ധിക്കാവുന്ന വ്യാകരണപരമായ ഉപരിവിജ്ഞാനം  കേരളപാണിനീയത്തെത്തന്നെ അടിത്തറയായെടുത്ത് അതിന്റെ മുകളിൽ കെട്ടിപ്പടുക്കുന്നതായിരിക്കും നല്ലതെന്ന്..." (പ്രസ്താവന) പുതിയ വ്യാകരണരചനയെക്കുറിച്ച് ആന്റണി പറയുന്നു. അതിലേക്കുള്ള വഴികാട്ടിയെന്ന നിലയിൽ ഈ 'ഭാഷ്യം' പ്രയോജനകരമായിരിക്കും. പതിനൊന്ന് ഖണ്ഡങ്ങളിലായി ചില വ്യാകരണവിഷയങ്ങൾ ചർച്ച ചെയ്ത് അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ഇതിലെ ശ്രദ്ധാർഹങ്ങളായ ചില വീക്ഷണങ്ങൾ: 1) സംവൃത-ഉകാരം എന്ന് കേരളപാണിനി പേരിട്ട സ്വരത്തിന് അകാര-ഉകാരങ്ങളോട് ബന്ധമില്ല; അത് സ്വതന്ത്രസ്വരമാണ് (പു. 13-14) 2) ആഗമസന്ധിയിൽ പൂർവസ്വരത്തിന്റെ വ്യത്യാസം മാത്രമല്ല, ഉത്തരസ്വരവ്യത്യാസവും സ്വാധീനം ചെലുത്തും: പലവുരു; യവാഗമങ്ങൾക്കു പുറമെ, 'ക്ക'യും ആഗമമായി വരും: മുതുക്കൻ (പു. 35-36) 3) ആദേശസന്ധിയിൽ വിനാമം എന്നൊരു പ്രക്രിയ ഇല്ല; സവർണനമേ ഉള്ളു (പു. 44-46); 4) നാമം, സർവനാമം, നാമവിശേഷണം, ക്രിയാവിശേഷണം, വ്യാക്ഷേപകം(?) എന്നിവയാണ് പദവർഗങ്ങൾ (പു. 53-56); 5) വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയതിന് കേരളപാണിനി പറയുന്ന കാര്യങ്ങൾ മതിയാകുന്നില്ല (പു. 63-74); 6) വർത്തമാനകാലപ്രത്യയത്തിന്റെ ആഗമം ഇങ്ങനെയാണ്: -ഉതു > -ഉന്തു > -ഉന്നു (പു. 82-86); 7) ശുദ്ധം (പുതിയ, വലിയ...14), വിവേചകം (ആ, ഈ-2), സാംഖ്യം (ഒരു - 1) എന്നിങ്ങനെ 17 യഥാർഥനാമവിശേഷണങ്ങൾ മലയാളത്തിൽ പ്രയോഗിച്ചുവരുന്നു (പു. 146); 8) സ്വതന്ത്രക്രിയാവിശേഷണങ്ങൾ 'മുപ്പതിൽ കുറയാതെ' പ്രയോഗത്തിലുണ്ട് (പു.158). ചില പ്രധാനവീക്ഷണങ്ങൾ എടുത്തുകാണിച്ചുവെന്നേയുള്ളു. ഇവയിൽ പലതിലും ഗ്രന്ഥകാരന്റെ നിരീക്ഷണസൂക്ഷ്മതയും, അപഗ്രഥനപാടവവും തെളിയുന്നുണ്ട്. വ്യാക്ഷേപകത്തെ പദവർഗത്തിലുൾപ്പെടുത്തിയതിലും വർത്തമാനകാലപ്രത്യയത്തിന്റെ ആഗമം അനുമാനിച്ചതിലും വേണ്ടത്ര ശ്രദ്ധ പതിഞ്ഞിട്ടില്ല. വളരെ കുറച്ചേ എഴുതിയിട്ടുള്ളു. എന്നാൽ എഴുതിയതിൽ മിക്കതും കനപ്പെട്ടവതന്നെ എന്ന് ഈ അധ്യാപകശ്രേഷ്ഠനെക്കുറിച്ച് പറയാം. ഈ പുസ്തകത്തെക്കുറിച്ചുള്ള മറ്റൊരു വിലയിരുത്തൽ ഓർമി

പ്പിക്കേണ്ടിയിരിക്കുന്നു. "പാരമ്പര്യത്തിന്റെ സദ്ഫലങ്ങൾ സ്വാംശീകരിക്കാനോ താത്ത്വികമായ പരികല്പനകളിൽ നിലയുറപ്പിക്കാനോ അതുകൊണ്ട് ഭാഷാപ്രശ്നങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകാനോ കേരളപാണിനീയഭാഷ്യാകാരന് സാധിക്കുന്നില്ല" (വേണുഗോപാലപ്പണിക്കർ, 1996:114).

2.3. **കേരളപാണിനീയം - ചില അനുബന്ധചിന്തകൾ (1982) - പി. മീരാക്കുട്ടി :** കേരളപാണിനീയത്തിലെ നിയമവത്കരണങ്ങൾക്ക് അപവാദരൂപങ്ങൾ ഉണ്ടെന്നാണ് ഈ പുസ്തകത്തിൽ മുഖ്യമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വ്യവഹാരത്തിലുള്ള ഏത് വ്യവസ്ഥകൾക്കും 'എല്ലാ' പ്രയോഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമവത്കരണം സാധ്യമായിരിക്കില്ല. ഉത്സർഗങ്ങളേ സാമാന്യവത്ക്കരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനാവൂ. ശാസ്ത്രഗ്രന്ഥങ്ങളെ ആ നിലയിലാണ് വിമർശകർ സമീപിക്കേണ്ടത്. അതുകൊണ്ട്, അപവാദരൂപങ്ങളെ പരാമർശിക്കരുതെന്നർഥമില്ല. അവ ശാസ്ത്രനിരീക്ഷണങ്ങളുടെ വലിയ കുറവായി കണക്കാക്കരുതെന്നേ ഉദ്ദേശിക്കുന്നുള്ളു. ഈ ഗ്രന്ഥത്തിൽ കാണിച്ചിട്ടുള്ള ചില രൂപങ്ങൾ ഔപചാരികഭാഷയിൽ പ്രയോഗസാധാരണത്വമുള്ളവയല്ല. ഉദാ. പടരുന്നഗ്നി (പു.15), പെഞ്ചതി (പു. 22), മുങ്കാൽ (പു. 24), ചെറുകി (പു. 40), നല്ലുന്നു (പു. 42), ഏ മനുഷ്യൻ (പു. 43), പശു കറന്നു (പു. 60), കണ്ടോൻ, കണ്ടോൾ, കണ്ടോർ (പു. 63) മരിക്കെത്തീർന്നു (പു. 76). സംശയാസ്പദങ്ങളായ ചില പൊതുപ്രസ്താവനകളും ഗ്രന്ഥത്തിലുണ്ട്: 1. 'മലയാളത്തിൽ യഥാർഥ ഭേദകങ്ങൾ സാംഖ്യങ്ങൾ മാത്രമേയുള്ളു. മറ്റുള്ളവയൊക്കെ ഭേദകധർമം നിർവഹിക്കുന്ന നാമങ്ങളോ, കൃതികളോ മാത്രമാണ്' (പു. 46); 2. '-അം' വിവർത്തകപ്രത്യയമാണ് (പു. 54); 3. സംബോധനയ്ക്ക് ക്രിയയുമായി ബന്ധമുള്ളതുകൊണ്ട്, അതിനെ നിർദേശികാവിഭക്തിയുടെ വകഭേദമായി ഗണിക്കാം (പു. 55-56). താത്ത്വികചർച്ചകളില്ലെങ്കിലും ചില കാര്യങ്ങളിൽ ഗ്രന്ഥകാരൻ സ്വതന്ത്രമായ നിലപാടുകൾ സ്വീകരിച്ചിരിക്കുന്നത് പരിശോധനാർഹമാണ്. സംബന്ധിക നാമവിശേഷണമാണ് (പു. 55), പൂരണിതദ്ധിതം തദ്ധിതമല്ല, ഭേദകമാണ് (പു. 69) എന്നിവ ഉദാഹരണങ്ങൾ.

2.4. തിരുത്തേണ്ടതും പരിഷ്കരിക്കേണ്ടതും കൂടുതൽ വിഷദീകരിക്കേണ്ടതുമായ പലതും കേരളപാണിനീയത്തിലുണ്ട്. ഇവയൊന്നും ആ വ്യാകരണത്തിന്റെ സമകാലികപ്രസക്തി ഇല്ലാതാക്കുന്നില്ല. ഒമ്പതു പതിറ്റാണ്ടുകൾക്ക് ശേഷവും ഒരു ശാസ്ത്രഗ്രന്ഥം, പകരത്തിനു യോഗ്യമായ മറ്റൊരു ഗ്രന്ഥം നിർദേശിക്കപ്പെടാനിടയാക്കാതെ, പാഠപുസ്തകമെന്ന നിലയിൽ തുടർന്നുപയോഗിച്ചുവരുന്നു എന്നത് അന്യാദൃശപ്രതിഭാസമാണ്. അതിനെക്കുറിച്ച് മൂന്നു വിമർശനഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു എന്നത് അതിലേറെ അദ്ഭുതം സൃഷ്ടിക്കുന്ന സംഭവവുമാണ്. "പിൽക്കാലവ്യാകരണപഠനങ്ങളെക്കുറിച്ച് ... അവിടെയും ഇവിടേയും കാണുന്ന ചില ചില്ലറ പോരായ്മകൾ എടുത്തുപറയുന്നതല്ലാതെ, സാരമായ മാറ്റങ്ങൾ ആവശ്യാനുസരണം നിർദേശിക്കാനോ, സാർവംഗീകാര്യമായ രീതിയിൽ അവയ്ക്ക് ഗ്രന്ഥരൂപം നൽകാനോ ഉള്ള കഴിവ് പ്രകടിപ്പിക്കുന്നില്ല..." (രാമചന്ദ്രൻനായർ, 2003:215) എന്ന നിരീക്ഷണത്തോട്, മുകളിലെ ഒന്നും രണ്ടും ഖണ്ഡങ്ങളിലെ അവലോകനം ശ്രദ്ധിച്ചവരിൽ ചിലരെങ്കിലും അനുകൂലിച്ചേക്കും.

## 3. വ്യാകരണപഠനസമാഹാരങ്ങൾ

3.1. വ്യാകരണവിഷയങ്ങളെക്കുറിച്ചുള്ള ചില താത്ത്വികപ്രശ്നങ്ങൾ അപഗ്രഥിക്കുന്നതും ചില വ്യാകരണവിഷയങ്ങളെക്കുറിച്ച് പുനർവിചാരത്തിന് പ്രേരിപ്പിക്കുന്നതുമായ വിശകലനങ്ങൾ ഉൾക്കൊള്ളുന്ന ലേഖനസമാഹാരങ്ങളാണ് ഇനി പരിശോധിക്കേണ്ടത്. വിശദചർച്ച അർഹിക്കുന്ന ഈ ലേഖനങ്ങളെ സമഗ്രമായി നിരൂപണം ചെയ്യാൻ പ്രബന്ധപരിമിതി അനുവദിക്കുമെന്ന് തോന്നുന്നില്ല. അവയെ പരിചയപ്പെടുത്തുകമാത്രം ചെയ്യുന്നു.

3.2. അർഥപരിണാമം, വർണവികാരം, സന്ധി, വർണപരിവർത്തനം എന്നീ നാല് വിഷയങ്ങളെക്കുറിച്ചുള്ള സാമാന്യം ദീർഘമായ അന്വേഷണങ്ങളാണ് സി. കെ. ചന്ദ്രശേഖരൻനായരുടെ 'മലയാളത്തിന്റെ വളർച്ച: ചില വശങ്ങൾ' (1968) എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗൗരവസ്വഭാവം പാലിച്ചുകൊണ്ടുള്ള പഠനങ്ങളാണെല്ലാം. അർഥപരിണാമസാഹചര്യങ്ങൾ, ഉച്ചാരണഫലമായി വർണങ്ങൾക്ക് കാലാന്തരത്തിൽ സംഭവിക്കുന്ന പരിണാമങ്ങൾ, ലീലാതിലകം, കേരളപാണിനീയം എന്നീ ഗ്രന്ഥങ്ങളിലെ സന്ധിപരാമർശങ്ങളെ പശ്ചാത്തലമാക്കി മലയാളസന്ധികളെക്കുറിച്ചുള്ള ഉപരിചിന്തകൾ, സമകാലികഭാഷയിലെ വർണപരിവർത്തനങ്ങൾ എന്നിവയാണ് അന്വേഷണവിഷയങ്ങൾ.

3.3. പതിനൊന്ന് വ്യാകരണവിഷയങ്ങളെക്കുറിച്ചുള്ള ലഘുലേഖനങ്ങൾ ചേർന്ന 'സ്റ്റഡീസ് ഇൻ മലയാളം ഗ്രാമർ' (1979) എന്ന പ്രഭാകരവാരിയരുടെ പുസ്തകത്തിൽ ഏഴെണ്ണം വിഭക്തികളുമായി ബന്ധപ്പെട്ട ചർച്ചകളും ബാക്കിയുള്ളവ വർണവിചാരം, നാമവിശേഷണം, സംയോജകക്രിയ, വ്യവഹാരചിഹ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള നിരീക്ഷണങ്ങളുമാണ്.

3.4. കെ. വി. രാമചന്ദ്രപൈയുടെ 'വ്യാകരണപഠനങ്ങൾ' (1979) എന്ന പുസ്തകത്തിൽ സന്ധി, സമാസം, നപുംസകലിംഗം, ബഹുക്കുറി എന്നീ വിഷയങ്ങൾ പരാമർശിച്ചിരിക്കുന്നു. ഗ്രന്ഥത്തിന്റെ ഏതാണ്ടു പകുതിയും (പു. 16-97) സന്ധിചർച്ചയാണ്. സമാസവിവരണത്തിനും കുറെയധികം പുറങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ബാക്കി വിഷയങ്ങൾ കുറിപ്പുകളെന്ന നിലയിൽ ചേർത്തിരിക്കുകയാണ്. സംസ്കൃത-സന്ധിസമാസങ്ങളും വിവരിക്കുന്നുണ്ട്. 2.3 ൽ സൂചിപ്പിച്ചപോലെ, ഈ ഗ്രന്ഥത്തിലും മാനകേതരഭാഷാരൂപങ്ങളെ ഉദാഹരിക്കുന്നു. ഒരു ശാസ്ത്രഗ്രന്ഥം ഏത് രീതിയിൽ സംവിധാനം ചെയ്യണമെന്നോ ഏത് ശൈലിയിൽ അവതരിപ്പിക്കണമെന്നോ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടില്ല.

3.5. വിവരണാത്മക-താരതമ്യഭാഷാശാസ്ത്രങ്ങളിൽ പരിചയമുള്ള എൻ. എൻ.

മൂസ്സതിന്റെ 'വ്യാകരണവിവേക'ത്തിൽ (1984) സന്ധി, നാമവിശേഷണം, ചുട്ടെഴുത്തുകൾ, സകർമക-പ്രയോജകങ്ങൾ എന്നിവയ്ക്കു പുറമെ, 'വളയം' എന്ന പദത്തിന്റെ നിഷ്പാദനം, മലയാളത്തിലെ ലേഖിമങ്ങൾ (ലിപികൾ) എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. സന്ധി, നാമവിശേഷണം എന്നിവയെക്കുറിച്ചുള്ള അവലോകനങ്ങൾ സവിശേഷശ്രദ്ധ അർഹിക്കുന്നു. ആന്റണിയുടെ (1984) വിശകലനത്തെക്കാൾ വിശദമായി നാമവിശേഷണങ്ങളുടെ രൂപഘടനകളും പ്രയോഗരീതികളും മൂസ്സത് പരിശോധിച്ചിട്ടുണ്ട്. നാമവിശേഷണങ്ങളുടെ വ്യാവർത്തകധർമങ്ങൾ കാണിക്കുന്ന പതിനാറ് രൂപങ്ങളും തീവ്രവാചികളായ വളരെ, കുറെ, പറ്റെ, തീരെ തുടങ്ങിയവയും വിശേഷണങ്ങൾ തന്നെ എന്ന് അദ്ദേഹം സമർഥിക്കുന്നു (പു. 126-127).

3.6. "ഏത് ശാസ്ത്രവും പ്രയോജനപ്പെടാൻ പ്രയോഗവുമായി ബന്ധപ്പെടണം; ആ ലക്ഷ്യംവെച്ച് എഴുതിയ ഒരു പ്രയുക്തവ്യാകരണഗ്രന്ഥമാണ് ഈ പുസ്തകം" (പു. 6) എന്നും "ഈ പുസ്തകത്തിൽ വ്യാകരണമല്ല പ്രതിപാദ്യം; വാക്യം എന്ത്, വാക്യഘടനയിലെ ഭേദങ്ങൾ എങ്ങനെ അർഥത്തിൽ ഭേദം വരുത്തുന്നു എന്ന് വിവരിച്ച് ഉദാഹരിക്കയാണ് ചെയ്യുന്നത്" (പു. 8) എന്നും മുഖവുരയിൽ (രണ്ട് വാക്ക്) പ്രസ്താവിച്ചതിൽനിന്ന് 'മലയാളവ്യാകരണം പ്രയോഗത്തിൽ' എന്ന പുസ്തകത്തിന്റെ സ്വഭാവം സി. വി. വാസുദേവഭട്ടതിരി വ്യക്തമാക്കിയിട്ടുണ്ട്. വാക്യങ്ങളെ ഘടനാപരമായും അർഥപരമായും, അവ്യക്തതയും പിഴയും ഇല്ലാതെ പ്രയോഗിക്കേണ്ടതെങ്ങനെ എന്ന് വിവരിക്കുന്ന ഈ ചെറിയ പുസ്തകം വ്യാകരണത്തിൽ താത്പര്യം ഇല്ലാത്തവർക്കുകൂടി ഉപകരിക്കും.

3.7. കേരളപാണിനീയം ഒന്നാംപതിപ്പിന്റെ (1896) ശതാബ്ദിസ്മാരകമായി കാലിക്കറ്റ് സർവകലാശാല മലയാളവിഭാഗം സംഘടിപ്പിച്ച ചർച്ചാസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ സമാഹരിച്ച്, വേണുഗോപാലപ്പണിക്കർ പ്രസാധനം ചെയ്ത പുസ്തകമാണ് 'വ്യാകരണപഠനങ്ങൾ' (1996). കേരളപാണിനീയം പരിഷ്ക്കരിച്ച പതിപ്പിലെ (1917) വ്യാകരണവിഷയങ്ങളെ വിശകലനം ചെയ്യുന്ന ലേഖനങ്ങളാണ് അധികവും. പ്രകാരം, പ്രയോജകം, കാലം, അനുപ്രയോഗം, വാക്യഘടന, പദക്രമം, അർഥം, അടിക്കുറിപ്പുകൾ, ഭാഷാവികസന സങ്കല്പം എന്നിവയ്ക്ക് പുറമെ, ആന്റണിയുടെ 'കേരളപാണിനീയഭാഷ്യം', പാച്ചു മൂത്തതിന്റെ 'കേരളഭാഷാവ്യാകരണം' എന്നിവയുടെ നിരൂപണങ്ങൾ, കേരളപാണിനീയത്തിന് ശേഷമുള്ള വ്യാകരണങ്ങൾ, കേരളപാണിനീയത്തിലെ സംസ്കൃതവ്യാകരണസങ്കല്പങ്ങൾ, ശേഷഗിരിപ്രഭുവും കേരളപാണിനീയവും എന്നിവയും പഠനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവാരമുള്ള ഈ അന്വേഷണങ്ങൾ വ്യാകരണപഠനത്തിന് ഏറെ പ്രയോജനപ്പെടും. പ്രബന്ധങ്ങളിൽ പലതും അവതരിപ്പിച്ചിരിക്കുന്നത് വ്യാകരണത്തിൽ നല്ല പരിചയമുള്ള പണ്ഡിതൻമാരാണ്. കേരളപാണിനീയത്തിന്റെ നൂറ്റാണ്ടുതികവിന് സമുചിതമായ ഉപഹാരമായിട്ടുണ്ട് ഈ ഗ്രന്ഥം.





3.8. "ആധുനികഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട ശ്രദ്ധേയമായ എട്ട് പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്" (പു. viii) എന്ന സമ്പാദകക്കുറിപ്പോടെ പ്രസിദ്ധീകരിച്ചിരിക്കുന്ന 'മലയാളവ്യാകരണപഠനങ്ങളി'ൽ (രാധാകൃഷ്ണൻ മല്ലശ്ശേരി, 1996) വാക്യം, സന്ധി, സമാസം, അകാരം, ക്രിയ, അക്ഷരം, വിഭക്തി, അകർമക-സകർമകങ്ങൾ എന്നീ വിഷയങ്ങളാണ് പരിശോധിച്ചിരിക്കുന്നത്. 'ആധുനികഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ' എന്ന സമ്പാദകന്റെ നിരീക്ഷണം പ്രബന്ധസ്വഭാവങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വി. ആർ. പ്രബോധചന്ദ്രന്റെ വാക്യപരിചയം മലയാളവാക്യഘടനകളെക്കുറിച്ചുള്ള സാമാന്യവസ്തുതകൾ വെളിപ്പെടുത്തുന്നുണ്ട്. എ. പി. ആൻഡ്രൂസുകുട്ടി അകർമക-സകർമക-പ്രയോജകരൂപങ്ങളെ സൂക്ഷ്മമായി വ്യവച്ഛേദിച്ചു കാണിച്ചിരിക്കുന്നു.

3.9. 'മലയാളവ്യാകരണസമീക്ഷ'യിൽ (1998) ആറ് നയങ്ങൾ, വർണങ്ങൾ, സന്ധി, പദവർഗം, നാമം, ക്രിയ, വാക്യം എന്നീ ഏഴ് ഖണ്ഡങ്ങളിലായി വ്യാകരണവിഷയങ്ങളെ വിദ്യാർഥികൾക്ക്വേണ്ടി പ്രഭാകരവാരിയർ പരിചയപ്പെടുത്തിയിരിക്കുന്നു.

## 4. ക്രിയകളും നാമങ്ങളും

4.1. രൂപഘടന, പ്രയോഗസ്വഭാവം എന്നിവയെ അടിസ്ഥാനമാക്കി ക്രിയകളെ വർഗീകരിക്കുന്നതാണ് സാമാന്യവ്യാകരണങ്ങളിലെ സമ്പ്രദായം. അർഥാടിസ്ഥാനത്തിൽ ക്രിയാവിഭജനം നടത്തുന്നതിന് ഭാഷാപഠനത്തിൽ പ്രസക്തിയുണ്ടെന്നാണ് 'മലയാളക്രിയകളി'ൽ വി. എസ്. മോഹൻദാസ് (1987) വ്യക്തമാക്കിയിരിക്കുന്നത്. പ്രവൃത്തിയും അവസ്ഥയും, ആധാരസ്വഭാവത്തെ അവലംബിച്ചുള്ള ത്രിവിധവിഭജനം, വാച്യവൃത്തിക്രിയകൾ, കാരകാന്തർലീനക്രിയകൾ എന്നിവയാണ് ക്രിയകളുടെ ആർഥികവർഗീകരണങ്ങൾ. മദിരാശി സർവകലാശാലയിലെ പിഎച്.ഡി. ബിരുദത്തിന് അർഹമായ പ്രബന്ധമാണ് ഈ പഠനത്തിന് അവലംബം. പുതിയ കാഴ്ചപ്പാടിലൂടെ ഒരു വ്യാകരണസംവർഗത്തെ സമീപിക്കുവാൻ ഈ അന്വേഷണത്തിനു കഴിഞ്ഞിട്ടുണ്ടെങ്കിലും അർഥാടിസ്ഥാനത്തിലുള്ള വിശകലനത്തിന്റെ എല്ലാ സാധ്യതകളും പരിശോധിച്ചു എന്ന് പറയാനാവില്ല.

4.2. മധുര കാമരാജ് സർവകലാശാലയിലെ പിഎച്.ഡി. ബിരുദത്തിന് അർഹമായ പ്രബന്ധമാണ് കെ. ശ്രീകുമാരിയുടെ 'മലയാളത്തിലെ നാമവർഗം' (2003). ഇതിൽ നാമങ്ങളുടെ എല്ലാ രൂപഘടനകളെയും സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ട്. വ്യാകരണങ്ങളിൽ പരിഗണിക്കാത്ത പല സ്വഭാവങ്ങളും ഈ പഠനത്തിലെ അന്വേഷണപരിധിയിൽ പെടുന്നുണ്ട്.

## 5. രണ്ട് കോശഗ്രന്ഥങ്ങൾ

ഒരു വ്യക്തിയുടെ പ്രയത്നപരിധിയിലൊതുങ്ങുന്നതല്ല സാങ്കേതിക

കോശഗ്രന്ഥനിർമാണം. ഇവിടെ കാണിക്കുന്ന രണ്ട് കോശഗ്രന്ഥങ്ങളും ഓരോ വ്യക്തിയുടെ അധ്വാനഫലങ്ങളാണ്. ഇരിഞ്ചയം രവിയുടെ 'വ്യാകരണനിഘണ്ടു' (ഒ.പ. 1994, ര.പ. 2001), സി. ആർ. പ്രസാദിന്റെ 'വ്യാകരണം' (2002) എന്നിവയാണ് കോശഗ്രന്ഥങ്ങൾ. രണ്ടുപേരും, അവർ അനുഷ്ഠിച്ച ദീർഘതപസ്യകളോർക്കുമ്പോൾ, അഭിനന്ദനാർഹരാണ്. രണ്ട് ഗ്രന്ഥങ്ങളിലും വ്യാകരണമാണ് വിഷയമെന്ന് ശീർഷകങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ, വ്യാകരണത്തിന് പുറമെ, ഭാഷാചരിത്രം, ഭാഷാശാസ്ത്രം, ഭാഷാതാരതമ്യപഠനം, ലിപിവിജ്ഞാനീയം എന്നിവയും പദശേഖരത്തിൽ കാണുന്നു. പല നിർവചനങ്ങളും സൂക്ഷ്മമല്ല. ഉദാഹരണത്തിനായി, നാമത്തെ 'പേരിനെ സൂചിപ്പിക്കുന്നത്' (രവി: 214) എന്നും 'വസ്തുവിനെ കുറിക്കുന്ന ശബ്ദം' (പ്രസാദ്: 62) എന്നുമാണ് നിർവചിച്ചിരിക്കുന്നത്. പ്രവൃത്തിയെ സൂചിപ്പിക്കുന്ന ശബ്ദം എന്നാണ് ക്രിയാനിർവചനം (രവി : 214; പ്രസാദ്: 44). വ്യക്തിനാമങ്ങളെ പദാവലിയിൽ ഉൾപ്പെടുത്തുന്നത് കോശഗ്രന്ഥത്തിന്റെ സാമാന്യസ്വഭാവമല്ല. രണ്ട് കോശഗ്രന്ഥങ്ങളിലും വ്യക്തിനാമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളവ്യാകരണങ്ങളിൽ ഉപയോഗിച്ചിട്ടുള്ള പല സംജ്ഞകളും രണ്ടു ഗ്രന്ഥങ്ങളിലും ഉൾപ്പെടുത്തിയിട്ടില്ല. ചിലത് കാണിക്കാം: ഉയിർ, വ്യഞ്ജനം, വളവിഭക്തി, മറവിന, പുറവിന, തൻവിന (ഗുണ്ടർട്ട്); അച്ച്, ഏകനാമം, നന്തം, പ്രതിഭാവം, വചനം, വിരൂപവിഭക്തി, ഹല്ല് (മാത്തൻ); പ്രത്യക്ഷരം, വസ്തുനാമം, സങ്കേതനാമം, ഉദ്ദിഷ്ടനാമം, ഉപപദം, അവയവക്രിയ, ഭൂതാവ്യയാന്തക്രിയ (പാച്ചുമൂത്തത്); ഉഭയാദേശം, സപ്തമ്യാഭാസം, ഹേതുക്രിയ, വ്യതിരേകവാചിക്രിയ, സമാംഗവാക്യം, സംശ്ലിഷ്ടസമാസം (ശേഷ ഗിരിപ്രഭു), വ്യാകരണേതരവിഷയങ്ങളെ സംബന്ധിച്ചും ഇതേ ന്യൂനതയുണ്ട്.

## 6. ഇതരലേഖനസമാഹാരങ്ങൾ

പല വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളുള്ള സമാഹാരങ്ങളിൽ വ്യാകരണപഠനങ്ങളും അടങ്ങിയിട്ടുണ്ട്. അവയെ പൂർണമായി പരിശോധിക്കാൻ കഴിയാത്തതിനാൽ, സമാഹാരങ്ങളിലെ പുതിയ വ്യാകരണാവബോധങ്ങൾ ഉണർത്തുന്ന ചില ലേഖനങ്ങളെക്കുറിച്ചുമാത്രം സൂചിപ്പിക്കാം. നാമവിശേഷണങ്ങൾ മലയാളത്തിലെ വ്യതിരിക്തപദവർഗമാണെന്ന് ആദ്യമായി സമർഥിക്കുന്ന സി. എൽ. ആന്റണിയുടെ 'നാമവിശേഷണങ്ങൾ മലയാളത്തിൽ' (1969) എന്ന ലേഖനം പിന്നീട് പലരുടെയും ചർച്ചകൾക്ക് അവലംബമായിട്ടുണ്ട്. കർമണിപ്രയോഗം ഭാഷാശൈലിക്ക് ചേർന്നതല്ല എന്ന കേരളപാണിനിയുടെ അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട്, മലയാളത്തിലെ പല കർമണിവാക്യങ്ങളും ഉദാഹരിച്ച്, ഈ പ്രയോഗരീതി പരമ്പരാസിദ്ധമാണ്, പ്രാചീനമാണ്, അകൃത്രിമമാണ് (1972:49) എന്ന് സി. കെ. ചന്ദ്രശേഖരൻനായർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദ്ദേശികാവിഭക്തിപ്രത്യയം, 'ചീത്ത', (1980) പിൻവിനയെച്ചം, ദന്ത്യ-വർത്സ്യാനുനാസികങ്ങൾ, നാമവിശേഷണം എന്നിവയെ തനതായ കാഴ്ചപ്പാടിലൂടെ എൻ. ആർ ഗോപിനാഥപിള്ള (2001) വിശകലനം ചെയ്തിരിക്കുന്നു. വിഭക്ത്യാഭ്യാസത്തിലെ ഇരട്ടിപ്പ് എന്ന വിഭാഗത്തിലുൾപ്പെടുത്തിയ പ്രകൃതി + ഇൽ/അത്ത് + എ എന്ന ഘടന (കിണറ്റിലെ, മുറ്റത്തെ) നാമവിശേഷണമാണെന്നും സംബന്ധികയും സംബോധനയും വിഭക്തിരൂപങ്ങളല്ലെന്നും വ്യാക്ഷേപകത്തെ ലഘുവാക്യവിഭാഗമായാണ് പരിഗണിക്കേണ്ടതെന്നും കെ. എം. പ്രഭാകരവാരിയർ (1988) അഭിപ്രായപ്പെടുന്നു. ഭാഷാപ്രയോഗംകൊണ്ട് കുരുക്കുകൾ ഉണ്ടാക്കി മറ്റുള്ളവരെ അമ്പരപ്പിക്കുന്ന കടംകഥകളുടെ ഘടനയും പ്രയോഗസ്വഭാവങ്ങളും വേണുഗോപാലപ്പണിക്കർ (1999) സരസമായി അപഗ്രഥിച്ചിരിക്കുന്നു. അതേ പുസ്തകത്തിൽ പിൻവിനയെച്ചത്തെപ്പറ്റിയുള്ള പുതിയ വെളിവുകളും നല്കുന്നുണ്ട്. ഈയിടെ പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങളിൽ പണിക്കരുടെ ശ്രദ്ധാർഹമായ ചില ലേഖനങ്ങളുണ്ട്: 'കേരളപാണിനീയത്തിലെ വർണവികാരചർച്ച', 'കേരളപാണിനിയുടെ സ്വനവിചാരവും സ്വനപ്രക്രിയാവിചാരവും', 'മലയാളത്തിലെ അകാരങ്ങൾ' (2006-എ), 'കർത്തൃജകർമമെന്ന സിദ്ധാന്തത്തിന്റെ സാധ്യത' (2006-ബി).

## 7. സമാഹാരങ്ങളിലുൾപ്പെടുത്താത്തവ

സമാഹാരങ്ങളിൽ ചേർക്കാത്ത (എന്റെ അറിവിൽ) വ്യാകരണപഠനങ്ങൾ വേറെയുമുണ്ട്. ഈ ലേഖകന് പരിശോധിക്കാൻ കഴിഞ്ഞ ചില ലേഖനങ്ങളുടെ പട്ടികയാണ് താഴെക്കൊടുക്കുന്നത്: എ. പി. ആൻഡ്രൂസുകുട്ടി, 1989: 'കേരളപാണിനീയത്തിലെ വാക്യവിചാരസൂചനകൾ', ഭാഷാസാഹിതി, 70; എ. എൻ. കൃഷ്ണൻ, 1985: 'മലയാളത്തിലെ അനുനാസികാഗമവിധികൾ', വിജ്ഞാനകൈരളി 16.10; എൻ. ആർ. ഗോപിനാഥപിള്ള, 1984: 'അകാരവും കേരളപാണിനിയും', ഭാഷാസാഹിതി. 3.1; 1986: 'ആയി-പോയി-ചത്തു', മലയാളവിമർശം. 5; ഇ.വി. എൻ. നമ്പൂതിരി, 1978: 'കേരളപാണിനീയത്തിലെ ത്രിദോഷങ്ങൾ', ഭാഷാസാഹിതി. 2; 1983: 'വർണമാല'. ഭാഷാസാഹിതി.27;1984: 'വർണമാലയും ആധുനികഭാഷാശാസ്ത്രവും'. ഭാഷാസാഹിതി 32; 1985: 'വർണങ്ങളുടെ ഉച്ചാരണഭേദം' ഭാഷാസാഹിതി. 33; എൻ. എൻ. മൂസ്സത്. 1984& 1985: 'മലയാളത്തിലെ വർണമാല'. ഭാഷാസാഹിതി.31, 34; 1992: 'മലയാളത്തിലെ അക്ഷരങ്ങൾ' മലയാളവിമർശം.12; വി. എസ്. മോഹൻ ഭാസ്. 1983: 'മലയാളത്തിലെ ചോദ്യവാക്യങ്ങൾ'. വിജ്ഞാനകൈരളി. 14.4;1985: ക്രിയാനിർവചനങ്ങൾ; ഒരവലോകനം. ലിപി വാർഷികപ്പതിപ്പ്; 1992: 'കാരകാന്തർലീനക്രിയകൾ'. മലയാളവിമർശം.12; എം. ലീലാവതി. 1972: 'ദിത്വഖരാദേശങ്ങളെപ്പറ്റി'. വിജ്ഞാനകൈരളി. 3.2; 1972: 'മലയാളത്തിലെ പിൻവിനയെച്ചങ്ങൾ'. വിജ്ഞാനകൈരളി. 3.10; 1978: 'മലയാളത്തിലെ നപുംസകലിംഗപ്രത്യയം'. ഭാഷാസാഹിതി. 2.3; സി. വി. വാസുദേവഭട്ടതിരി. 1973: 'മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾ'. വിജ്ഞാനകൈരളി. 4.3; 1973: ആധാരികാപ്രത്യയങ്ങൾ, വിജ്ഞാനകൈരളി. 4.12; 1978: 'മലയാളത്തിലെ സന്ധി'

വിജ്ഞാനകൈരളി. ? 'വിഭക്തി' വിജ്ഞാനകൈരളി 11.3; വേണുഗോപാലപ്പണിക്കർ. 1970: 'മലയാളത്തിലെ ചില വ്യാകരണപ്രശ്നങ്ങൾ', സാഹിത്യലോകം. സപ്തംബർ; 1986: 'അകാരവിവാദം'. ഭാഷാസാഹിതി. 37; 1999: 'കേരളപാണിനീയവും പ്രാതിശാഖ്യങ്ങളും'. സാഹിത്യലോകം. 22.1.

## 8. പിൻമൊഴി

8.1. ഇതുവരെ പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ അരനൂറ്റാണ്ടിൽ വ്യാകരണരംഗത്തെക്കുറിച്ച് നടന്ന അന്വേഷണങ്ങളായി പരിഗണിക്കാമെന്ന് തോന്നുന്നു. അവ ഇങ്ങനെ സംഗ്രഹിക്കാം: ഒന്ന്, കേരളപാണിനീയത്തിന്റെ സംഗ്രഹങ്ങളും വിശദീകരണങ്ങളും; ഈ വിഭാഗത്തിലെ രചനകൾ എ. ആർ-ന്റെ വ്യാകരണവീക്ഷണത്തിൽനിന്ന് ഒരു ചുവടുപോലും മുന്നോട്ടു പോയിട്ടില്ല. രണ്ട്, കേരളപാണിനീയവിമർശനങ്ങൾ; ഈ വിഭാഗത്തിലുൾപ്പെടുത്താവുന്ന പഠനങ്ങളിൽ കേരളപാണിനീയത്തിലെ കുറവുകളെ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം പുതിയ വിശകലനങ്ങളും അവതരിപ്പിക്കുന്നു. മൂന്ന്, ആധുനികഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികളെക്കൂടി ഉൾപ്പെടുത്തിയുള്ള വ്യാകരണവ്യാഖ്യാനങ്ങൾ; ഇതിൽ പുതിയ നിലപാടുകളും അവയിൽനിന്ന് അനുമാനിക്കാവുന്ന കാഴ്ചപ്പാടുകളും വെളിപ്പെടുത്തുന്നു. ഈ മൂന്നു സമീപനങ്ങളും ഒറ്റപ്പെട്ട കള്ളികളിലൊതുങ്ങുന്നവയല്ലെങ്കിലും, പരിശോധനകളിൽ അനുവർത്തിക്കുന്ന സൈദ്ധാന്തികപരികല്പനകൾ വേർതിരിഞ്ഞു നിൽക്കുന്നതായി കാണാം.

8.2. ഇതുവരെ നടന്നിട്ടുള്ള അന്വേഷണങ്ങൾ വ്യാകരണചിന്തയിൽ മൗലികമായ പുരോഗതി വരുത്തിയിട്ടുണ്ടോ? "കേരളപാണിനീയത്തിനുശേഷം നമ്മുടെ വ്യാകരണചിന്ത വേണ്ടിടത്തോളം മുന്നോട്ടു നീങ്ങിയിട്ടുണ്ടോ എന്ന കാര്യം വളരെ സംശയമാണ്" (വേണുഗോപാലപ്പണിക്കർ, 1971: 109) എന്ന നിരീക്ഷണത്തിൽ വേണ്ടിടത്തോളം എന്ന പ്രയോഗത്തിൽ 'വേണ്ടിടത്തോളം' ഊന്നൽ നൽകണം. "സാമൂഹികവും സാംസ്കാരികവുമായ നിയമങ്ങളുമായി വ്യാകരണനിയമങ്ങൾക്കുള്ള അഭിസാമ്യം വെളിവാക്കാൻ കേരളപാണിനീയത്തോളം പോന്ന വ്യാകരണം ഇനിയുമുണ്ടായാലേയുള്ളു" (ആൻഡ്രൂസുകുട്ടി, 2001:16) എന്ന മറ്റൊരു നിരീക്ഷണവും ഓർമിക്കുക. വ്യത്യസ്തവും മൗലികവും സംശയമുക്തവുമായ വ്യാകരണചിന്തയിലേക്കെത്തിയില്ലെങ്കിലും (അത് സാധ്യമാണോ?), പല കാര്യങ്ങളിലും തെളിവും വെളിവും ഉണ്ടായിട്ടുണ്ട്. സംശയങ്ങൾ ബാക്കി നിൽക്കുന്ന മേഖലകളുമുണ്ട്. വർണതലത്തിൽ, അകാരത്തിന്റെ ധ്വനിമൂല്യങ്ങൾ, കേന്ദ്രസ്വരത്തിന് വർണവ്യവസ്ഥയിലുള്ളസ്ഥാനം, വർത്സ്യവർഗത്തിനുള്ള പ്രസക്തി എന്നിവയാണ് മുഖ്യപ്രശ്നങ്ങൾ. വ്യാകരണരൂപതലത്തിൽ, പദവർഗീകരണം പ്രശ്നങ്ങളിൽ മുഴച്ചുനിൽക്കുന്നു. അതിനു പുറമെ, വിഭക്തികളെത്ര, ഏതെല്ലാം എന്നീ ചോദ്യങ്ങൾ ഇനിയും ഉത്തരങ്ങളിലേക്കെത്തിയിട്ടില്ല. ഭൂതകാലരൂപവത്കരണം, വിശേഷണങ്ങളുടെ സ്വതന്ത്രത, സകർമക-പ്രയോജകവ്യവച്ഛേദനം എന്നിവയിലും വീണ്ടുവിചാരങ്ങൾക്ക് സാധ്യതയുണ്ട്. വാക്യതലത്തിൽ പാരമ്പര്യവ്യാകരണങ്ങളിലെ വിവരണങ്ങൾ തീരെ അപര്യാപ്തമാണ്. തുടർന്നുവന്ന പഠനങ്ങളിൽ കുറെയധികം കാര്യങ്ങളിൽ വ്യക്തത ഉണ്ടായിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ ഇനിയുമുണ്ട്. ആൻഡ്രൂസുകുട്ടി ('മലയാളവാക്യവിചാരക്കുറിപ്പ്'. മാതൃഭാഷ?) യുടെ ഒരു ലേഖനത്തിൽ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട് : (i) സഹായക്രിയകൾ ചേരുമ്പോൾ വാക്യഘടനയിൽ വരുന്ന മാറ്റങ്ങൾ എന്തെല്ലാം? (ii) അനുബന്ധവാക്യങ്ങളുടെ വിശകലനത്തിനുള്ള പ്രസക്തി എങ്ങനെ ആസൂത്രണം ചെയ്യും? (iii) ലുപ്തവാക്യങ്ങളെ എങ്ങനെ വ്യാഖ്യാനിക്കും? (iv) വ്യവഹാരബന്ധങ്ങളിലുൾച്ചേരുന്ന വാക്യങ്ങളിൽ വാക്യാരംഭപദങ്ങളുടെ പ്രയോഗവിധികളും അർഥപരിധികളും വ്യക്തമാക്കേണ്ടതുണ്ടോ? (v) വിശേഷണങ്ങളുടെ വിശേഷണങ്ങൾ വാക്യത്തിൽ എങ്ങനെയെല്ലാം പ്രത്യക്ഷപ്പെടുന്നു? (vi) വിഭക്തഘടനകളെ ('രാമൻ ഇന്നലെയാണ് സ്കൂളിൽ പോയത്' തുടങ്ങിയ അത് ചേർന്നവ) എങ്ങനെ അപഗ്രഥിക്കണം? (vii) പദപ്പൊരുത്തത്തിന് വ്യാകരണത്തിലുള്ള സ്ഥാനം എന്ത്? (viii) വാക്യത്വത്തിന് ക്രിയ ആവശ്യമാണോ? (ഞാൻ എന്ത് ചെയ്യാൻ?) (ix) വിവിധഭാഷാപ്രയോഗങ്ങളിലെ (സംസാരഭാഷ, ഗ്രന്ഥഭാഷ, ശാസ്ത്രഭാഷ) വാക്യഘടനകളെ വർഗീകരിച്ച് വിശദീകരിക്കുന്നതെങ്ങനെ? (x) വാക്യഘടനയെക്കുറിച്ചുള്ള ദർശനങ്ങളുടെ തിരത്തള്ളലിൽ വ്യാകരണചിന്തകർക്ക് അസ്വാസ്ഥ്യം അനുഭവപ്പെടുന്നുണ്ടോ?

8.3. സ്വന്തം കാഴ്ചപ്പാടുകൾ അലംഘനീയങ്ങളാണെന്ന പൂർവധാരണയും വ്യത്യസ്തവീക്ഷണങ്ങളെ പരിശോധിക്കുന്നതിലുള്ള വൈമുഖ്യവുമാണ്, മറ്റെല്ലാ മേഖലകളിലെന്നപോലെ, വ്യാകരണത്തെക്കുറിച്ചുള്ള വിയോജനങ്ങൾക്കും മുഖ്യകാരണങ്ങളെന്ന് തോന്നുന്നു. പ്രതികൂലപ്രതികരണങ്ങൾ കേരളീയവ്യക്തിസത്തയുടെ അടയാളങ്ങളാണെന്നത്, ചുറ്റുവട്ടക്കാഴ്ചകളിൽനിന്നുതന്നെ, മനസ്സിലാക്കാം. വിദ്യാകേന്ദ്രങ്ങളിൽ വ്യാകരണപഠനവും ഗവേഷണവും ശോഷിച്ചുവരുകയാണോ എന്ന ആശങ്ക അനുഭവജ്ഞാനികളിൽ ചിലർക്കെങ്കിലും ഉണ്ടാവാം.

# II

# ഭാഷാശാസ്ത്രം

## 00. ആമുഖം

00.1. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ പാശ്ചാത്യരാജ്യങ്ങളിൽ പാരമ്പര്യവ്യാകരണത്തിൽനിന്ന് വ്യത്യസ്തമായ സൈദ്ധാന്തികപരികല്പനയോടും അപഗ്രഥനപദ്ധതിയോടും കൂടിയ പുതിയ ഭാഷാപഠനങ്ങൾ വന്നുതുട

ങ്ങിയിരുന്നു. മുപ്പതുകൾക്കുശേഷമാണ് അത് നവീനവിജ്ഞാനശാഖയായി വികസിച്ചത്. നിലവിലുണ്ടായിരുന്ന പല ധാരണകൾക്കും ഇണങ്ങാത്ത കാഴ്ചപ്പാടുകളോടെ പ്രചാരത്തിൽ വന്ന ഈ ഭാഷാവീക്ഷണമാണ് ഭാഷാശാസ്ത്രം എന്ന് അറിയപ്പെട്ടത്. പാരമ്പര്യവ്യാകരണത്തിൽനിന്ന് ആധുനികഭാഷാശാസ്ത്രം മുഖ്യമായും രണ്ട് കാര്യങ്ങളിൽ വേറിട്ടുനില്ക്കുന്നു. ഒന്ന്, മാനകഭാഷയുടെ സ്വഭാവനിർണയനം എന്ന വ്യാകരണസങ്കല്പത്തിൽനിന്ന് മാറി, ഭാഷയുടെ എല്ലാ പ്രയോഗരീതികളെയും പരിശോധിക്കുക എന്ന സ്വതന്ത്രവും വിശാലവുമായ സമീപനം ഭാഷാശാസ്ത്രം സ്വീകരിച്ചു. രണ്ട്, ഭാഷാവ്യവഹാരത്തിലെ സാഹചര്യബദ്ധമായ വ്യതിയാനങ്ങൾ അവ്യാകരണപ്രയോഗങ്ങളെന്ന നിലപാടിനോട് യോജിക്കാതെ, വിധിയല്ല, വിവരണമാണ് ഭാഷാപഗ്രഥനത്തിൽ സ്വീകരിക്കേണ്ട നയം എന്ന് ഭാഷാശാസ്ത്രകാരന്മാർ തീരുമാനിച്ചു. വസ്തുതകളെമാത്രം അടിസ്ഥാനമാക്കി, ഭാഷയുടെ ഘടന വിവരണാത്മകരീതിയിൽ വ്യക്തമാക്കുക, എന്നതായിരുന്നു ആദ്യകാലഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യം. ഘടനയ്ക്കും വിവരണത്തിനും ഊന്നൽ നല്കിയതുകൊണ്ടാണ് ആദ്യഘട്ടഭാഷാശാസ്ത്രം ഘടനാത്മകം, വിവരണാത്മകം എന്നീ വിശേഷണങ്ങളോടെ അറിയപ്പെട്ടത്.

00.2. 1960-ലാണ് ഭാഷാശാസ്ത്രം അധ്യയനവിഷയം എന്ന നിലയിൽ ഇന്ത്യയിലെ രണ്ട് സർവകലാശാലകളിലേക്ക് പ്രവേശിച്ചത് - പുനെ, അണ്ണാമലൈ സർവകലാശാലകൾ. പുനെയിൽ എസ്. എം. കത്രെയും അണ്ണാമലൈയിൽ ടി. പി. മീനാക്ഷിസുന്ദരവുമായിരുന്നു ഭാഷാശാസ്ത്രവകുപ്പദ്ധ്യക്ഷന്മാർ. പിന്നീട്, കേരളമുൾപ്പെടെ, ഇന്ത്യയിലെ പല പ്രവിശ്യകളിലെ സർവകലാശാലകളിലും ഭാഷാശാസ്ത്രം പഠനവിഷയമായി. ഈ പുതിയ സംരംഭങ്ങൾ ഇന്ത്യയിലെ ഭാഷാപഠനത്തിനും ഭാഷാഗവേഷണത്തിനും പുതിയ വഴികൾ തുറന്നുവച്ചു.

00. 3. ഭാഷാശാസ്ത്രത്തിന്റെ പ്രവേശം ഭാഷാധ്യാപകരിലും വ്യാകരണപണ്ഡിതന്മാരിലും അനുകൂലപ്രതികരണമല്ല ഉളവാക്കിയത്. ഭാഷാശാസ്ത്രത്തിന്റെ പേരിൽ വന്ന പ്രസിദ്ധീകരണങ്ങൾ അവരെ ചൊടിപ്പിച്ചു. ചിലർ പരസ്യമായി വിമർശിക്കുകയും ചെയ്തു. അത്തരമൊരു അസ്വാസ്ഥ്യപ്രകടനത്തെക്കുറിച്ച് ആൻഡ്രൂസ്കുട്ടി ഒരു ലേഖനത്തിൽ (1987:186) അനുസ്മരിച്ചിട്ടുണ്ട്. എൻ.എൻ. മൂസ്സതിന്റെ 'വ്യാകരണവിവേകം' എന്ന പുസ്തകത്തിനുള്ള അവതാരികയിൽ കെ. രാമചന്ദ്രൻനായരാണ് ഭാഷാശാസ്ത്രകാരന്മാരുടെ ഭാഷയില്ലായ്മയെ പരിഹാസപൂർവം വിമർശിച്ചത്. അതൃപ്തികളെ അദ്ദേഹം ഇങ്ങനെ വെളിപ്പെടുത്തുന്നു: 'ആധുനികഭാഷാശാസ്ത്രജ്ഞന്റെ കൈകളിൽ ഭാഷ പലപ്പോഴും ഒരു ജഡവസ്തുമാത്രമായിത്തീരുന്നു'; ഭാഷയിൽ 'ചരിത്രവും പാരമ്പര്യവും സംഭാവ്യതകളുമെല്ലാം ലയിച്ചുകിടക്കുന്നു... ഇതൊക്കെ അവഗണിച്ചിട്ട് ഭാഷയെ സമീപിച്ചാൽ എത്തേണ്ട ലക്ഷ്യത്തിലെങ്ങും എത്തുകയില്ല;' 'പരിനിഷ്ഠിതമായ





പാണ്ഡിത്യം പോയിട്ട് സാമാന്യമായ ഭാഷാജ്ഞാനംപോലും വേണ്ടെന്നു വന്നിരിക്കുന്നു ഇന്ന് ഭാഷാശാസ്ത്രജ്ഞന്റെ മേലങ്കിയണിയാൻ'. ലേഖനത്തിൽ ആൻഡ്രൂസ്കുട്ടി പ്രൊഫസറുടെ വിപ്രതിപത്തികൾക്കെല്ലാം സമാധാനം ബോധിപ്പിക്കുന്നുണ്ട്.

00. 4. ഘടനാത്മകഭാഷാശാസ്ത്രയുഗത്തിന് ഏതാണ്ട് അറുപതുകളോടെ മങ്ങലേറ്റു. കാരണം, സെലിഗ് ഹാരിസ് ആവിഷ്കരിച്ചതും നോം ചോംസ്കി സിദ്ധാന്തരൂപത്തിൽ പരിഷ്കരിച്ചതുമായ രചനാന്തരണ-പ്രജനകവ്യാകരണപദ്ധതി പ്രചാരം നേടുന്നത് ആ കാലഘട്ടത്തിലാണ്. രചനാന്തരണ-പ്രജനകം എന്ന പേരിൽത്തന്നെ ചോംസ്കിയുടെ വ്യാകരണസിദ്ധാന്തത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ അന്തർലീനമായിട്ടുണ്ട്. ഒരു ഭാഷയിലെ വാക്യസമൂഹം താത്ത്വികമായി എണ്ണിത്തിട്ടപ്പെടുത്താനാവാത്ത വിധത്തിൽ അപരിമിതമാണ്. അതിനാൽ അവ ഏതാനും അടിസ്ഥാനഘടനകളുടെ രചനാന്തരണങ്ങൾ മാത്രമാണ്. അടിസ്ഥാനഘടനകളിൽനിന്ന് നിയമങ്ങൾക്കു വിധേയമായി അസംഖ്യം വാക്യങ്ങളെ പ്രജനിപ്പിക്കാൻ കഴിയും. ഈ രണ്ട് പരികല്പനകളാണ് ഭാഷാപഗ്രഥനത്തെ പുതിയ പാതയിലേക്കു നയിച്ചത്. (ചോംസ്കിയുടെ വ്യാകരണസിദ്ധാന്തവുമായുള്ള പ്രാഥമികപരിചയത്തിന് ആൻഡ്രൂസുകുട്ടി, 2004:64-83 നോക്കുക).

## 9. പൂർവഘട്ടപഠനങ്ങൾ

9.1. മലയാളത്തിലെ സാമാന്യഭാഷാശാസ്ത്രപഠനങ്ങളെ മൂന്ന് ഘട്ടങ്ങളായി വിഭജിക്കാം. ആദ്യഘട്ടത്തിൽ, ഭാഷകളെക്കുറിച്ചുള്ള സാമാന്യവിവരണങ്ങളും രണ്ടാംഘട്ടത്തിൽ വിവരണാത്മകപദ്ധതിയനുസരിച്ചുള്ള ഭാഷാപഗ്രഥനങ്ങളും മൂന്നാംഘട്ടത്തിൽ രചനാന്തരണവ്യാകരണത്തിലൂന്നിക്കൊണ്ടുള്ള അന്വേഷണങ്ങളും ഉൾപ്പെടുന്നു. ആദ്യഘട്ടത്തിലെ പുസ്തകങ്ങൾ: ബി. സി. ബാലകൃഷ്ണന്റെ 'ഭാഷാവിജ്ഞാനം' (1962); സി.വി. വാസുദേവഭട്ടതിരിയുടെ 'ഭാഷാശാസ്ത്രം' (1970); ചാത്തനാത്ത് അച്യുതനുണ്ണിയുടെ 'ഭാഷ- ഒരു പഠനം' (1971); ആർ. ലീലാവതിയുടെ 'മലയാളഭാഷാശാസ്ത്രം' (1973).

**9.2. ഭാഷാവിജ്ഞാനം - ബി. സി. ബാലകൃഷ്ണൻ (1974. ഒ.പ. 1962):** ആധുനികഭാഷാശാസ്ത്രത്തെ മലയാളത്തിൽ പരിചയപ്പെടുത്തുന്ന ആദ്യകൃതിയാണിത്. 1961-ൽ എഴുതിയ 'ആമുഖ'ത്തിൽ കൃതി രചിച്ചത് നാല് കൊല്ലങ്ങൾക്ക് മുമ്പാണ് എന്ന് പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പുസ്തകത്തിന് ആധുനികത വേണ്ടിടത്തോളമില്ല. എന്നാലും, അന്നത്തെ ഭാഷാശാസ്ത്രത്തിന്റെ നിലപാടുകൾ ആവുന്നത്ര വ്യക്തമാക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അനുബന്ധമായി, സ്വനവിജ്ഞാനത്തിലെയും സ്വനിമവിജ്ഞാനത്തിലെയും സാങ്കേതികപദങ്ങളുടെ പട്ടിക ഇംഗ്ലീഷിലുള്ള വിവരണങ്ങളോടെ കൊടുത്തിരിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. ഇതിൽ ഉപയോഗിച്ചിട്ടുള്ള പല

സാങ്കേതികപദങ്ങളും ഇന്ന് പ്രയോഗത്തിലില്ല. ഉദാഹരണങ്ങൾ: അർഥോൽപ്രേക്ഷ (മെറ്റഫർ), ഔപമ്യം (അനാലജി), ഭാഷണവിഭാഗം (പാർട്സ് ഓഫ് സ്പീച്), രൂപമൂലഘടകം (അലോമോർഫ്), ശബ്ദമൂലകം (ഫൊണീം), ശബ്ദശാസ്ത്രം (ഫൊനറ്റിക്സ്).

9.3. **ഭാഷാശാസ്ത്രം - സി.വി. വാസുദേവഭട്ടതിരി (1970):** 'മലയാളസാഹിത്യവും ഭാഷയും ഐച്ഛികമായെടുത്ത് ബിരുദാനന്തരപരീക്ഷയ്ക്ക് പഠിക്കുന്നവർക്കു'വേണ്ടി 'പാഠ്യപദ്ധതി മുന്നിൽക്കണ്ടുകൊണ്ടാണ്' ഗ്രന്ഥം രചിച്ചിട്ടുള്ളതെന്ന് മുഖവുരയിൽ ഗ്രന്ഥകാരൻ വെളിപ്പെടുത്തിയിട്ടുണ്ട്. സാമാന്യതത്ത്വങ്ങൾ, മലയാളവും ദ്രാവിഡഗോത്രവും, ഭാഷാചരിത്രം എന്നീ മൂന്ന് ഭാഗങ്ങളിൽ 32 അധ്യായങ്ങളിലായി വിഷയങ്ങൾ വിഭജിച്ചിരിക്കുന്നു. ചരിത്രത്തിനും താരതമ്യപഠനത്തിനും ഊന്നൽ നല്കിയിട്ടുള്ള പുസ്തകത്തിൽ ആധുനിക ഭാഷാശാസ്ത്രത്തിന്റെ പല അടിസ്ഥാനപ്രമാണങ്ങളും സ്പർശിച്ചിട്ടില്ല. മുഖവുരയിൽ ഇനിയൊരുകാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്. 'ഇതേവരെ ആരും അവ്യക്തമായിപ്പോലും സൂചിപ്പിച്ചിട്ടില്ലാത്ത ചില സിദ്ധാന്തങ്ങളും ഇതിൽ ഞാൻ ആവിഷ്കരിച്ചിട്ടുണ്ട്.' പുതിയ സിദ്ധാന്തങ്ങൾ ചിലത് കാണിക്കാം: (i) "കിഴവൻ - കിളവൻ; ചിരിക്കുക - ചിറിക്കുക. ഇവയിൽ ധ്വനിഭേദം അർഥഭേദമുളവാക്കുന്നില്ല. ഇങ്ങനെ അർഥഭേദത്തിന് കാരണമാകാത്ത ധ്വനികൾ ഭിന്നവർണങ്ങളായി ഗണിക്കപ്പെടുന്നില്ല. അവ ഭാഷാശാസ്ത്രജ്ഞർ സമാനവർണങ്ങൾ ('അലൊഫോൺസ്') എന്ന് വിളിക്കുന്നു" (പു. 45). അതായത്, മലയാളത്തിൽ ഴകാര ളകാരങ്ങളും രകാരറകാരങ്ങളും ഭിന്നസ്വനിമങ്ങളല്ല, ഉപസ്വനങ്ങൾ മാത്രമാണെന്ന്! മറ്റൊരിടത്ത് ഇങ്ങനെയുമുണ്ട് ഒരു നിരീക്ഷണം: "റകാരം തമിഴിലും മലയാളത്തിലും മാത്രമേ രേഫത്തിൽനിന്ന് ഭിന്നമായി നില്ക്കുന്നുള്ളു" (പു.113). ഇനിയൊരിടത്ത് ഇങ്ങനെയും: "ഉരി, ഉറി ഇവയിൽ രേഫറകാരങ്ങൾ ഭിന്നധ്വനികളും ഭിന്നവർണങ്ങളുമാണ്. എന്നാൽ, ചിരിക്കുക - ചിറിക്കുക (കൊച്ചിപ്രദേശത്തെ ഭാഷ), കിഴവൻ - കിളവൻ ഇവയിൽ രേഫറകാരങ്ങളും ഴ-ള-കളും ഭിന്നധ്വനികൾ (അലൊഫോൺസ്) മാത്രമാണ്, ഭിന്നവർണങ്ങൾ (ഫൊണീംസ്) അല്ല" (പു.116); (ii) "ലിംഗഭേദം കുറിക്കാൻ മലയാളം ഒരുങ്ങുന്നത് സംസ്കൃതസ്വാധീനംകൊണ്ടാണ്. ലിംഗപ്രത്യയമെന്ന് പറയപ്പെടുന്നവയെല്ലാം സംസ്ക്യ'തത്തിന്റെ സംഭാവനയുമാണ്. ഒരു 'അൾ' മാത്രമുണ്ടതിൽ പെടാതെ" (പു. 124); (iii) മലയാളത്തിലെ "യകാരവകാരാഗമം അവ്യവസ്ഥിതമാണ്" (പു. 131); (iv) "...ജന്മിമാർ എന്നതിന് പകരം ജന്മികൾ എന്നു പറയുന്നത് അനാദരമേ സൂചിപ്പിക്കൂ... പൂജകബഹുവചനംപോലെ, നിന്ദാബഹുവചനം എന്ന് നാലാമതൊരു വിഭാഗംകൂടെ ബഹുവചനത്തിന് സ്വീകരിക്കേണ്ടതല്ലേ..." (പു. 178); (v) "ഭാഷാശുദ്ധിയുടെ കാര്യത്തിൽ ഏതായാലും എഴുത്തച്ഛൻ ഒരു മാന്യസ്ഥാനത്തിന് അർഹനല്ല. അദ്ദേഹത്തിന്റെ കൃതികളിൽകൂടി ഭാഷ വളരെയൊന്നും പുരോഗമിച്ചുവെന്ന് പറയാൻ സാധ്യമല്ല" (പു. 309).

9.4. **ഭാഷ - ഒരു പഠനം - ചാത്തനാത്ത് അച്യുതനുണ്ണി (1971) :** 'ഭാഷാശാസ്ത്രത്തിന്റെ സാമാന്യതത്ത്വങ്ങളിലേക്ക് ഒരു സിംഹാവലോകനം നടത്തുവാനേ ഇവിടെ മുതിർന്നിട്ടുള്ളു. വിദ്യാർഥിക്ക് ഭാഷാശാസ്ത്രവുമായി മുഖപരിചയമുണ്ടാവുക എന്നേ ഞാനുദ്ദേശിച്ചിട്ടുള്ളു' എന്ന് 'മുഖ'ത്തിൽ ഗ്രന്ഥകാരൻ രചനാലക്ഷ്യം സൂചിപ്പിച്ചിട്ടുണ്ട്. ഭാഷ-ശാസ്ത്രീയസമീപനം, ഭാഷോത്പത്തി, ശബ്ദവിജ്ഞാനം, രൂപവിജ്ഞാനം, ഘടന, അർഥവിജ്ഞാനം, നിരുക്തം, ഭാഷാഭേദങ്ങൾ, ഭാഷാവിഭജനം, ഭാഷാപരിണാമത്തിന്റെ സാമാന്യസ്വഭാവം, ലിപി എന്നീ പതിനൊന്ന് ഭാഗങ്ങളായി വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നു. കക്ഷ്യവിഭജനത്തെക്കുറിച്ചുള്ള ഭിന്നമതങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഭാഷാശാസ്ത്രപരിചയത്തിന് ആവശ്യമായ ഏതാണ്ടെല്ലാ കാര്യങ്ങളും പുസ്തകത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഗ്രന്ഥരചനയ്ക്കുശേഷം ഭാഷാശാസ്ത്രത്തിൽ പുതിയ വിഷയങ്ങളും അപഗ്രഥനപദ്ധതികളും വന്നിട്ടുള്ളതുകൊണ്ട്, ഈ പ്രസിദ്ധീകരണം കാലത്തിനൊപ്പമെത്തുന്നില്ല എന്നേ ചൂണ്ടിക്കാണിക്കാനുള്ളു.

9.5. **മലയാളഭാഷാശാസ്ത്രം - ആർ. ലീലാവതി (1973) :** ശാസ്ത്രവിഷയത്തെ ബാലലീലയായി എങ്ങനെ അവതരിപ്പിക്കാം എന്നതിന് ഉദാഹരണമാണ് ഈ പുസ്തകം. ഗ്രന്ഥസംവിധാനത്തിലും വിഷയാവതരണത്തിലും ശ്രദ്ധക്കുറവ് പ്രകടമാണ്. വായിച്ച ചില പുസ്തകങ്ങളിലെ വിവരങ്ങൾ പകർത്തുകയല്ലാതെ, മൗലികമായ വീക്ഷണങ്ങളൊന്നും ഇതിലില്ല. മലയാളത്തിന്റെ വികാസം കാണിക്കാനായി, രാമചരിതം, പ്രാചീനശാസനങ്ങൾ, പാട്ടുകൾ (?), നിരണം കൃതികൾ, മണിപ്രവാളം, ചമ്പുക്കളും ആട്ടപ്രകാരവും, കൃഷ്ണഗാഥ, വടക്കൻപാട്ടുകൾ, പഴഞ്ചൊല്ലുകളും ശൈലികളും, എഴുത്തച്ഛൻ എന്നിവയെക്കുറിച്ചെല്ലാം ഭാഷാശാസ്ത്രപഠനത്തിൽ വിവരിച്ചിരിക്കുന്നു! (പു. 50-66). ഭട്ടതിരിയുടെ പുസ്തകത്തിലെ (9.3.) കിഴവൻ - കിളവൻ എന്ന് തുടങ്ങുന്ന വാക്യങ്ങൾ ഏതാണ്ടതേപടി ഇതിലും കാണുന്നു (പു. 73). ശാസ്ത്രം ഉൾക്കൊള്ളാതെ, ശാസ്ത്രഗ്രന്ഥം രചിക്കുന്നതെങ്ങനെ എന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു.

## 10. ആധുനികഭാഷാശാസ്ത്രം

10.1. **അടിസ്ഥാനപാഠപുസ്തകങ്ങൾ :** കെ. എം. പ്രഭാകരവാരിയരും ശാന്താ അഗസ്റ്റിനും ചേർന്ന് രചിച്ച 'ആധുനികഭാഷാശാസ്ത്രം' (1972) ഭാഷാശാസ്ത്ര ത്തിലെ മുഖ്യവിഷയങ്ങളെ സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. ഭാഷാശാസ്ത്രവുമായി സാമാന്യപരിചയം നേടാനാഗ്രഹിക്കുന്നവർക്ക് മാത്രമേ ഈ പുസ്തകം ഉപകരിക്കൂ. ബിരുദതലത്തിലെ ഭാഷാശാസ്ത്രപഠനത്തിനുവേണ്ടി രചിച്ചിട്ടുള്ള ലഘുപഠനമാണ് ഇ. വി.എൻ. നമ്പൂതിരിയുടെ 'ഭാഷാശാസ്ത്രപ്രവേശിക' (പ്രസിദ്ധീകരണവർഷം കാണിച്ചിട്ടില്ല). "ഇത് ഭാഷാശാസ്ത്രത്തിലേക്കുള്ള

ഒരു പ്രവേശനദ്വാരമായി മാത്രം കണക്കാക്കിയാൽ മതി" (പു. 102) എന്ന് ഗ്രന്ഥകാരൻതന്നെ വിശേഷിപ്പിച്ചിരിക്കുന്നു. സാധാരണമായി ഭാഷാശാസ്ത്രങ്ങളിൽ പരാമർശിച്ചു കാണാത്ത നിഘണ്ടുവിജ്ഞാനം ഇതിൽ പ്രത്യേകഖണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. "...കേരളത്തിലെ ഭാഷാശാസ്ത്രവിദ്യാർഥികൾക്ക് ആശ്രയിക്കാവുന്ന സമഗ്രമായ ഭാഷാശാസ്ത്രഗ്രന്ഥം സംഭവിച്ചിട്ടില്ലെന്ന് (?) വിദ്യാർഥികളായിരിക്കേ ഞങ്ങൾ മനസ്സിലാക്കി. അത്തരത്തിലൊരണ്ണം നിർമിച്ചെടുക്കാനുള്ള തീർത്തും എളിയൊരു ശ്രമം മാത്രമാണീ ഗ്രന്ഥം" എന്ന് 'ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും' (1999) എന്ന ഗ്രന്ഥത്തിന്റെ രചയിതാക്കളായ വി. ആർ. സോളിയും കെ. ജോയ് പോളും ആരംഭത്തിൽത്തന്നെ പ്രസ്താവിക്കുന്നു. പ്രാഥമികപരിചയത്തിനാവശ്യമായ ഏതാണ്ട് എല്ലാ വിഷയങ്ങളും കാലുഷ്യമില്ലാതെ ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. അവസാനത്തെ അധ്യായത്തിന്റെ ശീർഷകം 'ഭാഷാശാസ്ത്രവും ഇതരവിജ്ഞാനശാഖകളും' എന്നാണ്. അതിലുൾപ്പെടുത്തിയ ഘടനാവാദവും അപനിർമാണവും വിജ്ഞാനശാഖകൾ ആണോ? മുൻപ് സൂചിപ്പിച്ച നമ്പൂതിരിയുടെ 'ഭാഷാശാസ്ത്രപ്രവേശിക' കുറേക്കൂടി വിപുലീകരിച്ച്, എം. എ. (മലയാളം) വിദ്യാർഥികൾക്ക് ഉപകരിക്കത്തക്ക വിധത്തിൽ രചിച്ചതാണ് 'ഭാഷാവിജ്ഞാനീയം' (2002). ഈ രണ്ട് പുസ്തകങ്ങളിൽ പല കാര്യങ്ങളിലും സമാനനിരീക്ഷണങ്ങളാണ്. ഉള്ളതെങ്കിലും ചില വിഷയങ്ങളിൽ വ്യത്യസ്തവീക്ഷണങ്ങളുമുണ്ട്.

10.2. **സ്വനം, സ്വനിമം, വാക്യം:** വിവരണാത്മകഭാഷാശാസ്ത്രത്തിലെ അപഗ്രഥനപദ്ധതിയിൽ നാല് തലങ്ങളാണ് വേർതിരിച്ച് പരിശോധിക്കുന്നത്: സ്വനതലം, സ്വനിമതലം, രൂപതലം, വാക്യതലം. ഇവയിൽ രൂപതലത്തെക്കുറിച്ച് പുസ്തകരൂപത്തിലുള്ള പഠനമൊന്നും മലയാളത്തിൽ വന്നിട്ടില്ല. ഭാഷണസ്വനങ്ങളുടെ അപഗ്രഥനവും വർഗീകരണവും പ്രയോഗസ്വഭാവങ്ങളും വിവരിക്കുന്ന ആദ്യഘട്ടമെന്ന നിലയിൽ സ്വനതലം സവിശേഷപഠനം അർഹിക്കുന്നു. "ഭാഷാവിജ്ഞാനത്തിന്റെ മേല്ക്കൂരയും താഴികക്കുടങ്ങളുമാണ് അർഥവിജ്ഞാനമെങ്കിൽ, അതിനനുപേക്ഷണീയമായ അസ്തിവാരമാണ് സ്വനവിജ്ഞാനം" (പു.16) എന്ന് 'സ്വനവിജ്ഞാന'(1980)ത്തിന്റെ പ്രാധാന്യം വി.ആർ.പ്രബോധചന്ദ്രൻ വ്യക്തമാക്കിയിട്ടുണ്ട്. സ്വനാപഗ്രഥനത്തിലെ മൂന്നു വിശകലനരീതികളിൽ ഉച്ചാരണരീതിയനുസരിച്ചുള്ള വിവരണമാണ് ഈ പുസ്തകത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്വനസ്വരൂപവിജ്ഞാനം, ശ്രവണാസ്പദസ്വനവിജ്ഞാനം എന്നിവയെക്കുറിച്ചുള്ള ഹ്രസ്വാവലോകനങ്ങളും ഗ്രന്ഥത്തിലുണ്ട്. മലയാളസ്വനിമങ്ങളുടെ രൂപരേഖ വിവരിച്ചത് (പു. 84-112). സ്വന-സ്വനിമബന്ധം മനസ്സിലാക്കാൻ സഹായിക്കും. സങ്കേതബദ്ധമായ ശാസ്ത്രവിഷയത്തെ അനായാസമായി ഉൾക്കൊള്ളാനാവുന്നതരത്തിലുള്ളതാണ് അവതരണശൈലി. സ്വനപഠനത്തിലെ മറ്റൊരു പദ്ധതിയായ സ്വനസ്വരൂപവിജ്ഞാന(ഭൗതികസ്വനവിജ്ഞാനം)ത്തെയാണ് വേണുഗോപാലപ്പണിക്കരുടെ 'സ്വനമണ്ഡലം' (1981) എന്ന





പുസ്തകത്തിൽ പരിചയപ്പെടുത്തുന്നത്. ഊർജതന്ത്രതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉച്ചരിതശബ്ദങ്ങളുടെ ഭൗതികസ്വഭാവങ്ങൾ പരിശോധിക്കുന്ന പഠനശാഖയാണ് ഭൗതികസ്വനവിജ്ഞാനം. ഉച്ചാരണക്രിയയ്ക്കുശേഷം അന്തരീക്ഷത്തിലുണ്ടാകുന്ന വായുതരംഗങ്ങളെയാണ് ഈ രീതിയിൽ പരിശോധിക്കുന്നത്. ശബ്ദതരംഗങ്ങളുടെ ഭൗതികസ്വഭാവങ്ങൾ (ആവൃത്തി, കമ്പനം, തരംഗകാലദൈർഘ്യം, താരത്വം, മർദം മുതലായവ) വസ്തുനിഷ്ഠമായി പരിശോധിച്ച് ഉച്ചരിതസ്വനങ്ങളെ വർഗീകരിക്കുകയാണ് ഈ അന്വേഷണത്തിന്റെ ലക്ഷ്യം. ഈ രണ്ട് സ്വനവിശകലനങ്ങളിലെയും സാങ്കേതികപദങ്ങളുടെ ബാഹുല്യം ഭാഷാശാസ്ത്രവിദ്യാർഥികളെ സംഭ്രമിപ്പിച്ചേക്കും. ഏത് ഭാഷയിലേയും ഉച്ചരിതശബ്ദങ്ങൾ എല്ലാം അർഥഗ്രഹണത്തിൽ നേരിട്ട് പങ്കെടുക്കുന്നില്ല. അർഥത്തെ വ്യാവർത്തിപ്പിച്ചുകാണിക്കാൻ ആവശ്യമായ സ്വനങ്ങളെയാണ് സ്വനിമങ്ങൾ അല്ലെങ്കിൽ അടിസ്ഥാനവർണങ്ങൾ എന്ന് പറയുന്നത്. വിവരണാത്മകഭാഷാശാസ്ത്രം അവതരിപ്പിച്ച അപഗ്രഥനപദ്ധതികളിൽ ഏറെ ശ്രദ്ധാർഹമായതാണ് സ്വനിമാപഗ്രഥനം. കെ.എം. പ്രഭാകരവാരിയരുടെ 'സ്വനിമവിജ്ഞാന'(1980)ത്തിൽ സ്വനിമപഠനത്തിലെ പ്രാഥമികവസ്തുതകൾ അവതരിപ്പിച്ചിരിക്കുന്നു. നിയമവത്കരണത്തിനാവശ്യമായ ഉദാഹരണങ്ങളിൽ അധികവും മലയാളത്തിൽനിന്നുതന്നെയാണെന്നത് വിദ്യാർഥികൾക്ക് പ്രയോജനകരമായിരിക്കും. പാരമ്പര്യവ്യാകരണങ്ങളിൽ വിശദമായി വിവരിക്കാത്ത ഭാഷാതലമാണ് വാക്യഘടന. ആശയവിനിമയോപാധിയിൽ മുഖ്യപങ്ക് നിർവഹിക്കുന്നത് വാക്യങ്ങളാകയാൽ, അവയുടെ പഠനം ഭാഷാശാസ്ത്രത്തിൽ അധികം പ്രാധാന്യമുള്ളതാണ്. ഘടനാത്മകരീതിയിലുള്ള വാക്യാപഗ്രഥനമാണ് ആദ്യഘട്ടഭാഷാശാസ്ത്രം നടത്തിയത്. അതിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ടാണ് രചനാന്തരണ-പ്രജനകസിദ്ധാന്തത്തിൽ വാക്യവിശകലനം നടത്തുന്നത്. നോം ചോസ്കിയുടെ സൈദ്ധാന്തികവീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വാക്യാപഗ്രഥനത്തിലെ വിശകലനരീതികൾ പരിചയപ്പെടുത്തുന്നതാണ് ഇ. വി.എൻ. നമ്പൂതിരിയുടെ 'വാക്യഘടന' (1977). നാല് ഖണ്ഡങ്ങളുള്ള ഈ പുസ്തകത്തിൽ മൂന്നും നാലും ഖണ്ഡങ്ങളിലാണ് രചനാന്തരണ-പ്രജനകവ്യാകരണത്തിലെ പദ്ധതികൾ വിവരിക്കുന്നത്. പാഠപുസ്തകമെന്ന നിലയിൽ പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ഗ്രന്ഥം സംവിധാനം ചെയ്തിട്ടുള്ളത്.

10.3. **അർഥം :** സാഹിത്യസിദ്ധാന്തത്തിലെന്നപോലെ, ഭാഷാസിദ്ധാന്തത്തിലും പൗരസ്ത്യം-പാശ്ചാത്യം എന്ന വീക്ഷണവ്യത്യാസം നിലനില്ക്കുന്നുണ്ട്. അർഥസിദ്ധാന്തത്തിലും പൗരസ്ത്യ-പാശ്ചാത്യാന്വേഷണങ്ങൾ വേറിട്ടുനില്ക്കുന്നു. പൗരസ്ത്യ(ഭാരതീയ)-അർഥസിദ്ധാന്തങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ പ്രശസ്തമായതാണ് കെ. കുഞ്ചുണ്ണിരാജയുടെ 'ദി ഇൻഡ്യൻ തിയറീസ് ഓഫ് മീനിംഗ്' (1977). അത്രതന്നെ വിപുലമല്ലെങ്കിലും, ഭാരതത്തിലെ മീമാംസക-നൈയാമിക-ബൗദ്ധദാർശനികന്മാർ അവതരിപ്പിച്ച അർഥസിദ്ധാന്തങ്ങളെ പ്രധാനമായി ഉപ

ജീവിച്ചും പാശ്ചാത്യസൈദ്ധാന്തികരുടെ നിരീക്ഷണങ്ങളെ സാന്ദർഭികമായി ഉദ്ധരിച്ചും രചിച്ച ഗ്രന്ഥമാണ് വേദബന്ധുവിന്റെ 'അർഥവിജ്ഞാനം' (1972). ശബ്ദാർഥസംബന്ധം, അർഥവാദങ്ങൾ, അർഥബോധപ്രക്രിയ, ശബ്ദശക്തിവിചാരം, അർഥപരിവർത്തനം മുതലായ വിവിധ വിഷയങ്ങൾ ഒമ്പത് ഖണ്ഡങ്ങളിലായി ഈ ഗ്രന്ഥത്തിൽ സരളമായ ശൈലിയിൽ പ്രതിപാദിച്ചിരിക്കുന്നു. 'അർഥം' വസ്തുനിഷ്ഠപരിശോധനയ്ക്ക് വഴങ്ങുന്നതല്ല എന്ന കാരണത്താൽ, അതിനെ ഭാഷാശാസ്ത്രത്തിലെ ഘടനാവാദികൾ തങ്ങളുടെ അന്വേഷണപരിധിയിൽനിന്ന് ഒഴിവാക്കി. പില്ക്കാല ഭാഷാശാസ്ത്രകാരന്മാർ ഈ അയുക്തസമീപനം മനസ്സിലാക്കുകയും അർഥാപഗ്രഥനം ഭാഷാശാസ്ത്രത്തിലെ അനുപേക്ഷണീയപഠനവിഭാഗമായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെയാണ് പില്ക്കാലഭാഷാശാസ്ത്രത്തിൽ അർഥപരിശോധനയ്ക്ക് മുഖ്യത്വം കിട്ടിയത്. ആധുനികാർഥവീക്ഷണങ്ങളിൽ ജെഫ്റി ലീച്ചിന്റെ 'സെമാന്റിക്സ്' (1981) എന്ന ഗ്രന്ഥത്തെ അവലംബമാക്കി രചിച്ച കൃതിയാണ് വേണുഗോപാലപ്പണിക്കരുടെ 'ഭാഷാർഥം' (1997). ആധുനികമായ അർഥസിദ്ധാന്തങ്ങളിൽ ഒരു സമീപനരീതിയുമായി പരിചയപ്പെടാൻ ഈ ഗ്രന്ഥം ഉപകരിക്കും. സാധാരണനിലയിൽ ദുർഗ്രഹമായ ഒരു വിഷയത്തെ ആകാവുന്നേടത്തോളം ലളിതമായും സരസമായും അവതരിപ്പിക്കാൻ പണിക്കർക്ക് കഴിഞ്ഞിട്ടുണ്ട്.

10.4. **രണ്ട് ചോംസ്കിയൻ പഠനങ്ങൾ :** ചോംസ്കിയെക്കുറിച്ചും അദ്ദേഹം അവതരിപ്പിച്ച ഭാഷാസിദ്ധാന്തത്തെക്കുറിച്ചും വിവരിക്കുന്ന രണ്ട് പുസ്തകങ്ങളാണ് വേണുഗോപാലപ്പണിക്കരുടെ 'നോം ചോംസ്കി'-യും (1987) കെ. എൻ. ആനന്ദിന്റെ 'ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവ'-വും (2003). ആദ്യത്തേത് 98 പുറങ്ങളുള്ള കൊച്ചുപുസ്തകം; രണ്ടാമത്തേത് അമ്പരപ്പിക്കുന്ന വലിപ്പമുള്ള (826 പുറങ്ങൾ) തടിച്ച പുസ്തകവും. പണിക്കരുടെ പുസ്തകം 'ആമുഖം', 'ചരിത്രപശ്ചാത്തലം', 'ചോംസ്കിയുടെ ഭാഷാശാസ്ത്രം' എന്നീ മൂന്ന് ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. ഒടുവിൽ ചർച്ചാസംഗ്രഹവുമുണ്ട്. ആദ്യഖണ്ഡത്തിൽ ജീവചരിത്രക്കുറിപ്പ്, ചോംസ്കിയുടെ പ്രസക്തി, ഗ്രന്ഥരചനാകാലംവരെ ചോംസ്കിയുടെ സിദ്ധാന്തങ്ങളെക്കുറിച്ച് മലയാളത്തിൽ വന്നിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും എന്നിവയാണുള്ളത്. രണ്ടാം ഖണ്ഡത്തിൽ, അതുവരെയുള്ള ഭാഷാശാസ്ത്രത്തിലെ മുഖ്യവീക്ഷണങ്ങൾ അവലോകനം ചെയ്തിരിക്കുന്നു. മൂന്നാം ഖണ്ഡത്തിലാണ് ചോംസ്കിയുടെ ഭാഷാശാസ്ത്രവീക്ഷണങ്ങളെ പരിചയപ്പെടുത്തുന്നത്. രചനാന്തരണ-പ്രജനകസിദ്ധാന്തത്തിലെ അടിസ്ഥാനതത്ത്വങ്ങളെയും വിശകലനരീതികളെയും ഈ ഖണ്ഡത്തിൽ കാലുഷ്യമില്ലാത്തവിധത്തിൽ വിശദീകരിച്ചിട്ടുണ്ട്. ചോംസ്കിയുടെ സംഭാവനയെക്കുറിച്ച് ഗ്രന്ഥകാരൻ ഇങ്ങനെ വിലയിരുത്തുന്നു: ''ഭാഷാശാസ്ത്രത്തിന് ഇനി തിരിച്ചുപോകാൻ ആവില്ല എന്ന മട്ടിൽ അദ്ദേഹം അതിനെ കൊണ്ടുവന്നെത്തിച്ചു. ഭാഷാശാസ്ത്രത്തെ സ്വയംപര്യാപ്തത എന്ന, സ്വാധികാരനിഷ്ഠത എന്ന തടവറയിൽനിന്ന് മോചിപ്പിച്ച ആളാണ് അദ്ദേഹം" (വേണുഗോപാലപ്പണിക്കർ, 1987:76). ആനന്ദന്റെ പുസ്തകത്തിലെ വിശദാംശങ്ങൾ പരിശോധിക്കാനാവില്ല. പതിനേഴധ്യായങ്ങളുള്ള ഈ പുസ്തകത്തിൽ ചോംസ്കിക്കുമുമ്പ് നടന്ന ഭാഷാശാസ്ത്രചിന്തകളിലേക്ക് ഗ്രന്ഥകാരൻ എത്തിനോക്കിയിട്ടുണ്ട് (ആദ്യത്തെ മൂന്നധ്യായങ്ങൾ). തുടർന്നുള്ള അധ്യായങ്ങളിൽ രചനാന്തരണ-പ്രജനകസിദ്ധാന്തത്തിലെ എല്ലാവശങ്ങളും പരിശോധിച്ചിട്ടുണ്ടെന്ന് ഉള്ളടക്കം വ്യക്തമാക്കുന്നു. പുസ്തകത്തിന്റെ താളുകളിലൂടെ കണ്ണോടിച്ചപ്പോൾ, രണ്ട് കാര്യങ്ങളാണ് മനസ്സിൽ പതിഞ്ഞത്. ഒന്ന്, പുസ്തകത്തിൽ ഉപയോഗിച്ച സാങ്കേതികപദങ്ങളിൽ പലതും സ്വയം സൃഷ്ടിച്ചവയാണ്. രണ്ട്, വിഷയം മലയാളികൾക്കുവേണ്ടിയാണ് അവതരിപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധിച്ചിട്ടില്ല. സാങ്കേതികപദസൂചിക അക്ഷരമാലാക്രമത്തിലല്ല കൊടുത്തിരിക്കുന്നത്. ഗ്രന്ഥാവസാനത്തിൽ പദസൂചിയില്ല. ഗ്രന്ഥസൂചിയിൽ ഒരു മലയാളപുസ്തകവുമില്ല. സാങ്കേതികപദങ്ങളുടെ പട്ടികയിൽ പദങ്ങൾ ആവർത്തിച്ചിരിക്കുന്നു. ഒരിടത്ത് 'വെർബ്' ക്രിയയാണ്; ഇനിയൊരിടത്ത് കൃതിയും ഒരിടത്ത് സർവനാമം 'പ്രൊനൗൺ' ആണ്: മറ്റൊരിടത്ത് 'കോമൺനൗൺ'-ഉം. ചില സാങ്കേതികപദങ്ങൾ : അന്തർഭവിതപദതന്ത്രികൾ, ഇച്ഛൈകരചനാന്തരണം, സ്വാന്തർഹിതനിർമിതികൾ, അധസ്തഘടന, പദരൂപജന്യവസ്തുക്കൾ, ക്രിയാപദാധികഅനുപൂരകങ്ങൾ, കപടകർമണിപ്രയോഗഘടനകൾ, കാലനിബന്ധിതവാക്യനിബന്ധന, സീമാരഹിതആശ്രയത്വം. ഉദാഹരണങ്ങളായി കൊടുത്തവയിൽ പകുതിയിലധികം ഇംഗ്ലീഷ്‌വാക്യങ്ങളാണ്.

10.5. ചോംസ്കിയുടെ സിദ്ധാന്തത്തെ അവലംബിച്ച് തയാറാക്കിയ മൂന്ന് ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്: (i) 'നോമിനൽ കോമ്പസിഷൻ ഇൻ മലയാളം' - പി.എൻ. രവീന്ദ്രൻ (1975); (ii) 'റിലേറ്റീവ് ക്ലാസ് ഇൻ മലയാളം' - പി.ടി. അബ്രഹാം (1978); (iii) 'ആക്സിലറി വെർബ്സ് ഇൻ മലയാളം' - എൻ. രാജശേഖരൻനായർ (1990). മൂന്ന് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചത്: ഭാഷാശാസ്ത്രവിഭാഗം, അണ്ണാമലൈ യൂനിവേഴ്സിറ്റി, അണ്ണാമലൈനഗർ.

## 11. ഭാഷയും സമൂഹവും

11.1. സാമൂഹിക-സാംസ്കാരികജീവിതത്തിന് മനുഷ്യവർഗത്തെ പ്രാപ്തമാക്കിയ വ്യവസ്ഥകളിൽ ഒന്നാം സ്ഥാനം ഭാഷയ്ക്കാണ് നല്കേണ്ടത്. ഭാഷയില്ലെങ്കിൽ മനുഷ്യർ 'സമൂഹ'മാകാതെ, 'കൂട്ട'മായി നിലനിന്നേനെ. അക്കാര്യം അറിഞ്ഞുകൊണ്ടുതന്നെയാണ് ഭാഷാശാസ്ത്രത്തിൽ സാമൂഹികാടിസ്ഥാനത്തിലുള്ള ഭാഷാപഗ്രഥനത്തിന് സ്ഥാനം നല്കിയത്. പ്രധാനമായും രണ്ട് വഴിക്കുള്ള അന്വേഷണങ്ങളാണ് ഈ മണ്ഡലത്തിൽ നടന്നത്. ഒന്ന്, പ്രാദേശിക ഭാഷാവ്യത്യാസങ്ങളെക്കുറിച്ചുള്ള ഭാഷാഭേദപഠനങ്ങൾ. ഇനിയൊന്ന്, സാമൂഹികവ്യത്യാസങ്ങൾ ഭാഷയിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ്.

ഭാഷാഭേദങ്ങൾ ഉണ്ടാവുന്നതിന് വേറെയും സാഹചര്യങ്ങളുണ്ട്. സന്ദർഭം, ഭാഷകരുടെ സാമൂഹികസ്ഥാനം, പ്രായം, സ്ത്രീപുരുഷഭേദം, ഔപചാരിക-അനൗപചാരികപശ്ചാത്തലങ്ങൾ - ഇങ്ങനെ ഭാഷാവ്യവഹാരത്തിലെ പല അവസ്ഥകളും ഭാഷാഭേദങ്ങൾക്ക് കാരണമാവുന്നുണ്ട്. ഇവയെ എല്ലാം പരിഗണിച്ച് ഒരേ പഠനശാഖയിൽ ഉൾപ്പെടുത്തിയാൽ, അതിനെ സാമൂഹികഭാഷാവിജ്ഞാനം എന്ന് പറയാം. വ്യവഹാരത്തിലുള്ള എല്ലാത്തരം ഭാഷണവ്യത്യാസങ്ങളെയും സാമൂഹികഭാഷാവിജ്ഞാനത്തിന്റെ പഠനപരിധയിൽ ഉൾപ്പെടുത്താവുന്നതാണ്.

11.2. **ഭാഷാഭേദവിജ്ഞാനം - പി. സോമശേഖരൻനായർ (1973):** ഭാഷാഭേദവിജ്ഞാനത്തെക്കുറിച്ച് മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒരേയൊരു (?) പുസ്തകമാണിത്. ഇന്നും ഭാഷാശാസ്ത്രവിദ്യാർഥികൾ ഉപയോഗിച്ചുവരുന്നു എന്നത് പുസ്തകത്തിന്റെ പ്രയോജനമൂല്യം സൂചിപ്പിക്കുന്നു. ഭാഷാഭേദപഠനത്തിന് സ്വീകരിക്കേണ്ട തയാറെടുപ്പുകൾ മുതൽ അപഗ്രഥനരീതികൾവരെയുള്ള കാര്യങ്ങൾ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭാഷാഭേദത്തെ സൂക്ഷ്മനിർവചനത്തിലൊതുക്കാൻ പ്രയാസമാണെന്ന് കാണിച്ചതും (പു. 6-8) ഈ പഠനമാർഗത്തിലൂടെ സഞ്ചരിക്കാനാഗ്രഹിക്കുന്നവർ നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചതും (പു. 86-95), എത്ര അവധാനപൂർവമാണ് ഈ കൊച്ചുപുസ്തകം (നൂറ് പുറങ്ങൾ) രചിച്ചത് എന്ന് ആരെയും ബോധ്യപ്പെടുത്തും.

11.3. **സാമൂഹികഭാഷാവിജ്ഞാനം - ഉഷാ നമ്പൂതിരിപ്പാട് (1994) :** ഭാഷാപ്രയോഗത്തിലെ സാമൂഹികപ്രസക്തി സൂചിപ്പിക്കുകയും അതനുസരിച്ചുള്ള പഠനരീതികൾ വിശദീകരിക്കുകയും ചെയ്യുന്ന അടിസ്ഥാനഗ്രന്ഥമാണിത്. സാമൂഹികവ്യത്യാസങ്ങൾ ഭാഷാവ്യവഹാരത്തിൽ സൃഷ്ടിക്കുന്ന സ്വഭാവഭേദങ്ങളെ ഏതാണ്ട് സമഗ്രമായിത്തന്നെ ഈ പുസ്തകത്തിലെ പത്തധ്യായങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ഭാഷാഭേദവിജ്ഞാനത്തെയും സാമൂഹികഭാഷാവിജ്ഞാനത്തെയും വ്യത്യസ്തപഠനശാഖകളായി ഗ്രന്ഥത്തിൽ കാണിച്ചിരിക്കുന്നു (പു. 26-31). "ഭാഷാഭേദപഠനങ്ങൾ എക്കാലവും പ്രയാസമേറിയതും വിശ്വാസയോഗ്യതയില്ലാത്തവയുമായിരുന്നു" (പു. 33) എന്ന വിധി അതിരുകടന്നതായി അനുഭവപ്പെടുന്നു. വിശ്വാസയോഗ്യമല്ലാത്ത ഒരു വിഷയത്തെക്കുറിച്ച് മലയാളത്തിൽ ആദ്യമായി ഒരു പുസ്തകമെഴുതിയ പണ്ഡിതനാണ് ഉഷാനമ്പൂതിരിപ്പാടിന്റെ ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് എന്നത് കൗതുകകരമാണ്. ഒരു നൂതനശാസ്ത്രശാഖയെ മലയാളികൾക്ക് പരിചയപ്പെടുത്തുമ്പോൾ, വൈദേശികഭാഷകളിൽനിന്ന് ഇത്രയധികം ഉദാഹരണങ്ങൾ കൊടുത്തതും ഒഴിവാക്കാമായിരുന്നു. ഗ്രന്ഥാവസാനത്തിൽ പദസൂചി ചേർക്കാത്തത് പുസ്തകം ഉപയോഗിക്കുന്നവർക്ക് അസൗകര്യമായി അനുഭവപ്പെടാം.

11.4. **ഭാഷാഭേദപഠനങ്ങൾ :** മലയാളത്തിലെ പ്രാദേശികഭാഷാഭേദങ്ങളെക്കുറിച്ചുള്ള ഗവേഷണപ്രബന്ധങ്ങൾ ചിലത് പ്രസിദ്ധീകരിച്ചിട്ടുണ്ട്: (i) 'ദി കൊച്ചിൻ ഡയലക്ട് ഓഫ് മലയാളം' - പി. സോമശേഖരൻനായർ. ദ്രവീഡിയൻ ലിംഗ്വിസ്റ്റിക് അസോസിയേഷൻ (ഡി.എൽ.എ.), തിരുവനന്തപുരം (1979); (ii) 'ദി തിയ്യ ഡയലക്ട്' - സി. ജെ. റോയ്. മധുരൈ കാമരാജ് യൂണിവേഴ്സിറ്റി, മധുരൈ (1979); (iii) 'ഏറനാട് ഡയലക്ട് ഓഫ് മലയാളം' - ജി. കെ. പണിക്കർ. ഡി.എൽ.എ., തിരുവനന്തപുരം (1993). ഭാഷാശാസ്ത്രത്തിന്റെ സാങ്കേതികപരിധിയിൽ പെടുന്നില്ലെങ്കിലും താഴെ പറയുന്നവയും ഭാഷാഭേദങ്ങളെക്കുറിച്ചുള്ള പഠനങ്ങൾതന്നെ. (iv) 'സംസാരഭാഷ തെക്കും വടക്കും' - ഫിലിപ്പ് മണിമല. നാഷനൽ ബുക്സ്റ്റാൾ, കോട്ടയം (1972); (v) 'ലക്ഷദ്വീപിലെ മലയാളം' - പി. സതികുമാരൻ നായർ. നാഷനൽ ബുക്സ്റ്റാൾ, കോട്ടയം (1974); (vi) 'മാപ്പിളമലയാളം' - കെ. ഒ. ഷംസുദ്ദീൻ. കേരള യൂണിവേഴ്സിറ്റി കോഃഓപറേറ്റീവ് സ്റ്റോഴ്സ്, തിരുവനന്തപുരം (1978); (vii) 'മലയാളത്തിലെ സംബോധനാപദങ്ങളുടെ സാമൂഹികപശ്ചാത്തലം' - ഉഷാ നമ്പൂതിരിപ്പാട് . കേരളസാഹിത്യഅക്കാദമി, തൃശൂർ (1990); (viii) 'വാക്കിന്റെ സാമൂഹികശാസ്ത്രം' - സി.ജെ. ജോർജ്. കറന്റ് ബുക്സ്, തൃശൂർ (1998). മണിപ്രവാളകാവ്യലക്ഷണഗ്രന്ഥമായ ലീലാതിലകം, ഗ്രന്ഥരചനയുടെ മുഖ്യോദ്ദേശ്യത്തിന്റെ പേരിലല്ല അധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. ഭാഷാചരിത്രകാരന്മാരും വൈയാകരണന്മാരും ഭാഷാശാസ്ത്രകാരന്മാരും ആ കൃതിയെ പല കാഴ്ചപ്പാടുകളിലൂടെ പരിശോധിച്ചിട്ടുണ്ട്. സാമൂഹികഭാഷാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലും ലീലാതിലകം പഠനാർഹമാണെന്ന് ഒരു തമിഴ് പണ്ഡിതന് തോന്നി. അതിന്റെ ഫലമായി കൃതി മൊഴിമാറ്റത്തിലൂടെ നമുക്ക് കിട്ടിയിട്ടുണ്ട്: (ix) 'ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ' - എസ്. വി. ഷൺമുഖം. വിവ. ടി. ബി. വേണുഗോപാലപ്പണിക്കർ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം (1995).

11.5. **ഭാഷാഭേദപര്യവേക്ഷണം :** പാശ്ചാത്യരാജ്യങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് ഭാഷാഭേദപഠനങ്ങൾ ആരംഭിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ പല രാജ്യങ്ങളിലും വിപുലമായ സർവെകളിലൂടെ ഭാഷാഭേദരൂപങ്ങൾ ശേഖരിച്ച്, നിഘണ്ടുകളും ഭാഷാഭേദഭൂപടങ്ങളും തയാറാക്കിക്കഴിഞ്ഞിരുന്നു. ഇന്ത്യയിൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ സർവെ നടത്തുകയും 1973-ൽ ഭൂപടങ്ങളോടെ ഭാഷാഭേദവിവരങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം 1965-ൽ ഭാഷാഭേദസർവെ ആരംഭിച്ചു. കേരളത്തിലുടനീളമുള്ള ഈഴവ-തീയ്യ സമുദായക്കാരുടെ ഭാഷാഭേദങ്ങളാണ് ശേഖരിച്ചത്. ദേശവ്യത്യാസങ്ങളും സമൂഹവ്യത്യാസവും ചേർത്തു പരിശോധിച്ചതുകൊണ്ട്, ഇതിനെ പ്രാദേശിക-സാമൂഹിക ഭാഷാഭേദപഠനം എന്ന് പേരിടണം. അന്ന് കേരളത്തിലുണ്ടായിരുന്ന 9 ജില്ലകളിലെ 921 പഞ്ചായത്തുകളിൽനിന്നാണ് വസ്തുതതൾ ശേഖരിച്ചത്. മുന്നൂറിലധികം ഭൂപടങ്ങൾ തയാറാക്കി. ഈ സർവെയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു പ്രധാനകാര്യം കേരളത്തിൽ 12 പ്രാദേശികഭാഷാഭേദങ്ങൾ ഉണ്ടെന്നാണ്. "മലയാളഭാഷാഭേദസർവെയിൽനിന്നും മുൻപ് രേഖപ്പെടുത്തിയിട്ടില്ലാത്ത

പല സ്വനിമപരിവർത്തനങ്ങളും സാമ്യങ്ങളും കണ്ടെത്തി" (ബി. ഗോപിനാഥൻ നായർ, 1994:211). ഈ സർവെയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

11.6. **ആചാരം, അധികാരം, വംശീയത :** ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധത്തെ ആസ്പദിച്ച് നടത്താവുന്ന പഠനങ്ങളുടെ വൈവിധ്യം സൂചിപ്പിക്കുന്ന മൂന്ന് പ്രസിദ്ധീകരണങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ജാതിശ്രേണീസൂചകമായ പ്രയോഗങ്ങളിലൊന്നായ ആചാരഭാഷയെക്കുറിച്ചുള്ള ചില ലേഖനങ്ങൾ മുൻപ് ആനുകാലികങ്ങളിൽ വന്നിട്ടുണ്ടെങ്കിലും പുസ്തകരൂപത്തിലുള്ള ആദ്യപ്രസിദ്ധീകരണമാണ് പി. എം. ഗിരീഷിന്റെ 'കേരളത്തിലെ ആചാരഭാഷ' (1998). പാലക്കാട്ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമത്തിൽനിന്ന് ശേഖരിച്ച വസ്തുതകളാണ് പഠനത്തിന് അവലംബം. സംബോധനാരൂപങ്ങൾ, പുരപ്പേരുകൾ, ദിനചര്യകൾ, ചടങ്ങുകൾ എന്നിവയെ സൂചിപ്പിക്കുന്ന പദങ്ങൾ - ഇവയെല്ലാം വേർതിരിച്ച് കാണിച്ചിരിക്കുന്നു. സാഹിത്യകൃതികളിലുപയോഗിച്ചിട്ടുള്ള ആചാരസൂചകപദങ്ങളും ഒരധ്യായത്തിൽ വിവരിക്കുന്നുണ്ട്. അവയെ പട്ടികരൂപത്തിൽ അനുബന്ധത്തിൽ കാണിച്ചിട്ടുമുണ്ട്: "പാരമ്പര്യശ്രേണീവ്യവസ്ഥയിൽനിന്ന് കേരളത്തിലെ സാമൂഹികക്രമം ഏറെ മാറിയിട്ടുണ്ടെങ്കിലും, സാമൂഹികാസമത്വം വ്യത്യസ്തരീതിയിൽ നിലനില്ക്കുന്നതിനാൽ പുതിയ രീതിയിലുള്ള ആചാരഭാഷയും നിലനില്ക്കുന്നു" (പു. 61) എന്ന് പഠനനിഗമനങ്ങളിലൊന്നായി കാണിച്ചിരിക്കുന്നു. ഗിരീഷിന്റെ മറ്റൊരു പുസ്തകമായ 'അധികാരവും ഭാഷയും' (2001) സമകാലികപ്രസക്തിയുള്ള വിഷയമാണ് ചർച്ച ചെയ്തിട്ടുള്ളത്. സമൂഹത്തിൽ നിലനില്ക്കുന്ന ഉച്ചനീചത്വങ്ങൾ ഭാഷാപ്രയോഗത്തിൽ ഏതെല്ലാംവിധത്തിൽ പ്രതിഫലിക്കുന്നു എന്ന് ഈ പുസ്തകത്തിൽ അന്വേഷിച്ചിരിക്കുന്നു. പഠനത്തിനുള്ള വസ്തുതകൾ ശേഖരിച്ചിരിക്കുന്നത് കോഴിക്കോട് ജില്ലയിൽനിന്ന് മാത്രമാണ്; അതുകൊണ്ട്, പഠനവ്യാപ്തി പരിമിതമാണ്. സാമൂഹികഭാഷാശാസ്ത്രത്തിന്റെ ഉപശാഖയായ വംശീയഭാഷാശാസ്ത്ര('എത്നോ-ലിംഗ്വിസ്റ്റിക്സ്')ത്തിൽ പെടുത്താവുന്ന ഏഴു ലേഖനങ്ങളുടെ സമാഹാരമാണ് കെ. കെ. ബാബുരാജിന്റെ 'വംശീയതയും ഭാഷയും' (2001). ആദ്യത്തെ മൂന്ന് ലേഖനങ്ങൾ സാമൂഹികഭാഷാവിജ്ഞാനത്തെക്കുറിച്ചുള്ള സാമാന്യവാലോകനങ്ങളാണ്; ശേഷമുള്ള നാലെണ്ണം ഒരു പുതിയ ഭാഷാപ്രയോഗത്തെക്കുറിച്ചുള്ളതും. ഗൂഢഭാഷയെക്കുറിച്ച് ചില ലേഖനങ്ങൾ എം. എൻ. കാരശ്ശേരി പ്രസിദ്ധീകരിച്ചിട്ടുണ്ട് (ബാബുരാജിന്റെ പുസ്തകത്തിലെ ഗ്രന്ഥസൂചി കാണുക). പാണന്മാരുടെ ഇടയിൽ നിലനില്ക്കുന്ന ഗൂഢഭാഷയെക്കുറിച്ചാണ് ഈ പഠനം. നൂറ്റിയൻപതിലധികം ഗൂഢഭാഷാപദങ്ങൾ ഗ്രന്ഥാവസാനത്തിൽ കൊടുത്തിരിക്കുന്നത് ഭാഷാചരിത്രകാരന്മാരും ഭാഷാശാസ്ത്രകാരന്മാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗിരീഷിന്റെ 'അധികാരവും ഭാഷയും', ബാബുരാജിന്റെ 'വംശീയതയും ഭാഷയും' ഭാവിഗവേഷണങ്ങൾക്കുള്ള പുതിയ വഴികൾ തുറന്നു കാണിക്കുന്നു.





## 12. ചരിത്രപഠനങ്ങൾ

12.1. പ്രാചീനകൃതികളുടെയും ശാസനങ്ങളുടെയും വിവരണാത്മകപഠനങ്ങൾ, ഭാഷാചരിത്രാവലോകനങ്ങൾ, ദ്രാവിഡഭാഷകളുടെ താരതമ്യപഠനങ്ങൾ (മലയാളവുമായി ബന്ധപ്പെട്ടവമാത്രം) എന്നിവ ഉൾക്കൊള്ളുന്ന ചില പ്രസിദ്ധീകരണങ്ങളെക്കുറിച്ച് സൂചിപ്പിക്കുകമാത്രമാണ് ഈ ഖണ്ഡത്തിൽ ചെയ്യുന്നത്. ഭാഷാശാസ്ത്രം ദക്ഷിണേന്ത്യൻ സർവകലാശാലകളിൽ അധ്യയന-ഗവേഷണ രംഗങ്ങളിലേക്ക് പ്രവേശിച്ചതിന്റെ ആദ്യഘട്ടത്തിൽ പ്രാചീനകൃതികളുടെ വിവരണാത്മകരീതിയിലുള്ള ഗവേഷണപഠനങ്ങളുടെ ഒരു തള്ളിക്കയറ്റം ഉണ്ടായി. ഇവയിൽ പലതും, അച്ചിലിട്ട് വാർത്തതുപോലെ, മൗലികത്വം പ്രദർശിപ്പിക്കാത്ത, ശുഷ്കപ്രബന്ധങ്ങളായിരുന്നു.

12.2. വിവരണാത്മകപഠനങ്ങൾ ചിലത് പ്രസിദ്ധീകരിച്ചിട്ടുണ്ട്: (i) 'മലയാളം: എ ലിംഗ്വിസ്റ്റിക് ഡിസ്ക്രിപ്ഷൻ' (കൃഷ്ണഗാഥ)- വി.ആർ. പ്രബോധചന്ദ്രൻ നായർ. നാഷണൽ റിസർച് പബ്ലിഷിംഗ് കമ്പനി, കഴക്കൂട്ടം (1973); (ii) 'ലാംഗ്വേജ് ഓഫ് മിഡിൽ മലയാളം' (കണ്ണശ്ശരാമായണം) - പി. രാമചന്ദ്രൻപിള്ള. ഡി. എൽ.എ., തിരുവനന്തപുരം (1973); (iii) 'എ ലിംഗ്വിസ്റ്റിക് സ്റ്റഡി ഓഫ് ഏർലി മലയാളം' (അനന്തപുരവർണനം, വാസുദേവസ്തവം) - കെ. രത്നമ്മ. ഡി. എൽ.എ., തിരുവനന്തപുരം (1976); (iv) 'ലിംഗ്വിസ്റ്റിക് ഇന്റർപ്രെറ്റേഷൻ ഓഫ് ലീലാതിലകം' (രണ്ട് ഭാഗങ്ങൾ) - എ. ആർ. ഗോപാലപിള്ള. ഡി.എൽ.എ., തിരുവനന്തപുരം (1985); (v) 'മലയാളഭാഷാചരിത്രം - എഴുത്തച്ഛൻവരെ' (ക്രി.പി. 9-ാം ശതകം മുതൽ 11-ാം ശതകം വരെയുള്ള ശാസനങ്ങൾ, 12-ാം ശതകം മുതൽ 15-ാം ശതകം വരെയുള്ള ഗദ്യകൃതികൾ) - കെ രത്നമ്മ, കറന്റ് ബുക്സ്, കോട്ടയം (1994).

12.3. **'ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ'- കെ.എം. പ്രഭാകരവാരിയർ** (പ്രസാ.) (1976): അണ്ണാമലൈ സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ ജോലി ചെയ്തിരുന്ന അധ്യാപകരുടെ ലേഖനങ്ങളാണ് ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. ദ്രാവിഡഭാഷകളിലെ ലിംഗവചനപ്രത്യയങ്ങൾ, ഭാഷകളുടെ കാലഗണന, ചോദ്യവാചിപ്രത്യയങ്ങൾ, ഴകാരം, നാമവിശേഷണം എന്നിവ താരതമ്യപഠനങ്ങളും മലയാളഭാഷയുടെ രൂപീകരണം, മലയാളത്തിലെ ഇരട്ടിച്ച നകാരം, തമിഴിലെ സ്വനവിജ്ഞാനം, തമിഴിലെ ആയ്തം എന്നിവ ആഗമികപഠനങ്ങളും മലയാളത്തിലെ സംയോജകക്രിയ, തമിഴിലെ ഭാഷാഭേദങ്ങൾ എന്നിവ വിവരണസ്വഭാവമുള്ള പ്രബന്ധങ്ങളുമാണ്.

12.4. **'ഭാഷാദർശനം' - സി. ജെ. റോയ് (1982):** "ഭാഷാശാസ്ത്രത്തിന്റെ സിദ്ധാന്തപരവും പ്രായോഗികവുമായ മേഖലകളെ സാമാന്യമായി പരിചയപ്പെടുത്തുന്ന ഒരു കൃതി..." (ആമുഖത്തിൽ) എന്നാണ് പുസ്തകത്തെ ഗ്രന്ഥകാരൻ

വിശേഷിപ്പിക്കുന്നത്. അഞ്ച് ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്ന ഈ പുസ്തകത്തിലെ ഒന്നാം ഖണ്ഡത്തിൽ ഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തിന് മുമ്പുള്ള ഭാഷാചിന്തകളെ സംഗ്രഹിച്ചിരിക്കുന്നു. താരതമ്യപഠനം, നവ-വൈയാകരണന്മാർ, സസ്സൂറിന്റെ ഭാഷാദർശനം എന്നിവയാണ് രണ്ടാം ഖണ്ഡത്തിലെ പ്രതിപാദ്യം. മൂന്നാം ഖണ്ഡത്തിൽ വിവരണാത്മകഭാഷാപഗ്രഥനരീതിയെ പരിചയപ്പെടുത്തുന്നു. നാലിൽ, ഭാഷാശാസ്ത്രവുമായി ബന്ധമുള്ള അന്തർവിജ്ഞാനീയ ('ഇന്റർ ഡിസിപ്ലിനറി') പഠനങ്ങളാണ് ചർച്ചാവിഷയം. പ്രയുക്തഭാഷാശാസ്ത്രത്തിലെ പഠനരീതികളിലൊന്നായ ഭാഷാധ്യാപനത്തെക്കുറിച്ചുള്ള വിവരണമാണ് അഞ്ചാം ഖണ്ഡത്തിലുള്ളത്. ഭാഷാപഠനചരിത്രത്തിലെ ചില മുഖ്യവിഷയങ്ങളെക്കുറിച്ചുള്ള അവലോകനമായ ഈ പുസ്തകം ഭാഷാശാസ്ത്രവിദ്യാർഥികൾക്ക് പശ്ചാത്തലപഠനത്തിന് പ്രയോജനമാകും.

12.5. **'ഭാഷാദർശനവും ചരിത്രവും' - കെ. കുഞ്ചുണ്ണിരാജാ (2000):** എട്ട് ഖണ്ഡങ്ങളുള്ള ഈ പുസ്തകത്തിൽ ആദ്യത്തെ രണ്ടെണ്ണമൊഴിച്ച് ബാക്കിയുള്ള ആറ് ഖണ്ഡങ്ങളിലും സംസ്കൃതകാവ്യമീമാംസയിലെ ഭാഷാദർശനങ്ങൾ സംഗ്രഹിച്ചിരിക്കുകയാണ്. ആദ്യഖണ്ഡത്തിൽ ഭാഷയുടെ വ്യാവർത്തകധർമങ്ങളും രണ്ടാമത്തേതിൽ ആധുനികഭാഷാശാസ്ത്രത്തിലെ ചില അടിസ്ഥാനവീക്ഷണങ്ങളും പ്രതിപാദിച്ചിരിക്കുന്നു. ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുള്ള പല കാര്യങ്ങളും ഗ്രന്ഥകാരന്റെ 'ഭാഷാഗവേഷണം' (1962), 'ഇൻഡ്യൻ തിയറീസ് ഓഫ് മീനിംഗ്' (1963), 'ദി ലാംഗ്വേജ് ഓഫ് പോയട്രി' (1978) എന്നിവയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആധുനികഭാഷാശാസ്ത്രത്തിൽ 'വരമൊഴിയെക്കാൾ പ്രാധാന്യം വാമൊഴിക്കാണ്' എന്ന നിരീക്ഷണം (പു. 47) മുഴുസ്സത്യമല്ല. വാമൊഴിയെ അശുദ്ധമെന്ന് വിധിച്ച് പടിക്ക് പുറത്താക്കുന്നതിനെ മാത്രമേ ഭാഷാശാസ്ത്രകാരന്മാർ ചോദ്യം ചെയ്യുന്നുള്ളു. വാമൊഴിക്ക് ശേഷമാണ് വരമൊഴി ആവിർഭവിച്ചതെന്നും വരമൊഴിയേക്കാൾ എത്രയോ മടങ്ങ് അധികമാണ് വാമൊഴിപ്രയോഗങ്ങളെന്നും അവർ ഓർമിപ്പിക്കുന്നു. "...ഭാരതീയസാഹിത്യനിരൂപണതത്ത്വങ്ങളെ ഒന്നാകെ അവഹേളനം ചെയ്യുവാനും പാശ്ചാത്യനിരൂപണഗ്രന്ഥങ്ങളിൽനിന്നല്ലാതെ നമുക്ക് സ്വീകാര്യമായൊന്നും കിട്ടുവാനില്ലെന്നുദ്ഘോഷിക്കുവാനും അഭ്യസ്തവിദ്യരായ പല പണ്ഡിതന്മാരും മുതിർന്നുകാണുന്നതി"ൽ (പു. 45) രാജ അസംതൃപ്തി പ്രകടിപ്പിക്കുന്നു. മറിച്ച് ചിന്തിക്കുന്നവരും നമ്മുടെ ഇടയിലില്ലേ?

12.6. **'സൊസ്സ്യൂർ : ഘടനാവാദത്തിന്റെ ആചാര്യൻ' - സി. രാജേന്ദ്രൻ (2000) :** ഭാഷാശാസ്ത്രത്തിലാണ് ഘടനാവാദം ആദ്യമായി പ്രത്യക്ഷപ്പെട്ടതെങ്കിലും, താമസിയാതെ സാഹിത്യനിരൂപണത്തിലേക്കും തുടർന്ന് നരവംശശാസ്ത്രം, മനശ്ശാസ്ത്രം, ഫോക്‌ലോർപഠനം, ആഖ്യാനശാസ്ത്രം, പുരാവൃത്തപഠനം എന്നിവയിലേക്കും അതിന്റെ സ്വാധീനം വ്യാപിക്കുകയുണ്ടായി. ഈ പുസ്തകത്തിൽ ഫെർദിനന്റ് ദി സൊസ്സ്യൂർ (1857-1915) അവതരിപ്പിച്ച ഘടനാവാദത്തെ പരിചയപ്പെടുത്തുന്നതോടൊപ്പം, ആ ചിന്താഗതിയിൽ പില്ക്കാലത്തുണ്ടായ സ്വഭാവമാറ്റങ്ങളും പരാമർശിക്കുന്നുണ്ട്. ഘടനാവാദത്തിന്റെ മുഖ്യസൈദ്ധാന്തികസങ്കല്പങ്ങളായ ഏകകാലികതയും ബഹുകാലികതയും, ഭാഷയും ഭാഷണവും, സൂചകവും സൂചിതവും, വിന്യാസാത്മക-ഗണനാത്മകബന്ധങ്ങളും ഗ്രന്ഥകാരൻ വിശദീകരിച്ചിട്ടുണ്ട്. ഘടനാവാദത്തിലെ പോരായ്മകളെ ചൂണ്ടിക്കാട്ടിയ ദെറിദയുടെ നിരീക്ഷണങ്ങളും രാജേന്ദ്രൻ പരിശോധിച്ചിരിക്കുന്നു. ഘടനാവാദത്തെക്കുറിച്ചുള്ള എൻ. അജയകുമാറിന്റെ ലേഖനത്തിൽ, അതിന് സാഹിത്യപഠനത്തിലുള്ള പ്രസക്തി ഇങ്ങനെ സൂചിപ്പിക്കുന്നു: "...സാഹിത്യത്തെ ആവുന്നത്ര വസ്തുനിഷ്ഠമായി സമീപിക്കുന്ന ഘടനാസിദ്ധാന്താദിനിരൂപണസമ്പ്രദായങ്ങളും വളർന്നുവരേണ്ടത് സമതുലിതമായ സാഹിത്യവീക്ഷണത്തിന് അനിവാര്യമാണ്" (1988:77). "ഈ നൂറ്റാണ്ടിന്റെ ധൈഷണികമുന്നേറ്റത്തെ സാധ്യപ്രായമാക്കിയത് ഘടനാവാദസാധ്യതകളെ വിഭാവനം ചെയ്ത സൊസ്സ്യൂർ തന്നെ. സാംസ്കാരികവിമർശനത്തിന്റെ പ്രാഥമികപാഠങ്ങൾ നമുക്ക് തുടങ്ങേണ്ടുന്നതും സൊസ്സ്യൂറിൽനിന്നുതന്നെ" (പു. 75) എന്ന് രാജേന്ദ്രനും ഓർമിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ ദർശനങ്ങളിൽ മുഖ്യമായ ഒന്നിനെ വ്യക്തമായി വിശദീകരിച്ച പഠനമാണിത്.

## 13. ആദിവാസിഭാഷകൾ

13.1. ആരെല്ലാമാണ് ആദിവാസികൾ? സമൂഹത്തിലെ മുഖ്യധാരയിൽനിന്ന് മാറി ജീവിക്കുന്നവർ; തനതായ ആചാരാനുഷ്ഠാനവാമൊഴികൾ മുറുകിപ്പിടിക്കുന്നവർ; പ്രബലസമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അധികമായി വിധേയമാകാത്തവർ; ജീവനത്തിനായി മുഖ്യമായും അസംസ്കൃത പ്രകൃതിവിഭവങ്ങളെയും വന്യജീവികളെയും ആശ്രയിക്കുന്നവർ - എന്നൊക്കെ വിവരിക്കാമെന്നല്ലാതെ, കൃത്യമായ അതിരുകൾക്കുള്ളിൽ അവരെ നിർത്താനാവില്ല. ആദിവാസികളെക്കുറിച്ച് ചില അനിശ്ചിതാവസ്ഥകൾ നിലനില്ക്കുന്നുണ്ട്. കേരളത്തിൽ ഏതാണ്ട് അമ്പത് ആദിവാസിഗോത്രങ്ങൾ ഉണ്ട്. അവ ഏതെല്ലാം, അധിവാസസ്ഥലങ്ങൾ എവിടെയെല്ലാം, അവരിൽ വ്യതിരിക്തവാമൊഴിഭേദങ്ങൾ എത്ര, മൊഴികളിൽ സ്വതന്ത്രഭാഷകൾ എത്ര, ഭാഷാഭേദങ്ങൾ എത്ര, ഭാഷാഭേദങ്ങൾക്ക് ഏതേത് പുഷ്ടഭാഷകളോടാണ് കൂടുതൽ അടുപ്പം, ആദിവാസിമൊഴികളിലെ പദങ്ങളുടെ നിരുക്തങ്ങളെന്ത് - ഇങ്ങനെ തിട്ടപ്പെടുത്തുന്നതിൽ പ്രയാസമേറിയ പല കാര്യങ്ങളും ഈ അന്വേഷണത്തിൽ അടങ്ങിയിട്ടുണ്ട്. (കൂടുതൽ വിവരങ്ങൾക്ക്, വേണുഗോപാലപ്പണിക്കർ, 2006 - ബി: 60-71 നോക്കുക). പണിക്കരുടെ ലേഖനത്തിന്റെ ഒടുവിൽ ആദിവാസിഭാഷാപഠനങ്ങളുടെ (കേരളത്തെ സംബന്ധിച്ചുള്ളത്) ഒരു പട്ടിക കൊടുത്തിട്ടുണ്ട്. അതിൽ പുസ്തകരൂപത്തിലുള്ള പ്രസിദ്ധീകരണങ്ങൾ : (i) 'ദി കാടൻ ഓഫ് കൊച്ചിൻ' - യു. ആർ എഹ്റൈഫെത്സ്. യൂനിവേഴ്സിറ്റി ഓഫ് മദ്രാസ് (1952); (ii) 'ട്രൈബ്സ് ഓഫ്

കേരള' - എ.എ.ഡി. ലൂയീസ്. ഭാരതീയ ആദിവാസി സേവാസംഘ്, ന്യൂ ഡെൽഹി (1962); (iii) 'ട്രൈബൽ ലാംഗ്വേജസ് ഓഫ് സൗത് കേരള' - എസ്. ഭട്ടാചാര്യ. ഡി.എൽ.എ., തിരുവനന്തപുരം (1976); (iv) 'പണിയഭാഷ' - പി. സോമശേഖരൻനായർ. നാഷണൽ ബുക്സ്റ്റാൾ, കോട്ടയം (1977); (v) 'ആദിവാസികളും ആദിവാസിഭാഷകളും' - കെ. വേലപ്പൻ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം(1994). ദ്രാവിഡത്തിലുൾപ്പെടുന്ന ആദിവാസിഭാഷകളെക്കുറിച്ച് അറിയാനാഗ്രഹിക്കുന്നവർ, 'ദ്രവിഡിയൻ എൻസൈക്ലോപീഡിയ' (വാല്യം.3. പു. 829–834). ഇന്റർനാഷനൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ്, തിരുവനന്തപുരം (1977) നോക്കുക.

13.2. ആദിവാസികളുടെ ജീവിതത്തെക്കുറിച്ചും ഭാഷകളെക്കുറിച്ചും അറിയുന്നതുകൊണ്ടുള്ള പ്രയോജനമെന്താണ്? രണ്ടെണ്ണത്തെക്കുറിച്ച് പറയാം: ഒന്ന്, ആദിവാസികൾ അനുഭവിക്കുന്ന ഒറ്റപ്പെടലിൽനിന്നും കഷ്ടങ്ങളിൽനിന്നും അവരെ മോചിപ്പിച്ച് സമൂഹത്തിലെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ; രണ്ട്, ദ്രാവിഡകുടുംബത്തിൽ മലയാളത്തിന്റെ സ്ഥാനമെന്തെന്ന് നിർണയിക്കാൻ ആദിവാസിമൊഴികൾ എത്രയ്ക്ക് സഹായിക്കുന്നു (വേണുഗോപാലപ്പണിക്കർ, 2006 –എ: 24) എന്ന് അന്വേഷിക്കാൻ.

13.3. **'പണിയഭാഷ' - പി. സോമശേഖരൻനായർ (1977) :** വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിലാണ് പണിയരുടെ കുടിയിരുപ്പുകൾ. തമിഴ്നാട്ടിലെ നീലഗിരിയിലും കർണാടകയിലെ കൊടഗിലും പണിയരുടെ വാസസ്ഥലങ്ങളുണ്ട്. പണിയഭാഷയിലെ ചില സവിശേഷതകൾ: (i) വർണതലത്തിൽ മലയാളത്തിൽനിന്ന് വ്യത്യസ്തമായ ചില സ്വഭാവങ്ങൾ കാണുന്നു: പദത്തിലെ ഹ്രസ്വസ്വരം ദീർഘമാകുന്നു (അനിയാത്തി); മലയാളത്തിലെ അകാരത്തിന് സമാന്തരമായി എകാരം (പുതെപ്പ്); പദാന്തത്തിലെ അനുസ്വാരലോപം (അക)... (ii) രൂപതലം: പുല്ലിംഗപ്രത്യയം '-എൻ' (കുരുടെൻ), സംബന്ധികാപ്രത്യയം (-അ) പക്ഷിന), ഉത്തമപുരുഷസർവനാമം 'നാനു'; പൂർണക്രിയകൾക്ക് ശേഷം പുരുഷപ്രത്യയങ്ങൾ (കണ്ടേൻ); (iii) മലയാളത്തിൽ ഏതാനും സാഹചര്യങ്ങളിൽമാത്രം പ്രയോഗത്തിലുള്ള '-ആ' എന്ന നിഷേധപ്രത്യയം പണിയഭാഷയിൽ സാധാരണമാണ് (നാനു പോകാ); (iv) ചില കുടുംബബന്ധസൂചകങ്ങൾ; അപ്പൻ, തന്തെ (അച്ഛൻ), അമ്മെ കുടിച്ചി (ഭാര്യയുടെ/ഭർത്താവിന്റെ അമ്മ). അടിസ്ഥാനപരമായി മലയാളസ്വഭാവമാണുള്ളതെങ്കിലും കന്നടത്തോടുള്ള അടുപ്പവും ശ്രദ്ധിക്കുക.

13.4. **'ആദിവാസികളും ആദിവാസിഭാഷകളും' - കെ. വേലപ്പൻ (1994) :** ആദിവാസികൾ എന്ന സംജ്ഞയിൽ ആരെയെല്ലാം ഉൾപ്പെടുത്താം, ഇന്ത്യയിലെയും കേരളത്തിലെയും ആദിവാസിവർഗങ്ങളേവ, അവർക്ക് ലഭിക്കുന്ന പരിരക്ഷകൾ എന്തെല്ലാം, ആദിവാസിഭാഷാപഠനങ്ങൾ, ദ്രാവിഡഗോത്രത്തിൽ പെടുത്താവുന്ന ആദിവാസിഭാഷകൾ, ആദിവാസിഭാഷാനിഘണ്ടു നിർമാണത്തിലെ പ്രശ്നങ്ങൾ, ഊരാളികളുടെയും കാണിക്കാരുടെയും ജീവിതശൈലികളും ഭാഷാപ്രയോഗങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ചുള്ള അവലോകനങ്ങളാണ് പതിനൊന്ന് ഖണ്ഡങ്ങളായി തിരിച്ചിട്ടുള്ള ഈ ലേഖനസമാഹാരത്തിലുള്ളത്. അനുബന്ധമായി, വേണുഗോപാലപ്പണിക്കരുടെ 'കേരളത്തിലെ ആദിവാസിഭാഷാപഠനങ്ങൾ' (വിജ്ഞാനകൈരളി. 20.3.1989) എന്ന ലേഖനവും ചേർത്തിട്ടുണ്ട്. ആദിവാസികളെക്കുറിച്ച് സാമാന്യമായി അറിയാനും കേരളത്തിലെ ആദിവാസികളെക്കുറിച്ച് സവിശേഷമായി പഠിക്കാനും ഈ പുസ്തകം പ്രയോജനപ്പെടും. സ്വാനുഭവത്തിന്റെ ചൂടും ആത്മാർഥതയുടെ വെളിച്ചവും പ്രസരിപ്പിക്കുന്നവയാണ് ലേഖനങ്ങൾ. അവസാനത്തെ പുറത്തിൽ (133) ഗ്രന്ഥകാരൻ സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്: "ഉറഞ്ഞ് കട്ടപിടിച്ചുപോയ സാമൂഹ്യവഴക്കങ്ങളിൽനിന്ന് കുതറിമാറുമ്പോൾ, വൈകാരികപ്രശ്നങ്ങളേറെ അവർക്ക് അനുഭവിക്കേണ്ടിവരുന്നു. ഈ വസ്തുത മനസ്സിലാക്കി, അവരുടെ വികാരങ്ങൾ വ്രണപ്പെടാതെ, മെല്ലെ പ്രേരണ ചെലുത്തി, ആദിവാസികളെ നമ്മുടെ സംസ്കാരത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയാണ് വേണ്ടത്. അതിന് അസാധാരണമായ സഹിഷ്ണുതയും ഹൃദയവിശാലതയും സാമൂഹ്യക്ഷേമപ്രവർത്തകരുടെ പക്ഷത്തുനിന്നുണ്ടായേ തീരൂ."

## 14. ശൈലീപഠനങ്ങൾ

14.1. എന്തിനെല്ലാം വേണ്ടിയാണ് ഭാഷ പ്രയോഗിക്കുന്നത്? പ്രധാനമായും ആറാണ് ഭാഷാധർമങ്ങൾ എന്ന് ഭാഷാശാസ്ത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്: (i) സമുദ്ദിഷ്ടാത്മകം - സന്ദേശവിനിമയം; (ii) ഭാവാത്മകം - മനോഭാവപ്രകാശനം; (iii) ലക്ഷ്യാത്മകം - പ്രതികരണം ഉദ്ദേശിച്ച്; (iv) സാമാജികം - സാമൂഹികബന്ധം നിലനിർത്തൽ; (v) അതിഭാഷാത്മകം - ഭാഷാപഗ്രഥനം; (vi) കാവ്യാത്മകം - സഹൃദയരിലെ രസോദ്ദീപനം. കാവ്യാത്മകധർമത്തിൽ സാഹിത്യം മുഴുവൻ ഉൾപ്പെടുന്നു. സാഹിത്യത്തിലെ ഭാഷാശൈലികളെ ഭാഷാശാസ്ത്രത്തിലെ വിശകലനരീതികൾ ഉപയോഗിച്ച് എങ്ങനെയെല്ലാം പരിശോധിക്കാമെന്നാണ് ശൈലീവിജ്ഞാനത്തിലെ അന്വേഷണവിഷയം. ഏതാണ്ട് അരനൂറ്റാണ്ടിനു മുമ്പാണ് പാശ്ചാത്യരാജ്യങ്ങളിൽ ഭാഷാശാസ്ത്രരീതിയിലുള്ള സാഹിത്യപഠനങ്ങൾ ആരംഭിക്കുന്നത്. മിഷേൽ റിഫേറ്ററെയുടെ 'ക്രൈറ്റീരിയ ഫോർ സ്റ്റൈൽ അനലിസിസ്' (1959. വെർഡ്. 15) എന്ന പ്രബന്ധമാണ് ഈ ഭാഷാശാസ്ത്രശാഖയ്ക്ക് തുടക്കം കുറിച്ചത്. അടുത്തവർഷം ഈ രീതിയിലുള്ള അന്വേഷണങ്ങളുടെ വിവിധ സാധ്യതകൾ കാണിച്ചുകൊണ്ടുള്ള ഒരു പ്രബന്ധസമാഹാരം തോമസ് എ. സിബിയോക് പ്രസാധനം ചെയ്ത് പ്രസിദ്ധപ്പെടുത്തി: 'സ്റ്റൈൽ ഇൻ ലാംഗ്വേജ്' (1960. കേംബ്രിഡ്ജ്). അതിനുശേഷം ശൈലീപഠനങ്ങൾ ധാരാളം വന്നു, വന്നുകൊണ്ടിരിക്കുന്നു.

14.2. മലയാളത്തിൽ പഠനശാഖയെ പരിചയപ്പെടുത്തിയ ആദ്യപുസ്തകം കെ. എം. പ്രഭാകരവാരിയരുടെ 'കവിതയിലെ ഭാഷ' (1976) ആണെന്ന് തോന്നുന്നു. "ഒരു ബൃഹദ്ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങളെ ഇങ്ങനെയൊരു ചെറിയ പുസ്തകത്തിൽ ഒതുക്കി നിർത്തേണ്ടിവന്നതുകൊണ്ടുള്ള പോരായ്മകൾ ഈ പഠനത്തിൽ വന്നുചേർന്നിട്ടുണ്ട്" എന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. കേരള സർവകലാശാല മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 1977-ൽ നടത്തിയ വള്ളത്തോൾ സ്മാരകപ്രഭാഷണങ്ങളാണ് എൻ. വി. കൃഷ്ണവാരിയരുടെ 'വള്ളത്തോളിന്റെ കാവ്യശില്പം' (1977) എന്ന പുസ്തകത്തിന് ആധാരം. 'ശൈലീവിജ്ഞാനപരമായ ഒരു സമീപനം' എന്ന ഉപശീർഷകം കൊടുത്തിട്ടുണ്ടെങ്കിലും, ആധുനികമായ കാഴ്ചപ്പാടിൽ ഇത് ഭാഷാശാസ്ത്രാടിസ്ഥാനത്തിലുള്ള ശൈലീപഠനമല്ല എന്ന് ആധാരഗ്രന്ഥങ്ങളിൽ കാണിച്ചിട്ടുള്ള പട്ടികതന്നെ (സി.എം. ബൗറ, സി. ഡെ. ലെവിസ്, സ്റ്റീഫൻ ഉൾമാൻ) വെളിപ്പെടുത്തും. ബിംബയോജനയെക്കുറിച്ചുള്ള വിവരണം മാത്രമാണ് പാശ്ചാത്യരുടെ ശൈലീസങ്കല്പവുമായി അല്പമെങ്കിലും ഇണങ്ങിപ്പോകുന്നത്.

14.3. **'ശൈലീവിജ്ഞാനം : സമകാലപഠനങ്ങൾ' - ചാത്തനാത്ത് അച്യുതനുണ്ണി & എം. ആർ. രാഘവവാരിയർ (പ്രസാ.) (1984)** : ആധുനികശൈലീവിജ്ഞാനരീതിയിൽ രചിച്ച എട്ട് ലേഖനങ്ങളുടെ സമാഹാരമാണിത്. "ഏതെങ്കിലുമൊരു കൃതി അനുവാചകനിൽ ഉളവാക്കുന്ന പ്രഭാവം എന്ത് എന്ന് മനസ്സിലാക്കുവാൻ ശൈലീവിജ്ഞാനപരമായ സാഹിത്യാപഗ്രഥനം ഉപകരിക്കുമോ എന്ന് സംശയമാണ്. പക്ഷേ ഒരു കൃതി എങ്ങനെ ഒരു പ്രത്യേകപ്രഭാവം അനുവാചകനിൽ ഉളവാക്കുന്നു എന്ന് വിവരിക്കുവാൻ ഈ അപഗ്രഥനത്തിന് കഴിഞ്ഞേക്കും. ഇക്കാരണത്താൽ സാഹിത്യാധ്യാപനത്തിൽ ശൈലീവിജ്ഞാനാധിഷ്ഠിതവിമർശനത്തിന് അത്യന്തം പ്രയോജനകരമായ ഒരു ഭൂമിക ('റോൾ') നിർവഹിക്കുവാനുണ്ട്" - എന്ന് 'പ്രസ്താവന'യിൽ (പു. xi) എൻ. വി. കൃഷ്ണവാരിയർ പറഞ്ഞിട്ടുണ്ട്. ആധുനികശൈലീവിജ്ഞാനത്തിന്റെ (സ്റ്റൈലിസ്റ്റിക്സ്) അടിസ്ഥാനതത്ത്വങ്ങളും വിശകലനരീതികളും ആദ്യലേഖനത്തിലൂടെ ചാത്തനാത്ത് അച്യുതനുണ്ണി ശങ്കകൾക്കിടം നല്കാതെ വെളിപ്പെടുത്തിയിട്ടുണ്ട്. 'കൃഷ്ണഗാഥ', വള്ളത്തോളിന്റെ 'സുദിനം', ജി-യുടെ 'പാണനാർ', ഇടശ്ശേരിയുടെ 'കാവിലെപ്പാട്ട്', 'കുടിയൊഴിക്കലി'ലെ ബിംബകല്പന, കക്കാടിന്റെ കലാതന്ത്രം, ആറ്റൂരിന്റെ 'മേഘരൂപൻ' എന്നിവയാണ് മറ്റ് പഠനവിഷയങ്ങൾ. ശൈലീവിജ്ഞാന ത്തിലേക്ക് കടക്കാനുള്ള ഒരു കൈവിളക്കായിട്ടുണ്ട് ഈ പഠനസമാഹാരം.

14.4. **'കാവ്യഭാഷയിലെ പ്രശ്നങ്ങൾ' - ദേശമംഗലം രാമകൃഷ്ണൻ (അവ.) (2004 ഒ. പ. 1986)** : ശബ്ദഘടനയും താളവും, കാവ്യജീവിതവും ഭാഷയും, ശീലവും വ്യതിയാനവും, ചില പഠനമാതൃകകൾ, സങ്കല്പനങ്ങൾ സമീപനങ്ങൾ എന്നീ അഞ്ച് ഭാഗങ്ങളിലായി നാല്പത് ലേഖനങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. ലേഖനങ്ങളിൽ പലതും മുൻപ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽനിന്നും ആനുകാലികങ്ങളിൽനിന്നും ശേഖരിച്ചവയാണ്. ആധുനികശൈലീവിജ്ഞാനം എന്ന വിശേഷണം അർഹിക്കുന്നതിനേക്കാൾ സാമ്പ്രദായികരീതിയിലുള്ള പഠനങ്ങളാണ് അധികം. അവതരണലേഖനത്തിൽ ദേശമംഗലം രാമകൃഷ്ണൻ കാവ്യശൈലീപഠനങ്ങളുടെ സ്വഭാവവൈചിത്ര്യങ്ങളും ഗ്രന്ഥത്തിലുൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളും സൂക്ഷ്മമായി വിലയിരുത്തിയിട്ടുണ്ട്.

**14.5. 'വള്ളത്തോളിന്റെ കാവ്യശൈലി' - അനിൽ വള്ളത്തോൾ (1997):** എൻ. വി. കൃഷ്ണവാരിയരുടെ 'വള്ളത്തോളിന്റെ കാവ്യശില്പം' ആധുനികശൈലീവിജ്ഞാനത്തിലെ രീതി പൂർണമായും അവലംബിച്ചെടുത്തതല്ല എന്ന് സൂചിപ്പിച്ചുവല്ലോ (14:2). ഇരുപത് വർഷങ്ങൾക്കുശേഷം, അതേവിഷയത്തെക്കുറിച്ച് വന്നിട്ടുള്ള പഠനമാണ് അനിലിന്റെ പുസ്തകം. പുതിയ സങ്കല്പങ്ങളെയും അപഗ്രഥനരീതികളെയും ഉപയോഗപ്പെടുത്തി രചിച്ചിട്ടുള്ളതാകയാൽ വാരിയരുടെ പുസ്തകത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ് ഈ കൃതി. ഏഴ ധ്യായങ്ങളുള്ള ഈ പുസ്തകത്തിൽ ആദ്യത്തെ അധ്യായം ശൈലീവിജ്ഞാനത്തിലെ അടിസ്ഥാനസങ്കല്പങ്ങൾ പരിചയപ്പെടുത്തുന്നു. രണ്ട് മുതൽ ആറ് വരെയുള്ള അധ്യായങ്ങളിൽ വള്ളത്തോൾക്കവിതയിലെ സ്വനിമരൂപതലങ്ങൾ, പദതലം, വാക്യഘടന, ബിംബകല്പന, താളവും വൃത്തവും എന്നിവയെ വിശകലനം ചെയ്തിരിക്കുന്നു. ഏഴാമധ്യായത്തിൽ പഠനത്തിൽനിന്ന് ലഭിച്ച ഉൾക്കാഴ്ചകൾ സംഗ്രഹിച്ചിരിക്കുന്നു. പഠനത്തിലെ പ്രധാന നിരീക്ഷണങ്ങൾ: (i) സ്വനിമങ്ങളുടെയും രൂപിമങ്ങളുടെയും വിതരണക്രമം അസാധാരണമായ സുശ്രവ്യതയും രസഭാവദ്യോതകത്വവും പ്രദാനം ചെയ്യുന്നു. (ii) പദപ്രയോഗത്തിൽ പ്രകരണശുദ്ധിയെ കവി വളരെയേറെ മാനിച്ചിരുന്നു. (iii) വാക്യക്രമലംഘനങ്ങളും വാക്യലോപങ്ങളും വാക്യസങ്കലനങ്ങളും ക്രമീകൃതമായ വാക്യങ്ങളും ഭാവാനുരോധമായി പ്രയോഗിച്ചുകാണുന്നു. (iv) അപൂർവമായ അർഥകല്പനകളുണർത്തുന്ന, ഭിന്നവ്യാഖ്യാനക്ഷമങ്ങളായ ആദിരൂപങ്ങളും പുരാവൃത്തബിംബങ്ങളും കവിതയെ ചിന്താബന്ധുരമാക്കുന്നു. ഉചിതങ്ങളായ വൃത്തപ്രയോഗങ്ങൾ ഉളവാക്കുന്ന താളലയങ്ങൾ കവിതയിൽ രസഭാവപരിപോഷകങ്ങളായി വർത്തിക്കുന്നു.

**14.6. 'കവിയുടെ കലാതന്ത്രം' - ദേശമംഗലം രാമകൃഷ്ണൻ (2004 ഒ. പ. 1989)** : അനൗപചാരികശൈലിയുപയോഗിച്ച് പറയുകയാണെങ്കിൽ, ഇരുത്തംവന്ന ഒരു വിദ്യാകുതുകി ശ്രദ്ധാപൂർവം നടത്തിയ ഒരു പഠനമാണിത്. ഗ്രന്ഥകാരന്റെ പിഎച്ച്.ഡി. പ്രബന്ധം പരിഷ്കരിച്ചതാണ് ഈ പുസ്തകം. ശൈലീവിജ്ഞാനത്തിലെ ആദ്യത്തെ ഗവേഷണപ്രബന്ധം എന്ന വിശേഷം കൂടി ഇതിനുണ്ട്. അയ്യപ്പപ്പണിക്കർ, ആറ്റൂർ രവിവർമ, കക്കാട്, എം. ഗോവി

ന്ദൻ, കുഞ്ഞുണ്ണി, കടമ്മനിട്ട എന്നീ കവികളുടെ ശൈലികളാണ് വിശകലനം ചെയ്തിരിക്കുന്നത്. ഗ്രന്ഥം രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ, ശൈലീസിദ്ധാന്താവലോകനവും രണ്ടിൽ, കവികളുടെ രചനകളെ ആസ്പദമാക്കിയുള്ള വിശകലനവുമാണുള്ളത്. നവ്യകവിതയുടെ സവിശേഷതകൾ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു: (i) ഏത് വിഷയവും സ്വീകാര്യമാണ്; (ii) അലങ്കാരങ്ങളെ ഉപേക്ഷിച്ച്, സിംബലുകളും കല്പനകളും ഉപയോഗിക്കുന്നു; (iii) വൃത്തം വേണമെന്നില്ല; (iv) അതിഭാവുകത്വത്തെയും അതിശയോക്തിയേയും അനുസരിക്കാതെ, ധ്വന്യാത്മകപ്രയോഗങ്ങളെ ആശ്രയിക്കുന്നു.; (v) ചിഹനം ഇഷ്ടംപോലെയാകാം; (vi) വിവരണാത്മകത ഒഴിവാക്കുന്നു; (vii) സാമ്പ്രദായികപദപ്രയോഗങ്ങളോടുള്ള ഭ്രമം കുറയുന്നു; (viii) സമസ്തപദങ്ങൾ, വിശദവാക്യം, പാദപൂരണശബ്ദങ്ങൾ എന്നിവ ഒഴിവാക്കുന്നു; (ix)വാക്യഘടന സാന്ദ്രമാക്കുന്നു (പു.276). ശൈലീവിദ്യാർഥികൾ ഈ പഠനം ശ്രദ്ധാപൂർവം വായിച്ചിരിക്കണം.

14.7. **'ശൈലീഭംഗികൾ' - വി. ആർ. പ്രബോധചന്ദ്രൻ (2003) :** പ്രയുക്ത ഭാഷാശാസ്ത്രത്തിന്റെയും സാഹിത്യാസ്വാദനത്തിന്റെയും സംഗമരംഗമായ ശൈലീവിജ്ഞാനത്തിന്റെ കാഴ്ചപ്പാട്, മലയാളത്തിലെ ശ്രദ്ധേയമായ ചില സാഹിത്യകൃതികളിൽനിന്ന് ഉദാഹരണങ്ങളുദ്ധരിച്ച് ചർച്ച ചെയ്തുകൊണ്ട് വ്യക്തമാക്കുക (ആമുഖക്കുറിപ്പിൽ) എന്ന ലക്ഷ്യമാണ് പുസ്തകരചനയ്ക്കുള്ളതെന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. പതിനഞ്ച് ലേഖനങ്ങളിൽ മിക്കതും ആനുകാലികങ്ങളിലൂടെ വെളിച്ചംകണ്ടവയാണ്. ആദ്യത്തെ നാലധ്യായങ്ങളിൽ ശൈലീവിജ്ഞാനത്തിലേക്ക് പ്രവേശിക്കാനുള്ള സൈദ്ധാന്തികാടിസ്ഥാനങ്ങളും പ്രായോഗികപദ്ധതികളും അവലോകനം ചെയ്തിരിക്കുന്നു. അതിനുശേഷം, കൃഷ്ണഗാഥ, എഴുത്തച്ഛൻ കൃതികൾ, കർണഭൂഷണം, രാവണന്റെ അന്തപ്പുരഗമനം, കരുണ, ജലസേചനം, ചെമ്മനം കവിതകൾ എന്നീ കവിതകളെയും സി.വി.ശൈലി, ഭാരതപര്യടനത്തിലെ ശൈലി, എൻ. കൃഷ്ണപ്പിള്ളയുടെ നാടകഭാഷ, കുഞ്ഞിരാമൻനായരുടെ 'കവിയുടെ കാല്പാടുകൾ' എന്നിവയെയും പഠനവിധേയമാക്കുന്നു. ശാസ്ത്രകാരനെ സഹൃദയൻ കൈപിടിച്ച് സാഹിത്യോദ്യാനത്തിലേക്ക് കൊണ്ടുപോകുന്ന അപൂർവകാഴ്ച, പുസ്തകത്തിലെ താളുകളിലൂടെ സഞ്ചരിക്കുന്നവർക്ക് കാണാം. 176 പുറങ്ങളുള്ള പുസ്തകത്തിൽ എവിടെയും (മൂന്നു ലേഖനങ്ങളിലെ അടിക്കുറിപ്പുകളൊഴിച്ച്) ഇതരഗ്രന്ഥകാരന്മാരുടെ നിരീക്ഷണങ്ങളെ സൂചിപ്പിക്കുന്നില്ല. തനിക്കുവേണ്ടി, താൻതന്നെ വെട്ടിത്തെളിയിച്ച പാതയിലൂടെ പ്രയാണം ചെയ്യുന്നതിലെ തലയെടുപ്പ് ആരും ശ്രദ്ധിച്ചുപോകും. "സാഹിത്യനിരൂപണവും ഭാഷാശാസ്ത്രവും തമ്മിൽ ഒരു പൊരുത്തക്കേടിനും സൂക്ഷ്മചിന്തനത്തിൽ സംഗതിയില്ല. ഒന്ന് മറ്റേതിന് പൂരകമാണ്. സാഹിത്യാസ്വാദനം ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ഭാഷാശാസ്ത്രപരമായ ദർശനങ്ങളുടെ മേഖലകളിലും എത്തിച്ചേർന്നേ തീരൂ. മറിച്ച്, ഭാഷാശാസ്ത്രചിന്തകൾക്ക് സൂക്ഷ്മതയും പരപ്പുമേറുമ്പോൾ, സാഹിത്യകൃതികളിലെ ഭാഷാപ്രയോഗംകൂടി ശ്രദ്ധാവിഷയമാവാതെ വയ്യാ" (പു.6) എന്ന വിശ്വാസം ഗ്രന്ഥരചനാസാഫല്യത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

14.8. ശൈലീപഠനങ്ങൾ വേറെയുമുണ്ട്. ചിലത്: (i) 'കവിയും ഭാഷയും' *അന്വേഷണം ആസ്വാദനം* - എം. ഗംഗാധരൻ. സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം (1974); (ii) 'പ്രപഞ്ചത്തിന്റെ മരണം' - കെ. എം. പ്രഭാകരവാരിയർ. *വിജ്ഞാനകൈരളി* (സപ്റ്റംബർ, 1977); (iii) 'ശബ്ദവും ശബ്ദഘടനയും കവിതയിൽ' - എൻ. കൃഷ്ണപിള്ള. *ഭാഷാസാഹിതി.* 1.1. (1977); (iv) 'ശൈലീവിജ്ഞാനപരമായ വിമർശനം' - എൻ.വി. കൃഷ്ണവാരിയർ. *സാഹിത്യലോകം.* 4. 2. (1978); (v) 'കാവ്യഭാഷ'. *സമീക്ഷ* - കെ. എൻ. എഴുത്തച്ഛൻ. പൂർണാ പബ്ലിക്കേഷൻസ്, കോഴിക്കോട് (1979); (vi) 'കാവ്യഭാഷയും കാവ്യേതരഭാഷയും' - കെ. എം. പ്രഭാകരവാരിയർ. *സാഹിത്യസമിതി മാസിക.* (ഏപ്രിൽ 1979); (vii) 'ചങ്ങമ്പുഴക്കവിത - സ്റ്റൈലിസ്റ്റിക് സമീപനം' - ടി. ഭാസ്കരൻ. *ഭാഷാപോഷിണി.* 4.4 (19811); (viii) 'നമ്പ്യാർക്കവിത: ശൈലീവിജ്ഞാനപരമായ പഠനം' - വി.എസ്. ശർമ്മ. *ഭാഷാപോഷിണി.* 5. 3. (1981); (ix) 'ബിംബകല്പന' - പി. പി. നമ്പൂതിരി. *മലയാളവിമർശം.* 2. (1985); (x) 'ആദിരൂപപരമായ നിരൂപണം' - എം. ലീലാവതി. *മലയാളവിമർശം.* 2. (1985); (xi) 'ഭാഷാശാസ്ത്രവും സാഹിത്യഭാഷയും'. *തെളിവും വിളവും* - കെ. എം. പ്രഭാകരവാരിയർ (1985. ഒ.പ.1976); (xii) 'മൊഴിയും പൊരുളും' - ദേശമംഗലം രാമകൃഷ്ണൻ. *വൈലോപ്പിള്ളിക്കവിതാസമീക്ഷ.* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം (1986); (xiii) 'ഇന്ദുലേഖയിലെ ഭാഷാശില്പം' - ദേശമംഗലം രാമകൃഷ്ണൻ. *മലയാളസാഹിത്യം.* 13. 7-8. (1990); (xiv) 'ശൈലീവിജ്ഞാനീയവും സാഹിത്യഗവേഷണവും' - സി.പി. ശിവദാസൻ. *ഗദ്യകിരണങ്ങൾ.* പ്രകാശനവിഭാഗം, കേരള സർവകലാശാല, തിരുവനന്തപുരം (1992); (xv) 'ഒരു വി.കെ.എൻ. കഥയുടെ ശൈലീവിചാരം' - സി.പി. ശിവദാസൻ. പി. സി. റോയ് (എഡി.): *ചിരിയുടെ പിതാമഹൻ.* ഡി.സി. ബുക്സ്, കോട്ടയം. (1997); (xvi) 'തകഴിയുടെ ആഖ്യാനശൈലി' - സി. പി. ശിവദാസൻ. പി. വേണുഗോപാലൻ (എഡി.): *തകഴി വഴി.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം (1997); (xvii) 'കളിയച്ഛൻ ശൈലീവിജ്ഞാനീയദൃഷ്ടിയിൽ' - സി.പി. ശിവദാസൻ. *പാലയാട് ബി.ടി.എസ്. - ഡയറ്റ് സുവർണജൂബിലി സ്മരണിക* (1997-98).

14.9. സാഹിത്യഭാഷയെക്കുറിച്ച് ഭാരതീയകാവ്യമീമാംസയിലും പലതരത്തിലുള്ള വീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ഭാഷാപ്രയോഗത്തോട് പ്രത്യക്ഷബന്ധം പുലർത്തുന്ന രണ്ട് സിദ്ധാന്തങ്ങളാണ് വാമനന്റെ (ക്രി.പി. 750നും 850-നും ഇടയിൽ) രീതിസിദ്ധാന്തവും കുന്തകന്റെ (ക്രി.പി. 950നും 1050-നും ഇടയിൽ) വക്രോക്തിസിദ്ധാന്തവും. ഇവയിൽ ശൈലീവി

ജ്ഞാനത്തിലെ സങ്കല്പത്തോട് കൂടുതൽ അടുപ്പം കാണിക്കുന്നത് വക്രോക്തി വീക്ഷണമാണ്. വർണം, പദം, പ്രത്യയം, വാക്യം, പ്രകരണം (അവാന്തരകഥ), പ്രബന്ധം (കൃതി മുഴുവൻ വ്യാപിക്കുന്നത്) എന്നിവയിലെ വൈചിത്ര്യങ്ങൾ സാഹിത്യസൃഷ്ടികൾക്ക് തനിമയുളവാക്കുന്നു എന്ന വക്രോക്തിസിദ്ധാന്തത്തിലെ കാതലായ തത്ത്വംതന്നെയാണ് ശൈലീവിജ്ഞാനത്തിലും അന്തർഭവിച്ചിരിക്കുന്നത്. പക്ഷേ, സാഹിത്യഭാഷാപഗ്രഥനത്തിൽ രീതി-വക്രോക്തിസങ്കല്പങ്ങളിൽനിന്ന് ശൈലീപഠനം ഒട്ടും. മുന്നോട്ട് പോയിട്ടില്ല എന്ന ധാരണ ശരിയല്ല. ഭാഷാപഠനം പത്ത് നൂറ്റാണ്ടുകളായി സ്തംഭിച്ചുനില്ക്കുകയാണ് എന്ന് കരുതുന്നത്, താർക്കികരീതിയിൽ പറഞ്ഞാൽ, അപ്രേക്ഷണവും അപപ്രേക്ഷണവുമാണ്. മലയാളത്തിലെ ശൈലീപഠനങ്ങൾ ഇനിയുമെത്രയോ വളരേണ്ടതായിട്ടുണ്ട്.

## 15. വിവർത്തനം

15.1. വിവർത്തനം എന്ന പദത്തിന് സഹചാരികളും ഉണ്ട്. തർജുമ, ഭാഷാന്തരീകരണം, ഭാഷാന്തരണം, പരാവർത്തനം എന്നൊക്കെയാണെന്ന് എൻ. വി. കൃഷ്ണവാരിയർ പറയുന്നു; മുമ്പ് 'ഭാഷ' എന്ന പദവും ഈ അർഥത്തിൽ ഉപയോഗിച്ചിരുന്നു എന്നും (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1973-ൽ പ്രസിദ്ധീകരിച്ചതും 31 ലേഖകരുടെ പ്രബന്ധങ്ങൾ ചേർന്നതും ആയ 'വിവർത്തനം' എന്ന പുസ്തകത്തിന്റെ അവതാരികയിൽ (പു. xxii). ഈയിടെ തമിഴിൽനിന്ന് ഒരു അതിഥിയും ഈ പദങ്ങളോട് ചേർന്നിട്ടുണ്ട് - മൊഴിമാറ്റം. ഇവയിൽ വിവർത്തനം എന്ന പദമാണ് പ്രചാരത്തിൽ മുന്നിട്ട് നില്ക്കുന്നത്. സാഹിത്യത്തറവാട്ടിലെ മറ്റെല്ലാ അംഗങ്ങളെക്കാളും ഭാഷയ്ക്ക് പ്രാധാന്യമുള്ളതാണ് വിവർത്തനം. മൂലകൃതിയിലെ സത്തയെ പതിഫലിപ്പിക്കുന്നതിൽ വിവർത്തനത്തിലെ ഭാഷാശൈലിക്ക് എത്രത്തോളം പ്രാപ്തി നേടാൻ കഴിഞ്ഞു എന്ന ഒറ്റ മാനദണ്ഡമാണ് വിവർത്തനത്തിന്റെ മൂല്യം നിർണയിക്കുന്നത്. അതുകൊണ്ട്, ഭാഷാശാസ്ത്രം വിവർത്തനത്തിന്റെ മൂല്യനിർണയനത്തിൽ മുഖ്യപങ്ക് വഹിക്കുന്നു.

**15.2. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക'- വി. ആർ. പ്രബോധചന്ദ്രൻ (1995. ഒ.പ. 1974) :** വിവർത്തനത്തിലും കൈവച്ചോ പുത്തൻകൂറ്റുകാർ എന്ന് പരിഭ്രമിക്കുന്നവർക്ക് പ്രബോധചന്ദ്രന്റെ ഈ പുസ്തകം വായിച്ചാൽ അല്പമെങ്കിലും ആശ്വാസം കിട്ടിയേക്കും. അഞ്ചധ്യായങ്ങളുള്ള ഗ്രന്ഥത്തിൽ ഒന്നും രണ്ടും അധ്യായങ്ങളിൽ ഭാഷ, ഭാഷാശാസ്ത്രം എന്നീ പശ്ചാത്തലവിഷയങ്ങൾ വിവരിക്കുന്നു. വിവർത്തനത്തിന്റെ പൊതുസ്വഭാവങ്ങൾ പരിശോധിച്ചിരിക്കയാണ് മൂന്നാമധ്യായത്തിൽ. പല ഭാഷകളുള്ള ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ കൂടിയാലോചനകൾ നടത്തുമ്പോൾ, ഭാഷകൾക്ക് തമ്മിൽ പല വിവർത്തനക്രിയകളും വേണ്ടിവരും. സമ്മേളനവ്യാഖ്യാനം എന്നു പേരിട്ട നാലാം അധ്യായത്തിൽ പരസ്പരവിവർത്തനത്തിലെ താത്ത്വിക-പ്രായോഗിക





പ്രശ്നങ്ങൾ വിശദീകരിച്ചിരിക്കുന്നു. ഇന്നും സാഫല്യത്തിലെത്താത്ത യന്ത്രവിവർത്തനത്തിന്റെ ആവശ്യം, അതിന് സ്വീകരിക്കേണ്ട മാർഗങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് അഞ്ചാമധ്യായത്തിലെ പ്രതിപാദ്യം. "സ്രോതപാഠം ഏതേതാശയപ്രപഞ്ചങ്ങളെ അനുവാചകർക്ക് മുമ്പിൽ അനാവരണം ചെയ്യുമോ, അവയെല്ലാം വെട്ടിക്കുറയ്ക്കലോ കൂട്ടിച്ചേർക്കലോ കൂടാതെ, ലക്ഷ്യഭാഷമാത്രം മനസ്സിലാവുന്ന അനുവാചകർ ക്ക് പകർന്നു നല്കത്തക്കവിധത്തിൽ ലക്ഷ്യപാഠം രൂപപ്പെടുത്തിയെടുക്കുകയാണ് ഉത്തമമായ വിവർത്തനത്തിൽ ചെയ്യേണ്ടത്" (പു. 57). ഗ്രന്ഥാവസാനത്തിൽ അപരിചിതപദസൂചിയും കൊടുത്തിട്ടുണ്ട്.

## 16. രണ്ട് ശബ്ദാവലികൾ

പുതിയ ഏത് വിജ്ഞാനശാഖയുടെ വളർച്ചയ്ക്കും സാങ്കേതികശബ്ദാവലികൾ ആവശ്യമാണ്. 1970-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതാണ് 'ഭാഷാശാസ്ത്രശബ്ദാവലി'. പതിനഞ്ച് വർഷങ്ങൾക്ക് ശേഷം, കെ. പ്രകാശ്, വി.എസ്. വിജയേന്ദ്രഭാസ് എന്നിവർ ചേർന്ന് തയാറാക്കി 1985-ൽ പ്രകാശിപ്പിച്ചതാണ് 'ഭാഷാശാസ്ത്രം: സാങ്കേതികശബ്ദാവലി' (ലിപി പബ്ലിക്കേഷൻസ്, തിരുവനന്തപുരം). ഈ രണ്ട് ശബ്ദാവലികളും 'പൂർണ'മാണെന്ന് രചയിതാക്കൾ അവകാശപ്പെടുകയില്ല. അന്ന് പ്രയോഗത്തിലുണ്ടായിരുന്ന പദങ്ങളിൽ ചിലത് രണ്ടിലും ചേർത്തുകാണുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണത്തിൽ ചേർത്തിട്ടില്ലാത്ത ചില പദങ്ങൾ: ഡീപ് സ്ട്രക്ചർ (സർഫസ് സ്ട്രക്ചർ ചേർത്തിട്ടുണ്ട്) മാർജിനൽ ഫൊണീം, ഫാമിലി ട്രി, യുനീക് മോർഫീം, സോഷ്യോലിംഗ്വിസ്റ്റിക്സ്, സൈക്കോലിംഗ്വിസ്റ്റിക്സ്, ട്രി ഡയഗ്രം, ഫൊണിമിക് ഓവർലാപിംഗ്, പ്രിസപോസിഷൻ... ലിപിയുടെ ശബ്ദാവലിയിൽ ചേർക്കാത്ത ചില പദങ്ങൾ: എന്റൈൽമെന്റ്, ലിംഗ്വിസ്റ്റിക് ഓൺടോജനി, ഡിസ്കവറി പ്രൊസീജർ, ടാഗ് ക്വസ്റ്റ്യൻ, എംബഡഡ് കൺസ്ട്രക്ഷൻ, സെൻറൻസ് ആഡ്വർബിയൽ, നോമിനൈലേഷൻ, കൊഹിയറൻസ്... ഭാഷാശാസ്ത്രത്തിന് വന്ന വികാസത്തെ പരിഗണിച്ച്, പുതിയ ശബ്ദാവലി തയാറാക്കേണ്ടിയിരിക്കുന്നു. നിഘണ്ടുകളെക്കാൾ പദവിവരണകോശങ്ങളായിരിക്കും കൂടുതൽ പ്രയോജനകരം.

## 17. സമാഹാരങ്ങൾ

ഭാഷാശാസ്ത്രലേഖനങ്ങൾ ഉൾപ്പെട്ട ചില സമാഹാരങ്ങളും വന്നിട്ടുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ: (i) 'മലയാളഭാഷാപഠനങ്ങൾ' - കെ.എം. പ്രഭാകരവാരിയർ & പി. എൻ. രവീന്ദ്രൻ (സമ്പാ.) (1974). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. ദ്വയാർഥവാക്യഘടന, പദബന്ധരചന, ഗുരുതയും ലഘുതയും, മാർഗവിഭക്തി, സമുച്ചയരൂപങ്ങൾ, ഭൂതകാലരൂപവത്കരണം, സ്വരമാത്ര, സ്വനിമങ്ങളും അക്ഷരങ്ങളും, രാമചരിതഭാഷ എന്നിവയെക്കുറിച്ചാണ് ലേഖനങ്ങൾ. (ii) 'ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ' - എ. പി. ആൻഡ്റൂസ്കുട്ടി (2004). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വ്യാകരണവും ഭാഷാശാസ്ത്രവും, ഭാഷയും മനസ്സും, താരതമ്യസിദ്ധാന്തങ്ങൾ, അന്തർവിദ്യാപഠനം, ഗോദവർമയും മലയാളഭാഷാപഠനവും, ചോംസ്കിയൻ വ്യാകരണം, ഭാഷാഭേദസർവെ, പറയഭാഷയിലെ പദാവലി, ആഗോളവൽക്കരണവും മലയാളവും, ഭാഷാശാസ്ത്രജ്ഞനായ ഗുണ്ടർട്ട്, മലയാളം: രണ്ടാം ഭാഷയുടെ അധ്യാപനം എന്നീ ലേഖനങ്ങൾ. (iii) 'ഭാഷാശാസ്ത്രം മലയാളത്തിൽ: ഇന്നലെ, ഇന്ന്, നാളെ' - വി. ശരത്ചന്ദ്രൻ നായർ (എഡി.) (2005). സതേൺ ലാംഗ്വേജ് സെന്റർ, മൈസൂർ. സ്വനവിജ്ഞാനം വ്യാകരണത്തിൽ, പദബന്ധം, ദ്വിതീയഭാഷാബോധനം, കവിത ക്ളാസുമുറിയിൽ, കംപ്യൂട്ടറും മലയാളഭാഷയും, വിമർശനാത്മകഭാഷാശാസ്ത്രം, ഭാഷാശാസ്ത്രവും സാഹിത്യസിദ്ധാന്തങ്ങളും, വർത്തമാനപ്പത്രങ്ങൾ :തലക്കെട്ടിന്റെ ഭാഷ, സിനിമയുടെ ഭാഷ എന്നീ ലേഖനങ്ങൾ. (iv) 'ഭാഷയും സമൂഹവും' - എൻ. ഗോപിനാഥൻനായർ (എഡി.) (2006). പ്രസിദ്ധീകരണവിഭാഗം, കാലിക്കറ്റ് സർവകലാശാല. ഉൾക്കരുത്തുള്ള ഭാഷാചിന്തകൾ, ചിലപ്പതികാരത്തിലെ മലനാട്ടുവഴക്കങ്ങൾ, ദ്വീപുകൾക്ക് പേര് വന്ന വഴി, കേരളപാണിനീയം ഇംഗ്ലീഷ് പരിഭാഷ, മലയാളപഠനം ഉത്തരേന്ത്യയിൽ, നിഘണ്ടുവും സമൂഹവും, ആസൂത്രണത്തിന്റെ മലയാളപാഠങ്ങൾ, ആദിവാസി ഭാഷകൾ, ഋഗ്വേദപ്രതിശാഖ്യം എന്നീ ലേഖനങ്ങൾ.

## 18. ഒറ്റപ്പെട്ട ഒരു കൃതി

കെ. സുഗതന്റെ 'മൊഴിയറിവ്' (2002. ഒ.പ. 1999. മാതൃഭൂമി, കോഴിക്കോട്) എന്ന കൃതിയെ ഏത് ഭാഷാപഠനശാഖയിലാണ് ഉൾപ്പെടുത്തേണ്ടത് എന്ന് അറിയില്ല. "...ചില പുസ്തകങ്ങൾ വായിച്ചു. വായിച്ചപ്പോൾ അറിവുണ്ടായി. അതിന്റെ കൂടെ കുറെ സംശയങ്ങളും. അടുക്കും ചിട്ടയുമില്ലാതെ ആ അറിവുകളും സംശയങ്ങളും എഴുതിക്കൂട്ടിയപ്പോൾ ഒരു പുസ്തകമായി." (ഒന്നാംപതിപ്പിന്റെ മുഖവുരയിൽ). അടുക്കും ചിട്ടയുമില്ലാതെ എഴുതിക്കൂട്ടിയ ഈ പുസ്തകത്തിൽനിന്ന് ചില വാക്യങ്ങൾ ഉദ്ധരിക്കുന്നു: (i) "...തൊല്കാപ്പിയമാണ് ആദ്യത്തെ മലയാളവ്യാകരണമെന്നു വരുന്നു" (പു. 14); (ii) "ലിബികളുടെ മാല ലിബിമാല" (പു. 24); (iii) "വർഗങ്ങളുടെ ക്രമം ഓഷ്ഠ്യം, കണ്ഠ്യം, താലവ്യം, ദന്ത്യം, വർത്സ്യം, മൂർധന്യം" (പു. 35); (iv) "അ + അൻ മലയാളത്തിൽ അവൻ ആയി...പണ്ട് മലയാളത്തിലെ അ ഓഷ്ഠ്യമായിരുന്നതുകൊണ്ട് വ് ഇടയിൽ വന്നു. അങ്ങനെ 'അവൻ' പിറന്നു (പു. 67-68); (v) "പുരുഷപ്രത്യയം കളഞ്ഞതിന്റെ ക്രെഡിറ്റും ഡിസ്ക്രെഡിറ്റും മലയാളക്കാർക്കുതന്നെയാണ്. അത് വരുത്തരുടെ മേൽ കെട്ടിവെക്കേണ്ട ആവശ്യമില്ല" (പു. 81); (vi) "പഴയ മലയാളവും പഴയ തമിഴും തെക്കൻ ദക്ഷിണദ്രാവിഡവും ഒന്നുതന്നെയാണ്. അതിൽനിന്നാണ് ഇന്നത്തെ മലയാളവും ഇന്നത്തെ തമിഴും ഉണ്ടായത്" (പു. 93). ഗ്രന്ഥാവസാനത്തിൽ കൊടുത്ത സൂചിതരേഖകളുടെ പട്ടികയിൽ (സ്വയംസൃഷ്ടമായ ലോകലിപിയിൽ) നാല് പണ്ഡിതന്മാർ ലീലാതിലകം എന്ന പേരിൽ നാല് ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി കാണുന്നു.





## 19. പിൻമൊഴി

മറ്റ് വിജ്ഞാനശാഖകളെപ്പോലെ ഭാഷാശാസ്ത്രത്തിലും, പ്രസിദ്ധീകരണവിഷയത്തിൽ, മലയാളം വളരെ പിന്നോക്കാവസ്ഥയിലാണ്. അടുത്ത കാലത്തായി ഭാഷാശാസ്ത്രത്തിലുണ്ടായ വികാസത്തെക്കുറിച്ച് ഒരേകദേശബോധം ഉണ്ടാവാൻ, നിലവിലുള്ള മുഖ്യഭാഷാശാസ്ത്രപഠനവിഷയങ്ങളുടെ പട്ടിക നോക്കുക: ആന്ത്രപ്പോളോജിക്കൽ 'ലിംഗ്വിസ്റ്റിക്സ്', എത്നൊ—, സൈക്കോ—, സോഷ്യോ—, ന്യൂറോ—, കംപ്യൂട്ടേഷനൽ—, കോഗ്നറ്റീവ്—, ലിംഗ്വിസ്റ്റിക് ഓൺടോജനി, സ്റ്റൈലിസ്റ്റിക്സ്, ലാംഗ്വേജ് ആന്റ് ഫിലോസഫി, ലാംഗ്വേജ് ആന്റ് കൾചർ...ഇവയിൽ പലതിലും ആധികാരികമായ അടിസ്ഥാനഗ്രന്ഥങ്ങൾ മലയാളത്തിലില്ല. ഇതുവരെ മലയാളത്തിൽ വന്നിട്ടുള്ള ഭാഷാശാസ്ത്രപഠനങ്ങൾ നിസ്സാരങ്ങളാണെന്ന അർഥത്തിലല്ല ഇക്കാര്യം ഓർമിപ്പിക്കുന്നത്. സ്വന്തം ബലത്തെക്കാൾ, ബലഹീനതയെക്കുറിച്ചുള്ള അറിവാണ് മനുഷ്യനെ മുന്നോട്ടു നയിക്കുന്നതിൽ ശക്തമായ പ്രചോദനമാകുന്നത്. ഈ പ്രബന്ധത്തിലെ അവലോകനം താഴെ പറയുന്ന ചില ചിന്തകളിലേക്കാണ് ലേഖകനെ കൊണ്ടുചെല്ലുന്നത്: (i) മലയാളത്തിലെ ഭാഷാശാസ്ത്രപഠനം, സൈദ്ധാന്തികതലത്തിൽ, ആദ്യപകുതിയിൽ (ഏതാണ്ട് 90 വരെ) ഊർജസ്വലമായിരുന്നു; അതിനുശേഷം സിദ്ധാന്തപഠനങ്ങൾ മന്ദഗതിയിലാവുന്നുണ്ട്. (ii) പ്രായോഗികമൂല്യമുള്ള പുതിയ പഠനവിഷയങ്ങളിലേക്ക് വിദ്യാർഥികളുടെ ശ്രദ്ധ തിരിഞ്ഞതോടെ, അത്രതന്നെ മൂല്യം കല്പിക്കാനാവാത്തവ ആകർഷകങ്ങളല്ലാതായിത്തീർന്നു; രണ്ടാമത്തെ വകുപ്പിൽ ഭാഷാശാസ്ത്രവും പെടുന്നു. (iii) സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റം പുതിയ തലമുറയുടെ താത്പര്യങ്ങളിൽ പ്രകടമായ വത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഏത് വിദ്യാർജനവും സാമൂഹികപ്രശ്നങ്ങളോട് പ്രത്യക്ഷമായി ബന്ധപ്പെടുത്തിയാവണമെന്നുള്ള നിലപാടിലേക്കാണ് ആ മാറ്റം അവരെ കൊണ്ടുചെല്ലുന്നത്. ഭാഷാശാസ്ത്രത്തിലും സമൂഹാടിസ്ഥാനത്തിലുള്ള അന്വേഷണങ്ങളാണ് അടുത്തകാലത്തായി കൂടുതൽ നടക്കുന്നത്. (iv) സാമ്പ്രദായിക രീതികളെ ആവുന്നേടത്തോളം തള്ളിമാറ്റുക; സാഹസികങ്ങളാണെങ്കിൽപോലും, പുതിയ മേഖലകളിലേക്ക് തള്ളിക്കയറുക - സമകാലികരിലെ ഈ മനോഭാവം ഭാഷാശാസ്ത്രപഠനത്തെയും സ്വാധീനിച്ചിട്ടുണ്ട്.

### ഗ്രന്ഥസൂചി

#### (എ) വ്യാകരണം


ആന്റണി, സി. എൽ. 1969 *ഭാഷാപഠനങ്ങൾ,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

................ 1989(1973) *കേരളപാണിനീയഭാഷ്യം,* ഡി. സി. ബുക്സ്, കോട്ടയം.

ഗുണ്ടർട്ട്, ഹെർമൻ 1991 (1868, 1851) *മലയാളഭാഷാവ്യാകരണം* ഡി. സി. ബുക്സ്, കോട്ടയം.

ഗോപിക്കുട്ടൻ 2002 *മലയാളവ്യാകരണം* കറന്റ് ബുക്സ്, കോട്ടയം.

ഗോപിനാഥപിള്ള, എൻ.ആർ 1980 *അനുബന്ധം* സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

.......................... 1980 *പാഠവും പഠനവും* ഡി. സി. ബുക്സ്, കോട്ടയം.

ചന്ദ്രശേഖരൻനായർ, സി. കെ. 1968 *മലയാളത്തിന്റെ വളർച്ച: ചില വശങ്ങൾ* നാഷനൽ ബുക് സ്റ്റാൾ, കോട്ടയം.

.......................... 1972 *പഠനങ്ങൾ* നാഷനൽ ബുക് സ്റ്റാൾ, കോട്ടയം.

.......................... 1996 *അടിസ്ഥാനവ്യാകരണം* (രണ്ട് ഭാഗങ്ങൾ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജോൺ കുന്നപ്പള്ളി 1986 (1976) *ശബ്ദസൗഭഗം,* നാഷനൽ ബുക് സ്റ്റാൾ, കോട്ടയം.

നമ്പൂതിരി, ഇ.വി.എൻ. 1996 'മലയാളവ്യാകരണങ്ങൾ കേരള പാണിനീയത്തിനുശേഷം' വേണുഗോപാലപ്പണിക്കർ (പ്രസാ.) *വ്യാകരണപഠനങ്ങൾ.* മലയാളവിഭാഗം, കാലിക്കറ്റ് സർവകലാശാല.

.......................... 2005 *കേരളഭാഷാവ്യാകരണം* ഡി. സി. ബുക്സ്, കോട്ടയം.

പ്രഭാകരവാരിയർ, കെ. എം. 1979 *സ്റ്റഡീസ് ഇൻ മലയാളം ഗ്രാമർ* മദിരാശി സർവകലാശാല, മദിരാശി.

.......................... 1988 *മൊഴിയും പൊരുളും* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

.......................... 1998 *മലയാളവ്യാകരണസമീക്ഷ* വള്ളത്തോൾവിദ്യാപീഠം, ശുകപുരം.

പ്രസാദ്, സി. ആർ 2002 *വ്യാകരണം,* ഡി. സി. ബുക്സ്, കോട്ടയം.

മീരാക്കുട്ടി, പി. 1982 *കേരളപാണിനീയം- ചില അനുബന്ധചിന്തകൾ,* എൻ. ബി. എസ്., കോട്ടയം.

മൂസ്സത്, എൻ. എൻ. 1984 *വ്യാകരണവിവേകം* സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

മോഹൻ ഭാസ്, വി. എസ്. 1987 *മലയാളക്രിയകൾ* ലിപി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

രവി ഇരിഞ്ചയം 2001 (1994) *വ്യാകരണനിഘണ്ടു,* ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ എഡ്യൂക്കേഷൻ & റിസേർച്ച് തിരുവനന്തപുരം.

രാധാകൃഷ്ണൻ മല്ലശ്ശേരി (സമ്പാ.) 1996 *മലയാളവ്യാകരണപഠനങ്ങൾ* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാമകുമാർ, വി. 2001 *സമ്പൂർണവ്യാകരണം* സിസോ ബുക്സ്, തിരുവനന്തപുരം.

രാമചന്ദ്രൻ നായർ, പന്മന 2003 *നവയുഗശില്പി രാജരാജവർമ്മ* കറന്റ് ബുക്സ്, കോട്ടയം.

രാമചന്ദ്രപ്പൈ, കെ.വി. 1979 *വ്യാകരണപഠനങ്ങൾ* ലില്ലി ബുക് സെന്റർ, ചങ്ങനാശേരി.

വാസുദേവഭട്ടതിരി, സി.വി. 1970 *ഭാഷാശാസ്ത്രം,* കറന്റ് ബുക്സ്, തൃശൂർ.

................................ 1972 *കേരളപാണിനീയത്തിലൂടെ* ഗീതാ പബ്ലിക്കേഷൻസ്, അയിരാണിക്കുടി.

................................ 1980 *അഭിനവമലയാളവ്യാകരണം* നാഷനൽ ബുക് സ്റ്റാൾ, കോട്ടയം.

................................ 1995 *മലയാളവ്യാകരണം പ്രയോഗത്തിൽ* കറന്റ് ബുക്സ്, കോട്ടയം.

വേണുഗോപാലപ്പണിക്കർ, ടി.ബി. 1971 'വ്യാകരണചർച്ചയ്ക്ക് ഒരാമുഖം' *സാഹിത്യലോകം.* 2. 3-5

................................ 1996-എ 'കേരളപാണിനീയഭാഷ്യവിമർശനം'. വേണുഗോപാലപ്പണിക്കർ (പ്രസാ.) *വ്യാകരണപഠനങ്ങൾ,* മലയാളവിഭാഗം കാലിക്കറ്റ് സർവകലാശാല.

................................ (പ്രസാ.) 1996-ബി *വ്യാകരണപഠനങ്ങൾ,* മലയാളവിഭാഗം കാലിക്കറ്റ് സർവകലാശാല.

................................ 1999 *വാക്കിന്റെ വഴികൾ,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

................................ 2006-എ *ഭാഷാലോകം* ഡി. സി. ബുക്സ്, കോട്ടയം.

വേണുഗോപാലപ്പണിക്കർ, ടി.ബി. 2006-ബി *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും* കേരളസാഹിത്യ അക്കാദമി, തൃശൂർ.

ശ്രീകുമാരി, കെ. 2003 *മലയാളത്തിലെ നാമവർഗം* താരതമ്യപഠനസംഘം, ചങ്ങനാശേരി.

സുകുമാരപിള്ള, കെ. 1980 *കൈരളീശബ്ദാനുശാസനം* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## (ബി) ഭാഷാശാസ്ത്രം


അച്യുതനുണ്ണി, ചാത്തനാത്ത് 1971 *ഭാഷ ഒരു പഠനം,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

അച്യുതനുണ്ണി,ചാത്തനാത്ത് & *രാഘവവാരിയർ എം.ആർ.* 1984 *ശൈലീവിജ്ഞാനം- സമകാലപഠനങ്ങൾ.* വള്ളത്തോൾവിദ്യാപീഠം, ശുകപുരം.

അജയകുമാർ, എൻ. 1988 'ഘടനാസിദ്ധാന്തം സാഹിത്യവിമർശനത്തിൽ' *മലയാളവിമർശം.* 8.

അനിൽ വള്ളത്തോൾ 1997 *വള്ളത്തോളിന്റെ കാവ്യശൈലി* വള്ളത്തോൾവിദ്യാപീഠം, ശുകപുരം.

ആനന്ദൻ, കെ. എൻ. 2003 *ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആൻഡ്രൂസ്കുട്ടി, എ.പി. 1987 'ഭാഷാശാസ്ത്രത്തിന്റെ പ്രസക്തി' *വിജ്ഞാനകൈരളി.* 18.3.

........................................ 2004 *ഭാഷാശാസ്ത്രം : സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഉഷാ നമ്പൂതിരിപ്പാട്. 1994 *സാമൂഹികഭാഷാവിജ്ഞാനം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുഞ്ചുണ്ണിരാജാ, കെ. 2000 *ഭാഷാദർശനവും ചരിത്രവും.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കൃഷ്ണവാരിയർ, എൻ.വി. 1977 *വള്ളത്തോളിന്റെ കാവ്യശില്പം.* കേരള സർവകലാശാല, തിരുവനന്തപുരം.

ഗിരീഷ്, പി.എം. 1998 *കേരളത്തിലെ ആചാരഭാഷ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

........................................ 2001 *അധികാരവും ഭാഷയും.* പാപ്പിയോൺ, കോഴിക്കോട്.

ഗോപിനാഥൻ നായർ, എൻ. *(എഡി.).* 2006 *ഭാഷയും സമൂഹവും : ഭാഷാശാസ്ത്രപഠനങ്ങൾ.* പ്രസിദ്ധീകരണവിഭാഗം കലിക്കറ്റ് സർവകലാശാല.

ഗോപിനാഥൻ നായർ, ബി. 1994 'ഭാഷാഭേദപഠനം'. *ഗവേഷണപ്രതിഭ.* (ഡോ. കെ.എം. ജോർജ് അശീതി സ്മരണിക). ഡി.സി. ബുക്സ്, കോട്ടയം.

നമ്പൂതിരി ഇ.വി.എൻ. ? *ഭാഷാശാസ്ത്രപ്രവേശിക.* കേരള സർവകലാശാല, തിരുവനന്തപുരം.

........................................ 1977 *വാക്യഘടന.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

........................................ 2002 *ഭാഷാവിജ്ഞാനീയം.* പൂർണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.

പ്രകാശ്, കെ. & വി. എസ്. വിജേന്ദ്രഭാസ് 1985 *ഭാഷാശാസ്ത്രം: സാങ്കേതികശബ്ദാവലി.* ലിപി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

പ്രബോധചന്ദ്രൻ, വി.ആർ.. 1995 (ഒ.പ.1974) *വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

........................................ 1980 *സ്വനവിജ്ഞാനം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

........................................ 2003 *ശൈലീഭംഗികൾ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രഭാകരവാരിയർ, കെ.എം. 1976 *കവിതയിലെ ഭാഷ.* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം.

........................................ (പ്രസാ.) 1976 *ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ.* ഭാഷാശാസ്ത്രവിഭാഗം, അണ്ണാമലൈ സർവകലാശാല, അണ്ണാമലൈ നഗർ.

........................................ 1980 *സ്വനിമവിജ്ഞാനം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

| | | |
|---|---|---|
| പ്രഭാകരവാരിയർ, കെ.എം. | 2002 | *ഭാഷാശാസ്ത്രവിവേകം.* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| പ്രഭാകരവാരിയർ, കെ.എം. & ശാന്താ അഗസ്റ്റിൻ | 1972 | *ആധുനികഭാഷാശാസ്ത്രം:* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ബാബുരാജ്, കെ. കെ. | 2001 | *വംശീയതയും ഭാഷയും,* പാപ്പിയോൺ, കോഴിക്കോട്. |
| ബാലകൃഷ്ണൻ, ബി.സി. | 1974 (ഒ.പ.1962) | *ഭാഷാവിജ്ഞാനം.* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം. |
| *ഭാഷാശാസ്ത്രശബ്ദാവലി.* | 1970 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| രാജേന്ദ്രൻ, സി. | 2000 | *സൊസ്സ്യൂർ: ഘടനാവാദത്തിന്റെ ആചാര്യൻ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| രാമകൃഷ്ണൻ, ദേശമംഗലം. | 2000 (ഒ.പ.1986). | *കാവ്യഭാഷയിലെ പ്രശ്നങ്ങൾ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ............................................ | 2004 (1989). | *കവിയുടെ കലാതന്ത്രം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ലീലാദേവി, ആർ. | 1973 | *മലയാളഭാഷാശാസ്ത്രം.* വീനസ് പ്രസ് & ബുക് ഡിപ്പോ, കോന്നി. |
| വാസുദേവഭട്ടതിരി, സി.വി. | 1970 | *ഭാഷാശാസ്ത്രം.* കറന്റ് ബുക്സ്, തൃശ്ശൂർ. |
| വേണുഗോപാലപ്പണിക്കർ, ടി.ബി. | 1981 | *സ്വനമണ്ഡലം* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം. |
| ............................................ | 1987 | *നോം ചോസ്കി.* വിശ്വദർശന, തൃശ്ശൂർ. |
| ............................................ | 1989 | കേരളത്തിലെ ആദിവാസിഭാഷാപഠനങ്ങൾ, *വിജ്ഞാനകൈരളി.* 20.3. |
| ............................................ | 1997 | *ഭാഷാർഥം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ............................................ | 2006-എ | *ഭാഷാലോകം.* ഡി. സി. ബുക്സ്, കോട്ടയം. |
| വേണുഗോപാലപ്പണിക്കർ, ടി.ബി. | 2006-ബി | *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും.* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ. |
| വേലപ്പൻ, കെ. | 1994 | *ആദിവാസികളും ആദിവാസിഭാഷകളും* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| വേദബന്ധു. | 1972 | *അർഥവിജ്ഞാനം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| സുഗതൻ, കെ. | 1999 | *മൊഴിയറിവ്* മാതൃഭൂമി, കോഴിക്കോട്. |
| സോമശേഖരൻ നായർ, പി. | 1973 | *ഭാഷാഭേദവിജ്ഞാനം* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം. |
| ............................................ | 1977 | *പണിയഭാഷ.* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം. |
| സോളി വി. ആർ. & കെ. ജോയ് പോൾ. | 1999 | *ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും.* മലയാളപഠനഗവേഷണകേന്ദ്രം, തൃശ്ശൂർ. |
| റോയ്, സി. ജെ. | 1982 | *ഭാഷാദർശനം.* നാഷനൽ ബുക്സ്റ്റാൾ, കോട്ടയം. |

# അൻപതുവർഷത്തെ സാഹിത്യഗവേഷണം

ഡി. ബഞ്ചമിൻ

മലയാള സാഹിത്യഗവേഷണത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1938 -ലാണ്. ഡോ. ചേലനാട്ട് അച്യുതമേനോൻ ലണ്ടൻ സർവ്വകലാശാലയിൽ എഴുത്തച്ഛനെക്കുറിച്ചു സമർപ്പിച്ച പ്രബന്ധത്തിന് പി.എച്ച്. ഡി. ബിരുദം നേടിയത് ആ വർഷമാണല്ലോ. നിശ്ചിതമായ ഒരു രീതിശാസ്ത്രം പാലിച്ച് സർവകലാശാലാതലത്തിൽ നടത്തുന്ന സാഹിത്യഗവേഷണത്തിന്റെ കാര്യമാണിത്. അതിനു മുൻപും ഗവേഷണാത്മകപഠനങ്ങൾ നടന്നിരുന്നു. സാഹിത്യചരിത്രകാരനായ ഉള്ളൂരും സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയും വടക്കുംകൂർ രാജരാജവർമ്മയും പ്രാചീന മധ്യകാലസാഹിത്യത്തെക്കുറിച്ചു നടത്തിയ അന്വേഷണങ്ങൾ ധാരാളം ഉൾക്കാഴ്ചകൾകൊണ്ടനുഗൃഹീതമാണ്. പലപ്പോഴും പ്രാചീനകൃതികളുടെ കാലത്തെയും കർത്തൃത്വത്തെയും അവയുടെ ഭാഷാസ്വരൂപത്തെയും കുറിച്ചുള്ളതായിരുന്നു ഈ അന്വേഷണങ്ങൾ. ടെക്സ്ചൽ ക്രിട്ടിസിസത്തിന്റെ വളരെ അടുത്തുനില്ക്കുന്ന പ്രൗഢമായ ഗവേഷണങ്ങളും ഇക്കൂട്ടത്തിൽപ്പെടും. സാഹിത്യപഞ്ചാനനന്റെ വിമർശത്രയം ശ്രദ്ധേയവും വ്യത്യസ്തവുമാകുന്നത് അവയുടെ ഗവേഷണസ്വഭാവംകൊണ്ടാണ്. അവഗണനീയമല്ലാത്ത കണ്ടെത്തലുകളും ഉൾക്കാഴ്ചകളും കാഴ്ചവയ്ക്കുന്നതാണ് ഈ ഗവേഷണ പഠനങ്ങളെങ്കിലും വസ്തുതകളെക്കാൾ ഐതിഹ്യങ്ങളെയും അഭ്യൂഹങ്ങളെയും ജ്യോതിഷസൂചനകൾപോലുള്ള യുക്തിസഹമല്ലാത്ത തെളിവുകളെയുമാണവർ ആശ്രയിച്ചത്. കൃതികളിലെ സാഹിതീയവും ഭാവനാത്മകവുമായ പരാമർശങ്ങളെ 'ഡേറ്റ'യായി സ്വീകരിക്കുക എന്ന അപകടവും അവർക്കു സംഭവിച്ചു പോയിട്ടുണ്ട്. ഉണ്ണുനീലിയുടെ നിറത്തെക്കുറിച്ചും ആദിത്യവർമ്മയുടെ വംശത്തെക്കുറിച്ചുമൊക്കെ നടന്ന വാശിപിടിച്ച ചർച്ചകൾ ഗവേഷണമെങ്ങനെ കാടുകയറാമെന്നതിനു തെളിവാണ്. ഇതൊക്കെ സത്യമാണെങ്കിലും മലയാള സാഹിത്യഗവേഷണത്തിന് സമ്പന്നമായ ഭൂമിക സൃഷ്ടിച്ചത് അവരാണെന്ന കാര്യത്തിൽ സംശയമില്ല.

സർവകലാശാലാതലത്തിൽ ആധുനികരീതിയിലുള്ള സാഹിത്യ ഗവേഷണം ഊർജ്ജസ്വലമാകുന്നത് 1963-ൽ കേരള സർവകലാശാലയിൽ





ഡോ. പി. കെ. നാരായണപിള്ളയുടെ നേതൃത്വത്തിൽ മലയാളവിഭാഗം സംഘടിപ്പിക്കപ്പെട്ടതോടെയാണ്. 1968-ൽ കൂടുതൽ അദ്ധ്യാപകരെ ചേർത്ത് മലയാളവിഭാഗം വിപുലീകരിക്കപ്പെട്ടു. ഇവിടെ മലയാളഗവേഷണമാരംഭിക്കുന്നത് ഭാഷയ്ക്കും സാഹിത്യത്തിനും തുല്യപ്രാധാന്യം കല്പിച്ചുകൊണ്ടായിരുന്നു. അതിന്റെ പിന്നിൽ വ്യക്തമായ ഒരു ആസൂത്രണമുണ്ടായിരുന്നു. ഭാഷയിൽ നടക്കുന്ന ഗവേഷണങ്ങൾ സമഗ്രമായ ഒരു ഭാഷാചരിത്രരചനയ്ക്ക് സഹായകമാകണം. സാഹിത്യഗവേഷണം വിപുലവും പൂർണ്ണവുമായ ഒരു സാഹിത്യചരിത്രരചനയ്ക്കുവേണ്ട കരുക്കളൊരുക്കണം. ഇതായിരുന്നു ആസൂത്രണത്തിന്റെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ ആദ്യകാലത്ത് നടന്ന സാഹിത്യഗവേഷണങ്ങൾക്ക് ഒരുതരം അവലോകനപരമായ സ്വഭാവമുണ്ടായി. സാഹിത്യപ്രസ്ഥാനങ്ങളെയും എഴുത്തുകാരുടെ സംഭാവനകളെയും സമഗ്രമായി വിലയിരുത്തുന്ന കുറേയധികം ഗവേഷണപ്രബന്ധങ്ങൾ പുറത്തുവന്നു. അതിനുശേഷംമാത്രം പ്രവണതകളേയോ സാഹിതീയപ്രശ്നങ്ങളെയോ ആസ്പദമാക്കിയുള്ള ഗവേഷണമനുവദിച്ചാൽ മതി എന്ന് അലിഖിതമായ ഒരു ധാരണയുണ്ടാവുകയും ചെയ്തു. പില്കാലത്ത് 'ഒരു പഠനം' എന്ന പേരിൽ പരിഹസിക്കപ്പെട്ട ഗവേഷണത്തിന്റെ പാരമ്പര്യമുണ്ടായത് അങ്ങനെയാണ്. മണിപ്രവാളത്തെയും കണ്ണശ്ശകൃതികളെയും സന്ദേശകാവ്യപ്രസ്ഥാനത്തെയും ചമ്പൂപ്രസ്ഥാനത്തെയും നമ്പ്യാർകൃതികളെയുമൊക്കെക്കുറിച്ചുള്ള സാമാന്യാന്വേഷണങ്ങൾ നടന്നതങ്ങനെയായിരുന്നു. കേരളസർവകലാശാലയിലെ 'എം. ഫിൽ' ഗവേഷണംപോലും ഈ ലക്ഷ്യത്തിനനുസരിച്ച് വ്യവസ്ഥപ്പെടുത്തിയിരുന്നു. മഹാകാവ്യപ്രസ്ഥാനം നോവൽ, ചെറുകഥ, ഭാവഗീതം തുടങ്ങിയവയെക്കുറിച്ച് മൂന്നുവർഷംവീതം എം. ഫിൽ. ഗവേഷണം നടന്നു. തുടർന്ന് പി.എച്ച്. ഡി. ഗവേഷണത്തിനു സാദ്ധ്യതയില്ലാത്ത മൈനർ എഴുത്തുകാരെക്കുറിച്ചുള്ള സാമാന്യപഠനങ്ങൾക്കായി ഊന്നൽ. ഇത്രയും ഇവിടെ വിശദീകരിച്ചത് മലയാളഗവേഷണത്തിന് അതിന്റെ ആദ്യഘട്ടത്തിൽ ആസൂത്രിതമായ ഒരു ദിശാബോധമുണ്ടായിരുന്നു എന്നു വ്യക്തമാക്കാനാണ്.

അപ്പോഴേയ്ക്കു കേരളത്തിൽ മറ്റു സർവകലാശാലകളുണ്ടായി. ആദ്യം കോഴിക്കോട്ടും പിന്നെ കോട്ടയത്തും സർവകലാശാലകൾ രൂപംകൊണ്ടു. തുടർന്ന് ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലയും കണ്ണൂർ സർവകലാശാലയും നിലവിൽ വന്നു. ഇവിടെയെല്ലാം മലയാളവിഭാഗങ്ങളുണ്ടാവുകയും സാഹിത്യഗവേഷണരംഗം വളരെ ചലനാത്മകമാവുകയും ചെയ്തു. അലിഗഡ് മുസ്ലീം സർവകലാശാല, മധുര കാമരാജ് സർവകലാശാല, മദ്രാസ് യൂണിവേഴ്സിറ്റി, ഗാന്ധിഗ്രാം ഡീമ്ഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലും ഇന്ന് സാഹിത്യഗവേഷണം നടക്കുന്നുണ്ട്. സർവകലാശാലകൾ തമ്മിൽ ശരിയായ ആശയവിനിമയവും അക്കാദമീയരംഗത്തെ സഹകരണവുമില്ലാത്തതുകൊണ്ടുതന്നെ ഗവേഷണത്തിന്റെ ആസൂത്രിതമായ വികാസം അസാദ്ധ്യമായി. പക്ഷേ സാഹിത്യ

ഗവേഷണം അത്യന്തം വൈവിദ്ധ്യപൂർണ്ണമാവുകയും വിഷയപരമായ വ്യാപ്തി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

'ഒരു പഠനങ്ങളു'ടെ കാലം മിക്കവാറുമവസാനിച്ചു. സാഹിതീയപ്രവണതകളെക്കുറിച്ചും സാഹിത്യത്തിന്റെ സാംസ്കാരിക പ്രസക്തിയെക്കുറിച്ചും സാഹിത്യത്തിന്റെ ചരിത്രമാനങ്ങളെക്കുറിച്ചും സൗന്ദര്യതലത്തെക്കുറിച്ചും പ്രത്യയശാസ്ത്ര പരിബദ്ധതയെക്കുറിച്ചുമൊക്കെ അന്വേഷണങ്ങൾ നടന്നു. സാഹിത്യഗവേഷണം വളരെ സ്വാഭാവികമായിത്തന്നെ അന്തർവിദ്യാപരമായി. താരതമ്യസാഹിത്യത്തിന്റെ പരിധിയിൽനിന്നുള്ള സ്വാധീനതാപഠനങ്ങളും പ്രമേയപഠനങ്ങളും രൂപപഠനങ്ങളും നടന്നു. വിവർത്തനം ഗവേഷണാത്മകമായ അന്വേഷണങ്ങളുടെ പുതിയ മണ്ഡലമായി അംഗീകരിക്കപ്പെട്ടു. ഏറ്റവും ഒടുവിൽ രണ്ടു പ്രധാന പ്രവണതകളാണ് കണ്ടുതുടങ്ങുന്നത്. പുതിയ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ സാഹിത്യത്തെ പഠിക്കുക. സംസ്കാരപഠനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഗവേഷണത്തിന്റെ മേഖല പരമാവധി വികസിപ്പിക്കുക.

ഇന്ന് സാഹിത്യഗവേഷണരംഗം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സ്ഥൂലവും ലളിതവുമായ 'ഗവേഷണപ്രശ്നങ്ങൾ' ഇല്ലാതായിരിക്കുന്നു എന്നതാണ്. കൂടുതൽ മൗലികവും കൂടുതൽ സൂക്ഷ്മവുമായ തലങ്ങളിലേയ്ക്ക് കടന്നുകയറാൻ ഇന്നത്തെ ഗവേഷണവിദ്യാർത്ഥി ബാദ്ധ്യസ്ഥനാകുന്നു.ശങ്കരക്കുറുപ്പിന്റെ കവിത ഒരു പഠനമെന്നോ വൈലോപ്പിള്ളിക്കവിതയിലെ ഗൃഹാതുരത്വമെന്നോ പറഞ്ഞുകൊണ്ടുള്ള ഒരന്വേഷണത്തിന്റെ സാദ്ധ്യത ഇല്ലാതായിരിക്കുന്നു. ഈ പരിണാമത്തിനിടയിൽ സംഭവിച്ച ഒരു പ്രധാനമാറ്റം പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സാഹിത്യഗവേഷണം പ്രാചീന മദ്ധ്യകാലങ്ങളെ ഒഴിവാക്കുകയും സമീപഭൂതകാലസാഹിത്യത്തിലും വർത്തമാനകാലസാഹിത്യത്തിലും കേന്ദ്രിതമാവുകയും ചെയ്തു. അത് കവിതയെക്കാൾ ഗദ്യസാഹിത്യരൂപങ്ങളോട് ഏറെ ചായ്‌വു കാട്ടി. അക്കാദമീയമെന്നതിനെക്കാൾ ജനപ്രിയതാത്പര്യങ്ങൾക്ക് ഗവേഷണത്തിന്റെമേൽ കിട്ടിയ സ്വാധീനമാണതിനു കാരണമെന്നു വാദിച്ചുകൂടായ്കയില്ല. കഴിഞ്ഞ ചില ദശകങ്ങളിൽ ഏറെ പഠിക്കപ്പെട്ടത് ഒ. വി. വിജയനും മുകുന്ദനും ആനന്ദുമൊക്കെയാണ്. വർത്തമാനകാലസാഹിത്യത്തെക്കുറിച്ചു നടത്തുന്ന ഗവേഷണത്തിനു സംഭവിക്കാവുന്ന പരിമിതികൾ ഇതിനകം പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സാഹിത്യത്തിൽ പൊതുവേ ജനസമ്മതി നേടിയ ഫെമിനിസവും ദളിത് അവബോധവുംപോലുള്ള കാഴ്ചപ്പാടുകൾ സാഹിത്യഗവേഷണത്തിലും ശക്തമായ സാന്നിദ്ധ്യം അറിയിച്ചുതുടങ്ങിയിരിക്കുന്നു.

വാസ്തവത്തിൽ മധ്യകാലസാഹിത്യത്തിനും പ്രാചീനസാഹിത്യത്തിനും ഗവേഷണസാദ്ധ്യതകൾ ഇല്ലാതായിത്തീർന്നിട്ടില്ല. ഡോക്ടറൽ കമ്മറ്റിയ്ക്കോ





ഗവേഷണമാർഗ്ഗദർശിക്കോ ഏതെങ്കിലുമൊരു വിഷയം ഗവേഷണവിദ്യാർത്ഥിയുടെമേൽ അടിച്ചേൽപിക്കാനാവില്ലെന്നതാണു പ്രശ്നം. 'സിതാര'യുടെ കഥയിൽ ഗവേഷണം നടത്താനെത്തുന്നയാളെ ഒരുപക്ഷേ സരസ്വതിയമ്മയിലെത്തിക്കാൻ കഴിഞ്ഞേക്കും; അതിനു പിന്നിലേയ്ക്കു കൊണ്ടുപോകാനാവില്ലല്ലോ.

ഇതിനൊരു മറുവശം ഉള്ളതും ശ്രദ്ധിക്കാതിരുന്നുകൂടാ. പ്രാചീനസാഹിത്യത്തിലും മധ്യകാലസാഹിത്യത്തിലും താത്പര്യം ജനിപ്പിക്കാനും അവയിൽനിന്നും ഗുരുതരമായ ഗവേഷണപ്രശ്നങ്ങൾ കണ്ടെത്തുന്നതിനു പ്രചോദനം നല്കാനും നമ്മുടെ അദ്ധ്യാപനരീതിക്കു കഴിയുന്നില്ല എന്നതാണത്.

വിഷയവൈവിദ്ധ്യവും വ്യാപ്തിയും വച്ചു നോക്കുമ്പോൾ ഇത് സാഹിത്യഗവേഷണത്തിന്റെ സുവർണ്ണദശയാണെന്നു വേണം പറയാൻ. എന്നാൽ ഗവേഷണത്തിനു സംഭവിച്ച അപചയത്തെക്കുറിച്ചാണ് നമുക്ക് ധാരാളം പരാമർശിക്കേണ്ടിവരുന്നത്. ഈ അപചയത്തിന് മൂന്നു പ്രധാന കാരണങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്.

1. ഗവേഷണത്തിൽ യഥാർത്ഥ താത്പര്യവും അതിനർഹതയുമില്ലാത്തവർ ഈ രംഗം കൈയടക്കിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും ഗവേഷണബിരുദത്തെ കോളേജദ്ധ്യാപകരുടെ പ്രമോഷൻ സാദ്ധ്യതകളുമായി ബന്ധിപ്പിച്ചതും ഇതിനു കാരണമാണ്.
2. പി. എച്ച്. ഡി.യ്ക്കുള്ള അദ്ധ്യാപകരുടെ എണ്ണം കൂടിയതനുസരിച്ച് യഥാർത്ഥ ഗവേഷണാഭിമുഖ്യമില്ലാത്ത മാർഗ്ഗദർശകരുടെ എണ്ണവും വർദ്ധിച്ചു.
3. പ്രബന്ധങ്ങൾ കർക്കശമായ സൂക്ഷ്മപരിശോധന കൂടാതെ പാടുള്ളതിലേറെ ഉദാരമനോഭാവത്തോടെ അംഗീകരിക്കപ്പെടുന്നു.
4. പരീക്ഷയുടെ അവസാനഘട്ടമായ ഓപ്പൺ ഡിഫൻസ് ഒരാഘോഷത്തിന്റെ ഛായ കൈവരിക്കുകയും ഒരുതരം 'മംഗളപത്രവായന'യുടെ അവസരമായി മാറുകയും ചെയ്യുന്നു.

പക്ഷേ ഇപ്പറഞ്ഞ കാര്യങ്ങൾ സാഹിത്യഗവേഷണത്തെമാത്രം ബാധിക്കുന്നതല്ല. സയൻസ് ഫാക്കൽറ്റിയുൾപ്പെടെ എല്ലാ അക്കാദമീയവിഭാഗങ്ങളെയും ബാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ അവയെക്കുറിച്ചുള്ള വിശദമായ ചർച്ച ഇവിടെ ഒഴിവാക്കുന്നു. എന്നാൽ മലയാളസാഹിത്യഗവേഷണത്തിന്റെ നിലവാരത്തകർച്ചയ്ക്ക് പ്രബലമായ മറ്റു ചില കാരണങ്ങളുണ്ട്.

വിഷയസ്വീകരണമാണ് ഇതിലാദ്യം പരാമർശിക്കപ്പെടേണ്ടത്. പി എച്ച്. ഡി. നിലവാരത്തിലുള്ള ഗവേഷണസാദ്ധ്യത തീരെയില്ലാത്ത വിഷയങ്ങൾ സ്വീകരിക്കുക. വേണ്ടത്ര പൂർവപഠനം കൂടാതെ പെട്ടെന്നു കൗതുകമുണർത്തുന്ന

ഒരു വിഷയം കണ്ടെത്തുക. ഗവേഷണാർഹമായ ഒരു പ്രശ്നംപോലും അതിലുണ്ടാവില്ല. ഒടുവിൽ അത്യാവശ്യമില്ലാത്ത വിശദാംശങ്ങളും പ്രബന്ധത്തിന്റെ ജൈവഘടനയുമായി ബന്ധമില്ലാത്ത കാര്യങ്ങളും ചേർത്ത് ഒരു പുസ്തകമെഴുതിയുണ്ടാക്കി സമർപ്പിക്കുക. ഈ വഴിതെറ്റലിന്റെ ഉത്തരവാദിത്വത്തിൽ വിദ്യാർത്ഥിക്കു മാത്രമല്ല, മാർഗ്ഗദർശിക്കും വിഷയമംഗീകരിക്കുന്ന ഡോക്ടറൽ കമ്മറ്റിക്കും പങ്കുണ്ടെന്ന കാര്യം അംഗീകരിച്ചേ തീരൂ.

ഏതു ഗവേഷണപ്രബന്ധത്തിനും ഫലപ്രദമായ ഒരു സൈദ്ധാന്തിക നിലപാടു വേണം. പ്രബന്ധത്തിന്റെ പരിപ്രേക്ഷ്യം നിർണ്ണയിക്കുന്നത് ഈ സൈദ്ധാന്തികമായ അടിത്തറയാണ്. പക്ഷേ സിദ്ധാന്തങ്ങളെ സംബന്ധിച്ച മൗലികഗ്രന്ഥങ്ങളിലധികവും ഇംഗ്ലീഷിലാണു ലഭിക്കുന്നത്. ഈ ആധാരഗ്രന്ഥങ്ങൾ വായിച്ച് ആശയങ്ങൾ സ്വാംശീകരിക്കുക ഗവേഷണവിദ്യാർത്ഥികൾക്ക് ശ്രമകരമായിത്തീരുന്നു. ഭൂരിപക്ഷം വരുന്നവരും ഈ സിദ്ധാന്തങ്ങളെക്കുറിച്ച് മലയാളത്തിലുണ്ടാകുന്ന ദ്വിതീയാകരങ്ങളെയോ ത്രിതീയാകരങ്ങളെയോ ആണ് ആശ്രയിക്കുന്നത്. നോവലിനെക്കുറിച്ചുള്ള ഗവേഷണത്തിന്റെ സൈദ്ധാന്തികതലം ഇന്നും എം. പി. പോളിന്റെ 'നോവൽസാഹിത്യ'ത്തെ ആസ്പദമാക്കിയാകുന്നതിന്റെ അപഹാസ്യത അവർക്കു ബോദ്ധ്യപ്പെടുന്നില്ല. ഫെമിനിസത്തിന്റെ ആധികാരികരേഖ 'പാപത്തറ'യ്ക്കു സച്ചിദാനന്ദനെഴുതിയ അവതാരികയാണ്. ഡീകൺസ്ട്രക്ഷന്റെ ആധികാരികശബ്ദം വി. സി. ശ്രീജനാണെന്ന കാര്യത്തിലും അവർക്കു സംശയമില്ല.

പ്രബന്ധരചനയുടെ രീതിശാസ്ത്രത്തോടു കാട്ടുന്ന കുറ്റകരമായ ഉദാസീനത ഗവേഷണപ്രബന്ധത്തെ വെറും വിശദീകരണങ്ങളാക്കി മാറ്റുന്നു. ഒരു വിഷയത്തെക്കുറിച്ചുള്ള മുഴുവൻ ഡേറ്റയും അപഗ്രഥിച്ചു രൂപപ്പെടുത്തുന്ന തീസിസിന്റെ അവധാനപൂർണ്ണവും യുക്തിസഹവുമായ അവതരണമാണ് – ആയിരിക്കണം ഗവേഷണപ്രബന്ധം. ഏറിയപങ്കു പ്രബന്ധങ്ങളും ഇങ്ങനെയൊരു 'തീസിസി'ലെത്തുന്നില്ല. കണ്ടെത്തിയ വസ്തുതകൾ ഒന്നുപോലും നഷ്ടമാകാതെ പല അദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്നതുകൊണ്ടുമാത്രം അവർ തൃപ്തരാകുന്നു. അവസാനം നിഗമനങ്ങളുടെ ഒരു നീണ്ടചാർത്തുമുണ്ടാകും. പ്രബന്ധഗാത്രത്തിൽ പരാമർശിക്കപ്പെടുകപോലും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചിലപ്പോൾ നിഗമനങ്ങളിൽ പ്രത്യക്ഷപ്പെട്ടെന്നു വരും. വസ്തുതകളുടെ ശാസ്ത്രീയമായ വിശകലനംകൊണ്ട് സാധൂകരിച്ചതാവണം ഈ നിഗമനങ്ങൾ എന്നുപോലും അവർ കരുതുന്നില്ല.

ഗവേഷണപ്രബന്ധത്തിന് പരിനിഷ്ഠിതമായ ഒരു ഭാഷയുണ്ടാവണമെന്ന വാദത്തെ ആദ്യം ചോദ്യം ചെയ്യുന്നത് ഗവേഷകവിദ്യാർത്ഥികളല്ല, മാർഗ്ഗദർശികളാണ്. വളരെ പ്രതീത്യാത്മകവും അലങ്കാരശബളവുമായ ഭാഷയിൽ വാഗ്മിത്വം തെല്ലുമില്ലാതെ എഴുതിയിട്ടുള്ള പ്രബന്ധങ്ങൾപോലും കാര്യമായ വിമർശനങ്ങൾ നേരിടാതെ ബിരുദാർഹമായിത്തീരുന്നു. ഗവേഷണപ്രബന്ധത്തിന്റെ ഭാഷയുടെ പരിനിഷ്ഠിതത്വമെന്ന വാദത്തെ തോല്പിക്കാൻ ദരിദയെ കൂട്ടുപിടിക്കുന്നവർപോലുമുണ്ട്.

ഗവേഷണപ്രബന്ധങ്ങൾ ശരിയായി വിലയിരുത്തപ്പെടുന്നില്ല എന്ന് നേരത്തേ സൂചിപ്പിച്ചു. ജീവിതത്തിൽ ഒരു ഗവേഷണത്തിനുപോലും ഫലപ്രദമായ മാർഗ്ഗനിർദ്ദേശം നല്കിയിട്ടില്ലാത്തവർക്കും ഇന്ന് പരീക്ഷകനോ പരീക്ഷകസമിതിയുടെ ചെയർമാനോ ആകാം. ഒരു പരീക്ഷകാഭിപ്രായത്തിൽ നിർബന്ധമായും എന്തൊക്കെ പരാമർശിക്കപ്പെടണം എന്നതിനെക്കുറിച്ചൊരു ധാരണയും അയാൾക്കുണ്ടായിരിക്കണമെന്നില്ല. കഷ്ടിച്ച് മൂന്നോ നാലോ വാക്യങ്ങളിൽ പ്രബന്ധം ബിരുദമർഹിക്കുന്നു എന്നു പ്രസ്താവിച്ചവസാനിപ്പിക്കുന്ന പരീക്ഷകാഭിപ്രായങ്ങൾപോലുമുണ്ട്. പ്രബന്ധത്തിലെ അതീവഗുരുതരമായ പരിമിതികൾ കാണാതിരിക്കുകയും 'ടൈപ്പിംഗ് എററുകൾ' മാത്രം എടുത്തുകാട്ടുകയും അങ്ങനെ അവഗണനീയമായ ചില്ലറകുഴപ്പങ്ങളേയുള്ളൂ. അതുകൊണ്ട് ബിരുദം നല്കാൻ ശുപാർശചെയ്യുന്നു എന്ന് അവസാനിപ്പിക്കുന്ന റിപ്പോർട്ടുകളുമുണ്ട്. പലപ്പോഴും ഓപ്പൺ ഡിഫൻസിൽ പ്രബന്ധമാവില്ല അപര്യാപ്തമായ റിപ്പോർട്ടാവും ഏറെ ചർച്ച ചെയ്യപ്പെടുക.

മലയാളത്തിലെ ഗവേഷണത്തെക്കുറിച്ച് ഗൗരവപൂർണ്ണമായ ഒരു വീണ്ടുവിചാരത്തിനുള്ള സമയമായിരിക്കുന്നു. അക്കാദമീയമായ നിയന്ത്രണങ്ങൾ വിട്ടുപോകുമാറ് അതിന്റെ പ്രവർത്തനമേഖല വിപുലമായിരിക്കുന്നു എന്നതു തന്നെ കാരണം. കേരളസർവകലാശാലയുടെ കീഴിൽ മാത്രം ഇന്ന് ഏഴ് അംഗീകൃതഗവേഷണകേന്ദ്രങ്ങളുണ്ട്. ഈ സർവകലാശാല അംഗീകരിച്ചിട്ടുള്ള ഗവേഷണ മാർഗ്ഗദർശികളുടെ എണ്ണം 'അറുപതു' കഴിഞ്ഞിരിക്കുന്നു. മറ്റു യൂണിവേഴ്സിറ്റികളെ സംബന്ധിച്ച വിവരങ്ങൾ കൂട്ടിച്ചേർത്താൽ പി.എച്ച്. ഡി. തലത്തിൽപ്പോലും ഒരുതരം "മാസ് പ്രൊഡക്ഷനാ"ണു നടക്കുന്നതെന്നു കാണാം. ഗവേഷണരംഗങ്ങൾ ആൾക്കൂട്ടം കൈയടക്കുന്നത് തീർച്ചയായും ആശാസ്യമല്ല. പലപ്പോഴും ബാലിശമായ വിഷയങ്ങളും വിഷയങ്ങളുടെ ആവർത്തനവുമുണ്ടാകുന്നത് ഈ പരിതസ്ഥിതിയിലാണ്. ഗവേഷണപ്രബന്ധങ്ങളിലെ ആശയചോരണങ്ങൾക്കും ഇതു കാരണമാകുന്നു. ഈ പരിതസ്ഥിതിയിൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതുണ്ട്.

ഗവേഷണത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച് ഇപ്പോഴും സമഗ്രവും നവീനവുമായ ഒരടിസ്ഥാനഗ്രന്ഥമുണ്ടായിട്ടില്ല. മലയാളഗവേഷണം ശൈശവദശയിലായിരുന്നപ്പോൾ എഴുതപ്പെട്ട രണ്ടു ലക്ഷണഗ്രന്ഥങ്ങളാണ് എടുത്തുപറയേണ്ടവ. അവയ്ക്കു ശേഷമുണ്ടായിട്ടുള്ള രണ്ടോ മൂന്നോ പുസ്തകങ്ങൾ അവയുടെപോലും നിലവാരമില്ലാത്തതാണ്. സാഹിത്യഗവേഷണത്തിലെ നവീനപ്രവണതകളും പുതിയ സാദ്ധ്യതകളും ഉൾക്കൊള്ളുന്ന ആധികാരികമായ ഒരു രീതി

ശാസ്ത്രം രചിക്കാൻ ഏതെങ്കിലുമൊരു സർവകലാശാല നേതൃത്വം നല്കിയേ തീരൂ. ഗവേഷണപ്രബന്ധത്തിന്റെ ആശയവിധാനത്തെയും സ്വരൂപത്തെയും സംബന്ധിച്ച കാര്യങ്ങൾക്ക് നാമിന്നും ആശ്രയിക്കുന്നത് എം.എൽ.എ. സ്റ്റൈൽ ഷീറ്റാണ്. മലയാളത്തിന്റെ തനതായ സവിശേഷതകളും സാദ്ധ്യതകളും കണക്കിലെടുത്ത് ഒരു സ്റ്റൈൽഷീറ്റ് തയ്യാറാക്കുന്ന കാര്യവും ശ്രദ്ധിക്കണം.

വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സർവകലാശാലകൾ ഗവേഷണം സംബന്ധിച്ച വിവരങ്ങൾ പരസ്പരം അറിയിക്കാൻ തയ്യാറാകണം. ഓരോ സർവകലാശാലയും ഓരോ സെഷനിലും എത്ര പേർക്കു രജിസ്ട്രേഷൻ നല്കി. അവരെടുത്ത വിഷയങ്ങളെന്തെല്ലാം. ഈ വിവരങ്ങൾ താമസം കൂടാതെ പരസ്പരം കൈമാറണം.

ഗവേഷണവിദ്യാർത്ഥിയാകാൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന ദിവസത്തിനു തൊട്ടുമുൻപ് മാർഗ്ഗനിർദ്ദേശിയെ കണ്ടെത്തി ധൃതിപിടിച്ച് ഏതെങ്കിലുമൊരു ഗവേഷണവിഷയം കണ്ടുപിടിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. തെരഞ്ഞെടുക്കുന്ന വിഷയത്തെക്കുറിച്ച് കുറഞ്ഞത് ആറുമാസക്കാലമെങ്കിലും അനൗപചാരികമായ പഠനം നടത്തിയ ഒരാൾക്കു മാത്രമേ മാർഗ്ഗദർശികൾ സമ്മതപത്രം നല്കാൻ പാടുള്ളു. ആ വിഷയത്തെക്കുറിച്ച് അയാൾ നേടിയിട്ടുള്ള ധാരണയുടെ ആഴവും പരപ്പും പരിശോധിക്കാൻ ഡോക്ടറൽക്കമ്മറ്റി നടത്തുന്ന അഭിമുഖത്തിനു സാധിക്കുകയും വേണം.

രജിസ്ട്രേഷൻ കിട്ടി ഒരു വർഷം പൂർത്തിയാകുമ്പോൾ അതുവരെ നടത്തിയ അന്വേഷണം പ്രതിഫലിക്കുന്ന ഒരു 'പ്രിലിമിനറി' തീസിസ് സമർപ്പിക്കണമെന്ന ചില സർവകലാശാലകളിലെ നിബന്ധന എല്ലാ സർവകലാശാലകളും അംഗീകരിക്കണം.

റിസർച്ച്ഫോറങ്ങളുടെ പ്രവർത്തനം കുറച്ചുകൂടി ഊർജ്ജസ്വലമാക്കണം. ഒരു ഗവേഷകവിദ്യാർത്ഥി തന്റെ തീസിസ് സമർപ്പിക്കുന്നതിനിടയിൽ മൂന്നു പ്രബന്ധങ്ങളെങ്കിലും ഈ ഫോറത്തിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

പി.എച്ച്. ഡി. നേടിയതുകൊണ്ടുമാത്രം ആർക്കും ഗവേഷണമാർഗ്ഗദർശിയാകാമെന്ന അവസ്ഥ മാറുകതന്നെ വേണം. പി.എച്ച്. ഡി. സമ്പാദിച്ചതിനുശേഷം കുറഞ്ഞത് രണ്ടു വർഷമെങ്കിലും ഗവേഷണരംഗത്ത് സജീവമായി പ്രവർത്തിച്ചു എന്നതിനുള്ള വിശ്വാസ്യമായ തെളിവിന്റെ അടിസ്ഥാനത്തിലേ ഗൈഡ് എന്ന അംഗീകാരം നല്കാവൂ. റിസർച്ച് ഗൈഡ് ബിരുദാനന്തരബിരുദ തലത്തിലെ അദ്ധ്യാപകനായിരിക്കണമെന്നും വ്യവസ്ഥചെയ്യണം.

സർവകലാശാലകളിലെ മലയാളവിഭാഗങ്ങളുടേയോ അക്കാദമിക് സ്റ്റാഫ് കോളജുകളുടേയോ നേതൃത്വത്തിൽ പുതുതായി അംഗീകരിക്കപ്പെടുന്ന റിസർച്ച് ഗൈഡുകൾക്ക് ഗവേഷണരീതിശാസ്ത്രം സംബന്ധിച്ച ഹ്രസ്വകാലകോഴ്സുകൾ സംഘടിപ്പിക്കണം.

ഗവേഷണപ്രബന്ധത്തിന്റെ പരീക്ഷകാഭിപ്രായമെഴുതുന്നതിനും ശാസ്ത്രീയമായ ഒരു രീതി - പാറ്റേൺ - നിർബന്ധമാക്കണം. വിഷയത്തിന്റെ സാദ്ധ്യത സ്വീകരിച്ച രീതിശാസ്ത്രത്തിന്റെ യുക്തിയുക്തത, ഗവേഷണപ്രബന്ധത്തിന്റെ എടുത്തുപറയേണ്ട മികവുകൾ, പ്രധാനപ്പെട്ട പരിമിതികൾ, എന്തുകൊണ്ട് ബിരുദം നല്കാൻ ശുപാർശ ചെയ്യുന്നു/ചെയ്യുന്നില്ല - ഇത്രയും കാര്യങ്ങളെങ്കിലും അതിൽ പരാമർശിക്കപ്പെടുന്നു എന്നുറപ്പു വരുത്തണം. ഫലപ്രദമായി ഒരു ഗവേഷണത്തിനെങ്കിലും മാർഗ്ഗനിർദ്ദേശം നല്കിയിട്ടില്ലാത്ത ആരെയും ഗവേഷണപ്രബന്ധത്തിന്റെ പരീക്ഷകരാക്കരുത്.

ഓപ്പൺ ഡിഫൻസ് ഒരുത്സവമോ ഒരാഘോഷമോ ആകാതെ ഒരു പരീക്ഷയുടെ ഗൗരവത്തോടെതന്നെ നടത്താൻ കഴിയണം. പ്രബന്ധകാരന്റെയോ പ്രബന്ധത്തിന്റെയോ അപദാനങ്ങൾ വാഴ്ത്തലാകരുത് പ്രബന്ധത്തെ സംബന്ധിച്ച സാരവത്തായ ചോദ്യങ്ങൾ ഉന്നയിക്കൽ തന്നെയാവണം ഓപ്പൺ ഡിഫൻസ്. അതിലെ ഗവേഷകവിദ്യാർത്ഥിയുടെ പ്രകടനം ബിരുദാർഹത നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണെന്ന് ഉറപ്പുവരുത്തുകയും വേണം.

# കേരളത്തിന്റെ കല
# കഴിഞ്ഞ 50 (1957-2007) വർഷങ്ങളിൽ

**വിജയകുമാർ മേനോൻ**

20-ാം നൂറ്റാണ്ടിൽ ശക്തമായ ഇൻഡ്യൻ സ്വാതന്ത്ര്യസമരം 1947 -ൽ ലഭിച്ച സ്വാതന്ത്ര്യത്തോടെ അവസാനിക്കുമ്പോൾ ഭാരതീയസാംസ്കാരിക രംഗത്ത് അഖിലഭാരതീയതയാണ് മുഖ്യമായി നിലനിന്ന ഒരു ബൗദ്ധികഭാവം. നാട്ടുരാജ്യങ്ങളുടെയും ബ്രിട്ടീഷ് വിഭജനതന്ത്രത്തിന്റെയും ഫലമായി ഛിന്നമാകാമായിരുന്ന ഭാരതത്തെ ഒരുമിച്ചുനിർത്താൻ രാഷ്ട്രീയമായും സാംസ്കാരികമായും ഏകരാഷ്ട്രചിന്ത ആവശ്യമായിരുന്നു. 1947നു ശേഷം 1950കളിൽ ഭാരതം ഫെഡറൽ റിപ്പബ്ലിക്കായപ്പോൾ ഓരോ പ്രദേശത്തെയും സവിശേഷത വീണ്ടും മിക്കവാറും വിഭാഗീയതയുടെ വേഷത്തിൽത്തന്നെ പ്രത്യക്ഷപ്പെടാനുള്ള പ്രവണത കാണിച്ചു. ഭാഷയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട സംസ്ഥാനങ്ങൾ ഫെഡറലിസവും വിഭാഗീയതയും ഒപ്പം സ്വീകരിച്ചു. സാംസ്കാരികപൈതൃകം, പ്രാദേശികഭാഷ എന്നിവയുടെ സ്ഥാനം പുനർവിചിന്തനം ചെയ്യേണ്ട കാലമായിരുന്നു അത്. കേരളമെന്ന സംസ്ഥാനത്തിന് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു രാജ്യങ്ങൾ എന്ന ചിന്തയ്ക്കു പകരം ഭാരതീയ ഫെഡറലിസത്തിൽ ഐക്യകേരളം എന്നത് 'പ്രാദേശിക അഖിലസ്വത്വം' കാണിക്കുന്നു. ചരിത്രപരവും രാഷ്ട്രീയപരവുമായ ഈ യാഥാർത്ഥ്യം സാംസ്കാരികമായി അടയാളപ്പെടുത്തുമ്പോൾ വ്യതിയാനങ്ങൾ ഉണ്ടാകും. 1950കളിൽ ഐക്യകേരളം, ഐക്യസംസ്കാരം എന്നിവയ്ക്കു പ്രാധാന്യമുണ്ടായിരുന്നതിനാൽ അത്ര ശക്തമല്ലാതിരുന്ന മറ്റു പല ചിന്താധാരകളും സ്വയം മാറിനിന്നിട്ടുണ്ട്. അവ അവഗണിക്കപ്പെട്ടിട്ടുമുണ്ട്. അത് അഖിലസംസ്ഥാനം എന്നതിനുവേണ്ടി ചെയ്ത (ചെയ്യേണ്ടിയിരുന്ന) ഒരു സാംസ്കാരികപ്രവൃത്തിയായിരുന്നു. കല, സാഹിത്യം, സംഗീതം എന്നീ സാംസ്കാരികമണ്ഡലങ്ങൾ ഈ പശ്ചാത്തലത്തിലും വായിക്കേണ്ടതാണ്.

സാഹിത്യത്തിൽ പ്രാദേശികതയും കേരളീയതയും അഖിലഭാരത, അഖി





ലലോക സങ്കല്പത്തോടൊപ്പം വളരെ ശക്തമായിരുന്നു. കേരളീയത എന്നതോടൊപ്പം (പലപ്പോഴും അതിനേക്കാൾ കൂടുതലായി) അഖിലലോകമാനം കൊടുക്കുന്ന രീതിയിലാണ് കമ്യൂണിസ്റ്റുപാർട്ടിയും ഇടതുപക്ഷചിന്തയും അന്ന് നിലനിന്നത്. കേരളത്തിലെ കയർത്തൊഴിലാളിയും കർഷകത്തൊഴിലാളിയും 'സർവ്വരാജ്യത്തൊഴിലാളി'കളുടെ ഭാഗമായി സംഘടിക്കുന്ന രീതിയിലാണ് അന്ന് ഇടതുപക്ഷചിന്ത (കമ്യൂണിസ്റ്റുപാർട്ടി) വളർന്നത്. ഏതു സാർവലൗകികകാര്യവും ടെയിലറിങ്ങ്ഷോപ്പിലും ബാർബർഷോപ്പിലും ചർച്ചാവിഷയമായിരുന്ന കാലമാണത്. വിദൂരതയിലെ ഇടിമുഴക്കം നമുക്ക് എന്നും ആവേശകരമായ സ്വപ്നമായിരുന്നു. സാഹിത്യത്തിൽ പ്രാദേശികതയുടെ, വ്യക്തിയുടെ, കുടുംബത്തിന്റെ, സോഷ്യലിസത്തിന്റെ മാനങ്ങളെല്ലാം ചേർന്ന ശക്തിയുണ്ടായിരുന്നു. നാടകത്തിൽ ഇടതുപക്ഷചിന്തയുടെ പ്രചാരണത്തിനായി കെ.പി.എ.സി. പ്രവർത്തിച്ചപ്പോഴും കേരളീയ സന്ദർഭങ്ങളായിരുന്നു പ്രമേയം. നാടകത്തിൽ സംഗീതം (പാട്ട്) നാടൻഭാവവും വിഷയവും ഈണവും വിപ്ലവവും ഉള്ളതായിരുന്നു. എന്നാൽ ദൃശ്യകലയുടെ ഏറ്റവും ഇളയസന്തതിയായിരുന്ന (അന്നത്തെ) സിനിമയിലെ പാട്ടുകൾ പലതും ഹിന്ദി സിനിമാഗാനങ്ങളുടെ ഈണങ്ങളുടെ പകർപ്പുകളായിരുന്നു. *നീലക്കുയിൽ* എന്ന സിനിമ (1954)യിൽ കേരളത്തിന്റെ നാടൻ ശക്തി കാണിച്ച ഒരു ഗാനസംസ്കാരം കൊണ്ടുവന്നു. ഇവിടെയൊന്നും ചിത്ര/ശില്പകലകളെ കാണുന്നതേയില്ല എന്നതാണ് യാഥാർത്ഥ്യം. 1957-ൽ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിൽ ചിത്ര-ശില്പകലകൾക്ക് സ്വതന്ത്രാസ്തിത്വമോ പാർശ്വാസ്തിത്വംപോലുമോ അന്നുണ്ടായിരുന്നില്ല.

മുഖ്യധാരയ്ക്കുവേണ്ടി അരികുധാരകളും അരികുസത്യങ്ങളും മാറിക്കൊടുക്കുന്ന പ്രവണത ഭാരതീയസ്വാതന്ത്ര്യസമരത്തിന്റെയും കേരളസംസ്ഥാനരൂപീകരണത്തിന്റെയും കാലാവസ്ഥയിൽ ഉണ്ടായത് സ്വാഭാവികം മാത്രം. നാടകങ്ങൾക്കു പിൻകർട്ടൻ ഉണ്ടാക്കുന്ന പ്രവൃത്തിയിൽ ഒതുങ്ങിയതായിരുന്നു (ഒതുക്കിയത്?) അന്നത്തെ ചിത്ര-ശില്പകലാസ്തിത്വം. കലാകാരന്മാർ അത് ചോദ്യം ചെയ്യാതെ സ്വീകരിച്ചതായും കരുതണം.

## കേരളത്തിന്റെ കലാപശ്ചാത്തലം

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും കേരളത്തിന്റെ ചിത്ര-ശില്പകലാരീതികൾ മിക്കവാറും അനുഷ്ഠാന/ആചാരചടങ്ങുകളിൽ കേന്ദ്രീകൃതമായി നില്ക്കുകയായിരുന്നു. അതിൽനിന്നുള്ള മാറ്റം ഉണ്ടായത് രവിവർമ്മയിലൂടെയാണ്. രവിവർമ്മയുടെയും സഹോദരൻ രാജരാജവർമ്മയിലൂടെ സഹോദരി മംഗളാബായിയുടെയും ചിത്രങ്ങളിൽ (കിളിമാനൂർ കൊട്ടാരത്തിൽനിന്ന് ഉണ്ടായി പ്രചാരത്തിലായ ഈ ശൈലിയെയും വീക്ഷണത്തെയും 'കിളിമാനൂർ സ്കൂൾ/ശൈലി' എന്നു വിളിക്കാം) കണ്ട പുതുമയ്ക്ക് രാഷ്ട്രീയസാംസ്കാരികമാനം ഏറെയുണ്ട്. 'അയഥാർത്ഥ' രൂപങ്ങളിൽ ഒതുങ്ങിയിരുന്ന അനുഷ്ഠാന

ചിത്രങ്ങളിൽനിന്നു മാറി യാഥാർത്ഥ്യത്തോടടുക്കുന്ന ചിത്രങ്ങളാണവ. കവിതയിൽനിന്നും പദ്യത്തിൽനിന്നും മാറി ഗദ്യം എന്നത് ആവശ്യമായിത്തീർന്ന യഥാതഥ അന്തരീക്ഷത്തിന്റെ (Atmosphere of Reality) സാഹിത്യ അവസ്ഥക്കു തുല്യമാണത്. ചിത്രകലയിലെ ഈ അക്കാദമിക് നാചറലിസം എന്നത് യഥാതഥ ചിത്രീകരണമാണ്. സമൂഹത്തെ (എന്തിനെയും) യാഥാർത്ഥ്യത്തോടെ കാണണം എന്ന വീക്ഷണം 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ഉണ്ടായി. സാമൂഹിക -സാംസ്കാരികരംഗത്തെ പുരോഗമനാശയങ്ങൾ ഉയർത്തിക്കാട്ടിയ ചന്തുമേനോന്റെ നോവലുകളും രവിവർമ്മാചിത്രങ്ങളും സമകാലിക രചനകളാണ്. ഇന്ദുലേഖയിലും ശാരദയിലും സമകാലികതയും പുരോഗമനാത്മകമായ യാഥാർത്ഥ്യബോധവുമുണ്ട്. ഇന്ദുലേഖയുടെ ആമുഖത്തിൽ ചന്തുമേനോൻ എഴുതുന്നു:

"ഉണ്ടാവാൻ പാടില്ലാത്തവിധമുള്ള ആകൃതിയിൽ എഴുതിയിട്ടുള്ള നരസിംഹമൂർത്തിയുടെ ചിത്രം, വേട്ടക്കൊരു മകന്റെ ചിത്രം, ചില വ്യാളീമുഖചിത്രം, കൃഷ്ണൻ സാധാരണ രണ്ടുകാൽ ഉള്ളവർക്ക് നില്ക്കാൻ ഒരു വിധവും പാടില്ലാത്തവിധം കാൽ പിണച്ചുവെച്ച് ഓടക്കുഴൽ ഊതുന്നമാതിരി കാണിക്കുന്ന ചിത്രം, വലിയ ഫണമുള്ള അനന്തന്റെ ചിത്രം, വലിയ രാക്ഷസന്മാരുടെ ചിത്രം ഇതുകളെ നിഴലും വെളിച്ചവും നിമ്നോന്നതസ്വഭാവങ്ങളും സ്ഫുരിക്കപ്പെടാത്തമാതിരിയിൽ രൂക്ഷങ്ങളായ ചായങ്ങൾകൊണ്ട് എഴുതിയതുകണ്ട് രസിച്ച് ആവക എഴുത്തുകാർക്ക് പലവിധ സമ്മാനങ്ങൾ കൊടുത്തുവന്നിരുന്ന പലർക്കും ഇപ്പോൾ അതുകളിൽ വിരക്തിവന്ന് മനുഷ്യന്റെയോ മൃഗത്തിന്റെയോ വേറെ വസ്തുക്കളുടെയോ സാധാരണസ്വഭാവങ്ങൾ കാണിക്കുന്ന എണ്ണച്ചായ ചിത്രം, വെള്ളച്ചായചിത്രം ഇതുകളെക്കുറിച്ച് കൗതുകപ്പെട്ട് എത്രകണ്ട് സൃഷ്ടിസ്വഭാവങ്ങൾക്ക് ചിത്രങ്ങൾ ഒത്തുവരുന്നുവോ അത്രകണ്ട് ആ ചിത്രകർത്താക്കന്മാരെ ബഹുമാനിച്ചു വരുന്നത് കാണുന്നില്ലയോ, അതുപ്രകാരംതന്നെ കഥകൾ സ്വാഭാവികമായി ഉണ്ടാവാൻ പാടുള്ള വൃത്താന്തങ്ങളെക്കൊണ്ടുതന്നെ ഭംഗിയായി ചമച്ചാൽ കാലക്രമേണ ആവക കഥകളെ അസംഭവ്യസംഗതികളെക്കൊണ്ടു ചമയ്ക്കപ്പെട്ട പഴയ കഥകളേക്കാൾ രുചിക്കുമെന്നാകുന്നു."

ഇന്ദുലേഖ എന്ന 'കഥാപുസ്തക'ത്തിന് ഇങ്ങനെ ഒരു കോട്ടകെട്ടേണ്ടത് ചന്തുമേനോന് ആവശ്യമായിരുന്നു. കാരണം അത് ഒരു മാറ്റത്തിന്റെ കണ്ണിയായിരുന്നു. എന്നാൽ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന കാര്യമുണ്ട്. കോട്ടകെട്ടാനുപയോഗിച്ചത് ചിത്രകലയെയാണ് എന്നതാണത്. ചിത്രകലയിൽ വ്യതിയാനം സംഭവിച്ചിരിക്കുന്നു, പിന്നെ എന്തുകൊണ്ട് സാഹിത്യത്തിലായിക്കൂടാ എന്നതാണ് ചന്തുമേനോന്റെ വാദം. തീർച്ചയായും രവിവർമ്മയുടെ ചിത്രങ്ങൾ ചന്തുമേനോന് ഉദാഹരണങ്ങളായിരുന്നു എന്നുതന്നെ കരുതണം. അവർ സമകാലികരായിരുന്നല്ലോ. ഇവ്വിധത്തിൽ ചിത്രകലയുടെ കോട്ടകെട്ടി വളർന്ന സാഹിത്യം കേരളത്തിൽ പെട്ടെന്ന് പുഷ്ടിപ്രാപിച്ചു. സാഹിത്യവും രാഷ്ട്രീയവും വളരെ വേഗം വളർന്നു. സ്വാതന്ത്ര്യസമരത്തിനുശേഷവും 1950കളിൽ കേരളീയ ബൗദ്ധികശാഖകൾ രണ്ടെണ്ണമായിരുന്നു എന്നു പറയാം. ഒന്ന്, സാഹിത്യം. രണ്ട്, രാഷ്ട്രീയം. ഇവിടെ ചിത്ര/ശില്പകലകളെ കാണുന്നതേയില്ല എന്ന യാഥാർത്ഥ്യം ശ്രദ്ധേയമാണ്. അവക്കുള്ള കാരണങ്ങളും അന്വേഷിക്കേണ്ടതുണ്ട്.

ചിത്രശില്പകലകൾ ജനങ്ങളിലെത്തണമെങ്കിൽ അതു പ്രദർശിപ്പിക്കാനുള്ള വേദികൾ വേണം. കേരളത്തിൽ ചിത്ര-ശില്പപ്രദർശനങ്ങൾ സാദ്ധ്യമേയല്ലായിരുന്നു. 1950കളിലെ *നീലക്കുയിൽ*, *ന്യൂസ്പേപ്പർ ബോയ്* എന്നീ സിനിമകൾ (ദൃശ്യഭാഷയുടെ മറ്റൊരു ശാഖയാണ് സിനിമ) ഉണ്ടാകുമ്പോൾത്തന്നെ ഏതു കുഗ്രാമത്തിലും പ്രദർശിപ്പിക്കാനുള്ള തിയേറ്ററുകൾ ഉണ്ടായിരുന്നു. അതുപോലുള്ള അവസ്ഥയില്ലാത്തതാണ് ചിത്ര/ശില്പകലകളെ പരിചയപ്പെടാനുള്ള അവസരം കേരളത്തിനു ലഭിക്കാതെ പോയതിനുള്ള പ്രധാന കാരണം. എന്നാൽ രവിവർമ്മയുടെ ചിത്രങ്ങൾ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ പ്രചാരത്തിലായി. അതിനു കാരണം അവയുടെ പ്രിന്റുകൾ ധാരാളം മാർക്കറ്റിൽ ചെറിയവിലയ്ക്ക് മേടിക്കാൻ കഴിയുമായിരുന്നു എന്നതാണ്. 1950 കളിലും പിന്നീട് കുറേ വർഷങ്ങളിലും നാടകങ്ങളുടെ പിൻകർട്ടനുകൾ വരക്കുക, സ്കൂൾ വാർഷികത്തിനു ചില രൂപങ്ങൾ ഒരുക്കുക എന്നിങ്ങനെയുള്ള ചില പണികൾ (കൂലിപ്പണിയെന്നേ അതെല്ലാം കണക്കാക്കിയിട്ടുള്ളൂ. അത് കലാകാരന്റെ ചിത്രരചനയെന്നോ സർഗ്ഗാത്മകസൃഷ്ടിയെന്നോ പറയാനാവില്ല) കലാകാരന്മാർക്കു ലഭിച്ചിരുന്നുള്ളൂ. നാടകത്തിൽ യഥാതഥമായി ചിത്രീകരിക്കുന്ന ശൈലിക്കു തുല്യമായ ശൈലിതന്നെയാണ് കർട്ടനുകളിലെ രൂപങ്ങൾക്കും ആവശ്യമായിരുന്നത്. രവിവർമ്മയിലൂടെ പ്രചാരത്തിലായ ശൈലിയുടെ പ്രായോഗികത ഇവയിൽ കാണാം.

സ്കൂളിലെ ഡ്രായിങ്ങ് അദ്ധ്യാപകർ നല്കുന്ന ചിത്രകലാപരിചയമല്ലാതെ (വികലമായിരുന്നു, അത്) മറ്റൊന്നും കേരളത്തിനു ലഭിക്കാൻ സാദ്ധ്യതയുമില്ലായിരുന്നു. ചിത്രകല ഗൗരവമായി പഠിക്കണമെന്നവർക്ക് മദിരാശിയായിരുന്നു ഏറ്റവും സമീപസ്ഥലം. കെ സി എസ് പണിക്കർ മദ്രാസ് ചിത്രകലാപഠനശാലയുടെ പ്രിൻസിപ്പൽ ആയപ്പോൾ മലയാളികൾ ചിലർ അവിടെ പഠിക്കാൻ ചേർന്നു. ഡ്രായിങ്ങ് അദ്ധ്യാപകരുടെ പഠനക്രമത്തെ നിരാകരിച്ച് ഇവർ നവീനതയിലേയ്ക്കു നീങ്ങിയതാണ് 1950-60 കളിലെ കേരളീയ ചിത്ര-ശില്പകലകളിൽ കണ്ട വലിയ മാറ്റത്തിനു കാരണം. രവിവർമ്മയെയും ഡ്രായിങ്ങ് മാസ്റ്റർമാരുടെ ശൈലിയെയും ഒരേസമയം ഇക്കൂട്ടർക്കു നിരാകരിക്കേണ്ടി വന്നത് ഈ പശ്ചാത്തലത്തിലാണ്. യാഥാർത്ഥ്യബോധമുള്ള യഥാതഥചിത്രീകരണം, ആദർശസൗന്ദര്യത്തെയും തരളഭാവത്തെയും നിരാകരിക്കണം എന്ന ചിന്ത, സർഗ്ഗാത്മകതക്കു പ്രാധാന്യമേറുന്ന ചിന്ത എന്നിങ്ങനെയുള്ള വീക്ഷണങ്ങളിലൂന്നിയ ഒരു ദൃശ്യബോധം 1950-60 കളിൽ കേരളത്തിൽ ഉണ്ടായി. ഇതു പ്രാവർത്തികമാക്കിയവരിൽ പലരും സാമൂഹ്യരാഷ്ട്രീയ വിഷയങ്ങൾ കലയെ ബാധിക്കുന്നതിൽ അത്ര തൃപ്തരായിരുന്നില്ല എന്നുകൂടി ഗണിക്കേണ്ടതുണ്ട്.

## ചിത്രീകരണകല

മദിരാശിയിൽ പഠിച്ചുവന്ന അന്നത്തെ ചെറുപ്പക്കാരായ കാലാകാരന്മാർക്ക് കേരളത്തിൽ ചിത്രരചന നടത്തി ജീവിക്കുക സാദ്ധ്യമല്ലായിരുന്നു. പ്രദർശനവേദിയോ ചിത്രരചനക്കുതകുന്ന മറ്റ് അന്തരീക്ഷസാദ്ധ്യതകളോ വില്പനയോ ഒന്നും ഇവിടെ ഇല്ലാത്തതിനാൽ എല്ലാവരും കേരളത്തിനു പുറത്തു പോയി പ്രൊഫഷണൽ ചിത്രകാരന്മാരായി ജീവിക്കുകയായിരുന്നു (ചന്തുമേനോന്റെ *ശാരദ*യിലെ പ്രധാന കഥാപത്രം പുരോഗമനാശയങ്ങളുള്ള രാമൻമേനോൻ ഒരു ചിത്രകാരനാണ്. പുരോഗമാനാശയത്തെ ചിത്രകലയുമായി ബന്ധപ്പെടുത്തുന്നു വീണ്ടും എന്നത് ചന്തുമേനോന്റെ പഠനത്തിൽ ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ജീവിക്കാൻവേണ്ടി ഈ കഥാപാത്രം കേരളം വിടുന്നു. ഈ അവസ്ഥ മിക്കവാറും 21-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലും തുടരുന്നു എന്ന സാമ്പത്തിക-സാമൂഹികയാഥാർത്ഥ്യം കേരള കലാചരിത്രത്തിൽ ശ്രദ്ധിക്കേണ്ട ഒരു ഘടകമാണ്.). മദിരാശിയിൽ പഠിച്ചുവന്ന ചില ചിത്രകാരന്മാർക്കെങ്കിലും വേതനം ലഭിക്കാനുള്ള ഒരു മാർഗ്ഗം സാഹിത്യത്തിനു ചെയ്തുകൊടുക്കുന്ന ചിത്രീകരണങ്ങളായിരുന്നു. വളരെ കുറച്ചുപേർക്കു മാത്രമേ അതും സാധിച്ചിരുന്നുള്ളു. പക്ഷേ ആ പരിമിതിയിൽനിന്നുപോലും കേരളത്തിന്റെ ദൃശ്യബോധത്തെ സാരമായി ബാധിക്കുന്ന പല ഉദാഹരണങ്ങളുമുണ്ടായി.

എം. ഭാസ്കരൻ, കെ.സി.എസ്. പണിക്കർ എന്നിവർ നേരത്തെതന്നെ സാഹിത്യകൃതികൾക്ക് ചിത്രീകരണം നല്കിയിട്ടുണ്ടെങ്കിലും 1950കളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ബഷീറിന്റെയും ഉറൂബിന്റെയും ഉൾപ്പെടെയുള്ള പലരുടെയും രചനകൾക്ക് എം.വി. ദേവൻ വരച്ച ചിത്രങ്ങൾക്ക് കേരളകലാചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. ആദർശസുന്ദരകഥാപാത്രങ്ങളിൽനിന്നും ചങ്ങമ്പുഴകവിതകളുടെ തരളഭാവത്തിൽനിന്നും മാറിയ കഥാപാത്രങ്ങളായ എട്ടുകാലി മമ്മൂഞ്ഞും മറ്റും സാഹിത്യത്തിൽ വലിയ ചിന്താമാറ്റങ്ങൾ ഉണ്ടാക്കിയവരാണ്. ആ കഥാപാത്രങ്ങളെ സാഹിത്യാഖ്യാനത്തിനു സമാന്തരമായ ദൃശ്യഭാഷയിലൂടെ ആവിഷ്കരിച്ചപ്പോൾ ചന്തുമോനോന്റെയും രവിവർമ്മയുടെയും കാലത്തിനു ശേഷം വീണ്ടും സാഹിത്യത്തെയും ചിത്രകലയെയും ബന്ധപ്പെടുത്തി കേരളീയർ ചിന്തിക്കാനാരംഭിച്ചു. ഗ്യാലറികൾ ഇല്ലാത്ത അവസ്ഥ ഇവ്വിധത്തിൽ ജയകേരളം, മാതൃഭൂമി ആഴ്ചപ്പതിപ്പ് എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ മലയാളി ചിത്രാസ്വാദകർ നികത്തിയെടുത്തു എന്നു പറയാം. കലയിൽ വികലീകരണത്തിന്റെ ലാവണ്യം (Aesthetic of Distortion) എന്നത് ബഷീർ കഥകൾക്ക് ദേവൻ വരച്ച ചിത്രങ്ങളുടെ സവിശേഷതയായിരുന്നു. മറ്റൊരു കാര്യംകൂടി ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. വർണ്ണചിത്രങ്ങളല്ല, രേഖാചിത്രങ്ങളായിരുന്നു അവയെല്ലാം. മദിരാശി സ്കൂളിന്റെ ഒരു മുഖ്യസ്വഭാവം രേഖീയതയിൽ ഊന്നിയ രചനകളായിരുന്നു. ആ സവിശേഷതയാണ് ദേവൻ, എ.എസ്. നമ്പൂതിരി എന്നിവരുടെ രേഖാചിത്രീകരണങ്ങൾക്ക് ലഭിച്ച ശക്തിയുടെ അടിസ്ഥാനം. *യയാതി*ക്കും





ഒ.വി. വിജയന്റെ *ഖസാക്കിന്റെ ഇതിഹാസ*ത്തിനും എ. എസ്. വരച്ച ചിത്രീകരണവും എം. ടി. വാസുദേവൻനായരുടെ *രണ്ടാമൂഴ*ത്തിനും വി. കെ. എൻ രചനകൾക്കും നമ്പൂതിരി വരച്ച ചിത്രീകരണവും മലയാളിയുടെ ദൃശ്യബോധത്തെ ഗണ്യമായി ബാധിച്ചു. കേരളത്തിലെ സാഹിത്യത്തിന്റെ ഉന്നതപദവിക്കു തുല്യമായി ചിത്രത്തെയും ഇക്കൂട്ടർ ഉയർത്തി. ചിത്രകലയെക്കുറിച്ചുള്ള പ്രഭാഷണങ്ങളിലൂടെ സാഹിത്യത്തോടൊപ്പം ചിത്രകലയെക്കുറിച്ചു ചിന്തിക്കാനും അക്കാലത്ത് ചില മലയാളികൾ ആരംഭിച്ചു. മലയാളമനോരമ ആഴ്ചപ്പതിപ്പിലെ നീണ്ട കഥകൾക്കു നല്കിയിരുന്ന അന്നത്തെ ഫോട്ടോഗ്രാഫ് ചിത്രീകരണങ്ങളെയും തരളഭാവമുള്ള ഇതരചിത്രീകരണങ്ങളെയും താരതമ്യപ്പെടുത്തുമ്പോഴാണ് ഇക്കൂട്ടരുടെ രേഖാചിത്രങ്ങളുടെ സവിശേഷത ശ്രദ്ധേയമാകുന്നത്. 1990കളിൽ ചിത്രീകരണം വർണ്ണച്ചിത്രങ്ങൾ ആയിത്തീരുന്നുണ്ട്.

## 'ആധുനിക' കല

1960കളിൽ കേരളത്തിന്റെ കലാ-സാഹിത്യമേഖലകളിൽ ആധുനികതയുടെ പ്രഭാവമുണ്ടായി. പാശ്ചാത്യ ആധുനികത (Modernism) മിക്കവാറും ടി.എസ്. എലിയറ്റിന്റെ *തരിശുഭൂമി* (The Waste Land) എന്ന കവിതയുടെ അവതരണത്തിലൂടെയാണ് 60 കളിൽ കേരളത്തിലാരംഭിക്കുന്നത്. ടി.എസ്. എലിയറ്റിനോടൊപ്പം അന്നു പ്രചാരത്തിലായ പേരാണ് പിക്കാസോയുടേത്. *തരിശുഭൂമി*യിലെ ശ്ലഥബിംബ(Broken Images)ങ്ങളെക്കുറിച്ച് ധാരാളം ചർച്ചകൾ ഉണ്ടായെങ്കിലും പിക്കാസോയുടെ ക്യൂബിസത്തെക്കുറിച്ച് നേരിയ പരാമർശം മാത്രമേ അന്നുണ്ടായുള്ളൂ. 1907ൽ 'അവിഞ്ഞോണിലെ സ്ത്രീകൾ' (The Demoiselles of Avignon) എന്ന ചിത്രത്തിലൂടെ ക്യൂബിസം എന്ന പ്രസ്ഥാനം ചിത്രകലയിൽ പിക്കാസോ ഉദ്ഘാടനം ചെയ്തു. അക്ഷരാർത്ഥത്തിൽ ബിംബങ്ങളെ മുറിച്ചത് പിക്കാസോയാണ്. 1920കളുടെ മദ്ധ്യത്തോടെയാണ് എലിയറ്റ് *തരിശുഭൂമി* പ്രസിദ്ധീകരിക്കുന്നത്. എന്നിട്ടും ശ്ലഥബിംബങ്ങൾ എന്നാൽ എലിയറ്റിന്റേതുമാത്രമാണെന്ന ധാരണ ഇവിടെ പരന്നു. അക്കാലത്തും ചിത്ര/ശില്പ കലകളുടെ പഠനം ഇവിടെ വേണ്ടപോലെ നടന്നില്ല എന്നാണ് ഇതു കാണിക്കുന്നത്. 1966 ൽ എറണാകുളത്തു നടന്ന എഴുത്തുകാരുടെ അഖിലേന്ത്യാസമ്മേളനത്തിന് കേരളത്തിന്റെ കലാചരിത്രത്തിൽ ഗണ്യമായ ഒരു സ്ഥാനമുണ്ട്. ഭാരതത്തിലെ നിരവധി കലാകാരന്മാരുടെ രചനകൾ അവിടെ അന്നു പ്രദർശിപ്പിക്കപ്പെട്ടു. അപ്പോഴും പൂർണ്ണരൂപത്തിലുള്ള ഒരു ഗ്യാലറിയുടെ അഭാവം ശ്രദ്ധേയമായിരുന്നു.

1960 കളുടെ രണ്ടാം പാദത്തിലാണ് അന്നത്തെ ഫാക്ട് മാനേജിങ്ങ് ഡയറക്ടർ എം.കെ.കെ.നായർ, എം. ഗോവിന്ദൻ, എം. വി. ദേവൻ, സി. എൻ. ശ്രീകണ്ഠൻനായർ തുടങ്ങി നിരവധിപേർ ചേർന്ന് എറണാകുളത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് (Kerala Institute of Arts) ആരംഭിക്കുന്നത്. വ്യവസായ മേഖലയിലെ പ്രമുഖൻ കലയെ പ്രോത്സാഹിപ്പിക്കുന്ന അവസ്ഥ കേരളത്തിൽ

പുതുമനിറഞ്ഞ ഒരു സാംസ്കാരിക/കല/വ്യവസായ/സാമ്പത്തിക/ രാഷ്ട്രീയ ചിഹ്നമാണ്. ഇന്നും വ്യവസായം വളരാത്ത കേരളത്തിൽ 1960കളുടെ അവസാനം ഇവ്വിധം ഏറ്റവും ആധുനികാർത്ഥത്തിലുള്ള ഒരു കലാപ്രോത്സാഹനം (Art Connoisseurship) ഉണ്ടായത് വളരെ ശ്രദ്ധേയമാണ്. ഫ്യൂഡൽ പ്രഭുക്കന്മാർ കലയെ പ്രോത്സാഹിപ്പിക്കുന്ന കാലത്തെ കലയുടെ ശൈലിയെക്കുറിച്ച് ചന്തു മേനോൻ *ഇന്ദുലേഖ*യുടെ ആമുഖത്തിൽ പരാമർശിച്ചതു നാം കണ്ടു. അതിനുശേഷം ഏകദേശം മുക്കാൽനൂറ്റാണ്ടിന്റെ കാലവ്യത്യാസത്തിൽ വന്ന ഈ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയമാറ്റം കലയെ ബാധിക്കുന്നത് ആധുനികതയുടെ ഒരു ഘടകമായി കണക്കാക്കണം. പിന്നീട് കേരളകലാപീഠമായി മാറിയ ഈ ചെറിയ സംരംഭം കേരളത്തിൽ ചിത്ര/ശില്പകലകളിലെ ആധുനികതയെക്കുറിച്ചുള്ള ചിന്തകളെ വളർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. സിനിമ, നാടകം, സാഹിത്യം, സംഗീതം, കല എന്നിവകളുടെ പാരമ്പര്യത്തെക്കുറിച്ചും അക്കാലത്ത് ധാരാളം ചർച്ചകൾ നടന്നു.

1960കളിൽത്തന്നെയാണ് മലയാളസാഹിത്യത്തിൽ അസ്തിത്വവാദം (Existentialism) പ്രബലമാകുന്നത്. കേരളത്തിലെ ചിത്രകലയിലും അതു ബാധിക്കുന്നുണ്ട്. മദിരാശിയിൽ ചിത്രകല പഠിച്ചുവന്നവരിൽ രണ്ടുവിധ വീക്ഷണങ്ങൾ കാണാൻ കഴിഞ്ഞു. ഒന്ന്, അമൂർത്തത (Nonfiguration) രണ്ട്, സമൂർത്തത, വികലീകരണം, അലങ്കാരം എന്നിവ ഉൾക്കൊള്ളുന്ന പാത. ഇതിൽ അമൂർത്തതയ്ക്ക് അസ്തിത്വവാദവുമായി ഒരു പ്രത്യേകതരത്തിൽ സാമ്യം ഉണ്ടായി. ചിത്രത്തിലേതുപോലെ സാഹിത്യത്തിൽ അമൂർത്തരചനകൾ പി. ആർ. കാക്കനാടൻ, മേതിൽ രാധാകൃഷ്ണൻ എന്നിവർ അവതരിപ്പിച്ചപ്പോൾ ചിത്രകലയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിലരെങ്കിലും ചിന്തിക്കാൻ തുടങ്ങി.

സാഹിത്യത്തിലെ കഥാപാത്രങ്ങളെപ്പോലെ പ്രസിദ്ധി നേടാൻ കഴിഞ്ഞവരാണ് അരവിന്ദന്റെ *ചെറിയ മനുഷ്യരും വലിയ ലോകവും* (മാതൃഭൂമി ആഴ്ചപ്പതിപ്പ്) എന്ന ചിത്രപരമ്പരയിലെ കഥാപാത്രങ്ങൾ. അതിലെ ചിത്രീകരണം പുതിയ ഒരു വിഗ്രഹലക്ഷണം(Iconography)തന്നെ കേരളത്തിലെ ബുദ്ധിജീവികൾക്കിടയിലുണ്ടാക്കി. വികലീകരണത്തേക്കാൾ അമൂർത്തതയാണ് കേരളത്തിൽ ആധുനികതയുടെ അടയാളമായി പലരും അംഗീകരിച്ചത്. അതുവരെയുണ്ടായിരുന്ന രവിവർമ്മാശൈലിയെയും ഡ്രോയിങ്ങ് മാസ്റ്റർ രീതിയെയും നിഷേധിക്കേണ്ടത് അന്ന് അനിവാര്യമായിരുന്നു. മനുഷ്യരൂപനിർമ്മിതി എന്നതിനെത്തന്നെ നിരാകരിച്ച് അമൂർത്തതയെ ആധുനികതയുടെ പര്യായമായിത്തന്നെ ഉയർത്തിയത് ഈയൊരു ചരിത്രപരമായ ദശാസന്ധിയിലാണ്. അതോടെ അമൂർത്തതയും സമൂർത്തതയിൽ വികലീകരണ (Distortion)വും വളരെ ശ്രദ്ധേയമായി. പാശ്ചാത്യലോകത്ത് രണ്ടാംലോകയുദ്ധത്തിനുശേഷമുണ്ടായ അബ്സ്ട്രാക്ട് എക്സ്പ്രഷനിസ (Abstract Expressionism) ത്തിന് ഇവിടെ മറ്റൊരുതരത്തിൽ ശ്രദ്ധ ലഭിച്ചു. അമൂർത്തതയും ഭാരതീയചിന്തയും ചേർന്ന





ചില ശൈലികളെ ചിലർ നിയോതാന്ത്രിക് (Neo Tantric) എന്ന് വ്യാഖ്യാനിച്ചിട്ടുമുണ്ട്. തെറ്റിദ്ധാരണയാലാണ് കെ. സി.എസ്. പണിക്കരെ പലരും താന്ത്രിക് കലാകാരൻ എന്നു വിവരിച്ചത്. എന്നാൽ കെ.സി.എസ്. പണിക്കരുടെ ശ്രമമാണ് ചിത്രകലയിൽ ആധുനികത കേരളത്തിൽ അനുഭവപ്പെടുന്നതിനുള്ള കാരണങ്ങളിലൊന്ന്.

ആദ്യകാലത്ത് കേരളത്തിന്റെ പ്രകൃതിദൃശ്യം ജലച്ചായത്തിൽ കെ. സി. എസ്. ചിത്രത്തിലാക്കി. കാണുന്നത് അതേപോലെ എന്ന യഥാതഥ ശൈലി (Optical Naturalism) യല്ല അദ്ദേഹം സ്വീകരിച്ചത്. കാണുന്നതിൽനിന്ന് നിർദ്ധാരണം ചെയ്ത് അതിനു കൂടുതൽ മാനങ്ങൾ നല്കുന്ന രീതിയാണത്. കേരളത്തിന്റെ ഭൂഭാഗസത്ത അദ്ദേഹത്തിന്റെ ഭൂഭാഗദൃശ്യചിത്രങ്ങളി(Landscape Paintings)ലുണ്ട്. പ്രകൃതിയുടെ ഉണ്മകാണിക്കുന്ന ഈ ചിത്രങ്ങൾ പ്രകൃതിയുടെ ഉപാസന നടത്തിയ പി. കുഞ്ഞിരാമൻനായരുടെ കവിതയ്ക്കു സമാന്തരമാണ്. പിന്നീടദ്ദേഹം തദ്ദേശീയ സാംസ്കാരിക ചിഹ്നങ്ങൾക്കു പ്രാധാന്യം കൊടുത്തപ്പോൾ കേരളത്തിന്റെ പ്രാചീനലിപിസ്വരൂപങ്ങളും താളിയോലവർണ്ണങ്ങളും അതിൽ നിറഞ്ഞു. 'വാക്കുകളും പ്രതീകങ്ങളും' (Words and Symbols) എന്ന പരമ്പര ഈ സാംസ്കാരികചിഹ്നങ്ങളിലൂന്നിയവയാണ്. കർഷകത്തൊഴിലാളികളുടെയും മദിരാശിയിലെ പെരമ്പൂർ ഇന്റഗ്രൽ കോച്ച് ഫാക്ടറി തൊഴിലാളികളുടെയും ചിത്രങ്ങൾ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ രാഷ്ട്രീയവും കാണിക്കുന്നുണ്ട്. തൊഴിലാളികളുടെ ചിത്രങ്ങളുടെ രചനകളിൽ സാമൂഹ്യാവസ്ഥയും തൊഴിലന്തരീക്ഷവും യന്ത്രത്തിന്റെ ചലനത്തെ ഉൾക്കൊള്ളുന്ന മനുഷ്യരൂപങ്ങളുമുണ്ട്.

1960 കളിലും 70 കളിലും തദ്ദേശീയതയ്ക്കു പ്രാധാന്യം കൊടുക്കുന്ന ചിന്ത ഭാരതത്തിലും കേരളത്തിലും സജീവമായിരുന്നു. കാവാലം നാരായണപ്പണിക്കരും ജി. ശങ്കരപ്പിള്ളയും വിഭാവനം ചെയ്ത നാടകസങ്കല്പങ്ങൾ (ഉദാ: തനത് നാടകം), എം. ഗോവിന്ദനും മറ്റും ഉയർത്തിയെടുത്ത നാടൻബിംബങ്ങളും പദങ്ങളുമുള്ള കാവ്യസങ്കല്പങ്ങൾ എന്നിവയുടെ ചിത്രകലായിരട്ടയാണ് (Pictorial Twin) കെ. സി.എസ്.പണിക്കരുടെ 'വാക്കുകളും പ്രതീകങ്ങളും'.

കേരളത്തിൽ ആധുനികത എല്ലാ മേഖലകളിലും കാണാൻ കഴിഞ്ഞത് ഇക്കാലത്താണ്. വികലീകരണത്തിന്റെ സാദ്ധ്യതയും ലാവണ്യവും കെ. സി. എസ്. പണിക്കർ സ്പഷ്ടമാക്കിയപ്പോൾ ആധുനികചിത്രകലയുടെ ഒരു പ്രധാനസ്വഭാവം കേരളം സ്വീകരിച്ചു. അക്കാലത്താണ് (60 കളുടെ അവസാനം, 70 കൾ) സിനിമയിലും പ്രധാന മാറ്റങ്ങൾ കാണുന്നത്. സിനിമയിലും ചിത്ര-ശില്പകലകളിലും ദൃശ്യഭാഷയുടെ സാദ്ധ്യതയും പരിസരവും പുനഃനിർവ്വചിക്കപ്പെടുകയായിരുന്നു. ഒപ്പംതന്നെ ശില്പകലയിലെ മാറ്റം ശ്രദ്ധിക്കേണ്ടതായി മാറി. രാജാക്കന്മാരുടെ ഛായാശില്പങ്ങൾ മാത്രം പൊതുസ്ഥലങ്ങളിൽ കണ്ടവർക്ക് നിരവധി രൂപകേന്ദ്രീകൃതശില്പങ്ങളും (Figurative sculptures) അമൂർത്ത

ശില്പങ്ങളും (Non figurative sculptures) കാണാനുള്ള അവസരവും ഇക്കാലത്തുണ്ടായി. കാനായി കുഞ്ഞിരാമൻ, ദേവൻ, ഭരതൻ, നമ്പൂതിരി തുടങ്ങിയവരുടെ ശില്പങ്ങളും റിലീഫുകളും പലയിടത്തും ഉണ്ടായി. ശില്പസ്ഥലം, ശില്പഭാഷ, ശില്പവും പശ്ചാത്തലവും തുടങ്ങി നിരവധി ഘടകങ്ങൾ അക്കാലത്ത് ചർച്ച ചെയ്യപ്പെട്ടു. ത്രിമാന ശില്പങ്ങൾപോലെ റിലീഫുകളും പല ഭിത്തികളിലും (ഹോട്ടലുകൾ, പൊതുമന്ദിരങ്ങൾ, സ്വകാര്യ കെട്ടിടങ്ങൾ) കാണാൻ തുടങ്ങിയപ്പോൾ ശില്പസ്ഥലത്തിന്റെ നിർവ്വചനത്തിനു വ്യാപ്തമേറി. എന്നാൽ ഇക്കാലത്ത് അരാഷ്ട്രീയതക്കായിരുന്നു ചിന്താതലത്തിൽ കുറെ കലാകാരന്മാരെങ്കിലും സ്ഥാനം നല്കിയത്. അമൂർത്തകലയും അസ്തിത്വവാദവും അതിനു പ്രേരകമാവുകയും ചെയ്തു.

## അടിയന്തിരാവസ്ഥയും പില്ക്കാലവും

1975-ൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ (National Emergency) പ്രഖ്യാപിച്ചപ്പോഴാണ് ഏകാധിപത്യത്തിന്റെ ഭരണതന്ത്രവും ദുരന്തവും ബുദ്ധിജീവികൾ മനസ്സിലാക്കിയത്. സാങ്കല്പിക/തത്ത്വചിന്താപരമായ അസ്തിത്വദുഃഖം പേറി നടക്കുന്നവർക്ക് അടിയന്തിരാവസ്ഥക്കാലത്ത് അനുഭവിക്കേണ്ടി വന്ന രാഷ്ട്രീയ, സാമൂഹ്യ ഭീതി/ദുഃഖം ചരിത്രപരമായ ഒരു വഴിത്തിരിവിനു കാരണമായി. നക്സലിസവും അസ്തിത്വദുഃഖവും ഒപ്പം സ്വീകരിച്ചിരുന്ന ബുദ്ധിജീവിവർഗ്ഗം 1975നുശേഷം കുറേക്കൂടി രാഷ്ട്രീയ സാമൂഹ്യബോധത്തോടെ കാര്യങ്ങൾ കാണാൻ തുടങ്ങി. 70 കളുടെ അവസാനവും 80 കളും അന്നത്തെ ചെറുപ്പക്കാർക്ക് അതിതീവ്രവാദത്തിനു പ്രേരണനല്കി. സാമൂഹ്യപ്രതിബദ്ധത, ശൈലിയിലെ എക്സ്പ്രഷനിസ്റ്റുസ്വഭാവം, പെരുമാറ്റത്തിലെ ക്രമംകെട്ട രീതി, ഗ്യാലറികളൊന്നുമില്ലാത്ത കേരളത്തിൽ ഗ്യാലറിക്കെതിരെയുള്ള പടപ്പുറപ്പാട് എന്നിവ അന്നത്തെ കലാകാരന്മാരിൽ ദർശിച്ചു. 'റാഡിക്കൽ ഗ്രൂപ്പ്' എന്നു സ്വയം വിളിച്ച ഇക്കൂട്ടർ കുറച്ചുകാലം കേരളത്തിൽ കലയെക്കുറിച്ച് രൂക്ഷവീക്ഷണങ്ങൾ അവതരിപ്പിച്ചു. മദ്രാസ് സ്കൂൾ കലാകാരന്മാർ രവിവർമ്മയെയും ഡ്രായിങ്ങ്മാസ്റ്റർശൈലിയേയും എതിർത്ത് മിക്കവാറും അമൂർത്തതയ്ക്കു പ്രാധാന്യം കൊടുത്തവരാണ്. എന്നാൽ 1980 കളിലെ മലയാളി കലാകാരന്മാർ രവിവർമ്മയെയും ഡ്രായിങ്ങ്മാസ്റ്റർശൈലിയെയും മദ്രാസ്സ്കൂളിനെയും നിരാകരിച്ചു. മദ്രാസ്സ്കൂളിന്റെ ചിന്തയും ശൈലിയും സാമൂഹ്യപ്രതിബദ്ധതയില്ലാത്തതായി ഇവർ വിധിച്ചു. ചിത്ര/ശില്പങ്ങളുടെ വില്പന കേരളത്തിൽ സംഭവിക്കാത്ത അക്കാലത്ത് നിഴലിനോടു യുദ്ധം ചെയ്യുന്ന മട്ടിൽ കലാവില്പനക്കെതിരെ അവർ പ്രഖ്യാപനങ്ങൾ നടത്തി. കേരളത്തിന്റെ കലാപഠന/വിദ്യാഭ്യാസസമ്പ്രദായത്തെ എതിർത്ത ഇക്കൂട്ടർ പലരും ബറോഡയിലും ശാന്തിനികേതനിലും ഉന്നതപഠനം നടത്തിയപ്പോൾ നവീന വീക്ഷണങ്ങളുടെ ലോകത്തേക്ക് കലാമേഖല പ്രവേശിച്ചു. 1990 കളിൽ കേരളത്തിൽ കലാവിദ്യാഭ്യാസം പരിഷ്ക്കരിക്കുന്നതിന്റെ ഫലമായി അതുവരെ ഡിപ്ലോമ കൊടുത്തിരുന്ന പാഠശാലകളെല്ലാം ഡിഗ്രിതലത്തിലേക്കുയർത്തി. ഒപ്പം തന്നെ കേരളത്തിന്റെ പാരമ്പര്യ ചുമർചിത്രശൈലിക്ക് ഒരു പുനർജന്മമെന്ന





മട്ടിൽ അതിനും പ്രാധാന്യം ലഭിക്കാൻ തുടങ്ങി. കലയെക്കുറിച്ചുള്ള സൈദ്ധാന്തികപഠനവിഷയങ്ങൾ പാഠശാലകളിൽ ആരംഭിച്ചപ്പോൾ കലയുടെ വളർച്ചയ്ക്കുതകുന്ന അന്തരീക്ഷം കുറേക്കൂടി സജീവമായി. ഇപ്പോൾ മലയാളസാഹിത്യം പോലുള്ള വിഷയങ്ങൾക്ക് ഉപപഠനവിഷയമായി കലാചരിത്രം നിർദ്ദേശിക്കപ്പെടുന്നുമുണ്ട്.

കലാപഠനത്തിലെ ഈവിധവളർച്ച ലോകകലയെയും ഭാരതീയ കലയെയും കേരളീയകലയെയുംകുറിച്ചുള്ള വിവിധ വീക്ഷണങ്ങൾക്കു വഴിയൊരുക്കി. ഫോക്കല, വംശീയകല, രാഷ്ട്രീയകല, ഫെമിനിസ്റ്റ് കല തുടങ്ങി നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെടാൻ തുടങ്ങി. കലാചരിത്രവും നിരൂപണവും ലാവണ്യശാസ്ത്രവും വിജ്ഞാനശാഖകളായി അംഗീകരിക്കുകയും കലാചരിത്ര/നിരൂപണഗ്രന്ഥങ്ങൾ ഉണ്ടാകണമെന്നു ബോദ്ധ്യപ്പെടുകയും ചെയ്ത ഒരു കാലഘട്ടമാണ് 20-ാം നൂറ്റാണ്ടിന്റെ അന്ത്യദശകം. 1990 കളുടെ ഏറ്റവും പ്രധാന സംഭാവന കേരളത്തിൽ പലയിടത്തും ഗ്യാലറികൾ നിർമ്മിച്ചതാണ്. കേരള ലളിതകല അക്കാദമിയുടേതുൾപ്പെടെ നിരവധി ഗ്യാലറികൾ കേരളത്തിലുണ്ടാകുന്നത് 1990 കളിലും 21-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിന്റെ ആദ്യവർഷങ്ങളിലുമാണ്.

20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 21-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലും ഏറ്റവും പ്രധാനമായി അനുഭവപ്പെട്ടത് സാമ്പത്തിക ഉദാരീകരണം, സ്വകാര്യവത്കരണം, നവീന കൊളോണിയലിസം, അരാഷ്ട്രീയസാഹസികത്വം, വിപണിപൂജ എന്നീ അവസ്ഥകളാണ്. ഇവ എല്ലാ മേഖലകളെയും ബാധിച്ചപോലെ കലാമേഖലയേയും ബാധിച്ചു. ഗ്യാലറികൾ ഉണ്ടാകാൻ തുടങ്ങിയതോടെ പ്രദർശനസൗകര്യമേറിയപ്പോൾ കലാവിപണിയും സജീവമായി. കലാമൂല്യത്തേക്കാൾ വിപണിമൂല്യം ബാധിക്കുന്ന ഒരു വീക്ഷണം ഗ്യാലറികൾ ഒരു ഫോർമുലപോലെ അവതരിപ്പിക്കുന്നു. വിപണി/കച്ചവടം എന്നതിലെ ദല്ലാളന്മാരുടെ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കുന്നതിനെതിരെ വന്ന ഇൻസ്റ്റലേഷൻപോലുള്ള കലാപ്രവൃത്തിപോലും ഇന്ന് കച്ചവടച്ചരക്കാക്കിക്കഴിഞ്ഞു. വിദ്യാഭ്യാസവും വൈദ്യവും മാനുഷികബന്ധങ്ങളും ചന്തയിൽ വിലപറയുന്ന ചരക്കുകളായപോലെ കലയും ചന്തയിലെ ഒരു ഉല്പന്നയിനമാണ്. ഓഹരി/റിയൽ എസ്റ്റേറ്റ് വിപണിപോലെ നിക്ഷേപത്തിനുള്ള ഒരു ഇടമാണ് ഇന്ന് കലാരൂപവും. നേരത്തെ ഗ്യാലറിയുടെ വിപണനതന്ത്രത്തിനെതിരെ നിഴൽയുദ്ധം ചെയ്തവർപോലും ഈ കാലഘട്ടത്തിന്റെ കലാചന്തയിൽ സസന്തോഷം പങ്കാളികളാകുന്നു. ധാർമ്മികമൂല്യം (Ethics) കലാമൂല്യം (Aesthetics) സാമൂഹ്യമൂല്യം (Social values / Commitments) എന്നിവയൊന്നും ഇന്ന് ആവശ്യമില്ലാതായപ്പോൾ കലയും ചന്തലാവണ്യം (Market Aesthetics) പ്രകടിപ്പിക്കുന്നു. നവീനമുതലാളിത്വത്തിനാവശ്യമായ ഫോർമുലകളിൽ കലയെ അവതരിപ്പിക്കുന്ന പ്രവണത 2005, 2006, 2007 വർഷങ്ങളിൽ കേരളത്തിലും കാണാനാകുന്നു.

# തമിഴ് ഭാഷ - സംസ്കാരാദേശം മലയാളത്തിൽ

പി. എം. ഗിരീഷ്

## 1. 1. ആമുഖം

ഗോത്രസമൂഹങ്ങളിലും മതസമൂഹങ്ങളിലും നിലനിൽക്കുന്ന സ്വത്വബോധത്തിൽനിന്ന് വ്യതിരിക്തമാണ് രാഷ്ട്രം എന്ന സങ്കല്പത്തിന്റെ ഉദയത്തോടെ കൈവന്ന പൗരബോധത്തിന്റെ സ്വത്വദർശനം. ഈ സ്വത്വ ദർശനത്തിന്റെ അവിഭാജ്യഘടകമാണ് ഭാഷ. അതിനാൽ ഇന്ത്യയെപ്പോലെയുള്ള ഒരു ബഹുഭാഷിത്വമേഖലയിൽ 'ഒരു രാഷ്ട്രം ഒരു ഭാഷ' എന്ന ആശയത്തിന് പ്രസക്തിയില്ല. ഉപസംസ്കാരങ്ങൾക്കും ഭാഷകൾക്കുമാണ് ഇവിടെ പ്രാധാന്യം കല്പിക്കപ്പെടേണ്ടത്. ഏകതയേക്കാൾ പ്രാധാന്യം വൈവിധ്യത്തിന് കൊടുക്കണമെന്നർത്ഥം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രസങ്കല്പത്തിന്റെ യുക്തിക്കുമുമ്പിൽ ഓരോ ഭാഷയുടെയും സ്വത്വം ഏറെ പ്രസക്തമാവുകയാണ്. ഒരു ഭാഷകസമൂഹത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും സ്വത്വം അംഗീകരിക്കുവാനും ഒരു സിവിൽസമൂഹം സദാ ജാഗ്രത്തായിരിക്കേണ്ടതുണ്ട്. സാമൂഹികാവസ്ഥയുടെയും അധികാരഘടനയുടെയും വ്യക്തമായ ചിത്രത്തെയും സ്വത്വത്തെയും പ്രദാനം ചെയ്യാൻ കഴിയുന്ന സാഹചര്യം, ഭാഷകർ, വ്യാപാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്വത്വം നിർമ്മിക്കപ്പെടുന്നത്. ഓരോ ഭാഷയുടെയും സ്വത്വത്തെ അംഗീകരിക്കുന്നതോടൊപ്പം വ്യത്യസ്ത ഭാഷകൾ തമ്മിലുള്ള ആദാനപ്രദാനങ്ങളും ഇന്ത്യൻ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്.

വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന സമൂഹങ്ങൾ തമ്മിൽ സമ്പർക്കമുണ്ടാകുമ്പോൾ  അവരുടെ ഭാഷകൾ തമ്മിലും സമ്പർക്കമുണ്ടാകും. നാനൂറോളം സംസാരഭാഷകളുള്ള ഇന്ത്യയിൽ ഇത്തരം സമ്പർക്കം സാധാരണമാണ്. വ്യത്യസ്ത ഭാഷാസംസ്കാരങ്ങൾ സമ്പർക്കത്തിലേർപ്പെടുമ്പോൾ ഭാഷയോടൊപ്പം സാംസ്കാരികചിഹ്നങ്ങളും വിനിമയം ചെയ്യപ്പെടാം. ഭാഷാസംസ്കാര-ആദേശമെന്ന് പറയാം. വ്യാകരണം, പദാവലി, ഉച്ചാരണം, ഭാഷണരീതി എന്നീ





ഭാഷാതലങ്ങളിലും മനോഭാവം, പെരുമാറ്റം, സ്വത്വപ്രതിനിധാനം തുടങ്ങിയ ഭാഷേതരതലങ്ങളിലും ഭാഷ-സംസ്കാര ആദേശം നടക്കാം. (ഇതു കൂടാതെ അന്യസംസ്കാരത്തിന്റെ ഭാഷാസംസ്കാരചിഹ്നങ്ങൾ തിരസ്കരിക്കുന്ന പ്രക്രിയയും ബഹുഭാഷിത്വമേഖലയിൽ കാണാം). ഭാഷ-സംസ്കാര ആദേശത്തെ രണ്ടായി തരം തിരിക്കാം.

1. ഉപരിതലത്തിൽ മാത്രമുള്ളത്
2. അഗാധതലത്തിലുള്ളത്

ഭാഷാസമ്പർക്കംവഴി വന്നുചേരുന്ന അന്യസംസ്കാരത്തിന്റെ സ്വഭാവം ഭാഷകസമൂഹത്തിലെ തനതായ സ്വത്വബോധത്തിന്റെ ഉപരിതലത്തിൽ മാത്രമേ സ്വാധീനിച്ചിട്ടുള്ളുവെങ്കിൽ അതിനെ ഉപരിതലത്തിൽ മാത്രം നടന്ന സ്വാധീനമെന്ന് പറയാം. ഇത് വെറുമൊരു താത്ക്കാലിക സ്വാധീനമാണ്. മറിച്ച്, തനതു സംസ്കാരത്തിനുള്ളിൽ കടക്കുന്ന തരത്തിലുള്ള സ്വാധീനമാണെങ്കിൽ അതിനെ അഗാധതലസ്വാധീനമെന്ന് വിളിക്കാം.

### 1. 1. 1. പഠനലക്ഷ്യം

ഗോത്രപരമായും ചരിത്രപരമായും വളരെ അടുത്തബന്ധമുള്ള വ്യത്യസ്തഭാഷകളാണ് തമിഴും മലയാളവും. അതിനാൽ, ഈ ഭാഷകൾ തമ്മിൽ പലവിധത്തിലുള്ള ഭാഷാ-സംസ്കാര വിനിമയങ്ങൾ നടന്നിട്ടുണ്ടാകാം. ഈ സാഹചര്യത്തിൽ തമിഴ് ഭാഷാ-സംസ്കാര ആദേശം കഴിഞ്ഞ അമ്പതുവർഷത്തിനുള്ളിൽ, മലയാളഭാഷയിൽ എത്രത്തോളമുണ്ടെന്നും അത് ഏതുതരത്തിലുള്ള സ്വാധീനമാണെന്നും അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ഭാഷ, സാഹിത്യം, സിനിമ എന്നിവയാണ് പഠനമേഖലകൾ.

ഭാഷാ-സംസ്കാര വിനിമയത്തിൽ ഭാഷകരുടെ മനോഭാവം പ്രധാനഘടകമാണ്. അതിനാൽ കേരളീയർക്ക് പൊതുവേ തമിഴ്നാട്ടുകാരോടുള്ള മനോഭാവത്തെ സൂചിപ്പിക്കുന്ന അഭിപ്രായങ്ങളും കേരളീയതയും വിശദീകരിക്കേണ്ടതുണ്ട്.

## 1. 2. കേരളീയതയും മനോഭാവവും

കേരളമെന്ന ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ തലമുറകളായി ആർജിച്ചതും വിനിമയം ചെയ്യപ്പെട്ടതുമായ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക-ഭാഷാപര-സ്വത്വങ്ങളുടെ സമഗ്രതയെയാണ് കേരളീയത എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. സുഘടിതമായൊരു ഭരണകൂടത്തിനുള്ളിൽ, കഴിഞ്ഞ അമ്പതുവർഷത്തിനുള്ളിൽ കേരളം നേടിയ ജനാധിപത്യ രാഷ്ട്രീയാവബോധവും സവിശേഷ പരിഗണന അർഹിക്കുന്നു.

കേരളത്തിന്റെ ചരിത്രപരമായ സാമൂഹികഘടനയെ ഒരു ചരിത്രകാരൻ വിലയിരുത്തുന്നത് നോക്കുക:

> കേരളത്തിൽ തുടർച്ചയായി ജനങ്ങൾ വന്നിട്ടുണ്ട്, പോയിട്ടുമുണ്ട്. ജനങ്ങൾ കുടിയേറിയിട്ടുമുണ്ട്, കുടിയിറക്കിയിട്ടുമുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഏകശിലാത്മകമായ, ഏകസ്വഭാവമുള്ള ജനസമൂഹമല്ല കേരളത്തിൽ എക്കാലവും ഉണ്ടായിട്ടുള്ളത് (ഗണേഷ്, 1997:143).

കേരളസമൂഹം വളരെയേറെ വിവൃതമാണെന്നർഥം. എങ്കിലും പലതരത്തിലുള്ള മനോഭാവങ്ങളാണ് ഈ വിവൃതസമൂഹത്തോട് പലർക്കുമുള്ളത്. കേരളീയരെക്കുറിച്ച് കാല്ഡ്വെലിനുള്ള അഭിപ്രായം നോക്കുക:

> ഈ തീരപ്രദേശം ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദേശിയരുമായി ബന്ധപ്പെട്ടിട്ടുണ്ട്. പല നൂറ്റാണ്ടുകളായി ഫിനീഷ്യർ, ഗ്രീക്കുകാർ, ജൂതർ, സുറിയാനികൾ അഥവാ പാരസിക ക്രിസ്ത്യാനികൾ, അറബികൾ, എന്നീ വിദേശിയർ വാണിജ്യാവശ്യങ്ങക്കായി തുടരെ ഇതിന്റെ തീരത്തുള്ള തുറകളിൽ വന്നുചേർന്നിട്ടുണ്ടെങ്കിലും, ഇവരിൽ ഒടുവിൽപ്പറഞ്ഞ മൂന്നു കൂട്ടർ അവിടെ സ്ഥിരവാസമുറപ്പിച്ചുവെങ്കിലും, മലയാളം സംസാരിക്കുന്ന ആളുകൾ മറ്റു ദ്രാവിഡജനതകളെ അപേക്ഷിച്ച് കൂടുതൽ അന്ധവിശ്വാസങ്ങളോടൊട്ടിപ്പിടിച്ചും വിദേശിയസംസർഗ്ഗത്തിൽനിന്ന് ഒഴിഞ്ഞുമാറിയും ആണ് കഴിഞ്ഞുപോരുന്നത് (1973, 16-17).

ഈ സ്വഭാവം കാരണമാണത്രേ തമിഴർ സാംസ്കാരികേന്ദ്രങ്ങളെയും വ്യാപാരസ്ഥാപനങ്ങളെയും പ്രത്യേകിച്ചും തിരുവിതാംകൂർപ്രദേശത്ത്, കയ്യടക്കിവച്ചിട്ടുള്ളത്. കേരളചരിത്രം പരിശോധിച്ചാൽ ഇക്കാര്യം ശരിയല്ലയെന്നു കാണാം. കേരളത്തിന്റെ സാംസ്കരികചരിത്രത്തെക്കുറിച്ചുള്ള അജ്ഞതയാണ് കാല്ഡ്വെല്ലിന്റെ ഈ നിരീക്ഷണം വ്യക്തമാക്കുന്നതെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട് (പ്രഭാകരവാരിയർ, 1982:172).

ആധുനിക തമിഴ് എഴുത്തുകാരിലൊരാൾ കേരളത്തെ കാണുന്ന രീതി നോക്കുക:

> മറ്റൊരു സംസ്കാരത്തെ മനസ്സിലാക്കാനുള്ള കഴിവുകേടുതന്നെ കേരളത്തിൽ ഒരു ഭൂഷണമായിരിക്കുന്നു (ജയമോഹൻ, 2001:18).

തമിഴ്സംസ്കാരത്തോടു മലയാളിക്കുള്ള മനോഭാവത്തെക്കുറിച്ച് പറയുന്ന കൂട്ടത്തിലാണ് ജയമോഹൻ ഇപ്രകാരം പറയുന്നത്.

മലയാളിസാഹചര്യത്തിന്റെ ഒരു പ്രധാന പ്രശ്നം നിലവാരമില്ലായ്മയെ ആഘോഷിക്കുന്നതാണ് (ചാരുനിവേദിത, 2006:21). തമിഴിലെ ഉത്താരാധുനികനായ മറ്റൊരു എഴുത്തുകാരന്റെ അഭിപ്രായമാണിത്.

ഈ കാഴ്ചകളിലെ നിജസ്ഥിതി അന്വേഷിച്ചറിയേണ്ടതുണ്ട്.





സംസ്കാരാദേശവും ഭാഷാദേശവും തമിഴിൽനിന്നു മലയാളഭാഷയിൽ എത്രത്തോളമുണ്ടെന്ന കാര്യം അന്വേഷിച്ചാൽ ചിത്രം വ്യക്തമാകും.

## 1. 3. ഭാഷാസ്വഭാവം : തമിഴ് – മലയാളങ്ങളിൽ

തമിഴും മലയാളവും വളരെ അടുത്തബന്ധം പുലർത്തുന്ന ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകളാണ്. മലയാളനാട്ടിലെ തമിഴാണ് ഇന്നാട്ടിലെ തനതു ഭാഷയായി ചമഞ്ഞതെന്നാണ് ടി. ബി. വേണുഗോപാലപ്പണിക്കർ (2006:9) പറയുന്നത്. (പ്രാദേശികതമിഴായിരിക്കണം ഉദ്ദേശ്യം). അക്ഷരമാലയിലും സ്വനിമഘടനയിലും രൂപിമതലത്തിലും വ്യതിരിക്തത പുലർത്തുന്ന ദക്ഷിണദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകളാണ് തമിഴും മലയാളവും തമിഴ് മലയാളത്തെക്കുറിച്ചുള്ള മറ്റൊരു നിരീക്ഷണം ഇങ്ങനെയാണ് : സംസ്കൃതഭാഷയുടെ അധിനിവേശത്തിനുമുമ്പ് കേരളഭാഷയുടെ അടിസ്ഥാനശബ്ദങ്ങൾ തമിഴിലെ അടിസ്ഥാനശബ്ദങ്ങളിൽനിന്നു പറയത്തക്ക വ്യത്യാസം പ്രദർശിപ്പിച്ചിരിക്കാൻ ഇടയില്ല. ആധുനികതമിഴ് ആധുനികമലയാളവുമായി സ്വനതലത്തിൽ പ്രധാനമായും വ്യത്യാസപ്പെടുന്നത് മലയാളത്തിലെ ദ്രാവിഡേതരധ്വനികൾ തമിഴിൽ ഇല്ല എന്ന കാര്യത്തിലാണ് (പ്രഭാകരവാരിയർ, 1982:217). കൂടാതെ ആധുനികതമിഴിനെയും ആധുനികമലയാളത്തെയും വ്യതിരേകാത്മകരീതിയിൽ പഠിക്കുകയും ചെയ്യുന്നുണ്ട് വാരിയർ.

വ്യതിരിക്തതകൾക്കൊപ്പം തമിഴും മലയാളവും തമ്മിൽ പല സമാനതകളുമുണ്ട്. തമിഴ്-മലയാളങ്ങളിൽ ദ്രാവിഡപദങ്ങളാണ് മിക്കവാറും പൊതുവായുള്ളത് എന്നതാണ് അതിലൊന്ന് (വേണുഗോപാലപ്പണിക്കർ, 2006). കൂടാതെ എസ്. വി. ഷൺമുഖം താഴെ പറയുന്ന സമാനതകൾ ചൂണ്ടിക്കാണിക്കുന്നു.

1. ലിപിവിന്യസനത്തിലെ ഒരു പ്രത്യേകത, എകാരത്തിന്റെ ഹ്രസ്വദീർഘങ്ങൾ, സ്വനപരമായി വ്യഞ്ജനം + സ്വരം എന്ന ക്രമത്തിലാണെങ്കിലും ലിപിവിന്യസത്തിൽ അവയുടെ ഉപലിപികൾ വ്യഞ്ജനലിപിയുടെ മുമ്പിലാണ് ചേർക്കുന്നത്: *கெ- கே ;* കെ - കേ. ഒകാരത്തിന്റെ ഹ്രസ്വദീർഘങ്ങളിൽ ഉപലിപികളെ വിഘടിതമായ - വ്യഞ്ജനത്തിന് മുമ്പും പിമ്പും - ചേർക്കുന്നു: *கொ- கோ ;* കൊ - കോ.
2. ഇരുഭാഷകളിലും ല - ള, ര - റ ജോടികളിലെ നാല് സ്വനങ്ങളും വ്യത്യസ്ത സ്വനിമങ്ങളാണ്.
3. ലിംഗവചന പ്രത്യയങ്ങളിലും (-അൻ, -ത്തി, -അർ) ഭൂതകാല രൂപവത്കരത്തിലും (ചെയ്ത് - ണ്ട്) സമാനതകളുമുണ്ട്.
4. മുൻ, പിൻ, വേറെ, മറ്റെ തുടങ്ങിയ വിശേഷണരൂപങ്ങൾ രണ്ടു ഭാഷകളിലും പ്രയോഗത്തിലുണ്ട്.

5. സഹായക്രിയകളിലും സമാനതകൾ (അരുൾ, ഇരു, കൊൾ, വര്, (ൊ പട്) കാണാം.

6. സമാനാർഥപദങ്ങൾ: അടി, അരിയ, ഉടുമ്പ്.

7. ചില പദങ്ങൾക്ക് ഇരുഭാഷകളിലും വ്യത്യസ്താർഥങ്ങളാണ് ഉള്ളത്.

| മലയാളം | തമിഴിലെ അർഥം |
|---|---|
| പനി | മഞ്ഞ് |
| നുകരുക | സന്തോഷിക്കുക |

### 1. 3. 1. ല എന്ന ഉപലിപി

തമിഴിൽ മുഖ്യലിപിയായും മലയാളത്തിൽ ഉപലിപിയായും ഉപയോഗിക്കുന്ന രൂപം അഥവാ ചിഹ്നം 'ഺ' ആണ്. മലയാളത്തിൽ 'ല'യുടെ ഇരട്ടിപ്പിനെ കാണിക്കുവാൻ അതിനടിയിൽ (ല്ല - മുല്ല) ചേർക്കുന്ന ഉപലിപിയാണ് ഇത്. 'ല'യുടെ ഇരട്ടിപ്പിലല്ലാതെ, മറ്റ് വ്യഞ്ജനങ്ങൾക്ക് പരമായി ഉപയോഗിക്കുമ്പോൾ 'ള' പോലെയാണ് ഉച്ചാരണം. സംസ്കൃതത്തിൽനിന്ന് മലയാളഭാഷ സ്വീകരിച്ചതും 'ക്ഌപ്തം' എന്ന ഒരൊറ്റ പദത്തിൽ മാത്രം കാണുന്നതിനാൽ മലയാളത്തിൽനിന്ന് ഏറെക്കുറെ ഒഴിവാക്കപ്പെട്ടതുമായ 'ഌ' എന്ന ലിപിക്ക് പകരവും 'ഺ' ഉപയോഗിച്ചുപോരുന്നുണ്ട്.

'തമിഴും മലയാളവും' എന്ന ലേഖനത്തിൽ പ്രഭാകരവാരിയർ (2005) ചൂണ്ടിക്കാണിക്കുന്ന സവിശേഷതകൾ ഇവയാണ്:

1. തമിഴ്-മലയാളത്തിൽ സമാനാർഥപദങ്ങൾ ഉണ്ടെങ്കിലും അവയിൽ ചിലതിന്റെ പ്രയോഗാർഥം ഒന്നായിക്കൊള്ളണമെന്നില്ല.

   ഉദാ: വാച്ചു നടക്കുക (മലയാളം)
   വാച്ചു ഓടുക (തമിഴ്)

2. ഒരേ പദത്തിന് മലയാളത്തിലും തമിഴിലും പ്രാഥമികാർഥത്തിൽ വ്യത്യാസം കാണാം.
   ഉദാ: കിളി തമിഴിൽ തത്ത.

3. രണ്ട് ഭാഷകളിലുമുള്ള ഒരു പദത്തിന്റെ പ്രാഥമികാർഥം ഒന്നായിരിക്കും. പക്ഷേ സഹാർഥങ്ങളും പ്രയോഗാർഥങ്ങളും വേറെയായിരിക്കും.

4. തമിഴ് - മലയാളത്തിലേക്ക് കുടിയേറിപ്പാർത്ത സംസ്കൃതപദങ്ങളിൽ ചിലതിന് ഓരോ ഭാഷയിലും അർഥഭേദം സംഭവിച്ചിട്ടുണ്ട്.
   ഉദാ: വ്യവസായം (കൃഷി)
   ദിവസം (funeral function)

(പ്രഭാകരവാരിയർ, 2005:43-51).





ഇവ കൂടാതെ പദകോശത്തിലെയും പ്രയോഗത്തിലെയും വിടവുകൾ സോദാഹരണം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

### 1. 3. 2. പദതലം

തമിഴിലും മലയാളത്തിലും അനേകം ദ്രാവിഡപദങ്ങൾ പൊതുവായി ഉള്ളതിനാൽ, കഴിഞ്ഞ അമ്പതുവർഷത്തിനുള്ളിൽ, തമിഴിൽനിന്ന് മലയാളം കടംകൊണ്ടതും പ്രചാരമുള്ളതുമായ തമിഴ്പദങ്ങൾ ഏതൊക്കെയാണെന്ന് എടുത്തുകാണിക്കുക പ്രയാസമുള്ള കാര്യമാണ്. എങ്കിലും തമിഴ്ഭാഷയിൽനിന്ന് കടംകൊണ്ടവയെന്ന് അനുമാനിക്കാവുന്ന ഏതാനും പദങ്ങൾ ഇവിടെ കൊടുക്കുന്നു:

| | |
|---|---|
| വരവേല്പ് | സാമുദ്രികപ്പട്ട് |
| പാണ്ടി | പുളിയങ്കടിചേല |
| പട്ടിക്കാട് | എരിയുക |
| അണ്ണാച്ചി | താണ്ടുക |
| മൊഴിമാറ്റം | ആർക്കം |
| തണ്ണി | ചെത്തം |
| ഇശൈ | കാപ്പാത്തിടുക |
| ഇന്നിശൈ | വണക്കം |
| ദണ്ഡന | മച്ചാൻ |
| ചെട്ടി | മാമൻ |
| ചെട്ടിയാർ | പരമ്പരപ്പട്ട് |
| ഏരി | സാദം |
| ആണ്ട് | തൈർസാദം |
| ശാപ്പാട് | കരകയാട്ടം |
| രസികൻ | കാവിടിയാട്ടം |
| ദാവണി | മയിലാട്ടം |
| മാഞ്ചി | തലയാട്ടുബൊമ്മ |
| മാട്ടി | പൊണ്ടാട്ടി |
| കുംഭകോണം | |
| പേശുക | |

ഇതിൽ 'വരവേല്പ്' സ്വീകരണം എന്നർഥത്തിൽ ഉപയോഗിക്കുന്നു. 'പാണ്ടി' എന്നതു നാമവിശേഷണമായും പ്രയോഗിക്കുന്നുണ്ട്.

| | |
|---|---|
| ഉദാ: പാണ്ടിമുളക്, | പാണ്ടിക്കളർ |
| പാണ്ടിക്കാരൻ, | പാണ്ടിച്ചെക്കൻ |
| പാണ്ടിക്കൂട്ടം, | പാണ്ടിപ്പട |

ചില പദങ്ങൾക്ക് അർഥച്യുതിയും വന്നിട്ടുണ്ട്. 'അണ്ണാച്ചി' എന്നത് ബഹുമാന ദ്യോതകസംബോധനാപദമോ പരാമർശകപദമോ ആ ണ്. മലയാളിക്കത് പരിഹാസപദമോ തെറിപ്പദമോ ആണ്. 'തണ്ണി'യാണ് മറ്റൊരു പദം. വെള്ളമെന്ന മുഖ്യാർഥവും ചാരായമെന്ന ദ്വിതീയാർഥവും തമിഴിൽ ഈ പദത്തിനുണ്ടെങ്കിലും ദ്വിതീയാർഥമാണ് മലയാളത്തിൽ പതിഞ്ഞിരിക്കുന്നത്. തമിഴിലെ 'രസികർ മൻറ'(Fans association)ത്തിലെ 'രസികൻ' മലയാളത്തിലും ഈയിടെ ഇടം നേടി. (ദിലീപ് നായകനായി അഭിയനയിച്ച 'രസികൻ' എന്ന സിനിമയിലെ പ്രമേയംതന്നെ മമ്മൂട്ടി രസികരും മോഹൻലാൽ രസികരും തമ്മിലുള്ള ഉരസലാണ്. 'വാമനപുരം ബസ്റൂട്ടി'ലെ നായകൻ മോഹൻലാൽ എം. ജി. ആർ രസികനുമാണ്). തമിഴ്നാട്ടിലെ ഒരു സ്ഥലപ്പേരാണ് 'കുംഭകോണം'. മലയാളത്തിൽ അതിന് 'അഴിമതി' എന്നർഥത്തിലും പ്രയോഗമുണ്ട്. 'പേശുക' എന്നതിന് 'സംസാരിക്കുക' എന്നാണ് തമിഴിൽ അർഥം. മലയാളത്തിലത് 'വില പേശൽ' ആണ്. മേൽപ്പറഞ്ഞ പദങ്ങളിൽ 'സാമുദ്രികപ്പട്ട്' 'പരമ്പരപ്പട്ട്' പുളിയാങ്കുടിചേല' എന്നിവ തമിഴ്നാട്ടിലെ വസ്ത്രവ്യാപാരികൾ പരസ്യങ്ങൾവഴി മലയാളത്തിൽ എത്തിച്ചവയാണ്. ബാക്കി പദങ്ങൾ വിവർത്തനങ്ങൾ വഴിയോ ചാനലുകൾ വഴിയോ (ഇശൈ, ഇന്നിശൈ) വന്നവയാണ്.

തമിഴിലെ ചില സാധാരണപദങ്ങൾ മലയാളത്തിലാവുമ്പോൾ വിലക്കു ചൊല്ലുകളാകുന്നതും ശ്രദ്ധേയമാണ്.

ഉദാ: മയിർ
പൺ (പണ്ണുക)

### 1. 3. 3. ശൈലി

തമിഴിൽ പ്രചുരപ്രചാരമുള്ള ചില ശൈലികളും പ്രയോഗങ്ങളും മലയാളത്തിലും ഇടം നേടിയിട്ടുണ്ട്. 'പാർക്കലാം' 'കാത്തിരുന്നു കാണുക' എന്നർഥത്തിലും 'രാമേശ്വരത്തെ ക്ഷൗരം' പൂർണമാക്കാത്ത പ്രവൃത്തിയെ കുറിക്കാനും 'ആടി കളയുക' എന്നത് കർക്കിടകമാസത്തിലെ അവസാനദിവസം ചേട്ടാ ഭഗവതയിലെ (പൊട്ടി) പുറത്താക്കലിനെ കുറിക്കാനും ഉപയോഗിക്കുന്നു. 'വാഴ് വേമായം', 'നാടകമേ ഉലകം', 'ഉലകം ചുറ്റും വാലിബൻ', 'ചിന്ന വീട്,' തൈപിറന്താൽ വഴിപിറക്കും', 'പോയ മച്ചാൻ തിരുമ്പിവന്താൻ' എന്നിവ മറ്റ് ഉദാഹരണങ്ങൾ.

ഇവയെല്ലാംതന്നെ മലയാളത്തിലെ ഔപചാരിക സന്ദർഭങ്ങളിലും അനൗപചാരികസന്ദർഭങ്ങളിലും ഉപയോഗിക്കുന്നവയാകയാൽ തമിഴ് ഭാഷാസ്വാധീനം എന്നുതന്നെ ഗണിക്കാവുന്നതാണ്. കാരണം സാമൂഹിക ഭാഷാശാസ്ത്രത്തിലെ ആശയവിനിമയത്തിലെ കാര്യക്ഷമത(communicative competence)യുടെ അടിസ്ഥാനത്തിൽ ഇവയ്ക്ക് പ്രസക്തിയുമുണ്ട്. സാമൂഹികസാഹചര്യത്തിനനുസരിച്ച് ഭാഷ ഉപയോഗിക്കുവാനുള്ള കഴിവാണ് ആശയവിനിമയിത്തിലെ





കാര്യക്ഷമത (Hymes:1970:110). ഉച്ചാരണബോധം, വ്യാകരണബോധം, പദബോധം (ഭാഷാജ്ഞാനം) എന്നിവയുണ്ടെങ്കിൽ ഒരാൾക്ക് ഭാഷ നന്നായി പ്രയോഗിക്കാനാകും. ഭാഷാജ്ഞാനത്തോടൊപ്പം പ്രധാനമാണ് സാമൂഹികഭാഷാജ്ഞാനവും. സംഭാഷണം എങ്ങനെ തുടങ്ങണം?, സംഭാഷണത്തിൽ എങ്ങനെ ഇടപെടണം, അതു എങ്ങനെ അവസാനിപ്പിക്കണം എന്നെല്ലാം നിശ്ചയിക്കുന്നത് സാമൂഹികഭാഷാജ്ഞാനമാണ്. അതോടൊപ്പം പരിഗണിക്കേണ്ട മറ്റൊരു കാര്യം 'ഭാഷാതന്ത്രജ്ഞാനം' (strategic competence) ആണ്. ഭാഷണം എപ്രകാരം ഫലവത്താകും എന്ന കാര്യമാണത്. അതുകൊണ്ടുതന്നെ അന്യഭാഷാപദങ്ങൾ ഉപയോഗിക്കുമ്പോൾ അതിന് പ്രത്യേക പ്രസക്തിയുണ്ട്. അതായത് മേൽ ഉദ്ധരിച്ച ചില പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയ്ക്ക് മലയാളവ്യാകരണത്തിലോ നിഘണ്ടുവിലോ സ്ഥാനം നൽകാറില്ലെങ്കിലും അവയുടെ പ്രയോഗങ്ങൾക്ക് സാമൂഹികഭാഷാശാസ്ത്രദൃഷ്ട്യാ പ്രസക്തിയുണ്ടെന്നർഥം.

ഭാഷാതലം കൂടാതെ മറ്റു മേഖലകളിൽ സംഭവിച്ച തമിഴ് ആദേശം എന്തെന്ന് നോക്കാം.

### 1. 4. വൃത്തം

തമിഴ്-മലയാളങ്ങൾക്ക് തമ്മിൽ അനുസ്യൂതബന്ധം കല്പിക്കാവുന്ന മറ്റൊരു മേഖല വൃത്തമാണ്.

> പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിന്റെ വഴിക്കു താൻ
> അതിനാൽ ഗാനരീതിക്കു പേരുമീരടിയാണിഹ
> (രാജരാജവർമ്മ, 1982)

ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട ഈ രണ്ടു ഭാഷകളിലും വൃത്തങ്ങൾ ഗാനാത്മകങ്ങളാണ്. താളത്തിനൊത്തു പാടുന്നതാണെങ്കിൽ അതിന്റെ മാത്രയ്ക്ക് നിയമം ഉണ്ടാകും (തുള്ളൽപ്പാട്ട് ഉദാഹരണം). മറിച്ചാണെങ്കിൽ അക്ഷരനിയമവും കാണും (കിളിപ്പാട്ട് ഉദാഹരണം).

തമിഴിലെ വൃത്തവ്യവസ്ഥയനുസരിച്ച് എന്തും, ഏതു ഭാഷയാകട്ടെ, ഗദ്യമാവട്ടെ, പദ്യമാവട്ടെ നിർവചിച്ചു തരാൻ പറ്റുമെന്നാണ് വി. ഐ. സുബ്രഹ്മണ്യത്തിന്റെ അഭിപ്രായം (അനുജൻ, 1997:38).

തമിഴിലെ ജനകീയകവിത — ഭക്തിയും ദേശസ്നേഹവും ജ്വലിക്കുന്ന ഗാനാത്മകസാഹിത്യം — നാടോടിവൃത്തങ്ങളിൽ രചിച്ചവയാണ്. അവയ്ക്ക് സമാനങ്ങളായ പദ്യരൂപങ്ങൾ മലയാളത്തിലുമുണ്ടെന്ന് അഭിപ്രായവുമുണ്ട് (1997:38). ചില ഉദാഹരണങ്ങൾ ഒ. എം. അനുജൻ നല്കുന്നുണ്ട്: ഭാരതിയുടെ കൃതികളിൽനിന്നാണ് ഉദാഹരണങ്ങൾ.

എട്ടുദ്ദിശൈയും പറന്തുതിരിക്കുവൈ
ഏറിയ കാട്ടിൽ വിരൈപൊടു നീന്തുവൈ
(ചിറ്റക്കുരുവിയെ പോലെ).

ഇതു കാകളിയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

വൈയം മുഴുതും പടൈത്തളിക്കിന്റ. മ-
ഹാശക്തി നൻപുകൾ വാഴ്ത്തുകിന്റോം
(വൈയം മുഴുതം)

എന്നത് മഞ്ജരിയും.

തമിഴ്-മലയാളങ്ങൾ തമ്മിലുള്ള താളാത്മകവും ഗാനാത്മകവുമായ ഈ അടുപ്പം തമിഴ് ലളിതഗാനങ്ങൾക്കും പിൽക്കാലത്തു സിനിമാഗാനങ്ങൾക്കും മലയാളിയുടെ സംസ്കാരത്തിൽ ഇടം നേടിക്കൊടുത്തിരിക്കണം. മാത്രമല്ല, തമിഴ് സംഗീതനാടകങ്ങൾക്ക് ഒരുകാലത്ത് വളരെയധികം പ്രചാരം കേരളത്തിൽ നേടിക്കൊടുത്തതും തമിഴ്-മലയാളങ്ങൾ തമ്മിലുള്ള താളാത്മകമായ അടുപ്പം ആയിരിക്കണം. അടുത്ത ഖണ്ഡത്തിൽ തമിഴ്സംഗീതനാടകത്തിന്റെ സ്വാധീനം എപ്രകാരമെന്ന് അവലോകനം ചെയ്യുന്നു.

## 1. 5. തമിഴ് സംഗീതനാടകം

മലയാളിയുടെ ഭാവുകത്വത്തെയും അഭിരുചിയെയും ഏറെ സ്വാധീനിച്ച ഘടകങ്ങളിലൊന്ന് തമിഴ് സംഗീതനാടകങ്ങളാണ്. തമിഴകം കീഴടക്കിയ സംഗീതനാടകങ്ങൾ കേരളത്തിലും പ്രചാരം നേടി.

കേരളീയമായ ഘടകങ്ങളിലേതുമില്ലാത്ത കച്ചവടനാടകങ്ങളെയാണ് മലയാളികൾ സ്വീകരിച്ചത് (ശ്രീകുമാർ, 2004:45). മലയാളികളെ സംബന്ധിച്ചിടത്തോളം വിനോദമാർഗങ്ങളിലൊന്നായിരുന്നു തമിഴ് സംഗീതനാടകങ്ങൾ. സംഗീതവും ഹാസ്യവും നൃത്തവും കണ്ണഞ്ചിപ്പിക്കുന്ന അദ്ഭുതദൃശ്യങ്ങളുമെല്ലാം തമിഴ് സംഗീതനാടകങ്ങളുടെ ശൈലിയിൽ പ്രധാനമായിരുന്നു. ഇതേക്കുറിച്ച് കെ. സി. കേശവപിള്ള പറയുന്നത് നോക്കുക:

> ... രസപുഷ്ടി, കഥാഘടനയുടെ വൈചിത്ര്യം പാത്രങ്ങളുടെ തന്മയത്വം മുതലായവയാണല്ലോ നാടകത്തിന് പ്രധാനമായി വേണ്ട ഗുണങ്ങൾ. എന്നാൽ തമിഴ് നാടകക്കാർ പ്രേക്ഷകരെ ആഹ്ലാദിപ്പിക്കുന്നത് പ്രായേണ അവരുടെ രംഗവിധാനത്തിന്റെ മോടിയും സംഗീതത്തിന്റെ ധാടിയും കൊണ്ടാകുന്നു. അവർ നമ്മുടെ നാടകക്കാരെപ്പോലെ ഓരോ നാടകങ്ങൾക്കും പ്രത്യേകം ഗദ്യപദ്യങ്ങളെ അഭ്യസിച്ചുവെയ്ക്കുക പതിവില്ല. പല നാടകങ്ങളിലും ഭേദപ്പെടുത്താതെയോ സ്വല്പം ചില ഭേദങ്ങളോടുകൂടിയോ ഉപയോഗിക്കുന്നവയായ ഏതാനും പാട്ടുകൾ, വിരുത്തങ്ങൾ മുതലായവ അവർ അഭ്യസിച്ചിട്ടുണ്ടാകും. ഇവയെ കൊണ്ടാണ് അവർ മിക്കവാറും അഭിനയം കഴിച്ചുകൂട്ടിയതും (കേശവപ്പിള്ള, 1935).

തമിഴ് സംഗീതനാടകങ്ങളിൽനിന്നും ഊർജം ഉൾക്കൊണ്ട് പുതുപാത തേടാനുള്ള ശ്രമം ഈ വാക്കുകളിലുണ്ട്.

കേരളത്തിൽ ഇന്നു നിലനിൽക്കുന്ന യഥാർഥ നാടകവേദിയുടെ വിദൂരമായ തുടക്കം സംഗീതനാടകത്തിൽ കാണാം (രാജേന്ദ്രബാബു, 2000:51). ഭാഷാസംഗീതനാടകങ്ങളിലൂടെയും മറ്റും മലയാളനാടകവേദി ജനകീയമായിത്തീർന്നത് തമിഴ് സംഗീതനാടകങ്ങളുടെ സ്വാധീനഫലമാണ്. തമിഴ് സംഗീതനാടകമൊരുക്കിയ ഇടത്തിലാണ് പിൽക്കാലത്ത് തമിഴ്സിനിമകളും സിനിമാഗാനങ്ങളും കടന്നുവരുന്നത്. തമിഴ്സിനിമകളുടെ ചടുലമായ നൃത്തച്ചുവടുകളും സംഗീതവും അതിവൈകാരികതയും മലയാളികൾ സ്വീകരിച്ചു.

## 1. 6. തമിഴ് സിനിമ – ആട്ടവും പാട്ടും

താലി പിടിച്ചാണയിടുന്ന അമ്മമാർ, പൊക്കിൾകാട്ടി നൃത്തം ചെയ്യുന്ന നായികമാർ, എല്ലാത്തരം പൈശാചികപ്രവൃത്തികളും ചെയ്യുന്ന കറുത്തവസ്ത്രം ധരിച്ച വില്ലൻ എന്നിങ്ങനെ തമിഴ്സിനിമയിലെ ഓരോ തരിയും അറപ്പുണ്ടാക്കുന്നത്ര വ്യാജമാണ് (ജയമോഹൻ, 2001:21). ഈ അറപ്പുണ്ടാക്കുന്ന വ്യാജത്തെ മലയാളി സ്വീകരിച്ചുവെന്നതിന്റെ തെളിവുകളാണ് മലയാളസിനിമകളോടൊപ്പം കേരളത്തിൽ സൂപ്പർഹിറ്റുകളാകുന്ന തമിഴ് സിനിമകൾ.

കേരളത്തിലെ കൗമാരപ്രായക്കാരുടെ ഇടയിൽ ഈയിടെ ഒരു മാർക്കറ്റിംഗ് ഏജൻസി നടത്തിയ സർവേയിൽ, അവരുടെ ആരാധ്യവിഗ്രഹങ്ങളായ അഞ്ചുപുരുഷന്മാരിൽ രണ്ടുപേർ തമിഴ് സിനിമാതാരങ്ങളായ വിജയും സൂര്യയുമാണ്. തമിഴ്-ഹിന്ദി സിനിമകളുടെ 'ഗ്ലാമറി'ൽ അവർ വീണുപോയിരിക്കുന്നു. തമിഴിലെ 'അന്യൻ' എന്ന സിനിമ കേരളത്തിൽ റിലീസായതുകൊണ്ടു മാത്രം തിയേറ്റർ കിട്ടാതെപോയ മലയാളചിത്രങ്ങളുമുണ്ട് (ഹിന്ദു: 2007). കേരളത്തിലെ ബി, സി ക്ലാസ് തിയ്യറ്ററുകളിൽ പോലും തമിഴ് സിനിമകൾ 'കളക്ട്' ചെയ്യുന്നു.

തമിഴ്സിനിമാസംസ്കാരത്തോട് മലയാളിക്കുള്ള താത്പര്യത്തിന്റെ മറ്റൊരു ഉദാഹരണംകൂടി ചൂണ്ടിക്കാണിക്കാം. അത് രജനികാന്തിന്റെ സിനിമകൾക്ക് കിട്ടുന്ന 'വരവേല്പാ'ണ്.

കേരളത്തിൽ രജനികാന്ത് രസികർ മൻറം ഏറ്റവും കൂടുതലുള്ളത് പാലക്കാടാണ്. രജനിയുടെ പുതിയ സിനിമ പുറത്തിറങ്ങുന്ന ദിവസം അവർ അതൊരു ഉത്സവമാക്കി മാറ്റും. വെടിക്കെട്ടും ആനയും അമ്പാരിയും താലപ്പൊലിയുമായി 'ഫിലിം റീൽപ്പെട്ടി' എഴുന്നള്ളിച്ച് ക്ഷേത്രത്തിലെത്തിച്ച് പൂജ നടത്തുന്നു. ശേഷം മധുരം വിതരണം ചെയ്യുന്നു. പാലക്കാടിന്റെ ആൾദൈവ

മായി രജനീകാന്ത് മാറിക്കഴിഞ്ഞിരിക്കുന്നു. (ടി. ജിതേഷ് ഇതേക്കുറിച്ചൊരു ഫിലിം ഡോക്യുമെന്ററി തയ്യാറാക്കിയിട്ടുണ്ട്).

തമിഴിലെ ഏതാനും ചില നടികളെയും നടന്മാരെയും മലയാളികളെപ്പോലെ മലയാളി സ്വീകരിച്ചു. കമലഹാസൻ, ശ്രീവിദ്യ, സുഹാസിനി, ചാരുഹാസൻ തുടങ്ങിയവർ ഉദാഹരണം. കമലഹാസന്റെ തമിഴ്ചുവയുള്ള മലയാളം ഒരു വ്യതിരിക്തശൈലിയായിത്തന്നെ മലയാളി അംഗീകരിച്ചു. തമിഴ് ചലച്ചിത്ര പിന്നണി പ്രവർത്തകരിൽ വളരെയധികം ആളുകളെ മലയാളികൾ സ്വീകരിച്ചു. സംഗീതത്തിൽ ഇളയരാജയും ക്യാമറയിൽ അഴകപ്പനും നൃത്തത്തിൽ കലാമാസ്റ്ററും എഡിറ്റിംഗിൽ ബി. ലെനിനും ചില സമകാലിക ഉദാഹരണങ്ങൾ മാത്രം.

### 1. 6. 1. ദ്വിഭാഷിത്വസിനിമ

തമിഴും മലയാളവും ചേർന്ന അന്തരീക്ഷത്തിൽ നിർമ്മിക്കപ്പെട്ട സിനിമകളാണ് പഠനവിധേയമാക്കേണ്ട മറ്റൊരു മേഖല. 'മഴവിൽക്കാവടി', 'മയിലാട്ടം', 'മേലെപറമ്പിലെ ആൺവീട്', 'മലയാളി മാമന് വണക്കം', 'മാട്ടുപ്പെട്ടി മച്ചാൻ' തുടങ്ങി ധാരാളം ജനപ്രിയസിനിമകളിലെ പ്രധാന കൂട്ടുകളിലൊന്ന് തമിഴ്സംസ്കാരമായിരുന്നു.

ടി. വി. ചന്ദ്രൻ സംവിധാനം ചെയ്ത മങ്കമ്മയുടെ ദ്വിഭാഷാസംസ്കാരത്തെക്കുറിച്ച് സിനിമാനിരൂപകർ പഠിച്ചിട്ടുണ്ട്.

> കണ്ണകിയെപ്പോലെ, സ്ത്രീശക്തിയെക്കുറിച്ചുള്ള ദ്രാവിഡസങ്കല്പങ്ങളെ വിളിച്ചുണർത്തുന്ന ഒരു ആദിരൂപമാണ് (archetype) മങ്കമ്മയും. തന്റെ നായികയ്ക്കും സിനിമയ്ക്കും മങ്കമ്മ എന്ന് നാമകരണം ചെയ്യുമ്പോൾ തമിഴകത്തിന്റെ ആ സ്ത്രീസങ്കല്പത്തെ കഥാപാത്രത്തിലേക്കും ചലച്ചിത്രകൃതിയിലേക്കും ആനിയിക്കുകയോ ആവാഹിക്കുകയോ ആണ് രചയിതാവ്. മങ്കമ്മ ഒരു ദ്വിഭാഷാചിത്രം (തമിഴ്-മലയാളം) ആയതിന്റെ കാരണവും അതാണ്. വിട്ടുപോന്ന തമിഴ്സംസ്കൃതിയുമായി മലയാളിയെ അന്വയിക്കുമ്പോഴുണ്ടാവുന്ന ഊർജം ഈ സിനിമയെ പല മട്ടിൽ ചടുലമാക്കുന്നുണ്ട് (ജോണി, 2005:136).

തമിഴ്സംസ്കാരത്തെ ആദേശം ചെയ്യുന്ന മാധ്യമഭാഷയും ഈ സിനിമയ്ക്കുണ്ട്. സിനിമയെ സംബന്ധിച്ചിടത്തോളം, ദൃശ്യചിഹ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന സാംസ്കാരികാന്തരീക്ഷത്തെ പ്രോജ്ജ്വലിപ്പിക്കുക മാത്രമാണ് ദ്വിഭാഷാചിത്രങ്ങളിലെ ഭാഷാധർമം. ഇതേ ഗണത്തിൽ പെടുന്ന മറ്റൊരു സിനിമ അരവിന്ദന്റെ ചിദംബരമാണ്. ദ്വിഭാഷിത്വമുള്ള മറ്റൊരു രംഗം ചലച്ചിത്രഗാനങ്ങളാണ്.

### 1. 6. 1.1. ഗാനങ്ങളിലെ ദ്വിഭാഷിത്വം

തമിഴ്ഭാഷയിലുള്ള ചില പദപ്രയോഗങ്ങൾ വാക്യങ്ങൾ എന്നിവ മലയാള ചലച്ചിത്രഗാനങ്ങളിൽ ഉൾപ്പെടുത്തുന്ന പ്രവണതയും കാണുന്നുണ്ട് (ഉദാ: വേൽമുരക അരേ ഹര...).





തമിഴിലെ ഹിറ്റ്ഗാനങ്ങളും കവിതകളും പ്രമേയാനുസരണം മലയാളതിരക്കഥകളിലും ഇടം നേടിയിട്ടുണ്ട്.

'രാജാവിൻ പാർവൈ റാണിയിൻ പക്കം' എന്ന ഗാനം 'വാമനപുരം ബസ്സ് റൂട്ട്' എന്ന ചിത്രത്തിൽ പുനരവതരിപ്പിച്ചിരിക്കുന്നത് ഉദാഹരണം.

'കാറ്റു.................. കണ്ണമ്മാ' എന്ന തമിഴ് കവിത ബ്ലെസിയുടെ തന്മാത്രയിലെ ഭാവാംശവുമായി ഒട്ടിനിൽക്കുന്നു.

മലയാളിക്ക് തമിഴിനോടുള്ള ഈ ആഭിമുഖ്യം മനസ്സിലാക്കി തമിഴ്സിനിമകളിൽ മലയാളിയും മലയാളവും വേണ്ടിടത്ത് ഉപയോഗപ്പെടുത്താൻ തമിഴ് സിനിമാസംവിധായകരും ശ്രമിക്കുന്നു. കേരളത്തിലും ദക്ഷിണേന്ത്യയിലെ മറ്റിടങ്ങളിലും സൂപ്പർഹിറ്റായ, ചേരൻ സംവിധാനം ചെയ്ത ഓട്ടോഗ്രാഫ് എന്ന ചിത്രത്തിലെ ഒരു ഗാനം ശ്രദ്ധിക്കുക.

മനസ്സുക്കുള്ളേ ദാഹം വന്ത്ച്ചാ? വന്ത്ച്ചാ?
വന്നല്ലോ വന്നല്ലോ
മയിലിറകിൻ വാസം വന്ത്ച്ചാ? വന്ത്ച്ചാ?
വന്നല്ലോ വന്നല്ലോ
തമിഴ് പഠിക്കാൻ ആശൈ വന്ത്ച്ചാ? വന്ത്ച്ചാ?
വന്നല്ലോ വന്നല്ലോ
തമിഴ്നാട്ട്വെക്കം വന്ത്ച്ചാ? വന്ത്ച്ചാ?
വന്നല്ലോ വന്നല്ലോ

കാമുകൻ തമിഴിലും കാമുകി മലയാളത്തിലും പാടുന്ന ദ്വിഭാഷാപ്രണയഗാനമാണിത്. ഈ ഗാനം അവസാനിക്കുന്നത് ഇങ്ങനെ:

മനസ്സിനുള്ളിൽ ദാഹം വന്നല്ലോ
വന്ത്ച്ചാ? വന്ത്ച്ചാ?
മയിൽചിറകിൽ വാസന വന്നല്ലോ
വന്ത്ച്ചാ? വന്ത്ച്ചാ?
തമിഴ് പഠിക്കാൻ ആശ വന്നല്ലോ
വന്ത്ച്ചാ? വന്ത്ച്ചാ?
തമിഴ്നാടിൻ നാണം വന്നല്ലോ
വന്ത്ച്ചാ? വന്ത്ച്ചാ?

'പ്രണയത്തിന് കണ്ണില്ലാ' എന്നു പറയാറുണ്ടെങ്കിലും തമിഴനെ സംബന്ധിച്ചിടത്തോളം ഭാഷയും സംസ്കാരവും നിർബന്ധംതന്നെ. അതുകൊണ്ടാണ് മല

യാളി കാമുകിക്ക് യോഗ്യതയായി തമിഴ്ഭാഷയും തമിഴ് വെക്കവും (കുലീനത) അച്ചാരമായി ചോദിക്കുന്നത്. തമിഴ്ഭാഷാസംസ്കാരാദേശം പ്രതിഫലിപ്പിക്കുന്ന ഗാനമെന്നതുപോലെ തമിഴ് 'ഷേവ്വനിസ'ത്തെക്കൂടി ഈ ഗാനം വിളംബരം ചെയ്യുന്നുണ്ട്. 'സുന്ദരി നീയും സുന്ദരൻ ഞാനും ചേർന്നിരുന്നാൽ തിരുവോണം' കമലഹാസൻ പാടി അഭിനയിച്ച ഗാനമാണ് മറ്റൊരു ഉദാഹരണം.

സമ്പർക്കഭാഷകൾ തമ്മിലുള്ള സാംസ്കാരികസമന്വയത്തിന്റെയും ഭാഷാദേശത്തിന്റെയും പ്രത്യക്ഷോദാഹരണങ്ങളാണ് ഇത്തരം ഗാനങ്ങൾ എന്നാണ് മനസ്സിലാക്കേണ്ടത്. ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. ഇന്ന്, മലയാളികളുടെ മൊബൈയിൽ റിംഗ്ടോണുകളിൽ ഏറ്റവും കൂടുതൽ ഇടം നേടിയ ദക്ഷിണേന്ത്യൻ ഭാഷാഗാനങ്ങളും തമിഴിൽനിന്നുതന്നെയാണ്. ഇതേപോലെതന്നെയാണ് തമിഴ് ആൽബങ്ങളുടെ സ്ഥിതിയും. മലയാളം ചാനലുകളിലെ ചില സംഗീതപരിപാടികൾ കോമ്പയർ ചെയ്യുന്നത് തമിഴ് ഗായകരാണ്. ചില സംഗീതപരിപാടികൾക്ക് തമിഴ്പേരുതന്നെയുണ്ട്. ഉദാഹരണമായി കൈരളി ടി.വിയിലെ 'ഇന്നിശൈ'. ഇതോടൊപ്പം തമിഴ് നായകന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'നേർകാണൽ' പല മലയാളം ചാനലുകളും സംപ്രേഷണം ചെയ്യുന്നുണ്ട്. മലയാള ടി.വി/സിനിമ അവാർഡുദാനചടങ്ങുകളിലും മറ്റും തമിഴ് സിനിമാഗാനങ്ങളും സിനിമാറ്റിക് ഡാൻസും സ്ഥിരം പരിപാടികളാണ്. മലയാളത്തിലെ സ്വതസ്സിദ്ധമായ മെലഡികൾക്കൊപ്പം ചുവടുകൾ വെച്ചിരുന്ന മലയാളതാരങ്ങൾ ഇപ്പോൾ, തമിഴിൽ സൂപ്പർഹിറ്റായിത്തീർന്ന ഫാസ്റ്റുനമ്പറുകളെയാണ് അനുകരിക്കുന്നത്. അതായത്, മലയാളി എങ്ങനെ ചുവടു വയ്ക്കണമെന്ന് തമിഴിലെ കൊറിയോഗ്രാഫർമാർ തീരുമാനിക്കുമെന്നർഥം. എം.ടി.വി, സ്റ്റാർ, സോണി, സൺ, എസ്. എസ് മ്യൂസിക്, കിരൺ, ആദിത്യ എന്നിവയെല്ലാം ചേർന്നൊരുക്കുന്ന തമിഴ് സിനിമാപ്പാട്ടുകളുടെയും ആട്ടങ്ങളുടെയും സംസ്കാരത്തോടൊപ്പമാണ് കേരളത്തിലെ ഗൃഹസദസ് വളരുന്നത്. ഇനി തമിഴ്സാഹിത്യം മലയാളി നോക്കുന്നതെങ്ങനെയെന്നു കാണാം.

## 1. 7. തമിഴ് വിവർത്തനം - മലയാളത്തിൽ

ചലനാത്മകമായൊരു സാംസ്കാരികപ്രക്രിയയാണ് വിവർത്തനം. മറ്റൊരു പ്രദേശത്തെയും ഭാഷയെയും സംസ്കാരത്തെയും മനസ്സിലാക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം ലക്ഷ്യഭാഷയുടെ ഭാവുകത്വപരിണാമത്തെ നിയന്ത്രിക്കുകയോ സ്വാധീനിക്കുകയോ ചെയ്യുക എന്ന ധർമം കൂടിയുണ്ട് വിവർത്തനത്തിന്. ഏറ്റവും കൂടുതൽ വിവർത്തനം ചെയ്യപ്പെടുന്ന സ്രോതഭാഷയ്ക്ക് ലക്ഷ്യഭാഷയിൽ ഒരുതരം അധികാരം ചെലുത്താനുമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ തമിഴും മലയാളവും തമ്മിലുള്ള വിവർത്തനബന്ധമെന്തെന്ന് നോക്കാം. തമിഴ് ക്ലാസിക്കായ തിരുക്കുറലിന് ഇന്ത്യൻഭാഷകളിൽ ആദ്യമായൊരു വിവർത്തനമുണ്ടാകുന്നത് മലയാളത്തിലാണ്. പതിനാറാം നൂറ്റാണ്ടിലുണ്ടായ ഈ വിവർത്തനം





അപൂർണമാണ്. എങ്കിലും അയൽഭാഷയായ തമിഴിൽനിന്നും വളരെക്കുറച്ചു കൃതികളെ മലയാളത്തിലേക്ക് ഈ അടുത്തകാലം തർജമ ചെയ്തിട്ടുള്ളു.

കമ്പരാമായണം, ചിലപ്പതികാരം, പുറനാനൂറ് , പതിറ്റുപ്പത്തു തുടങ്ങിയ കാവ്യങ്ങളുടെ ഏതാനും വിവർത്തനങ്ങളുണ്ടെങ്കിലും, തമിഴുമായുള്ള വിവർത്തനബന്ധം തുലോം ദുർബലമാണ് (ഗോപി, 1990:104). സംസ്കൃതം(555), ബംഗാളി (306), ഹിന്ദി (170) എന്നീ ഭാഷകളിൽനിന്നാണ് വിവർത്തനങ്ങൾ അധികവും. തമിഴിന് നാലാം സ്ഥാനമേയുള്ളു (104).

വേണ്ടത്ര വിവർത്തനങ്ങൾ രണ്ടു ഭാഷകളിലും ഉണ്ടാകുന്നില്ല എന്നു പരാതിയുണ്ട്; ഇരു ഭാഷകളിലെയും എഴുത്തുകാർക്ക്.

തമിഴ്സാഹിത്യത്തെപ്പറ്റി മലയാളിക്കും മലയാളസാഹിത്യത്തെപ്പറ്റി തമിഴർക്കും വേണ്ട അറിവ് ഇല്ലാതെ പോയത് സങ്കടകരമാണ്. ഇത്രമാത്രം അടുപ്പമുള്ള രണ്ടു ഭാഷകൾ ലോകത്ത് വേറെയുണ്ടോ എന്ന് സംശയമാണ് (സുന്ദരരാമസ്വാമി, 2000:4).

തമിഴുമായി താരതമ്യം ചെയ്യുമ്പോൾ ബുദ്ധിപരമായ എഴുത്തും വായനയും മലയാളത്തിലാണ് അധികമുള്ളതെന്നാണ് ഞങ്ങളുടെ അഭിപ്രായം (രമേഷ് പ്രേം, 2006:67). ഇതോട് അടുത്തുവരുന്ന മറ്റൊരു അഭിപ്രായം ഇങ്ങനെയാണ്: തങ്ങളുടെ കഥകൾ മലയാളം എഴുത്തുകാരും മലയാളവായനക്കാരും വായിക്കണമെന്ന തമിഴ് എഴുത്തുകാരന്റെ ഉള്ളിലെ ആശ കുറച്ചൊന്നുമല്ല (സുന്ദരരാമസ്വാമി, 2006). രണ്ടായിരത്തിലേറെ പഴക്കമുള്ള കവിതാപാരമ്പര്യമുള്ള തമിഴ്ഭാഷയിലെ എഴുത്തുകാരന്റെ മനോഭാവമാണിത്. ബുദ്ധിപരമായ എഴുത്ത് തങ്ങളെ അപേക്ഷിച്ച് തമിഴർക്ക് കുറവായതുകൊണ്ടാണെന്ന അടിസ്ഥാനരഹിതമായ ധാരണയാലാകണം മലയാളികൾ തമിഴിൽനിന്ന് കൂടുതൽ കൃതികൾ മൊഴിമാറ്റം ചെയ്യാതിരുന്നത്. 1850 മുതൽ 1992 വരെയുള്ള 143 കൊല്ലങ്ങളിൽ തമിഴിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള കൃതികളുടെ ആകെ സംഖ്യ ഇരുനൂറിനോടടുക്കും. ഉപന്യാസം, ചെറുകഥ, നോവൽ നാടകം, ശാസ്ത്രമാനവികഗ്രന്ഥങ്ങൾ എന്നിങ്ങനെ സാഹിത്യത്തിലെ ഏതാണ്ട് എല്ലാ വിഭാഗങ്ങളിലും ഉണ്ടായിട്ടുള്ള കൃതികൾ ഇവയിൽ പെടുന്നു (പത്മനാഭൻതമ്പി, 1994:101). എന്നാൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സ്ഥിതിഗതികൾ മാറിയിരിക്കുന്നു. രണ്ടായിരത്തിനും രണ്ടായിരത്തിയാറിനുമിടയ്ക്ക് പന്ത്രണ്ട് കൃതികൾ പുസ്തകരൂപത്തിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ചാരുനിവേദിതയുടെ സീറോഡിഗ്രി(2001), 13 തമിഴ് കഥകൾ (2000), വിവർത്തനം ടി. പ്രേമാനന്ദകുമാർ, തോപ്പിൽ മുഹമ്മദ് മീരാന്റെ തുറമുഖം (2002), കൂനൻതോപ്പ് (2003), പുതുനാനൂർ (2003), ശിവശങ്കരിയുടെ ദയാവധം (2004), പാമയുടെ സംഗതി (2005), സമീര വിവർത്തനം ചെയ്ത തമിഴക പെൺകവിതകൾ (2005), ടി. ഡി. രാമകൃഷ്ണൻ തമിഴ് എഴുത്തുകാരുമായി നടത്തിയ അഭിമുഖം, തമിഴ് മൊഴിയഴക് (2006).

എൺപതുകളിൽ ലാറ്റിൻ അമേരിക്കൻ സാഹിത്യത്തിലെ പരീക്ഷണാത്മകസ്പന്ദനം ഏറ്റുവാങ്ങിയ അതേ തീവ്രതയോടെയാണ് ഇപ്പോൾ തമിഴിൽനിന്നുമുള്ള എഴുത്തിൻതുടിപ്പുകൾ മലയാളികൾ എറ്റുവാങ്ങിയിരിക്കുന്നത്. ഭാവുകത്വപരമായ ആഭിമുഖ്യമാണ് പരിഭാഷയെ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. വളരെ ചലനാത്മകമായ ഭാവുകത്വപരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക, ഉത്താരാധുനിക തമിഴ്സാഹിത്യത്തെ തീവ്രതയോടെ ഉൾക്കൊള്ളാൻ മലയാളി തയ്യാറായിരിക്കുന്നുവെന്നതിന് തെളിവുകൂടിയാണ് ഈ വിവർത്തനകൃതികൾ.

ആഖ്യാനം, പ്രമേയം, ഭാഷ, ദർശനം എന്നിവയിൽ പരീക്ഷണങ്ങൾ ഏറെ നടക്കുന്നുണ്ട്, തമിഴ് സാഹിത്യത്തിൽ. എന്നാൽ മലയാളത്തിന്റെ സ്ഥിതിയാകട്ടെ പരിതാപകരമാണ്. മലയാളനോവലിന്റെ ആധുനികതയ്ക്ക് ഏതാണ്ട് അരനൂറ്റാണ്ടോളം പഴക്കമായിക്കഴിഞ്ഞു. അപൂർവ്വമായ ചില കരങ്ങളിലൊഴികെ അതിന്റെ പരീക്ഷണാത്മകത ഇന്ന് നിർജീവമാണ് (സക്കറിയ 2001). സക്കറിയ മലയാളനോവലിനെക്കുറിച്ച് പറഞ്ഞ അഭിപ്രായത്തോടൊപ്പം ചേർക്കേണ്ട മറ്റൊന്ന്: മലയാളഭാവകുത്വത്തെ നിർണായകമാക്കി സ്വാധീനിച്ചിരുന്ന സ്ത്രീവാദം, ദളിത്വാദം, ഹരിതവാദം, പാരിസ്ഥിതികസ്ത്രീവാദം തുടങ്ങിയ പല സാമൂഹികപ്രസ്ഥാനങ്ങളും വളരെ നിർജീവമായപ്പോൾ തമിഴിലത് വളരെ സജീവവും ചടുലവുമായി എന്നതാണ്. ഇക്കാരണങ്ങളായിരിക്കണം അടുത്തകാലത്തായി തമിഴിൽനിന്ന് ഏറെ വിവർത്തനങ്ങൾ മലയാളത്തിലുണ്ടാകാൻ ഇടയാക്കിയതും. മലയാളി അതു സ്വീകരിക്കുന്നതും. കൽക്കി, എം. വരദരാജൻ, ജയാകാന്തൻ, കണ്ണദാസൻ, നാ. പാർത്ഥസാരഥി, സുന്ദരരാമസ്വാമി, വാസന്തി, അഖിലൻ, ജയമോഹൻ എന്നിവരായിരുന്നു മലയാളത്തിന് സുപരിചിതരായ ആധുനിക എഴുത്തുകാർ. നീല പത്മനാഭൻ, ഇന്ദിരാപാർത്ഥസാരഥി എന്നിവരെയും ഇവരോടൊപ്പം ചേർക്കാം. തമിഴ് വിവർത്തനത്തിലെ 'കൾട്ട്ഫിഗറു'കളായി നിന്നിരുന്ന ഇക്കൂട്ടരെ വകഞ്ഞുമാറ്റി അവിടെ തമിഴിലെ പുതിയ എഴുത്തുകാരെ പ്രതിഷ്ഠിക്കാൻ ചാരുനിവേദിതയുടെ 'സീറോ ഡിഗ്രി' എന്ന വിവർത്തനത്തിനു കഴിഞ്ഞു. അതോടുകൂടി തമിഴിലെ ഇപ്പോഴത്തെ മിക്ക എഴുത്തുകാരും മലയാളികൾക്ക് സുപരിചിതരായി. പൊന്നീലൻ, ക്ഷോഭാശക്തി, രമേഷ് പ്രേം, എസ്. രാമകൃഷ്ണൻ, അഴകിയ പെരിയവൻ, ഈങ്കിലാബ്, പാമ, കുട്ടിരേവതി, കനിമൊഴി, മനുഷ്യപുത്രൻ, മാലതിമൈത്രി, സൽമ, ലീന മണിമേഖല, സമീര, പി. വിശാലം, സു. വേണുഗോപാൽ, തോപ്പിൽ മുഹമ്മദ് മീരാൻ തുടങ്ങിയവർ ഏതാനും ഉദാഹരണങ്ങൾ മാത്രം.

മലയാളത്തിന്റെ ഭാവുകത്വപരിണാമം വിശദീകരിക്കുമ്പോൾ തമിഴ്സാഹിത്യത്തെക്കൂടി പരിഗണിക്കേണ്ടുന്ന തലത്തിലേക്ക് എത്തുന്ന തരത്തിൽ സാംസ്കാരിക-ആദേശം തമിഴ് മലയാളവിവർത്തനങ്ങളിൽ നടന്നിട്ടുണ്ടെന്നു മനസ്സിലാക്കാം.





മലയാളത്തിലെ സ്ത്രീവാദികളും കീഴാളഎഴുത്തുകാരും ഏറ്റവും കൂടുതൽ പ്രശ്നം അഭിമുഖീകരിക്കുന്നത് നോവൽരചനയിലാണ്. ആൺകോയ്മയുടെയും സവർണമേധാവിത്വത്തിന്റെയും ആവിഷ്കരണരൂപമായ നോവലിലെ ആഖ്യാനഘടന പൊളിക്കലാണ് ഏറെ ശ്രമകരം. ഇത്തരം ശ്രമം വേണമെന്നാഗ്രഹിക്കുന്ന മലയാളിക്ക് നോവലിന്റെ ആഖ്യാനഘടനയെ പ്രശ്നവത്ക്കരിക്കുന്ന തമിഴ് ദളിത് - ഫെമിനിസ്റ്റ് എഴുത്തുകാരിയായ പാമയെ എളുപ്പത്തിൽ സ്വീകരിക്കാനാകുന്നു. ആവശ്യാനുസൃതം എന്തും എവിടെനിന്നും സ്വീകരിക്കാനുള്ള മലയാളിയുടെ ആർജവത്തിന് നല്ല ഉദാഹരണമാണ് ഈയിടെയായി രൂപപ്പെട്ടുവന്ന തമിഴ് എഴുത്തുകാരോടുള്ള ഈ മനോഭാവം. മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളായ മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാധ്യമം വാരിക, ഭാഷാപോഷിണി, സമകാലികമലയാളം തുടങ്ങിയവ ഏതാണ്ട് സ്ഥിരമായിത്തന്നെ തമിഴ് എഴുത്തുകാർക്കായി 'ഇടം' നീക്കിവെയ്ക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ചാരുനിവേദിതയും ജയമോഹനനും മലയാളികളുടെ സാംസ്കാരികമണ്ഡലത്തിൽ കോളങ്ങളിലൂടെ ഇടപെടൽ നടത്തുന്നു.

### 1. 7. 1. തമിഴ് വിവർത്തനസ്വാധീനം

തമിഴിൽനിന്നുമുള്ള വിവർത്തനങ്ങൾ മലയാളസാഹിത്യകാരന്മാരിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് 1984 ന് ശേഷം സുന്ദരരാമസ്വാമി, പിച്ചൈമൂർത്തി, കാ. നാ സുബ്രഹ്മണ്യം. സി. മണി തുടങ്ങിയ എഴുത്തുകാരെ ആറ്റൂർ രവിവർമ്മ മലയാളികൾക്ക് പരിചയപ്പെടുത്തി. ഈ പരിഭാഷകളുടെ സ്വാധീനം അദ്ദേഹത്തിന്റെ കവിതകളിലും കാണാമെന്ന കാര്യം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

1985-ലെ 'മോക്ഷമു' എന്ന കവിത ഈ സ്വാധീനത്തിന്റെ നല്ലൊരു ദൃഷ്ടാന്തമാണ്. പട്ട മേഞ്ഞ മൺകുടിലുകൾ, ഒഴിഞ്ഞ കല്പടവുകൾ, ഒറ്റപ്പെട്ട മരങ്ങൾ, ഓരത്തു പറ്റിച്ചേർന്ന കാവേരിയുടെ ഗതിയും അതിന്റെ തീരങ്ങളിലെ പ്രവാഹവും ചേർന്നാണ് ഈ കവിത രൂപംകൊള്ളുന്നത്. തമിഴകത്തിന്റെ ദേശപ്പേരുകൾ (തിരുച്ചി, തിരവയ്യാർ, തഞ്ചാവൂർ, കുംഭകോണം), അവിടത്തെ ഋതുക്കളുടെ പേരുകൾ, (തൈമാസക്കുളിർ) നമുക്കറിയാത്ത ഒരു മാസം, തമിഴ്നാട്ടിലെ ഭൂമിശാസ്ത്രം (അഞ്ചു കൈവിരലാൽ മധുരാന്നം ചമയ്ക്കുന്ന തഞ്ചാവൂർ ഭാഗത്തുവെച്ച് കാവേരി അഞ്ചു കൈവഴികളായി സമുദ്രത്തെ സ്പർശിക്കുന്നു. അവിടുത്തെ ഭക്ഷണം (മധുരാന്നം ചമയ്ക്കുന്ന മധുരാന്നം, ചക്കരപ്പൊങ്കൽ - അതു നമ്മുടെതല്ല). രാഗങ്ങളുടെ പേരുകൾ (തോടി, കംബോജി) സംഗീതത്തിലെ ആലാപനത്തിന്റെ പേരുകൾ സംഗതി ചെയ്യുന്ന കാലം... ഇവയിത്രയും ചേർന്നാണ് ഈ കവിതയിൽ ഒരു പുതിയ സംസ്കാരഭൂപടം തയ്യാറാവുന്നത് (നാരായണൻ, 2001: 65). കവിതയുടെ ഭാവതലത്തിലേക്ക് തമിഴ് സംസ്കാരം കടന്നുവന്ന് പുതുമ സൃഷ്ടിക്കുന്നുവെന്നർഥം. സച്ചിദാനന്ദന്റെ

രാമനാഥൻ പാടുമ്പോൾ (1983) എന്ന കവിതയിലും തമിഴ് രാഗങ്ങളും ദേശവും മിഴിവാർന്നു നിൽക്കുന്നത് കാണാം.

## 1. 8. തമിഴകം – മലയാളസാഹിത്യത്തിൽ

അന്യദേശ - ഭാഷ - സംസ്കാരത്തെ ആസ്പദമാക്കിയുള്ള സാഹിത്യ രചന ഒരു കലാതന്ത്രം എന്ന നിലയിൽ മലയാളത്തിൽ ശ്രദ്ധേയമായിട്ടുണ്ട്. കന്നടസംസ്കാരത്തെ സക്കറിയ 'ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും' എന്ന നോവലിൽ മികച്ചൊരു അനുഭവമാക്കിയപ്പോൾ 'വാസ്തുഹാര'യിൽ സി. വി. ശ്രീരാമൻ ശ്രദ്ധിച്ചത് ബംഗാളി അഭയാർഥികളുടെ സംസ്കാരത്തെയാണ്. ഇതു പോലെ തമിഴ് ദേശം, ഭാഷ, സംസ്കാരം എന്നിവ കടന്നുവരുന്ന മലയാളരചന കളുമുണ്ട്. അതിൽ ചിത്രീകരിക്കപ്പെടുന്ന തമിഴകസംസ്കാരം എഴുത്തുകാരന്റെ സാംസ്കാരികമനോഭാവത്തെക്കൂടി പ്രതിഫലിക്കുമെന്നതിനാൽ പ്രാധാന്യം അർഹിക്കുന്നുണ്ട്.

തമിഴകത്തെ ചിത്രീകരിക്കുന്ന മലയാളരചനകളെ പൊതുവെ രണ്ടായി തിരിക്കാം.

1. കേരളത്തിലെ കുടിയേറ്റക്കാരായ തമിഴ് വിഭാഗത്തെ ചിത്രീകരിക്കുന്നവ.
2. തമിഴ് – ദേശം – സംസ്കാരം ചിത്രീകരിക്കുന്നവ.

ഇവയിൽ ആദ്യവിഭാഗത്തിൽപ്പെട്ടവയുടെ സ്വഭാവം പരിശോധിക്കാം.

തമിഴ് ബ്രാഹ്മണർ, വണികവൈശ്യർ, മുതലിയാർ (ശൈവപിള്ള) എന്നിവരാണ് തമിഴ്നാട്ടിൽനിന്നുമുള്ള പ്രധാന സാമുദായിക കുടിയേറ്റക്കാർ. വണിക വൈശ്യരെന്ന ചെട്ടികളെ കുഞ്ചൻനമ്പ്യാർ തുള്ളൽകൃതിയിൽ പരാമർശിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ 'കറുത്തചെട്ടിച്ചികളി'ലും ഈ വിഭാഗം ഭാവതലത്തിൽതന്നെയുണ്ട്. തമിഴ്ബ്രാഹ്മണരെക്കുറിച്ചുള്ള രചനകളാണധികവും. കേരളത്തിൽ പട്ടന്മാർ എന്നും ഈ വിഭാഗം അറിയപ്പെടുന്നുണ്ട്. ഔദ്യോഗികതലത്തിൽ കേരളത്തിൽ ഇവർക്ക് ഉണ്ടായിരുന്ന മേധാവിത്വത്തിന് എതിരെ രാഷ്ട്രീയസമരംതന്നെ നടന്നിട്ടുണ്ട്. 'മലയാളിമെമ്മോറിയലാ'ണ് ഇവിടെ ഉദ്ദേശിച്ചത്.

> ഉയർന്ന സർക്കാരുദ്യോഗങ്ങളിലേക്ക് വെളിയിലുള്ളവരെ, വിശേഷിച്ചും തമിഴ്ബ്രാഹ്മണരെ ഇറക്കുമതി ചെയ്യുന്ന സർക്കാരിന്റെ നയങ്ങളോട് നാട്ടിലെ വിദ്യാസമ്പന്നർക്ക് കഠിനമായി എതിർപ്പുണ്ടായി. രാമയ്യൻദളവായുടെ കാലംതൊട്ട് ആരംഭിച്ചതായിരുന്നു തിരുവിതാംകൂറിലെ സർക്കാർ ലാവണങ്ങളിലേക്കുള്ള തമിഴ് ബ്രാഹ്മണരുടെ ഇരച്ചുകയറ്റം (ശ്രീധരമേനോൻ, 1984:468).

സമുദായാധിപത്യവും അതിനോടുള്ള എതിർപ്പും മലയാളിയുടെ മനോഭാവത്തിലുണ്ടെന്നതിനു ഉദാഹരണം കൂടിയാണിത്. തമിഴ്ബ്രാഹ്മണന്മാരെക്കുറിച്ച് കുഞ്ചൻമ്പ്യാർ എഴുതിയത് ഇങ്ങനെ:

> പട്ടന്മാരൊടു വസ്ത്രമെടുത്താൽ  
> പൊട്ടന്മാരിഹ തോൽക്കേയുള്ളു  
> എട്ടുപണം വിലയുള്ളതിനവർ പതി-  
> നെട്ടുപണം വിലവെച്ചു കൊടുക്കും.  
> അവരോടുമെന്നു കടം കൊണ്ടെങ്കിൽ  
> ഭവനംകൂടി നശിക്കാറാകും  
> പത്തിനു കാലു കൊടുക്കണമപ്പോൾ  
> പത്തിനു രണ്ടര പലിശയുമായി  
> വീട്ടുവതിന്നു തരം കൂടാഞ്ഞാൽ  
> വീട്ടിൽക്കേറിപ്പാടിതിരും

വസ്ത്രം, എണ്ണ മുതലായവയുടെ കച്ചവടവും പണം കടം കൊടുക്കുന്ന ഏർപ്പാടുമായിട്ടാണ് തമിഴ്ബ്രാഹ്മണർ കേരളത്തിൽ വന്നതെന്നാണ് ഗോപാലകൃഷ്ണന്റെ (2000:488) അഭിപ്രായം. കുടിയേറ്റത്തിന്റെ കാരണം എന്തുതന്നെ ആയാലും കേരളീയസംസ്കാരത്തിലും ചരിത്രത്തിലും സ്ഥാനംപിടിച്ച ഇവർ ക്ലാസിക് സംഗീതം വഴിയും കേരളത്തിൽ നിറഞ്ഞുനിൽക്കുന്നു. ചെമ്പൈ വൈദ്യനാഥ ഭാഗവതർ, പാലക്കാട് മണിഅയ്യർ, പട്ടംബാൾ, നിത്യശ്രീ തുടങ്ങിയവർ ഏതാനും ഉദാഹരണങ്ങൾ.

ആധുനികനോവൽസാഹിത്യത്തിലും കേരളത്തിലെ തമിഴ്ബ്രാഹ്മണർക്ക് സവിശേഷസ്ഥാനം ലഭിച്ചു. മലയാറ്റൂരിന്റെ 'വേരുകൾ', 'നെട്ടൂർ മഠം', സാറാ തോമസിന്റെ 'നാർമുടിപ്പുടവ' എന്നിവ തമിഴ്ബ്രാഹ്മണരുടെ ഭാഷയും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന നോവലുകളാണ്. ടി. കെ. ശങ്കരനാരായണന്റെ ചില കഥകളിലും ഇവർ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

രണ്ടാമത്തെ വകയിൽപ്പെട്ട രചനകൾക്ക് ദൃഷ്ടാന്തങ്ങളാണ് എൻ. എസ്. മാധവന്റെ 'ചൂളൈമേടിലെ ശവങ്ങൾ', സി. വി. ശ്രീരാമന്റെ 'ചിദംബരം' എന്നീ ചെറുകഥകൾ. 'ചൂളൈമേടിലെ ശവങ്ങളി'ലെ തമിഴകം ഇവിടെ ഉദാഹരിക്കുന്നു. 'ചൂളൈമേട്', 'തിരുവാൺമിയൂർ', 'സെൻട്രൽ സ്റ്റേഷൻ ചെന്നൈ', 'മീനമ്പാക്കം', 'നുങ്കപ്പാക്കം എന്നിങ്ങനെയുള്ള സ്ഥലനാമങ്ങൾ 'ദേവദാസ്' എന്ന സിനിമയിലെ 'ഉലകമേ മായം വാഴ്വേ മായം' എന്ന ഗാനം, കൂടാതെ ശവവും പേറിപ്പോകുന്നവർ പാടുന്ന

> 'കല്യാണ സമയൽസാതം  
> കായ്കനികളും പ്രമാതം  
> അന്തഗൗരവ പ്രസാതം  
> അതുവെ എനക്ക് പോതും'

എന്ന പാട്ട് എന്നിവയോടൊപ്പം 'സ്വാമി, തിരുമ്പി മുരുകൻ വന്താച്ച്', 'അറു

മുകം പോയാച്ച്', 'മാരിയമ്മ തുണൈ' എന്നീ വാക്യങ്ങൾ, 'എൽ. കെ. ജി. കായത്തിന്റെ പരസ്യമുള്ള ഒരു ചാക്കുസഞ്ചി' 'പച്ചക്കൊളുത്ത്', 'കറുത്തതമ ഴത്തി', 'പെരിയവൻ', 'ചമ്രം പടഞ്ഞിരിക്കുന്ന ശവം', 'കുവളയിലമാല' എന്നീ പ്രയോഗങ്ങൾ, 'അറുമുകൻ', 'പച്ചനായികി' തുടങ്ങിയ വ്യക്തിനാമങ്ങൾ എന്നിവ ചേർന്ന് സൃഷ്ടിച്ച ദ്വിഭാഷിത്വാന്തരീക്ഷം തമിഴകത്തെ ഈ കഥയിൽ സജീവ മാക്കുന്നു.

### 1. 9. ഉപസംഹാരം

ഭാഷാതലത്തിലും സംസ്കാരതലത്തിലും ചില സാമാന്യസവിശേഷ തകൾ പങ്കിടുന്ന ഭാഷകളാണ് 'തമിഴും മലയാളവും'. കഴിഞ്ഞ അമ്പതു വർഷ ത്തിനുള്ളിൽ മലയാളഭാഷയിൽ തമിഴ് ഭാഷയുടെയും സംസ്കാരത്തിന്റെയും സ്വാധീനം എത്രകണ്ടുണ്ടെന്ന് അന്വേഷിച്ച ഈ പ്രബന്ധം ഭാഷാതലം, വൃത്തം, സിനിമ, ചലച്ചിത്രഗാനങ്ങൾ, മലയാളസാഹിത്യത്തിലെ തമിഴക ചിത്രീകരണം, വിവർത്തനം ചെലുത്തിയ സ്വാധീനം എന്നീ ചരങ്ങളെയാണ് അപഗ്രഥിച്ചിരി ക്കുന്നത്. ഇവയോടൊപ്പം ആഹാരരീതി, ജീവിതരീതി, വസ്ത്രധാരണരീതി, അനു ഷ്ഠാനങ്ങൾ എന്നിങ്ങനെയുള്ളവയെകൂടി അപഗ്രഥിക്കേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല എന്ന പരിമിതി ഈ പഠനത്തിനുണ്ട്.

ഈ പ്രബന്ധത്തിലെ ദത്താപഗ്രഥനത്തിൽനിന്നും ലഭിച്ച നിഗമനങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

1. തമിഴിൽനിന്നും പദങ്ങൾ കടംകൊള്ളുന്ന രീതി തുടരുന്നുണ്ട്. സിനിമ, വിവർത്തനം, ചാനലുകൾ, ദ്വിഭാഷാഗാനങ്ങൾ, ദ്വിഭാഷാചിത്രങ്ങൾ എന്നിവ വഴിയാണ് തമിഴ്പദങ്ങൾ മലയാളത്തിലെത്തുന്നത്.
2. തമിഴ് ശൈലികൾ, പദങ്ങൾ എന്നിവയ്ക്ക് ആധുനികമലയാളവ്യാകരണ ഘടനയിൽ സ്വാധീനം ചെലുത്താനായിട്ടില്ലെങ്കിലും സാമൂഹികഭാഷാശാ സ്ത്രദൃഷ്ട്യാ അവയ്ക്ക് പ്രാധാന്യമുണ്ട്. കാരണം ആശയവിനിമയിത്തിലെ ഭാഷാതന്ത്രമായാണ് അവ ഉപയോഗിക്കപ്പെടുന്നത്.
3. തമിഴ്-മലയാളങ്ങൾ തമ്മിലുള്ള താളാത്മകവും ഗാനാത്മകവുമായ അടുപ്പം തമിഴ് സംഗീതനാടകങ്ങൾക്കും തമിഴ്സിനിമകൾക്കും ചലച്ചിത്രഗാ നങ്ങൾക്കും ലളിതഗാനങ്ങൾക്കും കേരളീയസാംസ്കാരികമണ്ഡലത്തിൽ ഇടം നൽകി.
4. ചലനാത്മകമായൊരു സാംസ്കാരികപ്രക്രിയയായും സമകാലികമലയാള സാഹിത്യത്തിന്റെ ഭാവുകത്വപരിണാമത്തിൽ സ്വാധീനിക്കുന്ന ഘടകമായും തമിഴിൽനിന്നു മലയാളത്തിലേക്കുള്ള വിവർത്തനം മാറിക്കഴിഞ്ഞിരിക്കു ന്നു. വിവർത്തനത്തിന്റെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്.
5. തമിഴ്ഭാഷാ - സംസ്കാര ആദേശം മലയാളഭാഷയുടെയും കേരളസംസ്കാ രത്തിന്റെയും ഉപരിതലത്തിൽ മാത്രം സംഭവിച്ചതാണെന്നു കാണാം.

### ഗ്രന്ഥസൂചി


| | | |
|---|---|---|
| അനുജൻ, ഒ. എം. | 1997 | 'താരതമ്യവൃത്തശാസ്ത്രം', *താരതമ്യ സാഹിത്യവിചാരം* (എഡി) എം. എൻ. കാരശ്ശേരി, മലയാളവിഭാഗം: കാലിക്കറ്റ് സർവകലാശാല. |
| കേശവപിള്ള കെ. സി. | ? | 'ആമുഖം', *സദാരാമ*, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം. |
| ഗണേഷ്, കെ. എൻ. | 1997 | 'മലയാളസംസ്കാരത്തിന്റെ രൂപീകരണം', *ആധുനികാനന്തര സാഹിത്യസമീപനങ്ങൾ* (എഡി) സി. ജെ. ജോർജ് ബുക്ക് വേം, തൃശൂർ. |
| ഗോവി, കെ. എം. | 1990 | 'മലയാളഭാഷയിലെ വിവർത്തനങ്ങൾ' *വിവർത്തനം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ഗോപാലകൃഷ്ണൻ പി. കെ. | 2000 | *കേരളത്തിന്റെ സാംസ്കാരികചരിത്രം* കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ചാരുനിവേദിത | 2006 | 'അഭിമുഖം', *തമിഴ്മൊഴിയക്* (എഡി) ടി. ഡി. രാമകൃഷ്ണൻ ഫേബിയൻ ബുക്സ്: ആലപ്പുഴ. |
| ജയമോഹൻ, | 2000 | *നെടുമ്പാതയോരം*, കറന്റ് ബുക്സ്, തൃശൂർ. |
| ജോണി കെ. ആർ | 1999 | *സിനിമയുടെ വർത്തമാനം*, ഒലീവ് പബ്ലിക്കേഷൻ: കോഴിക്കോട്. |
| നാരായണൻ, കെ. സി | 2000 | *മലയാളിയുടെ രാത്രികൾ* ഡി. സി. ബുക്സ്, കോട്ടയം. |
| പ്രഭാകരവാരിയർ, കെ. എം. | 1982 | *പൂർവ്വകേരളഭാഷ* മദ്രാസ് യൂണിവേഴ്സിറ്റി, മദ്രാസ്. |
| പ്രഭാകരവാരിയർ, കെ. എം. | 2005 | *മൊഴിവഴികൾ* താപസം : ചങ്ങനാശ്ശേരി. |
| രമേഷ്പ്രേം, | 2006 | 'അഭിമുഖം', തമിഴ്മൊഴിയക് (എഡി) ടി. ഡി. രാമകൃഷ്ണൻ ഫേബിയൻ ബുക്സ്: ആലപ്പുഴ. |

രാജരാജവർമ്മ, ഏ. ആർ 1982 *വൃത്തമഞ്ജരി*
എൻ.ബി.എസ്, കോട്ടയം.

രാജേന്ദ്രബാബു, സി. ജി 2000 'മലയാളനാടകവേദി'
*ഓറിയന്റൽ റിസേർച്ചജേൺ*
മദ്രാസ് യൂണിവേഴ്സിറ്റി, മദ്രാസ്.

വേണുഗോപാലപ്പണിക്കർ ടി.ബി 2006 *ഭാഷാലോകം*
ഡി. സി. ബുക്സ്, കോട്ടയം.

ശ്രീകുമാർ, കെ 2004 *മലയാളസംഗീതനാടകചരിത്രം*
പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ശ്രീധരമേനോൻ 1987 *കേരളചരിത്രം*
എൻ.ബി.എസ്, കോട്ടയം.

**English**

Hymes, Dell 1972 *The Ethnography of Communication*, Manesha: American Anthropological Assoication.

Ramaswamy, LVR ? Bulletin of Ramavarma Research Journal Vol 6, 7, 8.

Shanmugam, S. V The connection between Tamil and Malayalam (unpublished article).

webliography
www.hindufilmreview.com


# കുമാരനാശാനും അംബേദ്കറും - ബുദ്ധമതവും ആധുനികതയും

**പി. പവിത്രൻ**

ഇന്ത്യയിൽ ഹിന്ദുമതവുമായി ബന്ധപ്പെട്ട നവോത്ഥാനത്തിന്റെ സന്ദർഭങ്ങളിലൊന്നായാണല്ലോ 1893-ലെ ചിക്കാഗോവിലെ സർവമതസമ്മേളനത്തെയും സ്വാമി വിവേകാനന്ദന്റെ പ്രസംഗത്തെയും കാണാറുള്ളത്. ഇന്ത്യക്കു തെക്കുനിന്നും മറ്റൊരാൾ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. പിൽക്കാലത്ത് ശ്രീലങ്കൻ ദേശീയബോധത്തിൽ നിർണായകമായ പങ്കു വഹിച്ച അനാഗരിക ധർമപാല(1864–1933)യായിരുന്നു അത്. അദ്ദേഹം ബുദ്ധമതത്തെ പ്രതിനിധീകരിച്ചാണ് ചിക്കാഗോ സമ്മേളനത്തിലെത്തിയത്.

കിഴക്കൻസമൂഹങ്ങളെക്കുറിച്ചുള്ള പടിഞ്ഞാറിന്റെ പാണ്ഡിത്യത്തെ പ്രതിനിധീകരിക്കുന്ന ഓറിയന്റലിസം ഹിന്ദുമതത്തെപ്പോലെതന്നെ ബുദ്ധമതത്തെയും പുതിയ മട്ടിൽ പ്രതിഷ്ഠിക്കുന്നതിൽ പങ്കാളിയായി. ആധുനിക സംവിധാനങ്ങളായ ആർക്കിയോളജിയും അച്ചടിയും ബുദ്ധമതത്തിന്റെ പുനപ്രതിഷ്ഠയിൽ പങ്കു വഹിക്കുന്നുണ്ട്. മാക്സ് മുള്ളർ വിവർത്തനം ചെയ്യുകയും പടിഞ്ഞാറൻ നാടുകളിൽ പരിചയപ്പെടുത്തുകയും ചെയ്ത ഗ്രന്ഥങ്ങളിൽ ബുദ്ധമതകൃതികളും ഉൾപ്പെടുന്നുണ്ട്. മുള്ളറെ കൂടാതെ പാലി ശാസനങ്ങളും ഗ്രന്ഥങ്ങളും പാശ്ചാത്യലോകത്തിന് പരിചയപ്പെടുത്തിയ ഒരാൾ മിസിസ് റൈസ് ഡേവിസാണ്.

ബുദ്ധമതത്തിന്റെ മറഞ്ഞുകിടന്ന അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിൽ ആർക്കിയോളജി വഹിച്ച പങ്കിലൊന്ന് മഹാബോധിക്ഷേത്രത്തിന്റെ കുഴിച്ചെടുക്കലാണ്. 1863-ൽ മേജർ ജനറൽ കണ്ണിംഗ്ഹാമിന്റെ നിർദ്ദേശപ്രകാരം മേജർ മീഡ് ബുധഗയയിൽ ഖനനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1878-ൽ രാജേന്ദ്രലാല മിത്ര ബുധഗയയിലെ ക്ഷേത്രത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥം പുറത്തിറക്കി (Cunningham: i ).

ബുദ്ധമതത്തെക്കുറിച്ചുള്ള പഠനങ്ങളും ബുദ്ധമതആശയങ്ങളുടെ പ്രചരണവും നടത്തുന്നതിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ സ്ഥാപകരിലൊരാളായ ഹെന്റി സ്റ്റീൽ ഓൾക്കോട്ട് ശ്രമിക്കുന്നുണ്ട്. അദ്ദേഹവും മാഡം ബ്ലാവട്സ്കിയുമാണ് അനാഗരിക ധർമപാലയെ ബുദ്ധമതപ്രവർത്തനങ്ങളുമായി ആദ്യമായി ബന്ധിപ്പിക്കുന്നത്. ശ്രീലങ്കയിലെ ദേശീയ ആധുനികതയുടെ നിർമിതിയിൽ ബുദ്ധമതം ഇത്തരത്തിൽ പങ്കാളിയാകുകയുണ്ടായി.

അനാഗരിക ധർമപാല ഇന്ത്യയിൽ ബുദ്ധമതത്തിന്റെ തിരിച്ചുവരവിന് നൽകിയ സംഭാവന കനത്തതാണ്. ആർക്കിയോളജിയുടെ വെളിച്ചത്തിൽ ബുദ്ധമതകേന്ദ്രങ്ങൾ ബുദ്ധമതക്കാർക്ക് തിരിച്ചുകിട്ടുന്നതിനുവേണ്ടി മഹാബോധി സൊസൈറ്റി (1891) എന്ന ഒന്ന് ഉണ്ടാക്കുകയാണ് ആദ്യം അദ്ദേഹം ചെയ്തത്. "ഇരുപതാംനൂറ്റാണ്ടിന്റെ പിൻപകുതിയിൽ ബുദ്ധമതത്തിന് ഇന്ത്യയിൽ ഒരു ഉയിർത്തെഴുന്നേല്പ് ഉണ്ടായി എന്നും പൂജ്യആചാര്യൻ അനാഗരിക ധർമപാല മഹാബോധി സൊസൈറ്റി ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ സ്ഥാപക കാര്യദർശി 1915-ൽ രജിസ്ററർ ചെയ്ത ഈ സൊസൈറ്റിയുടെ ഭരണസമിതിയുടെ ആദ്യത്തെ അധ്യക്ഷൻ സുപ്രസിദ്ധനായ സർ അശുതോഷ് മുഖർജി ആയിരുന്നു" (ധർമപദം: 36). അനാഗരിക എന്നാൽ വീടില്ലാത്ത അവധൂതൻ (ഹോംലസ് വാണ്ടറർ Barborka: 61 ) എന്നാണർത്ഥം. ഇന്ത്യയിൽ കൽക്കത്ത, ബോധഗയ, സാരനാഥ് എന്നീ മൂന്നു സ്ഥലങ്ങളാണ് അദ്ദേഹം പ്രവർത്തനകേന്ദ്രമായി തെരഞ്ഞെടുത്തത്. 1892-ൽ മഹാബോധി ജേണൽ ആരംഭിച്ചു.

അനാഗരിക ധർമപാലയുടെ വിശദീകരണം നോക്കുക. "ബുദ്ധന്റെയും അദ്ദേഹത്തിന്റെ തത്ത്വങ്ങളുടെയും ആധികാരിക വിവരണങ്ങളുള്ള പാലിയിലെ എഴുത്തുകൾ സംസ്കൃതത്തിലെ ബുദ്ധമതസ്രോതസ്സിനെ അപേക്ഷിച്ച് തീരെ പുറത്ത് അറിയപ്പെട്ടിരുന്നില്ല. 1884-ൽ മാഡം ബ്ലാവട്സ്കി ഈ സാഹിത്യം എന്നോട് പഠിക്കാൻ പറയുമ്പോൾ അവ അച്ചടിക്കപ്പെട്ടിരുന്നില്ല. താളിയോലയിലായിരുന്നു അവ ഉണ്ടായിരുന്നത്" (Barborka: 64).

ശ്രീലങ്കയിലും ഇന്ത്യയിലും ഈ പ്രവർത്തനത്തിന് അലയൊലികളുണ്ടായി. ഉയർന്നുവന്ന ഹൈന്ദവകേന്ദ്രിതമായ ആർഷഭാരതത്തിന് എതിരായി ഉയർത്തേണ്ട ഒന്നായി ബുദ്ധമതത്തെ പലരും കാണുകയുണ്ടായി. കീഴ്ജാതികൾക്ക് മോചനം ഹിന്ദുമതമല്ല ബുദ്ധമതമാണ് എന്ന ആശയം ശക്തിപ്പെടുന്ന സാഹചര്യവും ഇതാണ്. ബി. ആർ. അംബേദ്കർ, പതിനാലാമത്തെ ദലൈലാമയായ തെൻസിൻ ഗ്യാസ്റ്റോ എന്നിവർക്ക് പിന്നീട് ബുദ്ധമതത്തെ ഇന്ത്യയിൽ വികസിപ്പിക്കുന്നതിലുള്ള പങ്ക് ചരിത്രത്തിന്റെ ഭാഗമാണ്. 1956-ൽ അംബേദ്കർ ബുദ്ധദീക്ഷ സ്വീകരിച്ചു. "ലൗകികജീവിതം വെടിയാത്ത ഉപാസകർക്കുള്ള ദീക്ഷ അംബേദ്കർ ഏർപ്പെടുത്തി. ഇത് മുഖ്യമായ ഒരു കാൽവെപ്പായിരുന്നു" (ധർമപദം: 37).





മഹാബോധി സൊസൈറ്റിയുടെ ജനനത്തിൽനിന്ന് അംബേദ്കറുടെ മതംമാറ്റംവരെയുള്ള കാലയളവിൽ മതംമാറ്റത്തെപ്പറ്റി ഇന്ത്യയിൽ വ്യാപകമായ ചർച്ചകൾ നടന്നിട്ടുണ്ട്. ഇന്ത്യയിലെ കീഴാളനവോത്ഥാനത്തിന്റെ മുഖ്യനായകനായ അംബേദ്കറുടെയും കേരളത്തിലെ സാഹിതീയവും സാമൂഹ്യവുമായ നവോത്ഥാനത്തിന്റെ മുഖ്യശബ്ദമായ കുമാരനാശാന്റെയും രണ്ടു പ്രബന്ധങ്ങൾ ഇക്കൂട്ടത്തിൽ പ്രധാനമാണ്.

ക്രൈസ്തവ ഇസ്ലാമിക മതങ്ങളിലേക്കുള്ള പരിവർത്തനങ്ങളുടെയും കാലമാണത്. ഇത്തരത്തിലുള്ള മതംമാറ്റങ്ങളുടെ പൊതുപശ്ചാത്തലത്തിലും ബുദ്ധമതത്തിലേക്കുള്ള മാറ്റത്തിന്റെ വിശേഷസന്ദർഭത്തിലുമാണ് കുമാരനാശാന്റെയും അംബേദ്കറുടെയും മതംമാറ്റത്തെ സംബന്ധിച്ച നിലപാടുകളുടെ താരതമ്യം പ്രസക്തമാകുന്നത്. 1923-ലാണ് കുമാരനാശാന്റെ 'മതപരിവർത്തന രസവാദം' എഴുതപ്പെടുന്നത്. 1936-ലെ മഹർജാതികളുടെ യോഗത്തിൽ മതംമാറ്റത്തെ അനുകൂലിച്ചെടുത്ത നിലപാടുകളുടെ പശ്ചാത്തലത്തിലാണ് അംബേദ്കറുടെ 'മതം മാറ്റം' എന്ന പ്രബന്ധം എഴുതപ്പെടുന്നത്. കീഴാള ആധുനികതയുടെ കേരളത്തിലെയും ഇന്ത്യയിലെയും മുഖ്യപ്രതിനിധികൾ തമ്മിലുള്ള നിലപാടുകളുടെ താരതമ്യത്തിന് അവരുടെ വ്യക്തിതലത്തെക്കാൾ വ്യാപകമായ അർത്ഥമുണ്ടാവുക സ്വാഭാവികമാണല്ലോ.

ഇരുമ്പിനെ ചില രാസപ്രയോഗത്തിലൂടെ സ്വർണമാക്കാൻ കഴിയുമെന്ന് കരുതിയിരുന്ന മധ്യകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന അന്ധവിശ്വാസമായ ആൽക്കെമിയാണ് രസവാദം എന്നതുകൊണ്ട് ആശാൻ ഉദ്ദേശിച്ചത്. ആൽക്കെമിയിൽ ശാസ്ത്രജ്ഞർ ഉൾപ്പെടെ പലരും ഒരുകാലത്ത് പ്രവർത്തിക്കുകയുണ്ടായി.

ബുദ്ധമതത്തിന്റെ നവോത്ഥാനത്തിൽ പങ്കാളിയായിരുന്ന അനാഗരിക ധർമപാലയും മിതവാദി മാസികയുടെ പത്രാധിപരായ സി. കൃഷ്ണനും തമ്മിൽ എഴുത്തുകുത്തുകൾ നടന്നിരുന്നു. എസ്.എൻ.ഡി.പി.യിൽതന്നെ ബുദ്ധമതത്തിൽ ചേരുന്നതിനെ അനുകൂലിച്ച് പലരും നിലപാടെടുത്തിരുന്നു. ഈ സാഹചര്യത്തിലാണ് *മിതവാദി* മാസികയിൽ 1923 മെയ് 23 നു ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മുഖപ്രസംഗം പത്രാധിപർ എഴുതുന്നത്.

തുടക്കത്തിൽ സൂചിപ്പിച്ച വിവേകാനന്ദന്റെയും അനാഗരിക ധർമപാലയുടെയും ചിക്കാഗോ സമ്മേളനത്തിലെ പങ്കാളിത്തത്തിന്റെ വ്യത്യാസം കേരളത്തിലെ നവോത്ഥാനത്തിലും പ്രതിഫലിക്കുന്നതായി കാണാം. ആശാന്റെ പത്രാധിപത്യത്തിലുള്ള മാസികയായ *വിവേകോദയം* അറിഞ്ഞോ അറിയാതെയോ വിവേകാനന്ദന്റെ പേരിന്റെ ഛായ വഹിക്കുന്നുണ്ട്. *മിതവാദി*യാകട്ടെ പിൽക്കാലത്ത് അനാഗരിക ധർമപാലയുടെ നിലപാടുകളോടാണ് ബന്ധം പുലർത്തുന്നത്.

1923–ലെ എസ്.എൻ.ഡി.പി.യുടെ കൊല്ലം സമ്മേളനത്തിൽ മതപരിവർത്തനത്തിനെതിരെ ആശാൻ പ്രസംഗിച്ചിരുന്നു. *മിതവാദി* അതിനെ വിമർശിക്കുകയുണ്ടായി. *മിതവാദി*യുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ട് ആശാൻ എഴുതിയ കത്താണ് 'മതപരിവർത്തന രസവാദം'. പത്രാധിപരായ കൃഷ്ണൻ ആശാന്റെ കത്ത് പ്രസിദ്ധീകരിക്കാതെ തിരിച്ചയച്ചു

'മതപരിവർത്തന രസവാദ'ത്തിൽ ( കുമാരനാശാൻ:300–313) ആശാൻ ഉന്നയിക്കുന്ന വാദങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:-

1. മതപരിവർത്തനത്തെ സംബന്ധിച്ച തന്റെ അഭിപ്രായങ്ങൾ എസ്.എൻ.ഡി.പി.യോഗത്തിന്റെ മൂലനയങ്ങളെ പുരസ്കരിച്ചുള്ളതാണ്. എങ്കിലും തന്റെ സ്വന്തം അഭിപ്രായമായിട്ടാണ് അവ പ്രസ്താവിച്ചിട്ടുള്ളതെന്ന സംഗതി താൻ വിസ്മരിക്കുന്നില്ല.

2. എസ്.എൻ.ഡി.പി അഥവാ ശ്രീനാരായണധർമപരിപാലനയോഗം തീയ്യരുടെ ഗുണത്തിനായി വ്യവസ്ഥാപിതമായ കാര്യപരിപാടിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘമാണ്.

   ശ്രീനാരായണധർമം എന്നാൽ നാരായണഗുരുവിന്റെ മതം എന്ന അർത്ഥത്തെയാണ് വിവക്ഷിക്കുന്നത്. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നുള്ളതാണ് ആ മതം. സ്വാമിതൃപ്പാദങ്ങളുടെ ഈ ആദർശത്തെ ലാക്കാക്കിയുള്ള മതപരിഷ്കരണമാണ് എസ്.എൻ.ഡി.പി.യോഗത്തിന്റെ കാര്യപരിപാടിയിൽ ഉള്ളത്. ഇതിനും ബുദ്ധമതത്തിനും തമ്മിൽ സാരമായ ചില വ്യത്യാസങ്ങളുണ്ട്.

   സ്വാമിയെ അഭിനവബുദ്ധൻ എന്ന് നമ്മൾ ചിലപ്പോൾ വിശേഷിപ്പിക്കാറുണ്ട്. അത് ബുദ്ധഭഗവാനോടുള്ള ശീലസാമ്യത്തെ ആസ്പദമാക്കി നമ്മൾ ചെയ്യുന്ന അപദാനമാണ്. ആധ്യാത്മികമായ അഭിപ്രായത്തിലുള്ള സാമ്യത്തെ ആധാരമായി ചെയ്യുന്നതല്ല.

3. 'പലമതവുമേകസാരം' എന്നു സ്വാമി പറയുന്നു. ബുദ്ധദേവൻ അങ്ങിനെ പറഞ്ഞിട്ടില്ല. ബുദ്ധമതതത്ത്വങ്ങൾക്ക് ഈ അഭിപ്രായം പ്രത്യക്ഷവിരുദ്ധവുമാകുന്നു. ഒരു മതം എന്ന സ്വാമികളുടെ സിദ്ധാന്തവും മേൽപ്രകാരം സാരനിർണയം ചെയ്ത് സാധിക്കുന്ന തത്ത്വത്തെ ആസ്പദീകരിച്ചുള്ളതാകുന്നു. അതുകൊണ്ട് സ്വാമിക്ക് എല്ല മതത്തേയും അതതിനുള്ള ആധ്യാത്മികമായ ലഭ്യത്തിന്റെ അഭേദത്തെ ആധാരമാക്കി സ്നേഹിക്കാൻ കഴിയുന്നു. നമ്മളിൽ ചിലരാകട്ടെ ഹിന്ദുമതത്തെ കഠിനമായി ആക്ഷേപിക്കുകയും ബുദ്ധമതത്തെ അമിതമായി സ്തുതിക്കുകയും ചെയ്യുന്നു.

4. നാരായണഗുരുവിന്റെ കാഴ്ചപ്പാട് ഒരു ദൈവം മനുഷ്യന് എന്നതാണ്. ഈ സിദ്ധാന്തവും ബുദ്ധമതവും തമ്മിൽ രാവും പകലും പോലെ വ്യത്യാസപ്പെട്ടിരിക്കുന്നു. ദൈവം എന്ന ശബ്ദത്താൽ വിവക്ഷിച്ചിരിക്കുന്ന ഈശ്വരന് ബുദ്ധമതത്തിൽ യാതൊരു സ്ഥാനവുമില്ല. ആത്മാവ്, ഈശ്വരൻ ഇതില്ലാത്ത മതം സാധാരണക്കാർക്ക് അപ്രാപ്യമാണ്. ഈശ്വരഭയം ഉണ്ടായിരുന്നിട്ടുപോലും അകൃത്യങ്ങൾ ചെയ്യാൻ മടിക്കാത്ത സാധാരണ വ്യക്തികൾ സദാചാരത്തിനുവേണ്ടി മാത്രം സദാചാരമനുഷ്ഠിച്ചു ധർമശൂരന്മാരായിത്തീരാൻ ശക്തരാണെന്ന് വിചാരിക്കുന്നത് കുറെ സാഹസമാകുന്നു. അതുകൊണ്ട് ഈ മതം പരിഷ്കൃതാശയന്മാരായ പ്രത്യേകാംഗങ്ങൾക്കല്ലാതെ സമുദായത്തിന് അനുഷ്ഠിപ്പാൻ സാധ്യമായതല്ലെന്ന് വിശേഷിച്ചും ഓർക്കേണ്ടതാകുന്നു.

5. എസ്.എൻ.ഡി.പി.യോഗത്തിന്റെ കാര്യപരിപാടിയിലുള്ള പ്രധാനമായ മറ്റൊരു സംഗതി ബുദ്ധമതപരമായ ആധുനികാദർശങ്ങൾ അനുസരിച്ച് തീയ്യരുടെ സാമുദായികജീവിതത്തെ അല്ലെങ്കിൽ സമുദായസ്ഥിതിയെ പരിഷ്കരിക്കുകയാകുന്നു. ഇതിൽ സമുദായം നന്നാക്കുന്നതിനുള്ള ലൗകികമായ സകല ശ്രമങ്ങളും ഉൾപ്പെടുന്നു. പുതിയ രാജ്യഭരണനയമനുസരിച്ച് സമുദായത്തിന്റെ പൗരാവകാശനയങ്ങളെ സ്ഥാപിപ്പാൻ നടത്തുന്ന പ്രക്ഷോഭണങ്ങൾക്കും ഈ ശ്രമങ്ങളിൽ പ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ഇതിൽ നമ്മെ മുഖ്യമായി സഹായിക്കുന്നത് നമ്മുടെ സംഘബലമാകുന്നു. സ്വാമിയുടെ മതം ഈ സംഘത്തിന് അനുഗുണമായിട്ടുള്ളതാണ്.

6. തങ്ങൾ നിലവിൽ ജീവിക്കുന്ന രീതിയിൽനിന്നും ഭിന്നത പുലർത്തുന്ന മതമാണ് ബുദ്ധമതം എന്ന തോന്നൽ സമുദായത്തിലുണ്ടാകാം. ഇതിലേക്ക് മാറുകയാണെങ്കിൽ ഇതിന്റെ പേരിൽ സമുദായത്തിൽ ഭിന്നിപ്പുണ്ടാകാം. തിരുവിതാംകൂറിൽ ബുദ്ധമതത്തിലേക്കുള്ള ഈഴവരുടെ മാറ്റത്തെ അനുകൂലിക്കുന്നവർ ചുരുക്കമാകുന്നു. കൊച്ചിയിൽ ചില മാന്യന്മാർ ബുദ്ധമതാനുയായികളായി ഉണ്ടെങ്കിലും അവിടത്തെയും ബഹുജനാഭിപ്രായം അനുകൂലമല്ല.

7. സമുദായത്തോട് ഒന്നിച്ച് മതം മാറാനാണ് പറയുന്നത്. ഇത് ബുദ്ധമതരീതികളിൽനിന്ന് വ്യത്യസ്തമാണ്.

   അവിടെ വ്യക്തിയുടെ നിർവാണമല്ല ലക്ഷ്യമെന്ന് വ്യക്തമാണ്. ലൗകിക സ്വാതന്ത്ര്യത്തിനായി സംഘത്തോടെ മതം മാറാനുള്ള ലക്ഷ്യമാണ് ഉദ്ദേശ്യം. ഇത് തിയ്യരുടെ ഐക്യം തകർക്കും.

8. ബുദ്ധമതാനുയായിയായാൽ തീയന് സമുദായനിലയിൽ കയറ്റം കിട്ടും, താണജാതിക്കാരനായി മറ്റുള്ളവർ കണക്കാക്കുകയില്ല എന്ന് കരുതുന്നവരുണ്ട്. ബുദ്ധമതത്തിൽ ചേർന്ന പുലയരുടെയും പറയരുടെയും കാര്യം നോക്കുക. ആ കാരിരുമ്പുകളെ മതപരിവർത്തനം തങ്കമാക്കിയിട്ടില്ല. സിലോണിൽ ബുദ്ധമതം താണവർക്ക് കയറ്റം കൊടുത്തിട്ടില്ല. നേരെ

മറിച്ച് ഹിന്ദുമതം താണവരെ പൊക്കിയിട്ടുണ്ട്. ശങ്കരൻ, രാമാനുജൻ, ശ്രീകൃഷ്ണചൈതന്യൻ തുടങ്ങിയവർ അവരെ ഉന്നമിപ്പിച്ചു. ഇത്തരം ഉന്നമനം ഉന്നയിക്കുന്നവരുടെ പാത്രത്തെയും കാലദേശാവസ്ഥകളെയും അനുസരിച്ച് സാധ്യമാകുന്നതാണ്.

9. ബുദ്ധമതക്കാരായാൽ പിന്നെ നമ്മെ സഹായിക്കേണ്ടത് വെളിയിലുള്ള നിർജീവമായ ബുദ്ധമതസംഘങ്ങളാണ്. അവയിൽനിന്ന് സമുദായത്തിന് പര്യാപ്തമായ സഹായം കിട്ടുകയില്ല.

10. മതം മാറ്റമാണ് ലക്ഷ്യമെങ്കിൽ ടി.കെ മാധവൻ പറയുമ്പോലെ എന്തുകൊണ്ട് ക്രിസ്ത്യാനിയായിക്കൂട? അല്ലെങ്കിൽ സി.വി.കുഞ്ഞുരാമൻ അവർകൾ സൂചിപ്പിക്കുംപോലെ വഴി മാറാൻ പറയുന്ന മേൽജാതിക്കാരന്റെ മൂക്കിനു നേരെ മുഷ്ടി ചുരുട്ടാൻ ഹസ്തസിരകളെ ത്വരിപ്പിക്കുന്ന പൗരുഷമുള്ള ഇസ്ലാംമതം സ്വീകരിപ്പാൻ പറയുന്നില്ല? സമഭാവനക്കും ഐകമത്യത്തിനും ഏറ്റവും വിശ്രുതം ഇസ്ലാംമതമാണ്.

ഇതിൽനിന്നു വ്യക്തമാകുന്നത് കേവലമായ മതം മാറ്റമല്ല, സമുദായമതവും ബുദ്ധമതവും തമ്മിലുള്ള സാമ്യമാണ് മിതവാദി കൃഷ്ണനെ ബുദ്ധമതസ്വീകരണത്തിനെ അനുകൂലിക്കാൻ പ്രേരിപ്പിച്ചത് എന്നാണ്. എങ്കിൽ ത്തന്നെ ആര്യസമാജത്തെ എന്തുകൊണ്ട് അവഗണിക്കുന്നു? പഞ്ചമനെ അവന്റെ കുടിയിൽ ചെന്ന് ബ്രാഹ്മണനാക്കാൻ ശ്രമിക്കുന്ന ദയാനന്ദമതത്തെ എന്തുകൊണ്ട് സ്വീകരിക്കുന്നില്ല? എന്തുകൊണ്ട് തീയ്യർക്ക് ആര്യബ്രാഹ്മണനായിക്കൂട? മതത്തിന്റെയും സമസൃഷ്ടിസ്നേഹത്തിന്റെയും പേരിൽ മിതവാദി കൃഷ്ണൻ തന്റെ മുറ്റത്തു നടക്കുന്ന ആര്യസമാജക്കാരുടെ അദ്ഭുതകരമായ ഉദാരപ്രവൃത്തികൾ ശ്രദ്ധിക്കണം. ലോകത്ത് ഇന്നുള്ള ഏതു ബുദ്ധമതസംഘത്തിൽനിന്ന് ഇത് പ്രതീക്ഷിക്കാൻ കഴിയും? പൂണൂൽ കെട്ടാനും ഹോമം കഴിക്കാനുമുള്ള മടിയാകാം ഇതും സ്വീകരിക്കാത്തതിന് കാരണം. എന്നാൽ ബ്രഹ്മമതം സ്വീകരിക്കാവുന്നതാണ്. മോഹൻ റായ്, ടാഗൂർ എന്നിവർ അതിന്റെ പ്രചാരകരാണ്. ഇതിനൊന്നും മിതവാദി ശ്രമിക്കാത്തത് ജാതിക്കറ അതുകൊണ്ടു നീങ്ങില്ല എന്ന ധാരണയാലാകാം.

11. തീയ്യന് ബുദ്ധമതം സ്വാതന്ത്ര്യം നൽകുമെങ്കിൽ ചെറുമനും ആ മതം സ്വീകരിച്ചാൽ ഉടനെ സ്വാതന്ത്ര്യം ഉണ്ടാകുമോ?

12. ശ്രീലങ്കയിൽനിന്ന് ആയിരത്തിലേറെ കൊല്ലംമുമ്പു കേരളത്തിലേക്ക് വരുമ്പോൾ ഈഴവർ ബുദ്ധമതമായിരുന്നു. അതിനാൽ വീണ്ടും സ്വീകരിക്കുന്നത് നന്ന് എന്ന വാദമാകാം പരിവർത്തനവാദത്തിന്റെ പിന്നിൽ. എങ്കിൽ ഇപ്പോൾ ബുദ്ധമതത്തിലേക്കു മാറിയശേഷം കുറെക്കാലം കഴിഞ്ഞ് തങ്ങളുടെ പൂർവികർ ഹിന്ദുക്കളാണെന്നു കരുതി ഹിന്ദുമതത്തിലേക്ക് തിരിച്ചുപോകുന്നതിനുള്ള ന്യായമായും ഇതു മാറുകയില്ലേ?

13. ബുദ്ധമതവും ലൗകികജീവിതവും തമ്മിലുള്ള വ്യത്യാസവും കണക്കിലെടുക്കണം. സംഘങ്ങൾക്ക് ജനങ്ങളുടെമേൽ ലൗകികാധികാരം ഉണ്ടായിരുന്നില്ല. ജനങ്ങളുടെ ഇടയിൽ മുമ്പുതന്നെ മുളച്ചുവളർന്ന ജാതിവികാരങ്ങളെ പറിച്ചുകളയുവാൻ സംഘങ്ങൾ കാര്യമായി പ്രവർത്തിച്ചില്ല. ഇത് ചരിത്രപ്രസിദ്ധമായ വസ്തുതയാകുന്നു. ബർമയിൽ മാത്രമാണ് ജാതിയില്ലാത്ത ബുദ്ധമതമുള്ളത്. ജപ്പാനിൽ അടുത്തകാലംവരെ ജാതിയുണ്ട്. അടുത്താണത് നിർത്തൽ ചെയ്തത്.

14. അംഗങ്ങൾക്ക് ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ വ്യക്തികളെന്ന നിലയിൽ മതം മാറാം. സമൂദായത്തെ ഒന്നാകെ മതം മാറ്റുന്ന കാര്യത്തെക്കുറിച്ചാണ് താൻ പറയുന്നത്.

15. കോൺഗ്രസിന്റെ നേതൃത്വത്തിൽ നടക്കുന്ന അയിത്തവർജ്ജന പ്രസ്ഥാനം, മിശ്രഭോജനം എന്നിവ ഫലപ്രദമായിത്തീരുമെങ്കിൽ ജാതി നിർജ്ജീവമായിത്തീരുന്നതാണ്.

16. തന്റെ കൃതികളിൽ ബുദ്ധമതത്തിലേക്കുള്ള മാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളുണ്ടെന്ന് ചിലർ പറയുന്നുണ്ട്. ബുദ്ധമതാശയങ്ങൾ അവയിൽ വരുന്നുണ്ട് എന്നതു ശരിയാണ്. മതപരിഷ്കരണമാണ് തന്റെ കൃതികളിലുള്ളത്, മതപരിവർത്തനമല്ല എന്ന് നിഷ്കർഷിച്ചു വായിച്ചുനോക്കുന്ന ആർക്കും മനസ്സിലാകും.

സാമൂഹ്യവും രാഷ്ട്രീയവുമായ ഘടകങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് ബുദ്ധമതത്തെ സംബന്ധിച്ച ചർച്ചയിൽ ആശാൻ മുന്നോട്ടുവെക്കുന്ന ഒരു കാര്യം. സംഘങ്ങൾക്ക് ജനങ്ങളുടെമേൽ ലൗകികാധികാരം ഉണ്ടായിരുന്നില്ല എന്ന കാര്യം അദ്ദേഹം ബുദ്ധമതത്തിലേക്കുള്ള മാറ്റത്തെപ്പറ്റി പറയുമ്പോൾ സൂചിപ്പിക്കുന്നുണ്ട്. ആധുനികമായ രാഷ്ട്രീയാധികാരത്തിനും സാമൂഹ്യമായ പരിവർത്തനത്തിനും ഉതകുന്ന മട്ടിലുള്ള സമഗ്രമതമായി ബുദ്ധമതം മാറുന്നില്ല എന്നാണ് ആശാൻ വ്യക്തമാക്കുന്നത്. ഇതാണ് ഒരു പരിധിവരെ പിൽക്കാലത്ത് അംബേദ്കർ പരിഹരിക്കാൻ ശ്രമിക്കുന്നത്. സമുദായസ്ഥിതിയാണ് മതവ്യത്യാസമല്ല ഘടകം എന്ന ശക്തമായ വാദം ആശാൻ ഉന്നയിക്കുന്നുണ്ട്. സാമൂഹ്യവ്യവസ്ഥയാണ്, മതമല്ല മനുഷ്യജീവിതത്തെ കൂടുതൽ സ്വാധീനിക്കുന്നത് എന്ന നിലപാട് കുടുതൽ പുരോഗമിച്ച നിലപാടാണ്.

അംബേദ്കറുടെ മതംമാറ്റത്തെപറ്റിയുള്ള വാദങ്ങളിലേക്ക് ഇനി കടക്കാം

**അംബേദ്കർ**

ഇതിൽ മതംമാറ്റം എന്ന പേരിൽ ഉള്ള ലേഖനം (Ambedkar: 219-238)

‘ഹിന്ദുക്കളിൽ നിന്ന് അകലെ’ എന്ന പേരിൽ മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ട *അംബേദ്കർ കൃതികളിൽ* കൊടുത്തിരിക്കുന്നു(വാല്യം 10). 1989 വരെ ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല.

അംബേദ്കർ ഇതെഴുതുന്നത് 1936 മെയ് 21 ന് ബോംബെയിൽ ചേർന്ന മഹറുകളുടെ സമ്മേളനത്തിൽ അസ്പൃശ്യരിൽ വലിയൊരു വിഭാഗം ഹിന്ദുമതം ഉപേക്ഷിച്ച് മറ്റേതെങ്കിലും മതം സ്വീകരിക്കുന്നതാണ് പരിഹാരമാർഗമെന്നു വിശ്വസിച്ച് ഏകകണ്ഠമായി ഒരു പ്രമേയം പാസാക്കിയതിനുശേഷമാണ്. പ്രമേയം മഹറുകളുടെതാണെങ്കിലും രാജ്യത്തെമ്പാടുമുള്ള അസ്പൃശ്യരിൽനിന്ന് വിലയൊരുവിഭാഗത്തിന്റെ പിന്തുണ ഇതിൽ ലഭിച്ചുവെന്ന് അംബേദ്കർ പറയുന്നുണ്ട്. ഇത്രയ്ക്ക് പ്രക്ഷുബ്ധാവസ്ഥ സൃഷ്ടിച്ച മറ്റൊരു പ്രമേയം ഉണ്ടായിട്ടില്ല. ഹൈന്ദവസമൂഹത്തിന്റെ അടിത്തറയ്ക്കുതന്നെ ഇളക്കംതട്ടുകയുണ്ടായി. ഇത്തരം ഒരു നീക്കത്തിന്റെ പിന്നിൽ പ്രവർത്തിച്ച അസ്പൃശ്യരുടെ നേർക്ക് ശാപവചനങ്ങളും ഭീഷണിയുടെ സ്വരങ്ങളുമുണ്ടായി (അംബേദ്കർ: 333).

ആദ്യംതന്നെ മതപരിവർത്തനവാദത്തിനു നേരെ എതിരാളികൾ ഉന്നയിച്ച നാല് പ്രധാന തടസ്സവാദങ്ങൾ അദ്ദേഹം വ്യക്തമാക്കുന്നു:

1. മതപരിവർത്തനംകൊണ്ട് അസ്പൃശ്യർക്ക് എന്തു നേടാനാവും? .അതുവഴി അവരുടെ പദവിക്ക് യാതൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല.
2. എല്ലാ മതങ്ങളും സത്യമാണ്. എല്ലാ മതങ്ങളും നന്മയാണ്. മതം മാറുന്നത് വൃഥാവിലാണ്.
3 അസ്പൃശ്യരുടെ മതംമാറ്റത്തിന് രാഷ്ട്രീയസ്വഭാവമുണ്ട്.
4. അസ്പൃശ്യരുടെ മതംമാറ്റം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാത്തതുകൊണ്ട് അത് ആത്മാർത്ഥതയോടെയുള്ളതല്ല.

ഇതിൽ രണ്ടാമത്തെ കാര്യമാണ് ശ്രീനാരായണഗുരുവിന്റെ വീക്ഷണമെന്നു കാണാം. അതാണ് ആശാൻ ഉയർത്തിപ്പിടിക്കുന്നത്. ഒന്നാമത്തെ വാദവും ആശാൻ മിക്കവാറും ഉന്നയിക്കുന്നുണ്ട്. ആ നിലയിൽ ചരിത്രപരമായി ആശാനുള്ള മറുപടിയാണ് അംബേദ്കറുടെ ലേഖനമെന്നു പറയാം. തങ്ങൾ ഇപ്പോൾ ഹിന്ദുക്കളാണെന്ന വീക്ഷണം ആശാനുണ്ട്; എന്നാൽ ഹിന്ദുവെന്ന് പറയുമ്പോൾ അംബേദ്കർ ജാതി ഹിന്ദുക്കളെ, അതായത് ബ്രാഹ്മണ ക്ഷത്രിയ വൈശ്യരെയും ശൂദ്രരെയും ചിലപ്പോൾ ആദ്യത്തെ മൂന്നിനെ മാത്രവുമാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് ലേഖനത്തിൽ ഹിന്ദുക്കളിൽനിന്ന് അകലെ എന്ന ഉപഖണ്ഡം വരുന്നത്.

### കീഴാളരുടെ മതംമാറ്റത്തിന്റെ പ്രത്യേകത

ചരിത്രത്തിലിന്നോളം നടന്ന മതംമാറ്റത്തിൽനിന്ന് വ്യത്യസ്തമാണ് അധഃസ്ഥിതരുടെ മതംമാറ്റം എന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്. മധ്യകാലത്തെ മതം മാറ്റത്തെ മുൻനിർത്തി ക്രിസ്തുമതത്തിലേക്കുള്ള മതംമാറ്റം എങ്ങിനെയാണ് നടന്നത് എന്ന് അംബേദ്കർ കാണിക്കുന്നു. മേലെനിന്ന് താഴോട്ടാണ് അതിന്റെ ഗതി. അതായത് രാജാവ് ആദ്യം മതം മാറുന്നു; പിന്നീട് ഒന്നായി പ്രജകൾ മാറുന്നു. നിർബന്ധത്തിന്റെയും വഞ്ചനയുടെയും ഭാഗമായി മതംമാറ്റം നടന്നിട്ടുമുണ്ട്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമാണ് ഇപ്പോൾ പറയുന്ന മതംമാറ്റം. അസ്പൃശ്യർ മതം മാറുകയാണെങ്കിൽ ഗാഢമായി ആലോചിച്ച ശേഷമേ ഉണ്ടാകുകയുള്ളൂ. യഥാർഥമായ മതംമാറ്റത്തിന്റെ ആദ്യത്തെ കേസ് ആയരിക്കുമത്. അതിനാൽ അവരുടെ മതംമാറ്റത്തിന്റെ ആത്മാർഥതയെ സംശയിക്കേണ്ടതില്ല (അബേദ്കർ: 335).

ലാഭേച്ഛയാണ് മതംമാറ്റത്തിനുള്ള കാരണമെന്ന വാദവും അദ്ദേഹം തള്ളുന്നു. മതംമാറ്റം രാഷ്ട്രീയമായി നേട്ടം അസ്പൃശ്യർക്ക് ഉണ്ടാക്കിയേക്കാം. എന്നാൽ ഈ നേട്ടം പ്രത്യക്ഷപ്രേരണ കൊണ്ടുള്ളതാണെങ്കിൽ മാത്രമേ മതംമാറ്റം അധാർമികമെന്നോ കുറ്റകരമെന്നോ നിന്ദിക്കാനാവുകയുള്ളൂ. മതംമാറ്റം കൊണ്ട് അസ്പൃശ്യർക്ക് പുതുതായി എന്തെങ്കിലും രാഷ്ട്രീയനേട്ടം ഉണ്ടാക്കാനില്ല. ഇന്ത്യയിലെ ഓരോ സമൂഹത്തിനും ഇന്ത്യൻ ഭരണഘടനാനിയമമനുസരിച്ച് പ്രത്യേകമായ രാഷ്ട്രീയ പരിരക്ഷകളുണ്ട്. ഇന്നത്തെ അവസ്ഥയിൽ അസ്പൃശ്യർ മുസ്ലിങ്ങളും ക്രിസ്ത്യാനികളും അനുഭവിക്കുന്നതുപോലുള്ള രാഷ്ട്രീയവകാശങ്ങൾ അനുഭവിക്കുന്നുണ്ട്. അവർ തങ്ങളുടെ വിശ്വാസത്തിൽ മാറ്റം വരുത്തുന്നു എങ്കിൽ ഈ മാറ്റം മുമ്പില്ലാതിരുന്ന അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയല്ല. മതം മാറിയില്ലെങ്കിലും അവരുടെ രാഷ്ട്രീയാവകാശങ്ങൾ നിലനിൽക്കും. രാഷ്ട്രീയനേട്ടത്തിന് മതപരിവർത്തനവുമായി യാതൊരു ബന്ധവുമില്ല (അംബേദ്കർ: 335–336).

### മതപഠനം-ഈശ്വരവിജ്ഞാനീയത്തിൽനിന്ന് സാമൂഹ്യശാസ്ത്രത്തിലേക്ക്

കുമാരനാശാന്റെ വാദങ്ങളുമായി തീരെ പൊരുത്തപ്പെടാത്ത നിലപാട് അംബേദ്കർ എടുക്കുന്നത് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ഒന്നുതന്നെയാണ് എന്ന പരികല്പനയെ വിമർശിക്കുമ്പോഴാണ്. എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ഒന്നുതന്നെയായതുകൊണ്ട് ഒന്നിനു പകരം മറ്റൊന്നിനെ സ്വീകരിക്കുന്നതിൽ യാതൊരു യുക്തിയുമില്ലെന്ന നിഗമനത്തിലെത്തിച്ചേരുന്നു. ജീവിതത്തിന്റെ അർഥം കിടക്കുന്നത് നന്മ കണ്ടെത്താനുള്ള യത്നത്തിലാണെന്ന കാര്യത്തിൽ എല്ലാ മതങ്ങളും യോജിക്കുന്നുണ്ടെന്ന് സമ്മതിക്കാം. എന്നാൽ ഒരു മതത്തിന് മറ്റൊരു മതത്തേക്കാൾ പ്രാമുഖ്യമുണ്ട് എന്നു തറപ്പിച്ചു പറയുന്നതിൽ യാതൊരു യുക്തിയുമില്ല എന്ന പരികല്പന അബദ്ധമാണ് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

നന്മയാർജിക്കാൻ വേണ്ടിയുള്ള യത്നത്തിലാണ് ജീവിതത്തിന്റെ അർഥം കണ്ടെത്തേണ്ടത് എന്ന് ഉദ്ബോധിപ്പിക്കുന്ന കാര്യത്തിൽ എല്ലാ മതങ്ങളും ഒരു

പോലെയാകാം,. എന്നാൽ എന്താണ് നന്മ എന്ന ചോദ്യത്തിന് എല്ലാ മതങ്ങളുടെയും ഉത്തരം ഒരുപോലെയല്ല. ഇക്കാര്യത്തിൽ തീർച്ചയായും അവ പരസ്പരം വിയോജിക്കുന്നു. സാഹോദര്യമാണ് നന്മയെന്ന് ഒരു മതം വിശ്വസിക്കുന്നു. ജാതിയും അയിത്തവുമാണ് നന്മയെന്ന് മറ്റൊരു മതം വിശ്വസിക്കുന്നു (അംബേദ്കർ: 336).

മതങ്ങളിൽ പരസ്പരവിരുദ്ധമായ ഘടകങ്ങളുണ്ടെന്ന് അബേദ്കർ എടുത്തുകാട്ടുന്നു. ഹിംസ ചെയ്യാൻ ആവശ്യപ്പെടുന്നതുപോലെ അഹിംസ പുലർത്താൻ ആവശ്യപ്പെടുന്ന മതങ്ങളുമുണ്ട് (അംബേദ്കർ: 337). ഈ ഘടകങ്ങൾ പരിഗണിച്ചാൽ എല്ലാ മതങ്ങളും ഒരുപോലെയാണെന്നും ഒന്നിന് പകരം മറ്റൊന്നിന് പ്രാമുഖ്യം നൽകുന്നത് ശരിയല്ലെന്നും പറയുന്നത് സാധുവല്ലെന്ന് കാണാം.

മതത്തെ സംബന്ധിച്ച താരതമ്യശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകൾ ഉപയോഗിച്ചുകൊണ്ടാണ് ഹിന്ദുമതവാദികളെ അദ്ദേഹം തുടർന്ന് വിമർശിക്കുന്നത്. ഹിന്ദുമതത്തിന്റെ മേന്മകളെന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിൽനിന്ന് രണ്ടാമത്തെ എതിർവാദം ഉന്നയിക്കുന്നതിലൂടെ ഹിന്ദുക്കൾ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. മതംമാറ്റം സംബന്ധിച്ച വിവാദത്തിൽ ഹിന്ദുമതത്തിന് എന്താണ് കുഴപ്പമെന്ന് ചോദിച്ച് അസ്പൃശ്യനെ വെല്ലുവിളിക്കാൻ ഒരൊറ്റ ഹിന്ദുവിനും ധൈര്യമുണ്ടായില്ല എന്നത് അസാധാരണമായ ഒരു സംഗതിയാണ്. താരതമ്യശാസ്ത്രം ഉളവാക്കിയ മനോഭാവത്തിന്റെ തണലിൽ ഹിന്ദുക്കൾ അഭയം തേടുകയാണ്. വെളിപാടിന്റെ ഫലമായി ഉണ്ടാകാത്ത മതങ്ങളെല്ലാം കാപട്യങ്ങളാണെന്നും വെളിപാടു മതങ്ങൾ മാത്രമാണ് ശരിയെന്നുമുള്ള അവകാശവാദം താരതമ്യശാസ്ത്രം തകർത്തുകളഞ്ഞിരിക്കുകയാണ്. യഥാർഥ മതത്തെ കപടമതത്തിൽ നിന്ന് വേർതിരിച്ചറിയുന്നതിന് വെളിപാട് ഒരു മാനദണ്ഡമായി അംഗീകരിച്ചത് ഏറെ സ്വേച്ഛാപരവും ചപലവുമായിരുന്നു. ഇക്കാര്യത്തിൽ താരതമ്യമതശാസ്ത്രം അനുഷ്ഠിച്ച സേവനം മഹത്തരമായിരുന്നു. എന്നാൽ എല്ലാ മതങ്ങളും നല്ലതാണെന്നും അവ തമ്മിൽ വിവേചനം കല്പിക്കുന്നതിൽ പ്രയോജനമില്ലെന്നുമുള്ള പൊതുവായ ഒരു ധാരണ താരതമ്യശാസ്ത്രം ഉണ്ടാക്കിയിട്ടുണ്ട്. ഇത് അതിനൊരു അപകീർത്തിയാണെന്ന് പറയേണ്ടിയിരിക്കുന്നു (അംബേദ്കർ :337).

മതംമാറ്റത്തെ സംബന്ധിച്ച് നേരത്തെ കൊടുത്ത നാലു തടസ്സവാദങ്ങളിൽ ഒന്നാമത്തേതൊഴികെ എല്ലാറ്റിനെയും തള്ളിയശേഷം ഒന്നാമത്തേതിനെ വിശദമായി ചർച്ച ചെയ്യുകയാണ് പിന്നീട്. മതത്തെ സംബന്ധിച്ച പാരമ്പര്യധാരണകളും ആധുനികധാരണകളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നതാണ് അംബേദ്കറിന്റെ വിശദീകരണം. മതവും ആധുനികതയും തമ്മിലുള്ള ബന്ധത്തിന്റെ ഒരു പ്രത്യേക ഘട്ടത്തെയാണ് ഇവിടെ അംബേദ്കറിന്റെ ചിന്ത പ്രതിനിധീകരിക്കുന്നതെന്നു കാണാം.





മതം ദൈവവും മനുഷ്യനും തമ്മിലുള്ള തികച്ചും വ്യക്തിപരമായ കാര്യമാണ് എന്ന പരികല്പനയിലാണ് ഒന്നാമത്തെ തടസ്സവാദം മുമ്പോട്ടു നീങ്ങുന്നത് എന്ന് അംബേദ്കർ പറയുന്നു. മതം അലൗകികമാണ്. സാമൂഹികമായി അതിന്റെ യാതൊരു കാര്യവുമില്ല. ഈ വാദമുഖങ്ങൾ തികച്ചും സംവേദനീയമാണെന്ന് സമ്മതിക്കുമ്പോൾതന്നെ അതിന്റെ അടിസ്ഥാനങ്ങൾ അയഥാർഥങ്ങളാണ് എന്നു അംബേദ്കർ വ്യക്തമാക്കുന്നു. ഈ തടസ്സവാദം മതത്തെക്കുറിച്ചുള്ള ഏകപക്ഷീയമായ കാഴ്ചപ്പാടാണ്. അതുതന്നെ മതാവസ്ഥകളുടെ അടിസ്ഥാനത്തിലുള്ളതും. അവ തികച്ചും ചരിത്രപരമാണ് മൗലികമല്ല (അംബേദ്കർ: 337) എന്ന നിലപാടാണ് അദ്ദേഹം മുന്നോട്ടുവെക്കുന്നത്. മതത്തിനകത്ത് മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ ചരിത്രപരമായി മാറിക്കൊണ്ടിരിക്കുന്നതായും ചരിത്രപരമായി മാത്രം അർത്ഥം നേടുന്നതായും പറയുമ്പോൾ മതത്തെ അതിന്റെ പ്രാചീനവും മധ്യകാലപരവുമായ നിലപാടിൽ നിന്നു മാറി പുതുകാലത്തേക്ക് സ്ഥാപിക്കുകയാണ് അംബേദ്കർ.

മതത്തിന്റെ ചടങ്ങുകളും ഉദ്ദേശ്യങ്ങളും മനസ്സിലാക്കുന്നതിന് അതിനെ ഈശ്വരവിജ്ഞാനീയത്തിൽനിന്ന് വേർപെടുത്തേണ്ടതുണ്ട്. ആചരണങ്ങൾ, ശീലങ്ങൾ, പാലനങ്ങൾ, കർമങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയാണ് മതത്തിന്റെ പ്രാഥമിക കാര്യങ്ങൾ. ഈശ്വരവിജ്ഞാനീയത്തിന് രണ്ടാം സ്ഥാനമാണുള്ളത്. മതം പ്രകൃത്യതീതമാണ് എന്ന ധാരണ ഉപേക്ഷിക്കണം. മതത്തിന്റെ പ്രാഥമികമായ ഉള്ളടക്കം സാമൂഹികമാണ് എന്ന വസ്തുത കാണാതിരിക്കരുത്. അപരിഷ്കൃതസമൂഹത്തിലെ മതം ഉൾപ്പെട്ടിരിക്കുന്നത് ജീവിതത്തിലും അതിന്റെ പരിപാലനത്തിലുമാണ്. അവരുടെ മതത്തെക്കുറിച്ച് സത്യമായിട്ടുള്ളതെന്താണോ അത് മറ്റെല്ലാ മതങ്ങളെക്കുറിച്ചും അവ എവിടെയായാലും സത്യമാണ്.

അപരിഷ്കൃത തത്ത്വം മതത്തിന്റെ അന്തസ്സത്തയെത്തന്നെ രൂപവൽക്കരിക്കുന്നതാണ് അതിന് കാരണം. ദൈവശാസ്ത്രസംസ്കാരങ്ങളോടുകൂടിയ വർത്തമാനസമൂഹത്തിൽ ഈ അന്തസ്സത്ത കാഴ്ചയിൽനിന്ന് മറയ്ക്കപ്പെട്ടിരിക്കുകയാണ്. ഒരുപക്ഷെ വിസ്മരീകരിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ ജീവിതവും അതിന്റെ പരിപാലനവും വർത്തമാനകാലസമൂഹത്തിൽപോലും മതത്തിന്റെ അന്തസ്സത്തയെ രൂപവൽക്കരിക്കുന്നു എന്ന വസ്തുത അനിഷേധ്യമാണ്.

മതപഠനത്തിന്റെ അവസ്ഥ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. മതത്തിന്റെ ഉദ്ഭവം പഠിച്ച വിദ്യാർത്ഥികൾ അപരിഷ്കൃതസമൂഹത്തെക്കുറിച്ചുള്ള തങ്ങളുടെ പഠനം ആരംഭിച്ചപ്പോൾ മാജിക്, ഭ്രഷ്ട്, കുലചിഹ്നം തുടങ്ങിയവയുമായ ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ ക്രിയാവിധികൾ എന്നിവയിൽ വളരെയധികം ആമഗ്നരായി. അപരിഷ്കൃതസമൂഹത്തിൽ മതത്തിന്റെ പ്രാഥമികമായ ഉള്ളടക്കമെന്ന നിലയ്ക്കുള്ള ജനതയുടെ സാമൂഹികപ്രക്രിയയെ അവർ ശ്രദ്ധിച്ചില്ല. മാജിക്കുപോലുള്ളവ മതത്തിന്റെ ഘടകങ്ങളാണെങ്കിലും മതത്തിന് രൂപം

നൽകിയത് ഇവയല്ല. മതത്തിന്റ ഉറവിടവും ഇതല്ല. അപരിഷ്കൃതജനതയുടെ മതത്തിലെ മുഖ്യമായ അംശം മനുഷ്യന്റെ അസ്തിത്വത്തിന്റെ പ്രാഥമിക ഘടകങ്ങളാണ്. ഇന്ദ്രജാലവും ഭ്രഷ്ടും കുലചിഹ്നവും ലക്ഷ്യങ്ങളല്ല; മാർഗങ്ങൾ മാത്രമാണ്. ലക്ഷ്യം ജീവിതവും ജീവിതത്തിന്റെ പരിപാലനവുമാണ് (അംബേദ്കർ: 340).

മതപഠനത്തെ ആത്മീയവാദത്തിന്റെ മണ്ഡലത്തിൽനിന്ന് ഭൗതികവാദത്തിലേക്ക് ഇറക്കിക്കൊണ്ടുവരികയാണ് അംബേദ്കർ.

## മതവും ആധുനികതയും- പടിഞ്ഞാറും കിഴക്കും

മതത്തെ സംബന്ധിച്ച നിലപാടുകളിൽ കേവലയുക്തിവാദത്തെയും വ്യക്തിവാദത്തെയും എതിർക്കുന്നതിൽ ഗാന്ധിയും അംബേദ്കറും ഒരേ നിലപാടാണ് സ്വീകരിച്ചത് എന്നു കാണാം. മതത്തിന്റെ പിന്തുണയില്ലാതുള്ള നിയമത്തിന്റെയും സർക്കാരിന്റെയും സാമൂഹ്യനിയന്ത്രണം വളരെ അപര്യാപ്തമായിരിക്കും. സാമൂഹിക ആകർഷണത്തിന്റെ ഏറ്റവും സ്വാധീനമുള്ള ശക്തിയാണ് മതം. മതത്തിന്റെ അഭാവത്തിൽ സാമൂഹികക്രമത്തെ അതിന്റെ സഞ്ചാരഗതിയിൽ നിർത്തുക അസാധ്യമാണ് (അംബേദ്കർ: 342) എന്ന ചാൾസ് എ. എൽവുഡിന്റെ നിലപാടുകൾ അദ്ദേഹം ദീർഘമായി ഉദ്ധരിച്ചു ചേർക്കുന്നുണ്ട്.

പ്രധാനപ്പെട്ട ഒരു സന്ദർഭമാണിത്. പടിഞ്ഞാറൻ ആധുനികത മതവുമായി ഇണങ്ങിയും പിണങ്ങിയുമാണ് നീങ്ങിയത്. പോസിറ്റിവിസ്റ്റുകളോട് ബാൽഫേൽ പ്രഭു ചോദിച്ച ചോദ്യങ്ങൾ അംബേദ്കർ ഉദ്ധരിക്കുന്നു, (343). അവരോട് അദ്ദേഹം ചോദിച്ച ചോദ്യങ്ങൾ ഹൈന്ദവവക്താക്കളോട് അസ്പൃശ്യർക്കും ചോദിക്കാവുന്നതാണ്. അല്ല, അസ്പൃശ്യർക്ക് കുറെക്കൂടി ചോദ്യങ്ങൾ ചോദിക്കാനാവും.

മനുഷ്യജീവികൾ എന്ന നിലയ്ക്ക് അവരുടെ മാഹാത്മ്യത്തെ ഹിന്ദുമതം അംഗീകരിക്കുന്നുണ്ടോ? അവരുടെ സമത്വത്തിനുവേണ്ടി അതു നിലകൊള്ളുന്നുണ്ടോ? സ്വാതന്ത്ര്യത്തിന്റെ ഗുണഫലം അവർക്കുകൂടി അനുവദിച്ചു കൊടുക്കാൻ ഹിന്ദുമതം തയ്യാറാണോ? അസ്പൃശ്യരും ഹിന്ദുക്കളും തമ്മിലുള്ള സാഹോദര്യബന്ധം ഉറപ്പിക്കുന്നതിന് സഹായിക്കാൻ ഹിന്ദുമതത്തിന് കഴിയുമോ? അസ്പൃശ്യർ ഹിന്ദുക്കളുടെ ബന്ധുജനമാണെന്ന് ഹിന്ദുമതം ഹിന്ദുക്കളെ പറഞ്ഞു മനസ്സിലാക്കുമോ? അസ്പൃശ്യർ മനുഷ്യരുമല്ല മൃഗങ്ങളുമല്ല എന്ന രീതിയിൽ ഹിന്ദുക്കൾ അവരോട് പെരുമാറുന്നത് പാപമാണെന്ന് ഹിന്ദുമതം ഹിന്ദുക്കളോട് പറയുമോ? അസ്പൃശ്യരോട് ന്യായമായും മനുഷ്യത്വപരമായും പെരുമാറാൻ ഹിന്ദുമതം ഹിന്ദുക്കളെ ഉപദേശിക്കാറുണ്ടോ? അസ്പൃശ്യരുമായി സമൂഹത്തിൽ കഴിയുന്നതിന്റെ ധാർമിതകത അത് ഹിന്ദുക്കളെ പറഞ്ഞു മനസ്സിലാക്കാറുണ്ടോ? അസ്പൃശ്യരെ സ്നേഹിക്കണമെന്നും ആദരിക്കണമെന്നും അവരോട് അനീതി കാട്ടരുതെന്നും ഹിന്ദുക്കളോട് പറയാറുണ്ടോ?





ഈ ചോദ്യങ്ങൾക്ക് ഏതിനെങ്കിലും ഉവ്വ് എന്ന് ഉത്തരം നൽകാൻ ഒരു ഹിന്ദുവിനും കഴിയില്ല. നേരെ മറിച്ച്, ഹിന്ദുക്കൾ അസ്പൃശ്യരോട് കാണിക്കുന്ന അന്യായങ്ങൾക്ക് ഹിന്ദുമതത്തിന്റെ അംഗീകാരമുണ്ടുതാനും. അസ്പൃശ്യർ ഹിന്ദുമതത്തെ പിന്തുണയ്ക്കേണ്ടതില്ലെന്ന വാദമായി അംബേദ്കർ ഇതിനെ വികസിപ്പിക്കുന്നു.

ഹിന്ദുക്കൾ അസ്പൃശ്യരോട് കാണിക്കുന്ന അരാജകത്വം നിയമാനുസൃതമാക്കാനുള്ള ഊർജ്ജവും വഴക്കവും ഹിന്ദുമതത്തിൽ അധിഷ്ഠിതമാണ്; അതിന്റെ പിന്തുണയോടെയുള്ളതാണ്. ഈ സ്ഥിതിയിൽ ഹിന്ദുമതം അംഗീകരിക്കണമെന്നും അതിൽതന്നെ തുടരണമെന്നും ഒരു ഹിന്ദുവിന് അസ്പൃശ്യരോട് പറയാൻ എങ്ങിനെ കഴിയും? തങ്ങളുടെ അധഃപതനത്തിന് ഒരേയൊരു ഉത്തരവാദിയായ ഹിന്ദുമതത്തെ അസ്പൃശ്യർ എന്തിനു പിന്തുണയ്ക്കണം? അസ്പൃശ്യന് എങ്ങിനെ ഹിന്ദുമതത്തിൽ തുടരാൻ കഴിയും? ഒരു മനുഷ്യജീവിയുടെ അധഃപതനത്തിന്റെ അങ്ങേയറ്റത്തെ കയമാണ് അയിത്തം. (അംബേദ്കർ: 344)

ഹിന്ദുമതത്തിൽ അസ്പൃശ്യർക്ക് പ്രത്യാശക്ക് യാതൊരു വകയുമില്ല. അസ്പൃശ്യർ ഹിന്ദുമതം വിടണമെന്നതിന് ഇതു മാത്രമല്ല കാരണം. ഹിന്ദുമതം ഉപേക്ഷിക്കുന്നത് അനിവാര്യമാക്കിത്തീർക്കുന്നതിന് ഒരു കാരണംകൂടിയുണ്ട്. അയിത്തം ഹിന്ദുമതത്തിന്റെ ഒരു ഭാഗമാണ്.

ഒരു ഹിന്ദുവിന് ഹിന്ദുമതത്തിലുള്ള വിശ്വാസം അയാളുടെ ശ്രേഷ്ഠതാബോധം വർധിപ്പിക്കുന്നു. ദശലക്ഷക്കണക്കിന് അസ്പൃശ്യർ തന്റെ താഴെയാണെന്ന അവബോധമാണ് അയാളുടെ ഈ ശ്രേഷ്ഠതാബോധത്തിന്റെ കാരണം. സാമൂഹ്യമായ ഒറ്റപ്പെടൽ (social isolation) എന്നാണ് അയിത്തജാതിക്കാരുടെ അവസ്ഥയെപ്പററി അംബേദ്കർ പറയുന്നത്. അംബേദ്കർ സൂചിപ്പിക്കുന്ന ഈ അവസ്ഥ അന്യവൽക്കരണം (Alienation) തന്നെയാണെന്നു കാണാം. ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗത്തെക്കുറിച്ച് അംബേദ്കർ ചില നിലപാടുകൾ മുന്നോട്ടുവെക്കുന്നുണ്ട്.

ഇതിലേറ്റവും പ്രധാനം ബന്ധുത്വത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ കാഴ്ചപ്പാടാണ്. അന്യവൽക്കരണത്തെ ഇല്ലാതാക്കുന്ന സംവർഗമായി അദ്ദേഹം കാണുന്നത് ബന്ധുത്വത്തെയാണ്. യഥാർഥത്തിൽ, പ്രബുദ്ധതയുടെ കേവലവ്യക്തിവാദത്തെ നിരാകരിക്കുന്ന സാമൂഹ്യവാദമായാണ് ബന്ധുത്വം എന്ന സങ്കല്പം അദ്ദേഹം ഉന്നയിക്കുന്നത്.

## ബന്ധുത്വം

സാമൂഹികമായ ഒറ്റപ്പെടലിന് അസ്പൃശ്യർ എങ്ങിനെ അറുതി വരുത്തും? അതിനുള്ള ഒരേയൊരു പോംവഴി ജാതിചിന്തയിൽനിന്നു വിമുക്തമായ മറ്റൊരു

സമുദായവുമായി ബന്ധുത്വം സ്ഥാപിക്കുകയും അതിൽ സ്വയം ലയിച്ചുചേരുകയുമാണ്. ഈ ഉത്തരം വളരെ ലളിതമായിരുന്നിട്ടും അതിന്റെ സാധുത അധികംപേരും അത്ര പെട്ടെന്ന് അംഗീകരിക്കുന്നില്ല. ഇതിനു കാരണം ബന്ധുത്വത്തിന്റെ മൂല്യവും സവിശേഷതയും അധികപേരും മനസ്സിലാക്കാത്തതാണ്. അത്യന്തം മഹത്തരമാണ് ബന്ധുത്വത്തിന്റെ മൂല്യവും സവിശേഷതയും. ബന്ധുത്വം എന്താണെന്നും അതിൽ എന്തെല്ലാം ഉൾക്കൊള്ളുന്നുണ്ടെന്നും വിവരിക്കാൻ പ്രൊഫ. റോബിൻസൺ സ്മിത്തിന്റെ കാഴ്ചപ്പാടുകൾ അംബേദ്കർ ഉദ്ധരിക്കുന്നുണ്ട്:

ബന്ധുജനം എന്നത് വ്യക്തികളുടെ ഒരു ഗ്രൂപ്പായിരുന്നു. ശാരീരിക ഐക്യം എന്ന് വിശേഷിപ്പിക്കത്തക്കവിധം അവരുടെ ജീവിതങ്ങൾ തമ്മിൽ അത്ര കണ്ട് ബന്ധപ്പെട്ടിരിക്കുന്നു. ഒരു സാധാരണജീവിതത്തിന്റെ ഘടകങ്ങളായി അവർ കണക്കാക്കപ്പെടും. ബന്ധുജനത്തിൽപ്പെട്ടയാളുകൾ സമ്പൂർണമായ ഒരു ജീവിതം കണക്കെ ചൈതന്യവത്തായ ഏക രക്തപിണ്ഡം പോലെ മജ്ജയും മാംസവും പോലെ സ്വയം കണക്കാക്കി മറ്റുള്ളവരിൽ എല്ലാം ക്ലേശമുണ്ടാക്കാതെ ഇവരിൽ ഒരാളെ സ്പർശിക്കാൻ കഴിയുമായിരുന്നില്ല (അംബേദ്കർ: 346).

വ്യക്തി, കുടുംബം എന്നിവയിൽനിന്നു ഭിന്നമായ കൂട്ടായ്മയായാണ് ബന്ധുത്വത്തെ ഇവിടെ നിർവചിക്കുന്നത്. ഒരു വ്യക്തിയുടെയും ഒരു ഗ്രൂപ്പിന്റെയും കാഴ്ചപ്പാടിൽ കാര്യത്തെ നോക്കിക്കാണാവുന്നതാണ്. ഗ്രൂപ്പിന്റെ വീക്ഷണത്തിൽ ഒരാൾ പ്രഥമവും പ്രധാനമായും ഗ്രൂപ്പിലെ അംഗമാണെന്നും കേവലം വ്യക്തിയല്ലെന്നുമുള്ള വിചാരം ബന്ധുത്വം ആവശ്യപ്പെടുന്നു. വ്യക്തിയുടെ വീക്ഷണത്തിൽ തന്റെ ഗ്രൂപ്പുമായുള്ള ബന്ധുത്വത്തിൽനിന്നു കിട്ടുന്ന നേട്ടങ്ങൾ കുടുംബത്തിലെ അംഗമെന്ന നിലയിൽ കിട്ടുന്ന നേട്ടങ്ങളെക്കാൾ ഒട്ടുകുറഞ്ഞതോ വിഭിന്നമായതോ അല്ല.

കുടുംബജീവിതത്തിന്റെ സവിശേഷത മാതാപിതാക്കളിൽനിന്നു ലഭിക്കുന്ന ആർദ്രത(Parental tenderness)യാണ്. പ്രഫ. മഡ്ഗൗലിനെ ഉദ്ധരിച്ചുകൊണ്ട് അംബേദ്കർ പറയുന്നു: ഈ വികാരത്തിൽനിന്ന് (മാതാപിതാക്കളുടെ ആർദ്രത) ലാളിക്കാനും സംരക്ഷിക്കാനുമുള്ള അതിന്റെ ആവേശത്തിൽനിന്ന് മഹാമനസ്കത, ഉപകാരസ്മരണ, സ്നേഹം, ദയ, യഥാർഥ ഔദാര്യം, പരോപകാരനിരതമായ പെരുമാറ്റം എന്നിവ ഉദ്ഭവിക്കുന്നു. ഇവയുടെയെല്ലാം മുഖ്യവും അവശ്യവുമായ വേരുകൾ മാതാപിതാക്കളുടെ ആർദ്രതയിലുണ്ട് (അംബേദ്കർ: 346).

## സമൂഹവും സമുദായവും, പൗരത്വവും ബന്ധുത്വവും

കുടുംബത്തിന്റെ വികസിതരൂപമാണ് സമുദായ(community)മെന്നും സമുദായം സമൂഹ(society)ത്തിൽനിന്ന് ഭിന്നമാണെന്നും അംബേദ്കർ വ്യക്തമാക്കുന്നു. കുടുംബത്തിൽ കാണുന്ന എല്ലാ നന്മകളും സമൂദായത്തിനുണ്ട്. സമുദായത്തക്കുറിച്ച് മഡ്ഗൗലിന്റെ വീക്ഷണം അദ്ദേഹം ഇക്കാര്യത്തിൽ പിന്തുടരുന്നു. സമുദായത്തിനകത്ത് ബന്ധുത്വംകൊണ്ട് ബന്ധിക്കപ്പെട്ട ബന്ധുജനങ്ങൾ തമ്മിൽ യാതൊരുവിവേചനവുമില്ല. സമുദായത്തിലെ ഓരോരുത്തർക്കും മറ്റുള്ളവരോടൊപ്പം തുല്യഅവകാശമുണ്ടെന്ന് ബന്ധുത്വം അംഗീകരിക്കുന്നു.

ബന്ധുത്വം സമുദായത്തിനകത്ത് എങ്ങിനെ പ്രവർത്തിക്കുന്നു എന്ന കാര്യം അദ്ദേഹം വ്യക്തമാക്കുന്നു. ഒരംഗത്തോടു ചെയ്ത തെറ്റ് ന്യായീകരിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കാൻ ബന്ധുത്വം സമുദായത്തെ സന്നദ്ധമാക്കുന്നു. ഒരംഗത്തോടു ചെയ്ത തെറ്റിന് പ്രതികാരമായി പൈശാചികരീതിയെന്നു വസ്തുനിഷ്ഠമായി തോന്നിക്കുന്ന രക്തപ്രളയം വ്യക്തിനിഷ്ഠമായി പറഞ്ഞാൽ തങ്ങളുടെ സഹജീവിയോടു ചെയ്ത തെറ്റിന് സമുദായത്തിലെ അംഗങ്ങളുടെ അനുതാപത്തോടെയുള്ള രോഷപ്രകടനമാണ്. അനുതാപത്തോടു കൂടിയ ഈ രോഷം ആർദ്രഭാവത്തിന്റെയും അമർഷത്തിന്റെയും മിശ്രിതമാണ്. ഒരു കുഞ്ഞിനോടു ചെയ്ത തെറ്റ് നേരിൽക്കാണുമ്പോൾ മാതാപിതാക്കളിൽനിന്നു ബഹിർഗമിക്കുന്ന ആർദ്രതപോലെ അനുതാപത്തോടുകൂടിയ ഈ രോഷം, ആർദ്രഭാവത്തിന്റെയും കോപത്തിന്റെയും ഈ മിശ്രിതം ജനിപ്പിക്കുന്നത് ബന്ധുത്വമാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇത് നിസ്സാരമായ മൂല്യമല്ല എന്ന് അദ്ദേഹം അടിവരയിടുന്നു.

ധാർമികരോഷത്തെ നീതിയുമായി ബന്ധിപ്പിച്ച് മൗഡ്ഗലിന്റെ വാദങ്ങളെ അംബേദ്കർ പിന്തുടരുന്നു. മനുഷ്യന്റെ സാമൂഹിക ജീവിതത്തിന് ആർദ്രഭാവവും കോപവും തമ്മിലുള്ള ഈ ഉറ്റബന്ധത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ധാർമിക ആദർശങ്ങളെ സംബന്ധിച്ചുള്ള യഥാർഥ സിദ്ധാന്തത്തിന് ഇതേക്കുറിച്ചുള്ള ശരിയായ ധാരണ പ്രധാനമാണ്. ഇത്തരം ഉത്തേജിപ്പിക്കപ്പെട്ട കോപമാണ് എല്ലാ ധാർമികരോഷങ്ങളുടെയും ബീജം. ധാർമികരോഷത്തിന്മേലാണ് നീതിയും പൊതുനിയമത്തിന്റെ വലിയൊരു ഭാഗവും പ്രധാനമായും സ്ഥാപിച്ചിട്ടുള്ളത് (അംബേദ്കർ: 348).

ബന്ധുത്വത്തെ അദ്ദേഹം പൗരത്വത്തിൽനിന്ന് വ്യത്യസ്തമായ ഒന്നായാണ് കാണുന്നത്. സമൂഹത്തിൽ പൗരത്വം ആർജ്ജിക്കുന്ന മാർഗങ്ങളിൽനിന്ന് തികച്ചും ഭിന്നമാണ് സമൂദായത്തിൽ ബന്ധുത്വം ആർജ്ജിക്കുന്നതിനുള്ള മാർഗങ്ങൾ. സ്വാഭാവികമാക്കൽ എന്നു പറയുന്നതിലൂടെയാണ് പൗരത്വം നേടിയെടുക്കുന്നത്. പൗരത്വത്തിനുള്ള മുൻ ഉപാധി ഭരണകൂടത്തോടുള്ള രാഷ്ട്രീയമായ കൂറ് അംഗീകരിക്കലാണ്. ബന്ധുത്വം ആർജ്ജിക്കുന്നതിനുള്ള മുൻഉപാധികൾ തികച്ചും വ്യത്യസ്തങ്ങളാണ് (അംബേദ്കർ: 349).

ബന്ധുത്വത്തിന്റെ ചരിത്രത്തെ രണ്ടു ഘട്ടങ്ങളായി അദ്ദേഹം കാണുന്നു. ഗോത്ര കാലഘട്ടവും മതകാലഘട്ടവുമാണത്. മനുഷ്യപരിണാമത്തിലെ ഒരു ഘട്ടത്തിൽ രക്തൈക്യമായിരുന്നു ബന്ധുജനത്തിലേക്ക് കൈക്കൊള്ളുന്ന

തിനുള്ള മുൻഉപാധി. കാരണം ബന്ധുജനമെന്നത് ഒരേ പിതാമഹനിൽനിന്നു വന്നവരെന്നും അവരുടെ ഞരമ്പുകളിൽ ഒരേ രക്തമാണ് ഓടുന്നതെന്നും സങ്കല്പിക്കപ്പെടുന്ന ആളുകളുടെ കൂട്ടായ്മയായിരുന്നു (349).

മനുഷ്യപരിണാമത്തിന്റെ പിന്നീടുള്ള ഒരു ഘട്ടത്തിൽ രക്തൈക്യത്തിന്റെ സ്ഥാനത്ത് പൊതുവായ മതം ഒരു മുൻ ഉപാധിയായിത്തീർന്നു. പൊതുവായ മതമില്ലാതെ ബന്ധുത്വം ഉണ്ടാവുക സാധ്യമല്ല.

ബന്ധുത്വം എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ബന്ധുത്വമാണ് മഹാമനസ്കത ജനിപ്പിക്കുന്നതും തെറ്റുതിരുത്തുന്നതിന് അവശ്യം വേണ്ട ധാർമികരോഷം വിളിച്ചുവരുത്തുന്നതും ഹിന്ദുക്കളുടെ സ്വേച്ഛാധിപത്യപ്രവൃത്തികളും അടിച്ചമർത്തലും നേരിടുന്നതിന് ബന്ധുജനസമുദായത്തിന്റെ പിന്തുണ ആർജ്ജിക്കുന്നതിനുള്ള ഇച്ഛാശക്തിയാണ് ബന്ധുത്വം. ഹിന്ദുക്കളുടെ സ്വേച്ഛാധിപത്യപ്രവൃത്തികളും അടിച്ചമർത്തലുകളും ഇപ്പോൾ അസ്പൃശ്യർ തനിച്ചു സഹിച്ചുകൊണ്ടിരിക്കുകയാണ്. ഇവയിൽ നിന്നുള്ള ഏറ്റവും നല്ല സുരക്ഷാമാർഗമാണ് മറ്റൊരു സമുദായവുമായുള്ള ബന്ധുത്വം സ്ഥാപിക്കൽ.

ബന്ധുത്വം ഒറ്റപ്പെടലിന് കടകവിരുദ്ധമാണ്. അസ്പൃശ്യർ മറ്റൊരു സമുദായവുമായി ബന്ധുത്വം സ്ഥാപിക്കുക എന്നതിനർഥം അവർ തങ്ങളുടെ ഇപ്പോഴത്തെ ഒറ്റപ്പെടൽ അവസ്ഥ അവസാനിപ്പിക്കുന്നു എന്നാണ്. അവർ ഹിന്ദുക്കളായി തുടരുന്നിടത്തോളം അവരുടെ ഒറ്റപ്പെടലിന് അറുതിയുണ്ടാവില്ല.

മതം മാറ്റത്തിന്റെ യുക്തിയുമായി അതിനെ അംബേദ്കർ ബന്ധിപ്പിക്കുന്നു- ഒറ്റപ്പെടലിന്റെ പ്രാതികൂല്യങ്ങളും ബന്ധുത്വത്തിന്റെ നേട്ടങ്ങളും അറിയാവുന്ന എല്ലാവരും മതം മാറാനുള്ള ഈ നീക്കം അർത്ഥശൂന്യമല്ലെന്ന് സമ്മതിക്കുന്നതാണ്. (അംബേദ്കർ: 349)

അസ്പൃശ്യർക്ക് തങ്ങളുടെ ഒറ്റപ്പെടലും അതിൽ നിന്നുളവാകുന്ന പ്രയാസങ്ങളും അവസാനിപ്പിക്കാൻ കേവലം പൗരത്വം മതിയാവുകയില്ലെങ്കിൽ ബന്ധുത്വം സ്ഥാപിക്കലാണ് ഒരേയൊരു മാർഗമെങ്കിൽ ബന്ധുത്വം സ്ഥാപിക്കാൻ പോകുന്ന സമുദായത്തിന്റെ മതം സ്വീകരിക്കുകയല്ലാതെ മറ്റുമാർഗമില്ല. അസ്പൃശ്യരുടെ വിഷാദാത്മകത്വത്തിന് കാരണമായ അപകർഷതാബോധം മതപരിവർത്തനത്തിലൂടെ തുടച്ചുനീക്കപ്പെടാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല എന്നും അംബേദ്കർ പറയുന്നു. മതപരിവർത്തനം അസ്പൃശ്യരുടെ പൊതുവായ സാമൂഹ്യപദവി ഉയർത്തും. ഹിന്ദുമതത്തിനകത്തെ തങ്ങളുടെ ജാതിപ്പേരും പേരും മാറുമ്പോൾതന്നെ അസ്പൃശ്യന്റെ പദവിയിൽ വമ്പിച്ച മാറ്റം വരുന്നു.

ആശാനും അംബേദ്കറും തമ്മിലുള്ള ചർച്ചയിലെ ഒരു വ്യത്യാസം ഇവിടെ ശ്രദ്ധേയമാണ്. അധഃകൃതർ ബുദ്ധമതം സ്വീകരിക്കണമോ എന്ന പ്രശ്നമാണ് ആശാൻ ചർച്ച ചെയ്തത്. എന്നാൽ മതം മാറ്റം എന്ന പൊതുപ്രശ്നമാണ് അംബേദ്കർ ചർച്ച ചെയ്യുന്നത്. അസ്പൃശ്യർ ഏതു മതം സ്വീകരിക്കണമെന്നത് തന്റെ പ്രബന്ധത്തിന്റെ ലക്ഷ്യമല്ല എന്നും മതപരിവർത്തനംകൊണ്ട് അയിത്തമെന്ന പ്രശ്നം പരിഹരിക്കപ്പെടുമോ എന്ന കാര്യം മാത്രമാണ് താൻ ഉന്നയിക്കുന്നത് എന്നും അദ്ദേഹം അവസാനം പറയുന്നുണ്ട്. പരിഹരിക്കപ്പെടും എന്നു തന്നെയാണ് അതിനുള്ള ഉത്തരം.

മതത്തെ മുൻകാലത്ത് കണ്ടിരുന്ന മട്ടിൽനിന്നും വ്യത്യസ്തമായാണ് താൻ ഇവിടെ കാണുന്നത് എന്നത് അംബേദ്കർക്ക് നല്ല ബോധ്യമുണ്ട്. ഇതു വ്യക്തമാക്കിക്കൊണ്ടാണ് അദ്ദേഹം ചർച്ച അവസാനിപ്പിക്കുന്നത്- ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിലും അതുപോലുള്ള മറ്റുകാര്യങ്ങളിലുമാണ് മതം താത്പര്യം കാണിക്കുന്നതെന്ന വീക്ഷണത്തിൽ നിന്ന് മിക്കവാറും വ്യത്യസ്തമായ കാഴ്ചപ്പാടിലാണ് ഈ വാദഗതിയുടെ സാധുത സ്ഥിതി ചെയ്യുന്നത്. ഈ കാഴ്ചപ്പാടനുസരിച്ച് മനുഷ്യാത്മാവിനെ രക്ഷിക്കാൻ വേണ്ടിയല്ല, മറിച്ച് സമൂഹത്തിന്റെ സംരക്ഷണത്തിനും മാനവക്ഷേമത്തിനും വേണ്ടിയാണ് മതം നിലകൊള്ളുന്നത്. മതത്തെക്കുറിച്ച് ആദ്യത്തെ കാഴ്ചപ്പാട് അംഗീകരിക്കുന്നവർക്ക് മാത്രമേ മതംമാറ്റംകൊണ്ട് എങ്ങനെ അയിത്തത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടും എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവുകയുള്ളൂ (അംബേദ്കർ: 354–355).

നേരത്തെ സൂചിപ്പിച്ച പോലെ പ്രബുദ്ധതാപരമായ ആധുനികതയും കോളനീകരണവും ചേർന്നപ്പോൾ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള മതപരമായ താരതമ്യപഠനം വളരെ പുരോഗമിച്ചു. ഓറിയന്റലിസ്റ്റുകൾ ഇതിൽ വലിയ സംഭാവന നടത്തി. ഇത്തരം താരതമ്യങ്ങളുടെ ഉൾക്കാഴ്ച ലോകമാന്യതിലകനെപ്പോലുള്ളവർ (ഗീതാരഹസ്യം) ഉപയോഗിക്കുന്നതു കാണാം. ഈ താരതമ്യപഠനങ്ങളുടെ വെളിച്ചവും നിഴലും അംബേദ്കർ ദർശിക്കുന്നുണ്ട്. ഒരർത്ഥത്തിൽ നാരായണഗുരു അറിയാതെ താരതമ്യമതദർശനത്തിന്റെ സമീപനമാണ് മുന്നോട്ടുവെച്ചത്. (മതമേതായാലും മനുഷ്യൻ നന്നായാൽ മതി). താരതമ്യമതശാസ്ത്രത്തിന്റെ നിഷേധാത്മകതലങ്ങൾ എടുത്തുകാട്ടുമ്പോൾ അറിയാതെ ഗുരുവിന്റെയും അതുവഴി ആശാന്റെയും രീതികളെയാണ് അംബേദ്കർ ചോദ്യം ചെയ്യുന്നത്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന വീക്ഷണത്തിൽ ഒരേ സമയം ആധുനികതയുടെ ഏകമാനവികതാബോധവും അതേസമയം ബഹുത്വത്തിന്റെ അംഗീകരണവുമുണ്ട്. അംബേദ്കറുടെ യുക്തി ആധുനികമാണ്, ആശാന്റേത് ഭാരതീയ തർക്കശാസ്ത്രത്തിന്റെ രീതിയാണ് എന്നും രണ്ടിനെയും താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകും.

ആശാനും അംബേദ്കറും ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ഒന്ന്, ഈഴവരെ മുൻനിർത്തിയാണ് ആശാന്റെ ചർച്ച. എന്നാൽ പട്ടികജാതിവിഭാഗക്കാരെന്നും ദളിതരെന്നും അറിയപ്പെടുന്ന ജാതിഘട

നയിലെ  ഏറ്റവും താഴെ നില്ക്കുന്നവരായി സങ്കല്പിക്കപ്പെട്ടവരെക്കുറിച്ചാണ് അംബേദ്കറുടെ ചർച്ച. ജാതിയുടെ ഒറ്റപ്പെടൽ ഏറ്റവും അനുഭവിക്കുന്ന വിഭാഗത്തെയാണ് അദ്ദേഹം മുമ്പിൽ കാണുന്നത്.

ആശാനെ അപേക്ഷിച്ച് മതത്തെ സംബന്ധിച്ച കുടുതൽ വികസിച്ച സങ്കല്പത്തിലാണ് അംബേദ്കറിന്റെ ചർച്ച നീങ്ങുന്നത്. അതാകട്ടെ, മതത്തെ സംബന്ധിച്ച് ആധുനിക കാലഘട്ടത്തിൽ ഉയർന്നുവന്ന ചരിത്ര സാമൂഹ്യശാസ്ത്രപഠനങ്ങളുടെ വെളിച്ചത്തിലുമാണ് നിർവഹിക്കുന്നത്.

ഇതുകൊണ്ട് ആശാൻ യാഥാസ്ഥിതിക ഹിന്ദുമതത്തിന്റെ വക്താവാകുന്നുണ്ടോ? അംബേദ്കറും കുമാരനാശാനും തമ്മിൽ എന്തെങ്കിലും ആശയപരമായ പൊതുതലം നിലനിൽക്കുന്നുണ്ടോ? ഉണ്ട് എന്നാണ് ഉത്തരം. ആശാന്റെ മതപരിവർത്തനരസവാദത്തിലല്ല പകരം ആശാനെ ആശാനാക്കുന്ന കവിതകളിലാണ് അത് നിലനില്ക്കുന്നത്.

മതപരിവർത്തനമല്ല മതപരിഷ്കരണമാണ് തന്റെ കൃതികളുടെ സന്ദേശമെന്ന് ആശാൻ പറയുന്നുണ്ടല്ലോ. മതപരിവർത്തനത്തെ സംബന്ധിച്ച തർക്കത്തിൽ ബുദ്ധമതത്തിലേക്കുള്ള പരിവർത്തനത്തെ ആശാൻ വിമർശിച്ചെങ്കിലും അംബേദ്കർ മുന്നോട്ടുവെച്ച സമുദായസങ്കലപ്പത്തെ ആശാൻ പങ്കിടുന്നുണ്ട്. ആ അർത്ഥത്തിലാണ് ആശാൻ ബൗദ്ധദേശീയതയുടെ, കീഴാളദേശീയതയുടെ കവിയായി മാറുന്നത്.

അമ്മ തൻ നെഞ്ചു ഞരമ്പിൽക്കൂടി  
ചെമ്മേ ചെഞ്ചോരയെത്തന്നെ  
അമ്മിഞ്ഞത്തൂവമൃതാക്കും മൈത്രി  
നമ്മോടതോതുന്നു രാജൻ

എന്ന ആശാന്റെ *ചണ്ഡാലഭിക്ഷുകി*യിലെ ബന്ധുത്വരൂപകങ്ങൾ അംബേദ്കർ മുന്നോട്ടുവെച്ചിട്ടുള്ളതു തന്നെയാണ്. സിവിൽ സമുദായത്തെ സംബന്ധിച്ച സങ്കല്പങ്ങളിൽനിന്ന്, പ്രബുദ്ധതയിൽനിന്ന് വ്യത്യസ്തമായ വഴി ആശാൻ കാണിക്കുന്നത് ഇത്തരത്തിലാണ്. സമുദായത്തെയും ബന്ധുത്വത്തെയുമാണ് സമൂഹത്തെയും പൗരത്വത്തെയുമല്ല ചണ്ഡാലിക സാക്ഷാത്കരിക്കുന്നത്. പ്രബുദ്ധതയുടെ പൊതുപദ്ധതികളിൽനിന്നുള്ള ആശാന്റെ മാറി നടപ്പാണ് അതിൽ കാണുന്നത്. ഇന്ത്യയിൽ തന്റെകാലത്തെ മറ്റൊരു രാഷ്ട്രീയനേതാവും കാണിക്കാത്ത മട്ടിൽ പാർട്ടിയുണ്ടാക്കുക മാത്രമല്ല സമുദായമുണ്ടാക്കാൻ കൂടിയാണ് അംബേദ്കർ ശ്രമിച്ചത്. ബുദ്ധമതത്തിലേക്കുള്ള അദ്ദേഹത്തിന്റെ മാറ്റം അതുകൂടിയാണ് വ്യക്തമാക്കിയത്.

പ്രത്യക്ഷത്തിൽ പ്രകടമായ പാശ്ചാത്യ ആധുനികതയെ സ്വാംശീകരിച്ച ആളായാണ് അംബേദ്കറെ അനുഭവപ്പെടുക. എന്നാൽ ദേശീയസമര കാലഘട്ടത്തിൽ മൂന്നാം ലോകത്തെ പല ദേശീയ നേതാക്കളും ഉന്നയിച്ച ആശയങ്ങളുടെ  പശ്ചാത്തലത്തിൽ നോക്കുമ്പോൾ അംബേദ്കറുടെ നിലപാടുകളുടെ പൊതുതലം വ്യക്തമാകും. ഗോത്രപരമായ ഭൂതകാലത്തിൽനിന്ന് സ്വാർത്ഥമായ മുതലാളിത്തത്തിന്റെ വ്യക്തിവാദത്തിലേക്കാണോ നീങ്ങേണ്ടത് എന്ന ചോദ്യം അവരിൽ പലരും ഉന്നയിക്കുന്നുണ്ട്. സ്വാർത്ഥമായ മുതലാളിത്തവ്യക്തികൾക്ക് പകരം പരസ്പരം ഉത്തരവാദിത്തമുള്ള സമുദായത്തെ സൃഷ്ടിക്കുക എന്ന നിലപാട് അവരെടുക്കുന്നുണ്ട്.

സിവിൽ സമൂഹത്തിനു പകരം രാഷ്ട്രീയസമുദായത്തെ മുന്നോട്ടുവെക്കുകയാണ് അംബേദ്കർ ഇവിടെയെന്നു കാണാം. ഇതിൽ അദ്ദേഹം കുടുംബം, ഗോത്രം എന്നിവയുടെ ബന്ധങ്ങളുടെ ആധുനികമായ തുടർച്ചയാണ് കാണുന്നത്. രക്തബന്ധത്തിലധിഷ്ഠിതമായ പഴയ സമൂഹത്തിനു പകരം ആധുനിക സമൂഹത്തിൽ വ്യത്യസ്തമായ സമുദായസങ്കല്പമാണ് നിലവിൽ വരേണ്ടത് എന്നു മാത്രം. മൂന്നാംലോകത്തെ ദേശീയവാദികളിൽ പലരും ഇത്തരം സമീപനം സ്വീകരിച്ചിരിക്കുന്നതു കാണാം.

നവോത്ഥാനപ്രസ്ഥാനങ്ങൾ പഴയ രൂപങ്ങളെ പരിവർത്തനത്തിന് വിധേയമാക്കുന്നതോടൊപ്പം തന്നെ പുതിയൊരു സമുദായനിർമിതിയുടെ ബന്ധുത്വത്തിന്റെ സംസ്കാരംകൂടി അവർ നിർമിച്ചു. ഈ സമുദായനിർമിതിയിൽ സംഘബോധത്തിന്റെ പ്രാധാന്യം അവർ തിരിച്ചറിഞ്ഞിരുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന സംഘസങ്കല്പമാണ് ഗുരുവിനെ പിന്തുടർന്ന് ആശാൻ മുന്നോട്ടുവെച്ചത്. അവാന്തരവിഭാഗങ്ങളെ ഉദ്ഗ്രഥിച്ച് ഈഴവസമൂഹത്തെ ഒരു സമുദായമാക്കിത്തീർക്കാനാണ് ആശാൻ ഗുരുവിന്റെ സന്ദേശത്തിന്റെ തണലിൽ ശ്രമിച്ചത്. സംഘടന സമുദായത്തിന്റെ ധർമം നിർവഹിക്കുമെന്ന് ആശാൻ കണ്ടു. അതുകൊണ്ടുതന്നെ സംഘടനയിൽതന്നെ ബന്ധുത്വത്തിന്റെ ഘടകങ്ങൾ കാണുകയാണ് ആശാൻ ചെയ്തത്. അതിനാൽ ബുദ്ധതത്ത്വം ആശാൻ സംഘടനാപരമായ പരിഷ്കരണതത്ത്വമായാണ് സ്വീകരിച്ചത്. എന്നാൽ അംബേദ്കറാകട്ടെ രാഷ്ട്രീയസംഘബോധത്തോടൊപ്പം രാഷ്ട്രീയയുക്തിയിലധിഷ്ഠിതമായ മതത്തെയും മുന്നിൽ കണ്ടു. ആ മതം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ബുദ്ധമതവുമാണ് എന്ന് പിൽക്കാലത്തെ അദ്ദേഹത്തിന്റെ മതം മാറ്റതീരുമാനം തെളിയിക്കുകയുമുണ്ടായി.

നവോത്ഥാന ആധുനികത സൃഷ്ടിച്ച സവർണതയുടെ നിരാകരണമാണ് അംബേദ്കർ അന്വേഷിച്ചത്. ഓറിയന്റലിസവും അച്ചടിയും മറ്റും നിർമിച്ചെടുത്ത സവർണദേശീയതാബോധത്തിനെതിരെ അതേ ആധുനികതയുടെ മറുപുറത്ത് അവർണമായ ഒരിടം നിർമിച്ചെടുക്കാനാണ് അംബേദ്കർ ശ്രമിച്ചത്. വിശാലമായ അർത്ഥത്തിൽ ഇതിനെ കീഴാള ആധുനികതയെന്നു വിളിക്കാം. കുമാരനാശാൻ സാഹിത്യത്തിൽ അതു സാക്ഷാത്കരിച്ചപ്പോൾ അംബേദ്കർ രാഷ്ട്രീയത്തിലാണ് അത് സാക്ഷാത്കരിക്കാൻ ശ്രമിച്ചത്.

**ഗ്രന്ഥസൂചി :**


അംബേദ്കർ 2000 *ഡോ.അംബേദ്കർ സമ്പൂർണകൃതികൾ- വാല്യം 10 അപ്രകാശിതരചനകൾ,* ഡോ.അംബേദ്കർ ഫൗണ്ടേഷൻ, ന്യൂഡൽഹി.

കുമാരനാശാൻ, എൻ 1982 *ആശാന്റെ ഗദ്യലേഖനങ്ങൾ- വാല്യം 2,* സമ്പാ. എൻ.കെ.ദാമോദരൻ, കുമാരനാശാൻ സ്മാരക കമ്മിറ്റി, തോന്നയ്ക്കൽ.

ധർമപദം 2000 വിവ. മാധവൻ അയ്യപ്പത്ത്, കറന്റ് ബുക്സ്, തൃശ്ശൂർ.

*ബുദ്ധമതം ദർശനവും ചരിത്രവും* 1973 ഒരു സംഘം ലേഖകർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Ambedkar, B.R. 2002 *The Essential Writings of B.R. Ambedkar* ed.Valerian Rodrigues Oxford University Press, New Delhi.

Barborka, Geoffry A 1966 *H.P. Blavatsky: Tibet and Tulku,* Theosophical Publishing Hlouse, Adayar.

Cunningham, Major-General Sir *Mahabodhi or the Great Buddhist Temple,* Indological Book House, Varanasi.